
# പൊന്മള ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണ
# വികസന റിപ്പോർട്ട്



# കോട്ടക്കൽ കോ-ഓപ്പ്. അർബൻ ബാങ്ക് ലിമിറ്റഡ്

## സ്പെഷൽ ഗ്രേഡ് അർബ്ബൻ ബാങ്ക്

ഓഡിറ്റ് ക്ലാസിഫിക്കേഷൻ 'A'

ഹെഡ് ഓഫീസ് : കോട്ടക്കൽ.

ബ്രാഞ്ചുകൾ:

മെയിൻ ബ്രാഞ്ച് : കോട്ടപ്പടി - കോട്ടക്കൽ ✆2246

വേങ്ങര ബ്രാഞ്ച് : ✆50750

ഈവനിങ് ബ്രാഞ്ച് : കോട്ടക്കൽ ടൗൺ ✆2230

രണ്ടത്താണി ബ്രാഞ്ച് : ✆40230

പാപ്പനങ്ങാടി ബ്രാഞ്ച്

ചെമ്മാട് ബ്രാഞ്ച്

**കൂടാതെ ഞങ്ങളുടെ കാടാമ്പുഴ, പുത്തനത്താണി, കോട്ടക്കൽ വനിതാ ശാഖ എന്നിവ ഉടൻ തുറന്നു പ്രവർത്തിക്കുന്നതാണ്.**

**21-10-96 മുതലുള്ള** **പുതിയ പലിശ നിരക്ക്**

30 ദിവസം മുതൽ 1 വർഷം കൂടി 10.5%

13 മാസം തൊട്ട് 2 വർഷം കൂടി 14.5%

25 മാസംതൊട്ട് 5 കൊല്ലം കൂടി 15%

61 മാസവും അതിന് മുകളിലും 16%

ബാങ്കിന്റെ മെയൻ ബ്രാഞ്ചിൽ കൂടുതലായി

## 'സെയ്ഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം'

നിക്ഷേപകരുടേയും മെമ്പർമാരുടേയും മറ്റും ആവശ്യം കണക്കിലെടുത്ത് നിങ്ങളുടെ വിലപിടിപ്പുള്ള സ്വർണാഭരണങ്ങൾ, പ്രമാണങ്ങൾ എന്നിവ സുരക്ഷിതവും ഭദ്രവുമായി സൂക്ഷിക്കാൻ ബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽ കൂടുതൽ സെയ്ഫ് ഡെപ്പോസിറ്റ് ലോക്കറുകൾ സജ്ജമാക്കിയ സന്തോഷവാർത്ത നിങ്ങളെ അറിയിക്കുന്നു. ആവശ്യക്കാർ ഉടനെ ബാങ്കിന്റെ ഹെഡ് ഓഫീസിലോ മെയിൻ ബ്രാഞ്ചിലോ ബന്ധപ്പെടുക.

ലോക്കറുകൾ സജ്ജമാക്കിയതിൽ ഞങ്ങളുടെ പ്രത്യേകത: നിക്ഷേപകരുടേയും മെമ്പർമാരുടേയും മറ്റും സൗകര്യാർത്ഥം മെയിൻ ബ്രാഞ്ചിൽ താഴെ നിലയിൽതന്നെ ലോക്കറുകൾ സജ്ജമാക്കിയിരിക്കുന്നു.

# പൊൻമള ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണ പരിപാടി

## വികസന റിപ്പോർട്ട്

*"മതമേതായാലും*

*മനുഷ്യൻ നന്നായാൽ മതി"*

*- ശ്രീനാരായണ ഗുരു*

**എഡിറ്റർ**

സജി ജേക്കബ്ബ്

**എഡിറ്റോറിയൽ സമിതി**

എം. കമലം, കെ.പി. യൂസഫ് ഹാജി

എ. മൊയ്തു

കെ.കെ. അനിൽ

ടി.ടി. അഹമ്മദു കുട്ടി

ഐ.പി. അലവിക്കുട്ടി

കെ. ഇന്ദിര

എം.പി. കാളീശ്വരി

കെ. അബു

എ.പി. സത്യനാഥ്

വി. കുഞ്ഞിമുഹമ്മദ്

കെ. മുഹമ്മദ് കുട്ടി മാസ്റ്റർ

കെ.പി. അജയൻ


ടി. സെയ്തുമുഹമ്മദ്

പി. വിനോദൻ

# പഞ്ചായത്ത് അംഗങ്ങൾ



എം. കമലം (പ്രസിഡണ്ട്)



കെ.ടി. അബ്ദുൾ മജീദ് (വൈപ്രസിഡണ്ട്)



കെ.പി. യൂസുഫ് ഹാജി (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

എൻ. വിജയലക്ഷ്മി (മെമ്പർ)
എം. കുഞ്ഞിഖദീജ ടീച്ചർ "
കെ. മുഹമ്മദു കുട്ടി മാസ്റ്റർ "
കൊളക്കാടൻ അബു "
മുതുകാടൻ കതിയുമ്മകുട്ടി "
കെ. കോയാമു ഹാജി "
റുഖിയ സലിം "
ഒ. മൊയ്തീൻകുട്ടി ഹാജി "

ബ്ലോക്കു പഞ്ചായത്ത് മെമ്പർമാർ
എം.പി. സത്യനാഥൻ
വി. കുഞ്ഞിമുഹമ്മദ്

ജില്ലാ പഞ്ചായത്ത് അംഗം
പി. ഉബൈദുള്ള

## താളുകളിലൂടെ .......


| |
|---|
| 1. ആമുഖം |
| 2. പഞ്ചായത്ത് പൊതുവിവരണം |
| 3. സാമൂഹിക - സാംസ്കാരിക ചരിത്രം |
| 4. ഭൂപ്രകൃതി, ജനപ്രകൃതി ജലവിഭവം |
| 5. സാമൂഹിക -സാമ്പത്തിക മേഖലകൾ |
| 5-1 കൃഷിയും ജലസേചനവും |
| 5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും |
| 5-3 വ്യവസായം |
| 5-4 വിദ്യാഭ്യാസം |
| 5-5 കുടിവെള്ളവും പൊതുജന ആരോഗ്യവും |
| 5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ് |
| 5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും |
| 5-8 സംസ്കാരം |
| 5-9 വനിത |
| 5-10 സഹകരണം |
| 5-11 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം |
| 5-12 വിഭവ സമാഹരണം |
| അനുബന്ധം: പ്രവർത്തനരേഖ |

# ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം അമ്പതാം വർഷത്തിലേക്ക് കടക്കുമ്പോൾ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സമത്വം, സ്വാതന്ത്ര്യം, സോഷ്യലിസം, ജനാധിപത്യം തുടങ്ങിയ ഉയർന്ന മൂല്യങ്ങൾ ജനങ്ങൾക്ക് ഇന്നും അന്യമായിരിക്കുന്നു. ഭരണരംഗം അഴിമതിയും, കെടുകാര്യസ്ഥതയും കൊണ്ടു നിറഞ്ഞിരിക്കുന്നു. വികസനരംഗം മുരടിച്ചിരിക്കുന്നു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണം എന്ന സങ്കല്പം, തെരഞ്ഞെടുപ്പ് എന്ന പ്രക്രിയയിൽ വോട്ടുചെയ്യൽ മാത്രമായി ചുരുങ്ങുന്നു.

ഇന്നലെകളിൽ അധികാരവും, ആസൂത്രണവും ഒരുപിടി ആളുകളുടെ കൈകളിൽ ആയിരുന്നത് സാധാരണക്കാരന് കൈമാറുന്ന ഒരു ചരിത്രമുഹൂർത്തത്തിലാണ് നാം നിൽക്കുന്നത്. അധികാരം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്ന ഈ പ്രക്രിയ ഗ്രാമസഭകളിലൂടെ പദ്ധതി രൂപത്തിൽ എത്തിച്ചേരുകയും, ഈ സംരംഭത്തിൽ ജനങ്ങളെ ആകെ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞാൽ വികസന പ്രവർത്തനത്തിൽ ഒരു വൻമുന്നേറ്റം ഉണ്ടാക്കുവാൻ കഴിയുന്നതുമാണ്.

മുൻ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലായിരുന്ന പഞ്ചായത്തു പ്രദേശം, 1962 ലെ പുതിയ പഞ്ചായത്തുകളുടെ രൂപീകരണത്തോടുകൂടിയാണ് നിലവിൽ വന്നത്.

1963-ഡിസംബർ വരെ സ്പെഷ്യൽ ഓഫീസർ ആയിരുന്നു ഭരണം നടത്തിയിരുന്നത്. ഈ കാലഘട്ടത്തിൽ തന്നെയാണ് ചെങ്ങോട്ടൂർ, പൊന്മള, എന്നീ രണ്ട് ഭാഗങ്ങളായി കിടന്നിരുന്ന ഈ പ്രദേശം, പഞ്ചായത്ത് പുനർനിർണയത്തിന്റെ ഭാഗമായി പൊന്മള വില്ലേജായി രൂപാന്തരപ്പെട്ടത്.

1963 ഡിസംബർ മാസം 21-ാം തിയ്യതിയാണ് ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഭരണസമിതി അധികാരം ഏറ്റെടുത്തത്. ഈ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് ഐക്യകണ്ഠേനയാണ് നടന്നത്.

ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് കാട്ടികുളങ്ങര കോയമ്മർ ഹാജിയും, വൈസ് പ്രസിഡണ്ട് എ.എം. ആലിബാപ്പുഹാജിയും ആയിരുന്നു. പി.വി. കൃഷ്ണൻനായർ, ഒളകര അഹമ്മദ്, വില്ലൻ ഹൈദ്രുകുട്ടിഹാജി, ചക്കരത്തൊടി കുഞ്ഞാലൻകുട്ടി, കുന്നത്തൊടി കമ്മുഹാജി ഇവരായിരുന്നു ഭരണസമിതിയിലെ അംഗങ്ങൾ.

തുടർന്ന് നിലവിൽ വന്ന ഭരണസമിതികളിലൂടെ പ്രസിഡണ്ടുമാരായി അതാതു സമയങ്ങളിൽ എ.എം. ആലിബാപ്പുഹാജി, കെ. ഉമ്മർ മാസ്റ്റർ, എ.എം. ആലിബാപ്പു ഹാജി എന്നിവർ പ്രസിഡണ്ടുമാരായിരുന്നു.

1994-ൽ ആലിബാപ്പുഹാജിയുടെ നിര്യാണത്തോടുകൂടി ചുരുങ്ങിയ കാലയളവിൽ കുന്നത്തൊടി പരീതുഹാജിയും ഈ സ്ഥാനം അലങ്കരിക്കപ്പെട്ടിട്ടുണ്ട്.

ഇന്നത്തെ ഭരണസമിതി 1995 സെപ്തംബർ മാസത്തെ പഞ്ചായത്ത് രാജ് സമ്പ്രദായമനുസരിച്ച് നടന്ന പഞ്ചായത്ത്

തെരഞ്ഞെടുപ്പിലൂടെയാണ് ഭരണസമിതി നിലവിൽവന്നത്.

പഞ്ചായത്തിന്റെ ചരിത്രം വിശകലനം ചെയ്യുമ്പോൾ എ.എം. ആലിബാപ്പു ഹാജിയെ ഓർക്കാതെ ഒരിക്കലും അതു പൂർണമാവില്ല. പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി സ്വന്തം ആരോഗ്യവും, സമയവും ഈ പഞ്ചായത്തിന്റെ മുഴുവൻ സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിനുവേണ്ടി ചിലവഴിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

പഞ്ചായത്ത് ആസ്ഥാനമായ ചാപ്പനങ്ങാടിയിൽ സ്ഥാപിതമായ പഞ്ചായത്ത് ഓഫീസ്, സാംസ്കാരിക നിലയം, സ്കൂളുകൾ മുതലായ സ്ഥാപനങ്ങൾക്ക് ഇന്ന് ലക്ഷങ്ങൾ വിലമതിക്കുന്ന തന്റെ ഭൂസ്വത്ത് സംഭാവനയായി നൽകിക്കൊണ്ട് അദ്ദേഹം ഈ രംഗത്ത് വമ്പിച്ച ത്യാഗവും, സേവനവും ആണ് അനുഷ്ഠിച്ചത്.

1994-ൽ മരണമടയുമ്പോഴും പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു അദ്ദേഹം. ഈ സമയം അദ്ദേഹത്തിന്റെ പാവന സ്മരണക്കുമുമ്പിൽ ഞങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പൊന്മള ഗ്രാമപഞ്ചായത്തിൽ ഇന്നത്തെ ജനകീയാസൂത്രണ പരിപാടികൾക്ക് ആരംഭം കുറിച്ചത്. 1996 ആഗസ്ത് 22 ന് കൂടിയ പഞ്ചായത്തു യോഗത്തിൽ ആണ്. പഞ്ചായത്തിൽ താഴെപറയുന്ന സമിതികൾ രൂപീകരിച്ച് അതതുമേഖലകളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

1. ജനീകീയവിദ്യാഭ്യാസ സമിതി
2. ആശുപത്രി വികസന സമതി
3. കേര വികസന സമിതി
4. വനിതാക്ഷേമ സമിതി
5. പാടശേഖര വികസന സമിതി

# പഞ്ചായത്തു പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : പൊന്മള ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെട്ട വില്ലേജ് | : പൊന്മള |
| ബ്ലോക്ക് പഞ്ചായത്ത് | : മലപ്പുറം |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| അസംബ്ലി മണ്ഡലം | : മലപ്പുറം |
| പാർലിമെന്റ് മണ്ഡലം | : മഞ്ചേരി |
| താലൂക്ക് | : തിരൂർ |
| വിസ്തീർണ്ണം | : 21.65 ച.കി.മീ. |
| ജനസംഖ്യ | : 25635 |
| സ്ത്രീകൾ | : 12864 |
| പുരുഷന്മാർ | : ~~12864~~ 12771 |
| അതിരുകൾ | വടക്ക് കടലുണ്ടിപ്പുഴ,<br>കിഴക്ക് കോടൂർ കുറുവ പഞ്ചായത്തുകൾ<br>തെക്ക് - മാറാക്കര, പഞ്ചായത്ത്,<br>പടിഞ്ഞാറ് - കോട്ടക്കൽ, ഒതുക്കുങ്ങൽ<br>പഞ്ചായത്തുകൾ |
| വാർഡുകൾ | : 11 (പതിനൊന്ന്) |
| ജനസാന്ദ്രത | ~~4138~~ 1184 [illegible] |

# സാമൂഹ്യ സാംസ്കാരിക ചരിത്രം

പൊന്നിന്റെ മുളപൊട്ടുന്ന 'പൊൻമുള' എന്ന ഗ്രാമമാണത്രേ 'പൊന്മള' ഈ പ്രദേശത്തെ മണ്ണിന്റെ വളക്കൂറാണ് സ്ഥലനാമത്തിനാസ്പദമെന്ന് പറയപ്പെടുന്നു. രണ്ട് റവന്യൂ വില്ലേജുകൾ ചേർന്നതാണ് ഇന്നത്തെ പൊന്മള ഗ്രാമ പഞ്ചായത്ത്. പൊന്മളയും ചേങ്ങോട്ടൂരും. സാമൂതിരി രാജാവിന്റെ നെടിയിരുപ്പ് സ്വരൂപത്തിൽ ഉൾപ്പെടുന്നതായിരുന്നു ഈ പ്രദേശങ്ങൾ. സാമൂതിരി രാജാവും അദ്ദേഹത്തിന്റെ സാമന്തന്മാരുമായിരുന്നു ഭരണാധികാരികൾ.

ഭൂ സ്വത്തുക്കളിൽ ഭൂരിപക്ഷവും സാമൂതിരി കോവിലകം, കിഴക്കേ കോവിലകം, വടക്കത്തുമന, പുല്ലാനിക്കാട്ട് മന, പൊന്മള ദേവസ്വം തുടങ്ങി അഞ്ച് ജന്മികുടുംബങ്ങളുടേതായിരുന്നു. ഈ പ്രദേശത്തെ ജന്മി–നാടുവാഴി സമ്പ്രദായത്തിന് പന്ത്രണ്ടു നൂറ്റാണ്ടുകാലത്തെ പഴക്കമുണ്ടെന്നാണ് ചരിത്രപഠനങ്ങൾ സൂചിപ്പിക്കുന്നത്. ഭൂരിപക്ഷജനത പാട്ടക്കുടിയന്മാരും കർഷകതൊഴിലാളികളുമായിരുന്നു. ഇടത്തരക്കാർ വിരലിലെണ്ണാവുന്നവർ മാത്രം. മധ്യവർഗം ഇല്ലെന്നു തന്നെ പറയാം.

കൃഷിക്കാരും കർഷകതൊഴിലാളികളും ദാരിദ്ര്യത്തിലും അജ്ഞതയിലുമായിരുന്നു. മിക്കവാറും അടിമകൾ. മൊത്ത വിളവിന്റെ 80% ത്തോളമായിരുന്നു പാട്ടത്തോത്. ജന്മിഭോഗത്തിനു പുറമെ, തമ്പുരാൻ കല്പിക്കുന്ന എല്ലാം സാധിച്ചു കൊടുക്കണമായിരുന്നു. വാശി, നുരി, വെച്ചുകാണൽ, തുടങ്ങിയ അക്രമപിരിവുകൾക്ക് കൃഷിക്കാർ വിധേയരായിരുന്നു. ഇതിനെല്ലാം പുറമെ, അനാചാരങ്ങളുടെ ചങ്ങലക്കെട്ടിൽ അവരെ തളച്ചിടുകയും ചെയ്തു. ഭ്രഷ്ട്, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, ക്ഷൗരംമുടക്കൽ, ഊരുവിലങ്ങൽ, നിർബന്ധ ഒഴിപ്പിക്കൽ തുടങ്ങിയവ ചിലത് മാത്രം. തലയിൽ മുണ്ടുകെട്ടുന്നതും ചെരുപ്പിടുന്നതും ബെഞ്ചിന്മേലിരിക്കുന്നതും മീശവെക്കുന്നതുമെല്ലാം സാധാരണക്കാർക്കു നിഷിദ്ധമായിരുന്നു. സംസാരഭാഷക്കുപോലും അടിമത്തം സ്ഫുരിക്കുന്ന ശൈലിവേണം. അടിയൻ. എറാൻ, കുപ്പമാടം, കരിക്കാടി തുടങ്ങിയവയായിരുന്നു സംസാരഭാഷയിലെ ചില പദങ്ങൾ.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ രൂപീകരണത്തെതുടർന്ന് ലോകത്തെങ്ങുമെന്നപോലെ ഇന്ത്യയിലെ മുസ്ലീങ്ങൾക്കിടയിൽ സാമ്രാജ്യ വിരോധം ശക്തിപ്പെട്ടു. മലബാറിൽ ബഹുജനങ്ങളെ സമരസന്നദ്ധമാക്കിയത് കുടിയാൻ–കോൺഗ്രസ് ഖിലാഫത്ത് പ്രസ്ഥാനങ്ങളായിരുന്നു. 1921–ഏപ്രിൽ മാസത്തിൽ മഞ്ചേരിയിൽ ചേർന്ന കോൺഗ്രസിന്റെ മലബാർ ജില്ലാ സമ്മേളനത്തിന്റെ തീരുമാനപ്രകാരം കൂരിയാട് പ്രദേശത്ത് ഖിലാഫത്ത് കമ്മറ്റി നിലവിൽവന്നു. ആദരണീയനായ ടി.എസ്. അബ്ദുള്ളക്കോയ തങ്ങളായിരുന്നു. ഈ പ്രസ്ഥാനത്തിന്റെ മഖ്യസംഘാടകൻ. നിരവധി മാസം നീണ്ടു നിന്ന മലബാർ കലാപം ബ്രിട്ടീഷ് ഭരണം നിഷ്ഠൂരം അടിച്ചമർത്തി. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ ഭാഗമായി കൂരിയാട് പ്രദേശത്ത് ടി.എസ്. അബ്ദുള്ളക്കോയ തങ്ങൾ, ഇളമ്പിലാ

ക്കാട്ട് അഹമ്മദുകുട്ടി തുടങ്ങിയവർക്കെതിരെ കള്ളക്കേസ് ചുമത്തി പിടികിട്ടാപുള്ളികളായി പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് അബ്ദുള്ളക്കോയതങ്ങൾക്ക് മലേഷ്യയിലേക്ക് രക്ഷപ്പെടേണ്ടി വന്നു. അധികാരികളുടെ മുൻപിൽ ഹാജരായ ഇളമ്പിലാക്കാട്ട് അഹമ്മദുകുട്ടിയെ ബ്രിട്ടീഷ് പട്ടാളം വെടിയുണ്ടയുതിർത്ത് ക്രൂരമായി കൊലപ്പെടുത്തി. സാമ്രാജ്യത്വത്തിന്റെ നിറതോക്കിനുമുമ്പിൽ വിരിമാറുകാട്ടി ഉജ്ജ്വല മൃത്യുവരിച്ച ധീരദേശാഭിമാനിയുടെ ഉജ്ജ്വല സ്മരണക്കുമുമ്പിൽ രക്തപുഷ്പങ്ങൾ അർപ്പിക്കുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

1930-കളോടുകൂടി മലബാറിൽ ദേശീയ പ്രസ്ഥാനം ശക്തമായി. എന്നാൽ 1930-കളുടെ അവസാനത്തിലാണ് ഈ പ്രദേശത്ത് സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനങ്ങളുടെ നാന്ദി കുറിക്കുന്നത്. ഈ പഞ്ചായത്തിലെ കൂരിയാട് പ്രദേശത്തിൽ ആദ്യമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം ആരംഭിച്ചത്. 1937-ൽ അന്നത്തെ കെ.പി.സി.സി. പ്രസിഡണ്ടായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും സമുന്നത നേതാവായിരുന്ന എ.വി. കുട്ടിമാളു അമ്മയുടെയും സാന്നദ്ധ്യത്തിലായിരുന്നു കോൺഗ്രസ് കമ്മിറ്റി രൂപീകരണം. ഇളമ്പിലാക്കാട് കുഞ്ഞിമമ്മു, കല്ലായി ആലിക്കുട്ടി, ഇ. കുഞ്ഞറമു മാസ്റ്റർ എന്നിവരായിരുന്നു കോൺഗ്രസിന്റെ ആദ്യകാല സംഘാടകർ.

ചേങ്ങോട്ടൂർ മേഖലയിൽ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യസംഘാടകൻ ബഹുമാന്യനായ ഭവദാസൻ നമ്പൂതിരിപ്പാടായിരുന്നു 1939-ൽ കോട്ടക്കൽ പറപ്പൂരിൽ ചേർന്ന കെ.പി.സി.സി. സമ്മേളനത്തിൽ പ്രതിനിധിയായിരുന്നു. കോൺഗ്രസ്സ് വളണ്ടിയർ സംഘടനയിലെ അംഗം കൂടിയായിരുന്നു അദ്ദേഹം.

1940 കളുടെ രണ്ടാംപാതിയോടെ ചേങ്ങോട്ടൂർ പ്രദേശം കർഷക പ്രസ്ഥാനത്തിന്റെയും തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ശക്തികേന്ദ്രമായിമാറി. ജന്മിനാടുവാഴിത്വത്തിന്റെ നാനാവിധ ചൂഷണങ്ങൾക്കും ക്രൂരമർദ്ദനത്തിനും എതിരായി ഐതിഹാസിക പോരാട്ടങ്ങൾ സംഘടിപ്പിച്ചത് ഇവിടുത്തെ കർഷക പ്രസ്ഥാനമായിരുന്നു. കൃഷിക്കാർ നല്കേണ്ടിയിരുന്ന പാട്ടത്തിലും, നികുതിയിലും കുറവ് വരുത്തുക. കൃഷിചെയ്ത് മുതലാകാത്ത ഭൂമിയെ പാട്ടത്തിൽനിന്ന് ഒഴിവാക്കുക. അധികപലിശ നിയന്ത്രിക്കുക, ഒഴിപ്പിക്കൽ നിർത്തിവെക്കുക, തുടങ്ങിയവയായിരുന്നു കർഷക പ്രസ്ഥാനത്തിന്റെ മുഖ്യമുദ്രാവാക്യങ്ങൾ. കൃഷിക്കാരിലും സാധാരണക്കാരിലും വർഗ്ഗബോധവും അവകാശബോധവും ദേശീയ ബോധവും വളർത്താൻ കർഷപ്രസ്ഥാനത്തിന്റെ പ്രവർത്തനം പര്യാപ്തമായി. പൊന്മളമേഖലയിലും കർഷകപ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ശക്തമായ പ്രവർത്തനം 1940-കളുടെ അവസാനത്തോടെ ആരംഭിക്കുന്നു. ചേങ്ങോട്ടൂർ, പൊന്മള പ്രദേശങ്ങളിൽ ജന്മിമാരുടെ നിരവധി അക്രമ പിരിവുകൾക്കും ഒഴിപ്പിക്കലിനുമെതിരെ കൃഷിക്കാർ കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങളും പ്രതിരോധങ്ങളും വിജയിപ്പിക്കാൻ മുന്നണിയിൽ പ്രവർത്തിച്ചത് കമ്മ്യൂ: പാർട്ടി പ്രവർത്തകരായിരുന്നു.

ഇതിന്റെ പേരിൽ നിരവധി കള്ളക്കേസുകളും പോലീസ് ഗുണ്ടാവിളയാട്ടങ്ങളും നേരിടേണ്ടിവന്നിട്ടുണ്ട്.

സാധാരണ ജനതയെ അനാചാരങ്ങളിൽ തളച്ചിട്ട നാടുവാഴി-സവർണ മേധാവിത്വത്തിനെതിരെയും ശക്തമായ പ്രസ്ഥാനം ചേങ്ങോട്ടൂർ, പൊന്മള പ്രദേശങ്ങളിൽ വളർത്തിക്കൊണ്ടുവരുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകർ സജീവമായി രംഗത്തുണ്ടായിരുന്നു. മണ്ണഴി ശിവക്ഷേത്രം, പൊന്മള ശിവക്ഷേത്രം എന്നി ആരാധനാലയങ്ങളിൽ പ്രവേശിക്കാനും ക്ഷേത്രക്കുളത്തിൽ കുളിക്കാനും ക്ഷേത്രത്തിന്റെ മുമ്പിലുള്ള പൊതുവഴിയിലൂടെ നടക്കാനും പിന്നോക്കസമുദായക്കാർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഈ അവകാശത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ നേതൃത്വം നല്കി നടത്തിയ പോരാട്ടങ്ങൾ വിജയ പര്യവസാനിയായിരുന്നു.

1948-ൽ കമ്മ്യൂ: പാർട്ടി നിരോധിക്കപ്പെട്ടതിനെതുടർന്ന് ചേങ്ങോട്ടൂർ പ്രദേശത്ത് പോലീസ് അഴിച്ചുവിട്ട ഭീകര വാഴ്ച അസഹനീയമായിരുന്നു. ശ്രീ. മാവുള്ളിരാമൻ, പനങ്ങാട്ട് ഇക്കണ്ടുണ്ണിനായർ, പി.വി. കുമാരൻനായർ, പി.രാമൻ നമ്പൂതിരി തുടങ്ങിയവരെ അറസ്റ്റ് ചെയ്തു നിരവധി കാലം ജയിലിലടച്ചു. കർഷക പ്രസ്ഥാനത്തിന്റെ മുഖ്യ സംഘാടകരായിരുന്നു പി.വി. കൃഷ്ണൻനായർ. പനങ്ങാട്ട് ദാമോധരൻനായർ എന്നിവർ വാറണ്ടിനെതുടർന്ന് നിരവധികാലം ഒളിവിൽ പ്രവർത്തിക്കുകയുണ്ടായി.

കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് കർഷക പ്രസ്ഥാനങ്ങളുടെയും സ്ഥാപനക നേതാക്കന്മാരായിരുന്ന പ്രമുഖരുടെ മുഖ്യ ഒളിവുസങ്കേതങ്ങൾ. ചേങ്ങോട്ടൂരിലെ കർഷകരുടെ വീടുകളും കർഷക തൊഴിലാളികളുടെ കുടിലുകളും, കൂരകളുമായിരുന്നു.

പഞ്ചായത്ത് പ്രദേശത്ത് സാമാന്യ മുസ്ലിം ജനതയുടെ ഇടയിൽ ഇന്നും നല്ല വേരോട്ടമുള്ള പ്രസ്ഥാനമാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്.

സ്വാതന്ത്ര്യ സമരക്കാലത്തുതന്നെ സംഘടന പഞ്ചായത്തിന്റെ ആസ്ഥാനമായ ചാപ്പനങ്ങാടിയിൽ പ്രവർത്തനമാരംഭിച്ചിരുന്നു. ഹാജി സത്താർ സേട്ടുവിന്റെ നേതൃത്വത്തിൽ മലബാറിൽ മുസ്ലിംലീഗ് രൂപീകൃതമായ കാലത്ത് മലബാർ

മുസ്‌ലിംലീഗിന്റെ അന്നത്തെ ഓർഗനൈസിംഗ് സിക്രട്ടറി ആയിരുന്ന വന്ദ്യനായ ഇസ്ഹാഖ് മൗലവി മുൻകൈയെടുത്താണ് ഇവിടെ മുസ്‌ലിം ലീഗ് രൂപീകരിച്ചത്.

അഞ്ചുമുക്കിൽ അഹമ്മദുകുട്ടി ഹാജി, വേർക്കോട്ട് ഹസ്സൻഹാജി, കടവണ്ടി കുഞ്ഞിമുഹമ്മദ് ഹാജി, വി.കെ. ഹസൈനാർ ഹാജി, വടക്കൻ ഹസ്സൻ സാഹിബ് തുടങ്ങിയവരായിരുന്നു തുടർന്നുള്ള കാലങ്ങളിൽ പാർട്ടിയുടെ സാരഥികൾ.

വന്ദ്യപണ്ഡിതനും ആത്മീയനേതാവുമായിരുന്ന ചാപ്പനങ്ങാടി ബാപ്പുമുസ്ല്യാരുടെ അനുഗ്രഹാശിസ്സുകൾ ഈ പ്രസ്ഥാനത്തിന് താങ്ങും തണലുമായിരുന്നു. രണ്ടു പ്രാവശ്യം പഞ്ചായത്തിന്റെ സാരഥിയായിരുന്ന എ.എം. ആലി ബാപ്പു ഹാജി പഞ്ചായത്ത് പ്രദേശത്ത് മുസ്‌ലിം ലീഗ് കെട്ടിപ്പടുക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ചു. ചാപ്പനങ്ങാടിയിൽനിന്ന് പിന്നീടുള്ള കാലങ്ങളിൽ മുസ്‌ലംലീഗിന്റെ പ്രവർത്തനം, പൊന്മള, ചേങ്ങോട്ടൂർ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. പൊന്മള മേഖലയിൽ കുന്നത്തൊടി കമ്മുഹാജി, പൂവാടൻ ഉസ്മാൻ കുട്ടി, വില്ലൻ ഹൈദ്രോസ് കുട്ടി, കെ.പി. മുഹമ്മദ് മാസ്റ്റർ എന്നിവരും ചേങ്ങോട്ടൂർ മേഖലയിൽ പള്ളിയേങ്ങൽ മുഹമ്മദാജി, കെ.ടി. മുഹമ്മ് മുസ്ല്യാർ എന്നിവരും പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും മുന്നോട്ടുനയിക്കുന്നതിനും കയ്യും മെയ്യും മറന്ന് പ്രവർത്തിച്ചു.

പൊന്മള പഞ്ചായത്തിന്റെ രാഷ്ട്രീയ-സാമൂഹിക രംഗത്ത് ഈ പ്രസ്ഥാനം മുന്നിൽനിന്നും പ്രവർത്തിച്ചിട്ടുണ്ട്.

ഗ്രാമീണ ജനതയെ അവകാശബോധമുള്ളവരും, ദേശീയ ബോധമുള്ളവരുമാക്കി തീർക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിച്ച രണ്ട് സ്ഥാപനങ്ങളാണ് മണ്ണഴി ബാപ്പുജി സ്മാരക വായനശാലയും പൊന്മള പൊതുജന വായനശാലയും.

ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം സാധാരണക്കാർക്കും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെ അക്ഷരം അന്യമായിരുന്നു. നിലത്തെഴുത്ത് കേന്ദ്രങ്ങൾ, മാത്രമായിരുന്നു. അക്ഷരം പകർന്നു നൽകിയിരുന്ന സ്ഥാപനങ്ങൾ. വരേണ്യ കുടുംബങ്ങളിലുള്ളവർ കോട്ടക്കൽ രാജാസ് ഹൈസ്കൂളിൽനിന്നും, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുമായിരുന്നു വിദ്യ നേടിയിരുന്നത്. പഞ്ചായത്തിൽ നിലവിൽ വന്ന ആദ്യത്തെ ഔപചാരിക വിദ്യാകേന്ദ്രം ചാപ്പനങ്ങാടി ജി.എൽ.പി. സ്കൂളും തുടർന്ന് ആക്കപറമ്പ് എ.എം.എൽ.പി. യും നിലവിൽവന്നു.

പഞ്ചായത്തിലെ ആദ്യം നിർമ്മിക്കപ്പെട്ട മുസ്‌ലിം പള്ളി ചാപ്പനങ്ങാടി ജമാഅത്ത് പള്ളിയാണ്. ബഹു:മമ്പുറം തങ്ങളാണ് വർഷങ്ങൾക്കുമുമ്പ് ഇതിനു ശിലയിട്ടത്.

പഞ്ചായത്തിലെ ആദ്യത്തെ മഹിളാ സമാജം പ്രവർത്തിച്ചു തുടങ്ങിയത് പൊന്മള പ്രദേശത്തായിരുന്നു. 1950കളുടെ അവസാനത്തിൽ ശ്രീമതി കുഞ്ഞിഖദീജ ടീച്ചർ, കുമ്മിണിടീച്ചർ എന്നിവരായിരുന്നു ആദ്യകാല സംഘാടകർ. സന്നദ്ധ പ്രവർത്തനങ്ങളും മുൻകാല വികസനത്തിൽ അല്പമായ പങ്ക് വഹിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുഖ്യപഞ്ചായത്ത് റോഡായ വട്ടപ്പറമ്പ്-മണ്ണഴി റോഡിന്റെ നിർമ്മാണ പ്രവർത്തനം സന്നദ്ധ പ്രവർത്തനത്തിന്റെ മികച്ച ഉദാഹരണമാണ്. 1930-ൽ ആദരണീയനായ ശ്രീ. ഒളകര കുഞ്ഞിമുഹമ്മദിന്റെ നേതൃത്വത്തിലാണ്. ഈ നിർമ്മാണ പ്രവർത്തനം നടന്നത്.

കേരളത്തിലെ സാംസ്കാരിക സാമൂഹ്യ മേഖലകളിൽ പ്രശസ്തരായ അല്പം ചിലരെ സംഭാവന ചെയ്യാനും ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. സംസ്കൃത പണ്ഡിതനും ആയുർവ്വേദാചാര്യനുമായ വൈദ്യവാചാസ്പദി പരമേശ്വരൻ മൂസ്സത് പൊന്മള സ്വദേശിയായിരുന്നു. പ്രശസ്ത നിയമപണ്ഡിതനും ഹൈക്കോടതി ജഡ്ജിയുമായിരുന്ന കൃഷ്ണൻ മൂസ്സത് പൊന്മള ചണ്ണഴി ഇല്ലത്തെ അംഗമായിരുന്നു. സുപ്രീം കോടതി ജഡ്ജിയായിരുന്ന ബാലകൃഷ്ണൻ ഏറാടി കൃഷ്ണൻ മൂസ്സതിന്റെ പുത്രനാണ്. പ്രശസ്ത മുസ്‌ലിം പണ്ഡിതനായ ടി.എസ്. അബ്ദുള്ളക്കോയ തങ്ങൾ, തേനു മുസ്‌ലിയാർ എന്നിവർ കൂരിയാട് സ്വദേശികളും ബാപ്പുമുസ്‌ലിയാർ പറങ്കി മൂച്ചിക്കൽ സ്വദേശിയുമായിരുന്നു. കേരളത്തിലെ സംഘടിത അധ്യാപക സ്ഥാനത്തിന്റെ അഗ്രഗാമികളിലൊരാളായിരുന്ന ശ്രീ.പി.വി. കൃഷ്ണൻനായർ പൊന്മള പഞ്ചായത്തംഗമായി നിരവധി കാലംസേവനമനുഷ്ഠിച്ചിട്ടുണ്ട്. മലയാളനോവൽ സാഹിത്യരംഗത്തെ പ്രതിഭാധനനായ കെ.കെ. കൂരിയാട് ഈ പഞ്ചായത്ത് സ്വദേശിയാണ് സംസ്ഥാനാടിസ്ഥാനത്തിൽ നിരവധി പുരസ്കാരങ്ങൾ വളരെ ചെറുപ്പത്തിലേ കരസ്ഥമാക്കാൻ കഴിഞ്ഞ യുവകവയിത്രി)കുമാരി വി.വന്ദന ചാപ്പനങ്ങാടി സ്വദേശിയാണ്.

1957-ലെ ഭൂപരിഷ്കരണ നിയമം പഞ്ചായത്തിന്റെ സാമൂഹ്യമേഖലയിൽ സർവ്വതലസ്പർശിയായ മാറ്റങ്ങളാണ് വരുത്തിവെച്ചത്. 1970-കളുടെ രണ്ടാംപാതിയിലാരംഭിച്ച ഗൾഫ് കുടിയേറ്റവും തുടർന്നുള്ള ഗൾഫ് പണത്തിന്റെ ഒഴുക്കും നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ പര്യാപ്തമായിട്ടുണ്ട്. സന്നദ്ധ സംഘടനാ പ്രവർത്തനത്തിൽ എടുത്തുപറയാവുന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനയാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. പൊതുജനാരോഗ്യം, ഊർജ്ജം, വിദ്യാഭ്യാസ രംഗത്തും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

### ചരിത്ര ജാലകം

ചരിത്രജാലകം തുറക്കുമ്പോൾ പൊന്മള ഗ്രാമത്തെപ്പറ്റിയുള്ള ഒട്ടേറെ കഥകൾ ചുരുൾ നിവരുന്നു. പൊന്നുവിളയുന്ന കുന്നുകൾക്കും, സമതലങ്ങൾക്കുമിടയിലെ പുണ്യഭൂമിയിൽ പുതഞ്ഞു കിടക്കുന്ന കഥകളായിരം. ഈ ഗ്രാമസംസ്കൃതിയുടെ സ്പന്ദനമാകുന്നു. പഴമക്കാരുടെ മൊഴികളിലൂടുതിർന്നു വീഴുന്ന മുത്തുകളാണ് ഇവിടെ നിരത്തിവയ്ക്കുന്നത്. തേച്ചുമിനുക്കിയെടുത്താൽ വെട്ടിതിളങ്ങുന്ന ചരിത്രസത്യങ്ങൾ.

### സ്ഥലനാമ ചരിത്രം:

മഹാകവി പി. കുഞ്ഞിരാമൻ നായരുടെ 'കവിയുടെ കാൽപാടുകൾ' എന്ന ഗ്രന്ഥത്തിൽ പൊന്മലയെക്കുറിച്ച് പരാമർശവുമുണ്ട്. പൊന്നുവിളയുന്ന ഭൂമി പിന്നീട് 'പൊന്മള' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി എന്ന് പറയപ്പെടുന്നു. മഹാകവി 'പി'യുടെ ഭാര്യാഗേഹമായ 'മേലേവടയക്കളത്തിൽ' പൊന്മളയിൽ ആയിരുന്നു.

### പൊന്മള ദേശം.

ദേശത്തെ പ്രധാനജന്മികൾ സാമൂതിരിയും, കിഴക്കേകോവിലകം, പുല്ലാനിക്കാട് മനയും, പൊന്മള ദേവസ്വവുമായിരുന്നു. പൊന്മളയുടെ ചില ഭാഗങ്ങൾ അന്നത്തെ ഗ്രാമ മുൻസിഫായിരുന്ന ചണ്ണഴി ഇല്ലത്തെ പരേതനായ കുമാരൻ മൂസ്സതിന്റെ അധികാരപരിധിയിലായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം പുത്രൻ നാരായണൻ മൂസ്സത് ഭരണമേറ്റു. ആൺസന്തതികൾ ഇല്ലാതായപ്പോൾ മനഴി ഇല്ലത്തുനിന്നും ചണ്ണഴി ഇല്ലത്തേക്ക് കൃഷ്ണൻമൂസത്, അനുജൻ കുമാരൻ മൂസ്സത് എന്നിവരെ ദത്തെടുത്തു. നാരായണൻ മൂസ്സത്, കുമാരൻ മൂസ്സത്, രാമൻ മൂസ്സത് എന്നിവർ ചണ്ണഴി ഇല്ലത്തിന്റെ സന്തതികളാണ്. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ നാരായണൻ മൂസ്സത് 'ഗാന്ധി മൂസ്സത്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

### ചാപ്പനങ്ങാടി:

മുസ്‌ലിം പണ്ഡിതനും അത്മീയനേതാവുമായ ബാപ്പുമുസ്ല്യാർ ജീവിച്ച പുണ്യഭൂമിയാണ് ചാപ്പനങ്ങാടി. ബാപ്പുമുസ്ല്യാരുടെ പേരുമായി ബന്ധപ്പെട്ടാണ് ചാപ്പനങ്ങാടി. മറ്റു നാടുകളിൽ അറിയപ്പെടുന്നത്. പറങ്കി മൂച്ചിക്കൽ സ്ഥിതിചെയ്യുന്ന അദ്ദേഹത്തിന്റെ 'മഖ്ബറ' ഇന്നും നൂറുകണക്കിന് ഭക്തജനങ്ങൾ സന്ദർശിച്ച് പുണ്യം തേടുന്നു.

മോലിയാർ പാപ്പ എന്നറിയപ്പെട്ടിരുന്ന കുഞ്ഞഹമ്മദ്കുട്ടി മുസ്ല്യാർ എന്ന മത പണ്ഡിതൻ ചാപ്പനങ്ങാടിയിൽ ജീവിച്ചിരുന്നു.

### കരിപ്പോട്ടില്ലവും ചോലക്കര ഇല്ലവും.

ദേശത്തെ പ്രധാന ഭൂവുടമകളിലൊന്നായിരുന്നു കരിപ്പോട്ട് ഇല്ലം. പട്ടർ കടവ് പുഴയിൽ നിന്നും മൂന്നുകിലോമീറ്ററോളം ദൂരമുണ്ട് കരിപ്പോട്ടേക്ക്. മലയാളവർഷം 1103-ൽ കരിപ്പോട്ട് ഇല്ലത്തിന്റെ നിർമ്മാണം ആരംഭിച്ചു. പുഴയിൽ നിരനിരയായി നിർത്തിയിട്ട തോണികളിലൂടെ കൈമാറിയെത്തിയ ഓടുകൊണ്ടാണ് ഇല്ലംപണി നടത്തിയതത്രെ! ഈ ഇല്ലം ഇന്ന് ഇല്ലെങ്കിലും അതിനെക്കുറിച്ചുള്ള സ്മരണകൾ സജീവം.

അമരകോശം രചയിതാവായ ആയൂർ വേദ പണ്ഡിതൻ ചോലക്കര പരമേശ്വരൻ മൂസ്സത് (വാചസ്പതി) ജീവിച്ച ചോലക്കര ഇല്ലത്തിന്റെ കഥയും പൊന്മളയിലെ പഴമൊഴികൾ തുടികൊട്ടിപ്പാടും.

### പൊന്മള ശിവക്ഷേത്രം:

വളരെയേറെ പഴക്കമുള്ള ക്ഷേത്രമാണ് പൊന്മള ശിവക്ഷേത്രം. ഈ ക്ഷേത്രചുമരുകൾ ടിപ്പുവിന്റെ പടയോട്ടത്തിന്റെ കഥകൾ പറയും. മലബാറിൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കേടുപാടുകൾ സംഭവിച്ചിരുന്നുവെന്ന് ചരിത്രം. ഈ ക്ഷേത്രത്തിൽവെച്ച് ആഘോഷവും ഉത്സവവും നടത്താറുണ്ടായിരുന്നുവത്രേ! ക്ഷേത്രത്തോടനുബന്ധിച്ച് വിശാലമായ ഒരു കുളവും ഉണ്ട്!

### ഇ.എം.എസിന്റെ ഒളിവുജീവിതം.

കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ് തന്റെ ഒളിവുകാല ജീവിതത്തിൽ പൊന്മളയിലെ പരുത്തിയിടത്തിൽ, മാരാത്ത്, കിളിവായിൽ എന്നീ കുടുംബങ്ങളിൽ കഴിഞ്ഞിട്ടുണ്ടെന്ന് പഴമക്കാർ പറയുന്നു.

**'പട്ടർചാടിയ കടവ്'** പട്ടർ കടവിലെ കടവിനും ഒരു കഥ പറയാനുണ്ട്. പണ്ടൊരിക്കൽ ഒരു പട്ടർ ഉത്സവത്തിൽ പങ്കെടുക്കാനുള്ള യാത്രമാദ്ധ്യേ കടലുണ്ടിപ്പുഴയുടെ തീരത്തെത്തി. നിറഞ്ഞൊഴുകുന്ന പുഴ കടക്കാൻ നിവൃത്തിയില്ലാതെ അദ്ദേഹം വിഷമിച്ചു. അവസാനം സദ്യയിൽ പങ്കെടുക്കുവാനുള്ള അത്യാഗ്രഹം അദ്ദേഹത്തെ പുഴ നീന്തിക്കടക്കുവാൻ പ്രേരിതനാക്കി. പട്ടർ ധൈര്യത്തോടെ പുഴയിൽ എടുത്തുചാടിയെങ്കിലും അക്കരെ കടക്കാനാവാതെ പുഴയിൽ മുങ്ങിമരിച്ചു. അതിനുശേഷമാണുപോലും 'പട്ടർ ചാടിയ കടവ്' എന്ന പേർ വന്നത് അത് പിന്നീട് പട്ടർ കടവ് ആയി മാറി എന്നത് ഐതിഹ്യം.

### നെല്ലാട്ട് കുളമ്പ് നേർച്ച:

വട്ടപ്പറമ്പിലെ ജാറത്തിങ്കൽ എന്നറിയപ്പെടുന്ന സ്ഥലത്ത് നടക്കുന്ന നല്ലാട്ടു കുളമ്പുനേർച്ച ഏതാനും വർഷം മുമ്പു

വരെ ആർഭാടപൂർവ്വം നടന്നിരുന്നു. ഇപ്പോൾ പാവങ്ങൾക്ക് അന്നദാനം ചെയ്യുന്നതിൽ ഒതുങ്ങിയാണ് നേർച്ച കഴിക്കുന്നത്. അജ്ഞാതനായ ഒരു പുണ്യാത്മാവിന്റെ ഖബർസ്ഥാനാണ് ഇവിടെ കാണപ്പെടുന്നത്.

**ചണ്ണഴിഇല്ലം:**

അധികാരിയും, ഗ്രാമമുൻസിഫുമായിരുന്ന ജസ്റ്റിസ് ഏറാടിയുടെയും, റിട്ടയേഡ് കൃഷി ഡെപ്യൂട്ടി ഡയറക്ടർ (മദ്രാസ് സ്റ്റേറ്റ്) രാമൻ മൂസ്സതിന്റെയും തറവാടാണ് ചണ്ണഴി ഇല്ലം.

**മറക്കാനാവാത്ത വ്യക്തികൾ:**

**ശ്രീധരൻ നമ്പീശൻ:**

പൊന്മളയിലെ ആദ്യകാല പൊതുപ്രവർത്തകനായിരുന്ന ശ്രീധരൻ നമ്പീശൻ ഇന്ത്യൻ നേവിയിൽ സ്വാതന്ത്ര്യ സമരത്തിനു നേതൃത്വം കൊടുത്തതിന് പിരിച്ചുവിടപ്പെട്ട വ്യക്തിയായിരുന്നു. 1960–ൽ അന്തരിച്ചു അദ്ദേഹത്തിന്റെ സ്മരണ മുൻനിർത്തിയാണ് പൊന്മളയിലെ വായനശാലക്ക് ശ്രീധരൻ നമ്പീശൻ സ്മാരക വായനശാല എന്ന് നാമകരണം ചെയ്തത്.

**നാരായണൻമാസ്റ്റർ:**

മലബാറിൽ സ്പെഷ്യൽ പോലീസിൽ ജോലിയിലിരിക്കെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന് പിരിച്ചുവിട്ടു. തുടർന്ന് അധ്യാപകനായി

**രണ്ടാം ലോകമഹായുദ്ധം**

പൊന്മളയിൽ നിന്നും ധാരാളം പേർ രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. ബ്രിട്ടീഷ് പട്ടാളത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരിൽ പ്രധാനികളായിരുന്നു ഉണ്ണൻ, വേലായുധൻ നായർ, ഹംസ ഉണിച്ചുണ്ടൻ തുടങ്ങിയവർ.

**കാഞ്ഞിരപ്പള്ളി ജാറം –ചിന**

വളരെ പുരാതനമായ ഒരു തീർത്ഥാടനകേന്ദ്രമാണ് പഴയ റിസർവ്വെയിൽ കാഞ്ഞിരപ്പള്ളി എന്ന പേരിൽ തന്നെ സബ്ഡിവിഷൻ ചെയ്തിട്ടുള്ള കാഞ്ഞിരപ്പള്ളി. മമ്പുറം തങ്ങളാൽ അനുഗ്രഹിക്കപ്പെട്ടിട്ടുള്ള സ്ഥലവും കൂടിയാണിത്. കന്നുകാലി രോഗങ്ങൾക്ക് പ്രതിരോധത്തിനുള്ള ദിവ്യ ഔഷധമായിട്ടാണത്രെ ഈ സ്ഥലത്തുള്ള ഇലകളും പൂവും ഉപയോഗിക്കുന്നത്. തൊട്ടടുത്തുതന്നെ അൻപത് സെന്റോളം വിസ്തീർണ്ണമുള്ള വിശാലമായ, വെള്ളം കെട്ടിനില്ക്കുന്ന ചിന സ്ഥിതിചെയ്യുന്നു. കാഞ്ഞിരപ്പള്ളിക്ക് നേർച്ചയിടൽ സാധാരണ ജനങ്ങളുടെ ഒരു വഴിപാടാണ്.

**കുറൂർ കുണ്ട്:**

കുറൂർ കുണ്ട് പണ്ട് കുറുമരുടെ ആവാസ കേന്ദ്രമായിരുന്നു എന്നു പറയപ്പെടുന്നു. പലദേശക്കാരും, ഒത്തുചേർന്നു നടത്തിയിരുന്ന കുറൂർകുണ്ടിലെ കാളപൂട്ട് മത്സരം പ്രസിദ്ധമായിരുന്നു. കാളപൂട്ട് നടത്തിയിരുന്ന വയലെല്ലാം ഇന്ന് തോട്ടങ്ങളായി മാറിക്കഴിഞ്ഞു. പൊന്മള, കോൽക്കളം, ചേങ്ങോട്ടൂർ, എന്നീ സ്ഥലങ്ങളിലെല്ലാം കാളപൂട്ട മത്സരങ്ങൾ നടന്നിരുന്നു.

**ആക്കപ്പറമ്പ്:**

ഇന്നു കാണുന്ന ആക്കപറമ്പ് റോഡ് പണ്ട് ടിപ്പുവിന്റെ സൈന്യത്തിന് പാലക്കാട് കോട്ടയിലേക്ക് പോകുവാനുള്ള ഒരു വഴിയായിരുന്നുവത്രെ. ഫറോക്കിലും ടിപ്പുവിന് ഒരു കോട്ടയുണ്ടായിരുന്നു. അവിടെനിന്ന് പാലക്കാട് കോട്ടയിലേക്കുള്ള എളുപ്പവഴിയായിരിക്കണം ഇത്. ടിപ്പുവിന്റെ സൈന്യം വിശ്രമിച്ചിരുന്ന സ്ഥലം- "ആക്കം" കൊണ്ടിരുന്ന സ്ഥലമാണത്രെ പിന്നീട് ആക്കപറമ്പായത്.

അതുപോലെ ടിപ്പു വള്ളുവനാട് സൈന്യവുമായി യുദ്ധം ചെയ്ത സ്ഥലമാണത്രെ 'പടപ്പറമ്പ്' ആയി മാറിയത്.

പണ്ട് വള്ളുവനാട് രാജാവായിരുന്ന വെള്ളാട്ടിരിയുടെ സാമന്തനായിരുന്നു കോട്ടയ്ക്കൽ, വെങ്കിട കോട്ടയ്ക്കൽ ഉള്ള കരുവായൂർ മൂസ്സ്, കരുവായൂർ മൂസ്സിനെ സാമൂതിരി കോട്ടയിലെ നിലവറയിൽവെച്ച് വെട്ടിക്കൊല്ലുകയും കരുവായൂർ മുസ്‌ലിം പിൻഗാമികൾ വള്ളുവനാട്ടിലേക്ക് അഭയം പ്രാപിച്ചുവെന്നും ചരിത്രം. ഏതായാലും ആക്കപറമ്പ്, മണ്ണഴി, കോട്ടപ്പുറം ഭാഗങ്ങൾ ടിപ്പുവിന്റെ പടയോട്ടംവഴിയായി ബന്ധപ്പെട്ടുകിടക്കുന്നു.

**കോൽക്കളം:**

കോൽക്കളം പ്രദേശം നെൽകൃഷിക്ക് പണ്ടേ പേരുകേട്ടതായിരുന്നുത്രെ! ധാരാളം വിളവുതരുന്ന ഭൂമിയായിരുന്നു. ഇവിടുത്തെ നിലങ്ങൾ കിഴക്കേ കോവിലകം, സാമൂതിരിമാരുടെ കീഴിലായിരുന്നു.

"നിലങ്ങൾ പത്തും പന്ത്രണ്ടും പന്തല്ലൂരും വിശേഷിച്ചെന്റെ കോൽക്കളം" എന്ന് ഒരു കിഴക്കേ കോവിലകം തമ്പുരാട്ടി കോൽക്കളനിലങ്ങളെക്കുറിച്ച് പറഞ്ഞതായി ഒരു പഴമൊഴിയുണ്ട്.

'സൂത്രാടൻ മായിൻ' കോൽക്കളത്ത് ജീവിച്ചിരുന്ന സൂത്രാടൻ മായിൻ ഒരു കുപ്രസിദ്ധിയുണ്ട്. കായംകുളം കൊച്ചുണ്ണിയെപ്പോലെ ജനകീയനായ ഒരു മോഷ്ടാവായിരുന്നു. മോഷ്ടിച്ച വസ്തുക്കളെല്ലാം ഇയാൾ പാവങ്ങൾക്കു വിതരണം ചെയ്തിരുന്നുഎന്ന് പറയപ്പെടുന്നു.

**മയിലാടും കുന്ന്:**

കോൽക്കളത്തിനടുത്ത കുന്നുംകുറ്റി ഭാഗത്ത് പുൽമേടുകളിൽ നമ്മുട ദേശീയ പക്ഷിയായ മയിലുകൾ യഥേഷ്ടം വിഹരിക്കുന്ന കാഴ്ച കാണാവുന്നതാണ്. കൃഷികളെല്ലാം ഇവ നശിപ്പിക്കുന്നതായി പരാതിയും കേൾക്കാറുണ്ട്. ഈ മയിലാടുംകുന്ന് സംരക്ഷിക്കപ്പെടേണ്ടതാണ്.

**കൂരിയാാട്:**

പഞ്ചായത്തിൽ ആദ്യമായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനം ആരംഭിച്ചത് ഇവിടെയായിരുന്നു. 1937-ൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റേയും, എ.വി. കുട്ടിമാളു അമ്മയുടെയും സാന്നിദ്ധ്യത്തിലായിരുന്നു കമ്മറ്റി രൂപീകരണം. മുസ്ലിം മതപണ്ഡിതൻ തേനു മുസ്ലിയാർ കൂരിയാട് സ്വദേശിയാണ്. ലളിതജീവിതവും മതഭക്തിയും കൊണ്ട് ഏവർക്കും മാതൃകയായിരുന്നു അദ്ദേഹം.

**ചേങ്ങോട്ടൂർ ദേശം:**

ചേങ്ങോട്ടൂർ മേഖലയിൽ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യസംഘാടകൻ ശ്രീ. ദേവദാസൻ നമ്പൂതിരിപ്പാടായിരുന്നു. 1939-ൽ കോട്ടയ്ക്കൽ പറപ്പൂരിൽ ചേർന്ന കെ.പി.സി.സി. സമ്മേളനത്തിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. 1940-കളിൽ ചേങ്ങോട്ടൂർ പ്രദേശം കർഷക പ്രസ്ഥാനത്തിന്റെയും തുടർന്ന്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ശക്തികേന്ദ്രമായി മാറി. 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചതിനെതുടർന്ന് ശ്രീ: മാവുള്ളി രാമൻ, പനങ്ങാട് ഇക്കണ്ടുണ്ണിനായർ, പി.വി. കുമാരൻ നായർ, രാമൻനമ്പൂതിരി തടങ്ങിയവരെ അറസ്റ്റ് ചെയ്ത് നിരവധികാലം ജയിലിലടച്ചു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാവായിരുന്ന കെ. ദാമോധരന്റെ പ്രധാന ഒളിവു സങ്കേതങ്ങളിലൊന്ന് ഈ പ്രദേശത്തായിരുന്നു. ഗ്രാമീണ ജനതയെ ദേശീയ ബോധമുള്ളവരാക്കിതീർക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിച്ച സ്ഥാപനമാണ് ബാപ്പുജി സ്മാരക വായനശാല. ശ്രീ. ഭവദാസൻ നമ്പൂതിരിപ്പാട്, പി.വി. കൃഷ്ണൻനായർ, ഒ. രാമൻകുട്ടിമാസ്റ്റർ, കെ.സി. കൃഷ്ണൻ നായർ തുടങ്ങിയവർ ഈ വായനശാലയുടെ സ്ഥാപകരും അറിയപ്പെടുന്ന സാംസ്കാരിക പ്രവർത്തകരുമായിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം കോൽക്കളം ഐക്യനാണയ സംഘമായിരുന്നു. ശ്രീ. ഒളകര കുഞ്ഞിമുഹമ്മദായിരുന്നു സ്ഥാപക പ്രസിഡണ്ട്. ഈ സ്ഥാപനമാണ് ഇന്ന് കോൽക്കളം സർവ്വീസ് സഹകരണ സംഘമായി വളർന്നത്.

മഹിളാ സംഘങ്ങൾ: ഗ്രാമത്തിലെ ആദ്യത്തെ മഹിളാ സമാജം ആരംഭിച്ചത് 1950-കളിലായിരുന്നു. ശ്രീമതി കുഞ്ഞി ഖദീജടീച്ചർ, കുമ്മിണിടീച്ചർ എന്നിവരായിരുന്നു ആദ്യകാല സംഘാടകർ.

# ഭൂപ്രകൃതി - ജനപ്രകൃതി ജലപ്രകൃതി

വടക്ക് കടലുണ്ടിപ്പുഴയും, തെക്ക് മാറാക്കര പഞ്ചായത്തും, കിഴക്ക് കുറുവ പഞ്ചായത്തും, പടിഞ്ഞാറ് കോട്ടയ്ക്കൽ ഒതുക്കുങ്ങൽ പഞ്ചായത്തിനാലും ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ് പൊന്മുളഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് ഉൾക്കൊള്ളുന്ന പൊന്മളയിലും, തെക്ക് ഭാഗമായ മണ്ണഴി ചേങ്ങോട്ടൂർ, കൂരിയാട് പ്രദേശത്തും പാടശേഖരങ്ങൾ കാണപ്പെടുന്നു. പഞ്ചായത്തിൽ ഉയർന്ന പ്രദേശങ്ങൾ ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ, കുന്നംകുറ്റി ചൂനൂർ എന്നീ പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിലെ പ്രധാന കൃഷികൾ തെങ്ങ് കശുമാവ്, കവുങ്ങ് എന്നിവയാണ്.

പഞ്ചായത്തിലെ പ്രകൃതി രമണീയമായ പ്രദേശമാണ് കുന്നം കുറ്റി മലനിരകൾ. ഈ മലനിരകളുടെ പ്രത്യേകത നമ്മുടെ ദേശീയ പക്ഷിയായ മയിലിനെ കാണാമെന്നതാണ്.

ഭൂപ്രകൃതി അനുസരിച്ച് പൊൻമള ഗ്രാമപഞ്ചായത്തിനെ 3 മേഖലകളായി തിരിക്കാവുന്നതാണ്.

1. ചെരിവ് പ്രദേശം
2. ഉയർന്ന നിരന്ന പ്രദേശം
3. സമതല പ്രദേശം

**ജന പ്രകൃതി**

ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25635 (ഐ.സി.ഡി.എസ്.) കണക്കുപ്രകാരം) ഇതിൽ സ്ത്രീകളാണ് കൂടുതൽ ഉളളത്.

സാക്ഷരതാ രംഗത്ത് ഒരു വൻമുന്നേറ്റം ഉണ്ടാക്കുവാൻ പഞ്ചായത്തിന് 1990-91 കാലഘട്ടത്തിൽ കഴിഞ്ഞിരുന്നു. പക്ഷെ അന്ന് നേടിയെടുത്ത സാക്ഷരത ഇപ്പോൾ എത്ര മാത്രം സജീവമായി നിൽക്കുന്നു എന്നത് പരിശോധിക്കേണ്ടതാണ്. ഈ മേൽക്കൈ പൊതുവിദ്യാഭ്യാസരംഗത്ത് ഇന്ന് കാണുന്നില്ല. പഠനനിലവാരത്തിൽ വിദ്യാർത്ഥികളുടെ സ്ഥിതി പിന്നോക്കമാണ്.

അതുപോലെതന്നെ വിദ്യാസമ്പന്നരായ ചെറുപ്പക്കാരുടെ ഇടയിൽ വൻമ്പിച്ച തൊഴിലില്ലായ്മ നിലനില്ക്കുന്നു. ബ്രിട്ടീഷ്കാരുടെ കാലത്തുള്ള വിദ്യാഭ്യാസ രീതിയാണ് ഇന്നും തുടർന്നുപോരുന്നത്.

ജനങ്ങളുടെ ഉപജീവനമാർഗ്ഗം കൃഷിയാണ്. 1.20% ആളുകൾ ഇടത്തരം വ്യാവസായ രംഗത്തു തൊഴിലെടുക്കുന്നുണ്ട്.

പരമ്പരഗത വ്യവസായം ഇന്ന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. കുടിൽ വ്യവസായങ്ങൾ അങ്ങിങ്ങായി വളർന്നു വരുന്നുണ്ട്. സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമായി നിലനില്ക്കുന്നു. ഇന്ന് ഇടത്തരം ചെറുകിട വ്യവസായങ്ങൾ വളർന്നുവരുവാനുള്ള ഒരു പ്രവണത കാണുന്നുണ്ട്. ഇത് ഏറെ ആശാവഹമാണ്. ഇത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും, മറ്റു വ്യവസായങ്ങൾ തുടങ്ങുവാൻ ഉള്ള ആളുകൾക്ക് പ്രോത്സാഹനവും ആയിത്തീരുകയും ചെയ്യുന്നു.

**ജലപ്രകൃതി:**

പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി കടലുണ്ടി പുഴ കടന്നുപോകുന്നു. അതുപോലെ വളരെയധികം കുളങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. മാത്രമല്ല പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലും, തെക്കേ അതിർത്തിയിലും രണ്ട് തോടുകൾ കടന്നുപോവുന്നുണ്ട്.

ചാപ്പനങ്ങാടി, ചൂനൂർ തലക്കാപ്പ്, തോട്ടപ്പായ, മാണൂർ എന്നീ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്.

# കൃഷിയും ജലസേചനവും

വടക്ക് കടലുണ്ടിപ്പുഴ മുതൽ തെക്ക് മാറാക്കര പഞ്ചായത്തുരെ നീണ്ടുകിടക്കുന്ന പൊന്മള പഞ്ചായത്ത് തികച്ചും ഒരു കാർഷിക വ്യവസ്ഥയിൽ അധിഷ്ഠിതമായ ഗ്രാമമാണ്. കേരവൃക്ഷങ്ങൾ ഇടതിങ്ങി നിൽക്കുന്ന ചരിവുപ്രദേശങ്ങളും പച്ചപുതപ്പണിഞ്ഞ നെൽവയലുകളുള്ള സമതല പ്രദേശങ്ങളും ഉയർന്ന നിരപ്പ് പ്രദേശങ്ങളിൽ വിശാലമായ പാറക്കെട്ടുകൾക്കിടയിൽ കാണുന്ന കശുമാവ് തോട്ടങ്ങളും ഈ പ്രദേശത്തിന്റെ ഒരു സവിശേഷതയാണ്. മലകൾ നിറഞ്ഞ ഈ പ്രദേശത്തിന് (Ponmala) എന്ന പേരുലഭിക്കാൻതന്നെ കാരണം പഴയകാലത്തെ കാർഷികാഭിവൃദ്ധി മൂലമായിരുന്നു എന്നതാണ് ഐതിഹ്യം. എന്നാൽ ഇന്ന് ഇതിന്ന് വളരെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇവിടുത്തെ മുഖ്യകൃഷി തെങ്ങ്, നെല്ല്, കവുങ്ങ് മറ്റിടവിളകളുമാണ്.

ഭൂപ്രകൃതി അനുസരിച്ച് ഈ ഗ്രാമപഞ്ചായത്തിനെ മൂന്നായി ഭാഗിച്ചതിൽ ചരിവുപ്രദേശത്തിന് 1848.83 ഹെക്ടറും ഉയർന്ന നിരവ് പ്രദേശത്തിന് 71.08 ഹെക്ടറും സമതല പ്രദേശത്തിന് 235 ഹെക്ടറും വിസ്തീർണ്ണമുണ്ട്. ചാപ്പനങ്ങാടിയിൽ സ്ഥിതിചെയ്യുന്ന ഉയർന്ന പ്രദേശം ഈ ഗ്രാമപഞ്ചായത്തിനെ രണ്ടായി ഭാഗിക്കുന്നു. ഇവിടെ നിന്നുള്ള എല്ലാ തോടുകളും മറ്റ് പഞ്ചായത്തുകൾവഴിയും നേരിട്ടുമായി കടലുണ്ടി പുഴയിൽ സന്ധിക്കുന്നു.

വൻകിട കർഷകർ മുതൽ നാമമാത്ര കർഷകർ വരെ ഇവിടെ ഉണ്ടെങ്കിലും കൂടുതലും നാമമാത്ര കർഷകർ തന്നെയാണ്. ഇതുസംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

പട്ടിക-1

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 4073 | 1629.2 |
| 2. | ഒരു ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ | 354 | 377.7 |
| 3. | രണ്ട് ഹെക്ടറിന് മുകളിൽ | 30 | 148 |

ആളോഹരി കൃഷിഭൂമി പഞ്ചായത്തിന്റേത് .08 ഹെക്ടർ ആണ്. ഇത് സംസ്ഥാനത്തിന്റെ ആളോഹരി ഭൂമിയെക്കാൾ 0.01 ഹെക്ടർ കൂടുതലാണ്.

**മണ്ണ്:**

ഈ പഞ്ചായത്തിൽ കാണുന്ന മണ്ണ്, എക്കൽമണ്ണ്, ചെങ്കൽമണ്ണുമാണ്. ചെങ്കൽമണ്ണിന്റെ പി.എച്ച്. 5.5 മുതൽ 6.5 വരെയാണ്. രാസവള പ്രയോഗംകൊണ്ട് മണ്ണിലെ പുളിരസം കൂടുതലായി കാണുന്നു.

**നെൽകൃഷി:**

ഈ പഞ്ചായത്തിലെ മിക്കവാറും ഭൂമിയും പണ്ട് മഞ്ചേരി, കോട്ടയ്ക്കൽ എന്നിങ്ങനെയുള്ള സാമൂതിരി കുടുംബങ്ങളുടെ അധീനതയിലായിരുന്നു. കോവിലകത്തെ തമ്പുരാക്കൻമാർ

കൃഷിയും സ്ഥലങ്ങളും നോക്കി നടത്താൻ തദ്ദേശവാസികളായ ആളുകളെ കാര്യസ്ഥന്മാരാക്കി നിയമിച്ചിരുന്നു. ഇക്കാലത്തെ പ്രധാന കൃഷി നെല്ലായിരുന്നു. നെല്ലിൽ ഭൂരിഭാഗം പാട്ടമായി നൽകിയിരുന്നു. ഇക്കാലയളവിൽ കൃഷിക്കാരൻ ഏറ്റവും കൂടുതൽ ചൂഷണവിധേയമായിരുന്നു. 1957-ലെ ഭൂപരിഷ്കരണനിയമം നിലവിൽ വന്നതോടെ കൃഷിഭൂമി കർഷകന്റെ കൈവശമായി. കുടിയാന്മാരുടെ കൈവശം ഭൂമി ആയതോടെ കൃഷിരംഗം സജീവമായി. കൃഷിഭൂമികൾ തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടു. പാടങ്ങൾ നികത്തി വീടുകൾ പണിതു.പിന്നീട് തെങ്ങിനും കമുകിനും മറ്റിടവിളകൾക്കും പ്രാധാന്യം കൊടുത്തു.

അന്ന് കൃഷി തികച്ചും പരമ്പരാഗതമായിരുന്നു. കന്നുകളെ ഉപയോഗിച്ചാണ് ഉഴവു നടത്തിയിരുന്നത്. ചീര, പൊന്നാര്യൻ, വെള്ളരി, ആര്യൻ, ചെമ്പാവ്, നകര, തെക്കൻചീര, തവളക്കണ്ണൻ എന്നീ തരം നാടൻ നെൽവിത്തുകളായിരുന്നു കൃഷിചെയ്തിരുന്നത്. ഇരുപ്പൂ, നെൽകൃഷിക്കുള്ളജലം ഈ കാലങ്ങളിൽ യഥേഷ്ടം ലഭിച്ചിരുന്നു. എന്നാൽ ജല നിർഗമനം ഈ കാലങ്ങളിൽ ഒരു പ്രധാന കൃഷിജോലിയും ആയിരുന്നു. ജലസേചനത്തിനായി ഏത്തം, കാളതേക്ക്, പോളകൾ എന്നിവ ഉപയോഗിച്ചിരുന്നു. 1970-കളിൽ ഗ്രാമങ്ങളിൽ വൈദ്യുതി ലഭിച്ചതോടെ ജലസേചനം എളുപ്പമായി. കൃഷിരംഗത്ത് ഒരു ഹരിതവിപ്ലവം തന്നെ ഉണ്ടാവുകയും ചെയ്തു. കേരളത്തിൽ കൃഷി വകുപ്പ് കൃഷിക്കാരുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചതിന്റെ ഫലമായി കൃഷി ആദായകരമായി തുടങ്ങി. കൃഷി ഗവേഷണത്തിൽ അനവധി സ്ഥാപനങ്ങളും ഉയർന്നുവന്നു. വിത്തുകൾ, രാസവളങ്ങൾ, കൃഷിരീതികൾ, കീടനിയന്ത്രണങ്ങൾ എന്നിവ ശാസ്ത്രീയമായ രീതിയിൽ നടത്തപ്പെട്ടു. ഇതോടെ കാർഷികരംഗം കൂടുതൽ പുരോഗതി കൈവരിച്ചു. എന്നാൽ പിന്നീടുണ്ടായ മറ്റുപല കാരണങ്ങളാലും ക്രമേണ കൃഷി, പ്രത്യേകിച്ച് നെൽകൃഷി ലാഭകരമല്ലാതായി. കർഷകന് തന്റെ വിളകൾക്ക് ന്യായമായ വില കിട്ടാതായി. കൃഷിപണിക്ക് ആളെ കിട്ടാത്ത അവസ്ഥയും വന്നുചേർന്നു. ക്രമേണ നെൽകൃഷി വളരെ കുറവായി. കൃഷിയിടങ്ങളിൽ തെങ്ങും, കമുകും മറ്റു ഇടവിളകളും കൃഷിചെയ്യാൻ തുടങ്ങി. നെൽകൃഷിക്ക് ജലലഭ്യത കുറയുകയും ചെയ്തു. നല്ലൊരു വിഭാഗം ജനങ്ങൾ കൃഷി ഉപേക്ഷിച്ച് മറ്റു മേഖലകളിൽ തൊഴിൽതേടി.

പട്ടിക -2

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 210 |
| 2. | നെല്ല് (രണ്ടാംവിള) | 210 |
| 3. | നെല്ല് (മൂന്നാംവിള) | |

**നെല്ലിന്റെ ഉത്പാദനം**

നെല്ലിന്റെ ഉത്പാദനം നാടൻ വിത്തിനങ്ങളിൽനിന്ന് ഹെക്ടറിന് 1700 മുതൽ 1850 കിലോഗ്രാം വരെയും അത്യുല്പാദന ശേഷിയുള്ള വിത്തിനിങ്ങളിൽ നിന്ന് ഹെക്ടറിന് 2100 മുതൽ 2200 കിലോഗ്രാം വരെയും നെല്ല് ലഭിക്കുന്നു. ജ്യോതി, ത്രിവേണി, പവിഴം, ജയ എന്നീ വിത്തിനങ്ങൾ പ്രധാനമായും കൃഷിഭവനിൽകൂടി വിതരണം ചെയ്യുന്നുണ്ട്. നെൽപാടങ്ങളിൽ ഒന്നാംവിള കഴിഞ്ഞും, രണ്ടാംവിള കഴിഞ്ഞും ഇടവിളകൾ കൃഷിചെയ്യാറുണ്ട്. വാഴ, ചേന, ചേമ്പ്, കൂർക്ക, പയർ, പച്ചക്കറികൾ, എള്ള്, ചാമ, മരച്ചീനി, മധുരക്കിഴങ്ങ് ഇവ കൃഷിചെയ്യാറുണ്ട്.

പട്ടിക 3

| നമ്പർ | ഇടവിള | ഹെക്ടർ |
|---|---|---|
| 1. | പയർ | 51 |
| 2. | എള്ള് | 8 |
| 3. | പച്ചക്കറി | 60 |
| 4. | വാഴ | 70 |
| 5 | മരച്ചീനി | 120 |

മുഖ്യവിളയായ തെങ്ങിന്റെ വാർഷികോത്പാദനം 30.25 എണ്ണമാണ്. ജലസേചനം നടത്തുകയാണെങ്കിൽ വിളവ് ഇതിന്റെ ഇരട്ടിയാക്കാൻ സാധിക്കും. തെങ്ങുകൃഷിയുടെ മറ്റൊരുഭീഷണി നാളികേരത്തിന്റെ വിലയിടിവാണ്. കൊപ്രയാക്കിമാറ്റാമെന്നുവച്ചാൽ ന്യായമായ വില കിട്ടുന്നില്ല. തെങ്ങ് ഒന്നിന് വളം ചേർക്കൽ ഏകദേശം 100 രൂപ ചിലവ് വരും. കൂലി ചിലവ് വേറെയും ആയതിനാൽ തെങ്ങ് പരിപാലനം കുറവാണ്. 90% തെങ്ങുകളും ചെരിവു പ്രദേശങ്ങളിലായതിനാൽ കൃഷിയിടം ചെറിയ തുണ്ടുകളാക്കി കിടക്കുന്നു. ഇത് കാരണം കാർഷിക ജോലി കൂടുകയും മണ്ണൊലിപ്പ് ഒരുപ്രശ്നമായി മാറുകയും ചെയ്യുന്നു.

**വളം**

പഞ്ചായത്തിലെ ആകെയുള്ള രാസവള വിൽപന കേന്ദ്രം കോൽക്കളം സഹകരണബാങ്ക് ആണ്. ആവശ്യമായ വളം

ലഭിക്കുന്നതിന് മറ്റു പഞ്ചായത്തുകളിലെ വളം ഡിപ്പോകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. മണ്ണുപരിശോധനാടിസ്ഥാനത്തിലുള്ള വളപ്രയോഗമല്ല കൃഷിക്കാർ നടത്തുന്നത്. പച്ചില വളവും കാലി വളവും കിട്ടാൻ വളരെ പ്രയാസമുണ്ട്. ഏതാനും കർഷകർ കൃഷിഭവനിൽ കൂടി വിതരണം ചെയ്യുന്ന പച്ചില ച്ചെടിയുടെ വിത്തുപയോഗിച്ച് ജൈവവളം ഉണ്ടാക്കുന്നു. ഇത് ആവശ്യമുള്ള ജൈവവളത്തിന്റെ 50% പോലും ആകുന്നില്ല.

**കീടനാശിനികൾ:**

നെല്ല്, വാഴ, പച്ചക്കറികൾ എന്നീ വിളകൾക്കാണ് കീട നിയന്ത്രണം കൂടുതൽ ആവശ്യമായി വരുന്നത്. കീടനിയന്ത്രണം ശാസ്ത്രീയമായ രീതിയിലല്ല ഉപയോഗിക്കുന്നത്. ആയതുകൊണ്ട് അനവധി ആരോഗ്യപ്രശ്നങ്ങൾ സംജാതമാകുന്നുണ്ട്.

**കാർഷികോപകരണങ്ങൾ**

പഞ്ചായത്തിൽ ഇപ്പോൾ പ്രയോഗത്തിലിരിക്കുന്ന കാർഷികോപകരണങ്ങൾ രണ്ടു ട്രാക്ടറുകൾ, 55 ജോഡി ഉഴവുകാളകൾ 30 റോക്കർ സ്പെയറുകൾ, 80 നാപ്സാക്ക് സ്പെയറുകൾ, നാല് തെങ്ങുകയറ്റ യന്ത്രങ്ങളും 1200 ഓളം പമ്പുസെറ്റുകളും ആകുന്നു. മെതിയെന്ത്രം ഉപയോഗത്തിലില്ല. കൊയ്തെടുക്കുന്നതിലും മെതിക്കുന്നതിനും ശാസ്ത്രീയമായ രീതികൾ നിലവിൽ വരേണ്ടതുണ്ട്.

**പാടശേഖര സമിതികൾ:**

കൃഷിഭവന്റെ കീഴിൽ 8 പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ഫലപ്രദമല്ല. ഇവയുടെ വിശദാംശങ്ങളും വിളകളും താഴെ ചേർക്കുന്നു.

**കൂലി നിരക്ക്**

കാർഷികമേഖലയിൽ തൊഴിലാളികളെ കിട്ടാൻ വിഷമമുള്ള ഒരു കാലഘട്ടമാണിത്. കാർഷിക ജോലികൾ അറിയാവുന്ന ആളുകൾ വളരെ കുറവാണ്. ജനങ്ങൾ കൃഷിയെ ഒരു തരം താണ ജോലിയായാണ് കരുതുന്നത്. ഇന്നത്തെ കൂലിനിരക്ക് പുരുഷൻമാർക്ക് 100 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ്. ഈ കൂലിനിരക്ക്, മൊത്തത്തിൽ കൃഷിയെ ക്ഷീണിപ്പിക്കുന്നുണ്ട്. കളയെടുപ്പ്, വിളവെടുപ്പ്, സംസ്കരണം, മുതലായവയിലുള്ള ബുദ്ധിമുട്ടുകൾ വേറെയുമുണ്ട്.

| നമ്പർ | പാടശേഖരത്തിന്റെ പേര് | ഒന്നാം വിള | രണ്ടാംവിള | മൂന്നാം വിള |
|---|---|---|---|---|
| 1. | ചുനൂർ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പയർ | പച്ചക്കറി |
| 2. | കോട്ടപ്പുറം | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പയർ | പച്ചക്കറി |
| 3. | കോൽക്കളം | നെല്ല്<br>വാഴ | നെല്ല്<br>വാഴ | എള്ള് |
| 4. | പൊന്മള മേൽമുറി | നെല്ല്<br>വാഴ<br>പയർ | നെല്ല്<br>മരച്ചീനി<br>വാഴ | പച്ചക്കറി |
| 5. | പൊന്മള | നെല്ല്<br>മരച്ചീനി<br>വാഴ | നെല്ല്<br>വാഴ<br>മരച്ചീനി | പച്ചക്കറി<br>എള്ള് |
| 6. | ചേങ്ങോട്ടൂർ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പയർ | പച്ചക്കറി |
| 7. | പൂവ്വാട് | നെല്ല്<br>വാഴ | നെല്ല്<br>വാഴ | പച്ചക്കറി<br>എള്ള് |
| 8. | ആറമ്പി | നെല്ല്<br>വാഴ | നെല്ല്<br>വാഴ | പച്ചക്കറി |

മൊത്തത്തിൽ ഇന്ന് കൃഷി ഒരു നഷ്ടകച്ചവടമായിരിക്കുന്നു.

### കാർഷിക വായ്പ

ഈ പഞ്ചായത്തിൽ ആകെയുള്ള സഹകരണ ബാങ്ക് കോൽക്കളം സർവ്വീസ് സഹകരണ ബാങ്കാണ്. ഇവിടെ കൊല്ലത്തിൽ ഒരുതവണ കാർഷിക വായ്പ നൽകുന്നു. എങ്കിലും അധികവും കൃഷിക്കായി ഉപയോഗിക്കാറില്ല. ഉപയോഗിച്ചാൽ തന്നെയും കൃഷിയിൽനിന്ന് കിട്ടുന്ന ആദായം കൊണ്ട് വായ്പയം, പലിശയും അടയ്ക്കാൻ സാധിക്കാറില്ല എന്നതാണ് സത്യം.

### ജലസേചനം;

മഴയെ മാത്രം ആശ്രയിച്ചാണിവിടെ കൃഷി നടത്തുന്നത്. വർഷത്തിൽ ശരാശരി 300 സെന്റീമീറ്റർ മഴ ലഭിക്കുന്നു. എന്നാൽ ഇതിന്റെ പകുതിപോലും കൃഷിക്കോ, മണ്ണിനോ ഗുണകരമായി ലഭിക്കുന്നില്ല. കുത്തിയൊലിച്ച് വരുന്ന തോടുകളിലെ വെള്ളം തോടുകൾ വഴി പുഴകളിൽ എത്തിച്ചേരുന്നു. ജലസംബന്ധമായി ബന്ധപ്പെട്ട ആസ്തികൾ താഴെ കൊടുക്കുന്നു.

### തോടുകൾ

തോടുകളുടെ ആകെ നീളം 8.5 കിലോമീറ്റർ ആകുന്നു. ഈ തോടുകളെല്ലാം കടലുണ്ടിപുഴയിൽ ചെന്ന് ചേരുന്നു. ഈ തോടുകളിൽ കൃഷി ആവശ്യത്തിനായി 11 ചിറകൾ നിലവിലുണ്ട്. എങ്കിലും ഇവയുടെ ഉപയോഗം ശരിയായ രൂപത്തിൽ കൃഷിക്ക് ലഭിക്കുന്നില്ല. തോടിന്റെ പത്തിൽ ഒരു ഭാഗം മാത്രമേ പാർശ്വഭിത്തി കെട്ടിയിട്ടുള്ളൂ. ആയതിനാൽ മറുഭാഗങ്ങളിലുള്ള കൃഷികൾക്ക് പല രീതിയിലും നഷ്ടം സംഭവിക്കുന്നു.

### കുളങ്ങൾ

പൊന്മള ഗ്രാമ പഞ്ചായത്തിൽ പല ഭാഗങ്ങളിലായി 68 കുളങ്ങൾ ഭാഗികമായെങ്കിലും ജലസേചനത്തിനുപയോഗിക്കുന്നു, മിക്ക കുളങ്ങളിലും ജല ലഭ്യത വളരെ കുറവാണ്. ഭിത്തികൾ പൊട്ടിയും, മണ്ണ് നിറഞ്ഞും ഉപയോഗ ശൂന്യമായി കിടക്കുന്നവയാണ് അധികവും. ജലസേചനത്തിനായി ഉപയോഗിക്കുന്ന കുഴൽ കിണറുകൾ 14 എണ്ണമാണ്. ഇതിൽ ഭൂരിഭഗം കിണറുകളിൽ നിന്നും വെള്ളം ലഭിക്കുന്നില്ല. ഇതിനോട് അനുബന്ധിച്ചുള്ള കുളങ്ങളിൽ കുറഞ്ഞ തോതിൽ മത്സ്യബന്ധനം നടത്തിപോരുന്നു.

### കുളങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| | (പ്രധാനപ്പെട്ടവ) | | |
|---|---|---|---|
| ക്രമ.ന | കുളത്തിന്റെ പേര് | വാർഡ് നമ്പർ | ഏരിയ |
| 1. | പിച്ചൻ കുളം | I | 3 സെന്റ് |
| 2. | തണ്ടർ വാഴകുളം | II | 5 സെന്റ് |
| 3. | അമ്പലക്കുളം (വലിയത്) | III | 2.5 ഏക്കർ |
| 4. | അമ്പലക്കുളം (ചെറിയത്) | III | 35സെന്റ് |
| 5. | ആറമ്പികുളം | V1 | 5 സെന്റ് |
| 6. | പിച്ചൻകുളം | X | 8 സെന്റ് |

### മണ്ണ് സംരക്ഷണം

പഴയ കാലങ്ങളിൽ വരമ്പുകൾ വെച്ചും മരങ്ങൾ വെച്ചും മണ്ണ് സംരക്ഷണം നടത്തിയിരുന്നു. ഇപ്പോൾ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ അദ്ധ്വാനവും കൂടുതൽ പണവും ചിലവഴിക്കുന്നു. എന്നാൽ പഴയ കാലത്തെ അപേക്ഷിച്ച് കൂടുതൽ ചിലവഴിക്കുന്ന സംഖ്യക്കുള്ള ഗുണം ലഭിക്കുന്നില്ല. നീർതടപദ്ധതി ഇതിന് വളരെ സഹായകരമായിട്ടുണ്ട്.

### നഴ്സറി

വ്യാവസായികാടിസ്ഥാനത്തിലുള്ളതും കൃഷി വകുപ്പിന്റേതുമായ നഴ്സറികൾ ഇവിടെ ഇല്ല. എങ്കിലും കർഷകർ സ്വന്തമായി ഉപയോഗിക്കുന്നതിന് വേണ്ടി നഴ്സറികൾ നടത്തുന്നുണ്ട്.

### കൃഷിഭവൻ

1987- സെപ്തംബർ 1-ാം തിയ്യതിയാണ് കൃഷിഭവൻ നിലവിൽവന്നത്. 3 കൃഷി അസിസ്റ്റന്റും, ഒരു കൃഷി ഓഫീസറും ഒരു ശിപായിയും ആണ് നിലവിലുള്ളത്. അതിന്റെ പ്രവർത്തനം വളരെ കുറഞ്ഞ തോതിലോ എല്ലായിടത്തും എത്തിയിട്ടുള്ളൂ. കൃഷിഭവൻ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ എല്ലാ കർഷകർക്കും ഒരുപോലെ കൃഷിഭവനുമായുള്ള ബന്ധം പുലർത്താൻ കഴിയുന്നില്ല.

### പ്രശ്നങ്ങൾ

പൊന്മള ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ കാർഷിക പ്രശ്നം ജല ദൗർലഭ്യമാണ്. കൃഷിക്ക് വേണ്ടത്ര ജലം ലഭിക്കുന്നില്ല. ഉള്ളവെള്ളം ശരിയായ രൂപത്തിൽ ഉപയോഗിക്കാനും സാധിച്ചിട്ടില്ല.

ഉല്പാദന ചെലവിലുണ്ടായ വൻ വർദ്ധനവും കർഷക തൊഴിലാളികളുടെ ദൗർലഭ്യം, തൊഴിലാളികളുടെ ഉയർന്ന കൂലി നിരക്ക്, കാർഷികോല്പന്നങ്ങളുടെ വിലയിടിവ്. കാലവർഷത്തിന്റെ വ്യതിയാനങ്ങൾ, കൃഷി ഉപജീവിതമാർഗമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്. കന്നുകാലികളുടെ ദൗർലഭ്യത, കൃഷിക്കാരുടെ കൂട്ടായ്മയുടെ അഭാവം മുതലായവ ആണ് ഇന്ന് കാർഷിക രംഗം നേരിടുന്ന മറ്റ് പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾ ഏറ്റവുമധികം ബാധിക്കുന്നത് നെൽകൃഷിയേയാണ്. പഞ്ചായത്തിലെ മുഖ്യകൃഷിയായ തെങ്ങുകൃഷിയും ഇന്ന് രൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്. ഈ രംഗത്ത് നേരിടുന്ന പ്രധാന പ്രശ്നം നാളികേരത്തിന്റെ വിലയിടിവ്തന്നെ. കേരവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിൽ മത്സരിച്ച കേരളീയൻ തോന്നിയ സ്ഥലത്തെല്ലാം കേര വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ തുടങ്ങിയതോടെ തെങ്ങുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായെങ്കിലും മൊത്തം ഉല്പാദനക്ഷമത കുറയുകയാണ് ചെയ്തത്. കാരണം കേരവൃക്ഷങ്ങൾക്ക് യോജിച്ച മണ്ണായിരുന്നില്ല പലരും ഇതിനായി ഉപയോഗിച്ചത്. ജൈവവളത്തിന്റെ ഉപയോഗം ഗണ്യമായി കുറയുകയും രാസവള പ്രയോഗം ഗണ്യമായി വർദ്ധിക്കുകയും ചെയ്തത് എല്ലാ വിളകളുടെയും ഉല്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്.

ഉയർന്ന പ്രദേശങ്ങളിലെ പ്രധാന കൃഷിയായ കശുമാവ് കൃഷിയും വേണ്ടത്ര പരിചരണം ലഭിക്കാത്തതിനാൽ നാശത്തിന്റെ വക്കിലെത്തിക്കഴിഞ്ഞു. പഞ്ചായത്തിൽ കശുമാവ് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ വേണ്ടത്ര ഉണ്ടെങ്കിലും അവ ഇതുവരെ ഉപയോഗപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. കാർഷികോല്പന്നങ്ങൾ ശേഖരിക്കാനും, അവ വിറ്റഴിക്കുവാനും വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾക്ക് കാർഷിക വൃത്തിയോട് താല്പര്യം കുറഞ്ഞുവരുന്നതായിട്ടാണ് കാണപ്പെടുന്നത്.

വേനൽകാല പച്ചക്കറികൃഷിക്ക് ഇവിട വളരെയധികം സാധ്യതയുണ്ട്. ജലസേചന സൗകര്യം ലഭിക്കാത്തതും, ജൈവവളങ്ങളുടെ ലഭ്യത കുറവും, ഇടയ്ക്കിടയ്ക്ക് വരുന്ന രോഗങ്ങളും കീടങ്ങളുടെ ഉപദ്രവവും ഉല്പന്നങ്ങളുടെ വിലയിടിവും എല്ലാം പച്ചക്കറികൃഷി വ്യാപകമാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രൃതിക്ഷോഭം ഇടവിളയായ വാഴ, കപ്പ മുതലായവയ്ക്ക് വൻനാശം വരുത്തിവെയ്ക്കും.

ചുരുങ്ങിയ കാലയളവിൽ കൂടുതൽ ആളുകളുടെ അദ്ധ്വാനം വേണ്ടിവരുന്ന കൊയ്ത്ത്, മെതി, മുതലായവയ്ക്ക് തൊഴിലാളികളെ കിട്ടാതെ കർഷകർ വലയുകയാണ്. ഇത് പരിഹരിക്കേണ്ടതായിട്ടുണ്ട്. മണ്ണൊലിപ്പ് തടയാൻ വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാത്തതും കാർഷിക രംഗത്ത് ഒരു പ്രശ്നമാണ്. കൃഷിഭവൻ സ്ഥിതിചെയ്യുന്ന സ്ഥലവും കർഷകർക്ക് സൗകര്യപ്രദമല്ല.

ഇവയ്ക്കെല്ലാം പുറമെ, മേത്തരം വിത്തുകളുടെ ഉപയോഗകുറവ്, സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങളെ പറ്റി ജനങ്ങൾക്കുള്ള അജ്ഞത വേണ്ട സമയത്ത് വേണ്ടത്ര വിദഗ്ദ്ധ ഉപദേശങ്ങൾ ലഭ്യമാകാത്ത അവസ്ഥ മുതലായവ എല്ലാം കാർഷിക രംഗം നേരിടുന്ന പ്രതിസന്ധികളാണ്.

**പരിഹാരങ്ങൾ**

പഞ്ചായത്തിന്റെ വടക്കേ അറ്റത്തുകൂടി ഒഴുകുന്ന കടലുണ്ടി പുഴയിൽ ഏതു വേനലിലും വളരെ ആഴത്തിൽ ജലം കെട്ടിനിൽക്കുന്ന "മണ്ണാത്തി പാറയിൽ" ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൊണ്ടുവരികയാണെങ്കിൽ ഈ പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിലെ കർഷകർക്കും തൊട്ടടുത്ത കോഡൂർ ഗ്രാമപഞ്ചായത്തിലെ കർഷകർക്കും വളരെ അധികം പ്രയോജനപ്രദമാണ്. ഈ പദ്ധതിയ്ക്ക് മുൻകാലത്ത് ഗവൺമെന്റ് അംഗീകാരം നൽകിയിരുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള 68-ഓളം കുളങ്ങൾ ജലസേചനത്തിന് പൂർണമായി ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ കിടക്കുകയാണ്. ഇതുപോലെ തന്നെ പഞ്ചായത്തിലെ 11 ചിറകൾ ഭാഗികമായോ പൂർണമായോ ഉപയോഗശൂന്യമായി കിടക്കുകയാണ്. ചെരിവ് പ്രദേശങ്ങളിലുള്ള ചോലകൾ പലതും വെള്ളം കെട്ടിനിർത്തി ജലസേചനത്തിന് ഉപയോഗിക്കാൻ പറ്റിയതാണ്. ഇതിന് ജനങ്ങളുടെ സഹകരണവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതുണ്ട്. മോട്ടോർ പമ്പുകൾ കൂടുതൽ ഉപയോഗിക്കാൻ കൂടുതൽ സൗകര്യമുണ്ടെങ്കിലും വൈദ്യുതി കിട്ടുന്നതിലുള്ള പ്രയാസം ഏറെയാണ്. ഇതിന് ആവശ്യമായിട്ടുള്ളത് വൈദ്യുതി ലഭ്യമാക്കണം. കാഞ്ഞിരപ്പള്ളി 'ചിന'യിലെ വെള്ളം ഉപയോഗിച്ച് നെൽകൃഷി നടത്തുന്നതിനും കന്നുകാലികളെ കഴുകുന്നതിനും വളരെ ഉപകാരപ്രദമാണ്.8 1/2 കിലോ മീറ്ററോളം നീണ്ടു കിടക്കുന്ന ഈ ഗ്രാമപഞ്ചായത്തിലെ തോടിന്റെ നല്ലൊരുഭാഗം പാർശ്വഭിത്തി കെട്ടാതെ കിടക്കുകയാണ്. ഇതിന്റെ പാർശ്വഭിത്തികൾ കെട്ടി കൃഷി സംരക്ഷിക്കേണ്ടതുണ്ട്.

കുളിക്കടവ്, കുണ്ടുവായിത്തോട്, മുതത്തോട്, പാറതോട്, കോൽക്കളം, ആകൈപടി, ചുള്ളിയിൽ എന്നിവിടങ്ങളിൽ പുതുതായി ചിറകൾ നിർമ്മിക്കുകയും ഇപ്പോൾ നിലവിലുള്ള ഈ ചിറകളായ പള്ളിപ്പടിചിറ, മാവുള്ളി ചിറ, പെരങ്ങൽ ചിറ, പണ്ടാരചിറ, എന്നിവ റിപ്പയർ ചെയ്യുകയും വേണം. കൂടുതൽ നീരൊഴുക്കുള്ള മാനാംചോലയും, ഇടുക്കൻ ചോലയും വികസിപ്പിക്കേണ്ടതുണ്ട്. മാനാംചോല പദ്ധതി, ഫലപ്രദമായി നടപ്പാക്കിയാൽ 150 തോളം കുടുംബങ്ങൾക്ക്

കുടിവെള്ളം എത്തിക്കുന്നതിനും, കൃഷിക്ക് വെള്ളം എത്തിക്കുന്നതിനും സഹായകമാകും.

ഒന്നാം വാർഡിലെ പരാരി മുതൽ മധുരക്കോട് വരെയുള്ള കൈത്തോടും, പുളിയൻ തോട്ടിൽനിന്ന്, കരിക്കോറ പാടത്തേക്ക് പോകുന്ന കൈത്തോടും, നടുതോട് മേൽഭാഗം മുതൽ താഴെമുട്ടിപ്പാലം വരെയുള്ള തോടും, മനയ്ക്കൽ ചിറയുടെ താഴ്ഭാഗം വരുന്ന തോടും, തോട്ടപ്പായി ഭാഗത്തെ കൈത്തോടും, പിച്ചൻ കുളത്തിൽ നിന്നാരംഭിക്കുന്ന കൈത്തോടും ഇരുപാർശ്വങ്ങളും കെട്ടി സംരക്ഷിക്കുകയും, മനയ്ക്കൽ ചിറയിൽ നിന്നും, പണ്ടാരചിറയിൽനിന്നും രണ്ടു ഭാഗയ്ത്തേയ്ക്കും കനാൽ നിർമ്മിക്കുകയും വേണം.

പഞ്ചായത്തിലെ മൂന്നാം വാർഡിലെ ഇരുകുളം, നാലാം വാർഡിലെ ആറമ്പികുളം, പത്താം വാർഡിലെ പിച്ചൻകുളം റിപ്പയർ ചെയ്യുകയും ഒമ്പതാം വാർഡിൽ ചൂനൂർ ചിറയ്ക്ക് താഴെ 11-ാം വാർഡിൽ അരിട്ട് കുളമ്പിനു സമീപത്ത് ഓരോ കുളവും പുതുതായി നിർമ്മിക്കേണ്ടതാണ്. 5-ാം വാർഡിൽ പത്ത് കിണറുകളും കുഴിയ്ക്കാൻ സഹായം ലഭ്യമാക്കണം.

**ഗ്രൂപ്പ് ഫാമിങ്ങ്**

ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം പുനരുജ്ജീവിപ്പിച്ചാൽ കാർഷികമേഖല വളരെ ഉയർത്തിക്കൊണ്ട് വരുവാൻ സാധിക്കും. ആയതിനാൽ കാർഷിക സമിതികൾ സജീവമാക്കണം. അനാവശ്യമായ പല കാർഷിക ചിലവുകളും ഈ സമ്പ്രദായം വഴി ഒഴിവാക്കാൻ കഴിയും എന്നതുകൊണ്ട് ഒരു പരിധിവരെ കൃഷി ലാഭകരമാക്കാൻ കഴിയും. കൂടാതെ പാടശേഖരങ്ങളിലേക്ക് ആവശ്യമായ ട്രാക്ടർ പോലെയുള്ള യന്ത്രോപകരണങ്ങൾ ഇതുവഴി എത്തിക്കാൻ കഴിയണം. വിത്തും വളവും ഓരോ പാടശേഖരത്തിലേയ്ക്കും ആവശ്യമായത് കൃഷിഭവൻ മുഖേന സ്റ്റോക്ക് ചെയ്യാൻ സാധിക്കണം.

**കർഷക തൊഴിലാളി:**

പഞ്ചായത്തിലെ കർഷക തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് അവർക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ചും കാർഷികോത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവാന്മാരാക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക് അവരുടെ ജോലിക്കനുസരിച്ചുള്ള പണി ആയുധങ്ങൾ സൗജന്യമായി വിതരണം ചെയ്യണം. കർഷക തൊഴിലാളി പെൻഷൻ ആകർഷണീയമായ നിലയിൽ വർദ്ധിപ്പിക്കണം. കർഷക തൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരിക്കുകവഴി തൊഴിലാളികളെ ചൂഷണത്തിൽനിന്ന് രക്ഷിക്കുകയും അതോടൊപ്പം അമിതമായ കൂലി ഈടാക്കുന്നത് തടയുകയും ചെയ്യാം.

**പൊതുവിപണി**

തേങ്ങ, നെല്ല്, പച്ചക്കറി എന്നിവ ധാരാളമായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെങ്കിലും പഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രങ്ങൾ വേണം. ഇത് സഹകരണാടിസ്ഥാനത്തിലോ മറ്റെന്തെങ്കിലും അടിസ്ഥാനത്തിലോ ചെയ്യാവുന്നതാണ്. പെട്ടെന്ന് വിറ്റഴിക്കേണ്ടതായ പച്ചക്കറി ഇനങ്ങൾക്ക് ഇത് വളരെ പ്രയോജനകരമാണ്. ചന്ത സമ്പ്രദായവും ഏർപ്പെടുത്തേണ്ടതാണ്. ഇത് മാന്യമായ വില ലഭിക്കാൻ സഹായിക്കും.

**വളങ്ങൾ:**

ജൈവവളത്തിന്റെ ലഭ്യത പഞ്ചായത്തിൽ വളരെ കുറവാണ്. ഇത് നികത്തേണ്ടതുണ്ട്. ഡൈഞ്ച, കൊഴിഞ്ഞിൽ, ശീമക്കൊന്ന എന്നിവ വ്യാപകമായ തോതിൽ കൃഷിയിടങ്ങളിൽ വളർത്താൻ വേണ്ട ഉപദേശങ്ങളും വിത്തുകളും മറ്റ് സഹായങ്ങളും നല്കി പച്ചില വളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കണം. കാലികളെ വളർത്തുന്നതിനുള്ള പ്രോത്സാഹനവും നൽകണം.

**കശുമാവ്:**

വളരെ ഒന്നും പരിചരണം ആവശ്യമില്ലാത്ത കശുമാവ് കൃഷിക്ക് ഇവിടെ സാധ്യത വളരെ ഏറെയാണ്. ഇത് പ്രയോജനപ്പെടുത്താൻ കൃഷിവകുപ്പിന്റെ സഹായം വളരെ അത്യാവശ്യമാണ്. കൃഷിഭവൻ മുഖേന കശുമാവ് തൈകൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും തക്കസമയത്ത് കർഷകർക്ക് ലഭിക്കാറില്ല. അതുകൊണ്ട് സമയത്ത് തന്നെ തൈകൾ ലഭ്യമാകുകയും വേണ്ട ഉപദേശങ്ങൾ നൽകുകയും വേണ്ടതാണ്. അതുപോലെ തന്നെ ആവശ്യമായ വളവും സബ്സിഡിയും കർഷകർക്ക് ലഭ്യമാക്കണം.

**പച്ചക്കറി:**

പച്ചക്കറി കൃഷിക്ക് ഇവിടെ വളരെ അധികം സാധ്യത ഉണ്ട്. ഇത് സഹകരണാടിസ്ഥാനത്തിൽ നടത്താൻ കഴിയും. സി.ബി.എൻ.പി. സാക്ഷരതാ പ്രവർത്തകർ, കർഷക സമിതികൾ, അംഗൻവാടി വർക്കേഴ്സ് ഇവർ മുഖേനയും കൂടാതെ വ്യാപകമായ തോതിൽ ഗ്രൂപ്പ് ഫാമിങ്ങ് കമ്മിറ്റികൾ മുഖേനയും പച്ചക്കറി കൃഷികൾ നടത്താം. വിത്ത്, വളം, കീടനാശിനികൾ എന്നിവ കൃഷിഭവൻ മുഖേന ലഭ്യമാക്കണം.

**കൃഷിഭവൻ:**

പഞ്ചായത്തിലെ കൂടുതൽ കർഷകർക്കും സൗകര്യപ്രദമല്ലാത്ത രീതിയിൽ ഈ പഞ്ചായത്തിന്റെ ഒരൊറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ഇത് ഭൂരിഭാഗം കർഷകർക്കും സൗക

ര്യപ്രദമായ സ്ഥാനത്തേക്ക് മാറ്റണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ അഗ്രോ ക്ലിനിക്കുകൾ ആരംഭിച്ച് കൂടുതൽ കർഷകർക്ക് കാർഷികോപദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

**വിത്തിനങ്ങൾ:**

നല്ലയിനം വിത്തുകൾ യഥാസമയത്ത് കർഷകർക്ക് ലഭ്യമാക്കണം. ഇതിന് പഞ്ചായത്തിൽ തന്നെ കാർഷിക സമിതികൾ മുഖേനയും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വഴിയും നഴ്സറികൾ ഉല്പാദിപ്പിച്ച് വിതരണം നടത്താവുന്നതാണ്. കൃഷിഭവന്റെ പ്രത്യേക സഹായം ഇതിന് ലഭിക്കണം.

കർഷകരും കർഷക തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പൊന്മള പഞ്ചായത്തിന് ആസൂത്രണം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ നാം ഒന്നിച്ചുനീങ്ങണം. എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ചു കൂട്ടായി യത്നിക്കുക.

കോട്ടപ്പുറം, ചേങ്ങോട്ടൂർ, ചുനൂർ ഭാഗങ്ങൾ വാട്ടർ ഷെഡ് ഏരിയയിൽ ഉൾപ്പെടുത്തുക.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

**മൃഗസംരക്ഷണം**

പൊന്മള ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരാകുന്നു. പരമ്പരാഗതമായി തന്നെ കൃഷി പണിയും അനുബന്ധമായി കാലി വളർത്തലും ഇവരുടെ തൊഴിലാണ്. എന്നാൽ കാലി വളർത്തലും സംരക്ഷണവും പഴയകാലത്ത് ജീവിത ഉപാധിയായി സ്വീകരിച്ചിരുന്നു.

പശു, എരുമ, കാള, പോത്ത് ഇവയെല്ലാം തന്നെ മെച്ച പ്പെട്ട ജനുസുകൾ ആയിരുന്നില്ല. ആയത്കൊണ്ട് പശു, എരുമ, ആട് ഇവയിൽ നിന്നും നന്നേ കുറഞ്ഞ തോതിൽ മാത്രമേ പാലുൽപാദിപ്പിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. നാടൻ ഇനങ്ങളെ വളർത്തിയത് കൊണ്ട് കൂടുതൽ ലാഭമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പഴയ കാലങ്ങളിൽ കന്നുകാലി കൾക്ക് ഇഷ്ടം പോലെ മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഒരു വലിയ അളവോളം തീറ്റയുടെ പ്രശ്നം പരിഹരിച്ചിരുന്നു. എന്നാൽ ഇന്ന് ജനപ്പെരുപ്പവും കൃഷിയും വ്യാപിച്ചത് മൂലം മേച്ചിൽ സ്ഥലങ്ങൾ നന്നേ കുറ ഞ്ഞുപോയി. അത്കൊണ്ട് കന്നു കാലി വളർത്തുന്നതിൽ നിന്ന് വളരെ അധികം കർഷകർ പുറകോട്ട് പോയി. പഴയ കാലങ്ങളിൽ കർഷകർക്കിടയിൽ നടന്നിരുന്ന ഒരു പ്രധാന മത്സരമായിരുന്നു കാളപ്പൂട്ട് മത്സരം.

ഇന്ന് ഓരോ ബ്ലോക്കടിസ്ഥാനത്തിലും ഒരു മൃഗാശുപ ത്രിയും മൃഗസംരക്ഷണ വകുപ്പും പ്രവർത്തിക്കാൻ തുടങ്ങി യതോടുകൂടി അത്യുല്പാദന ശേഷിയുള്ള കറവ പശുക്ക ളെയും വിത്തുകാളകളേയും ഇറക്കു മതി ചെയ്യാൻ തുടങ്ങി. കൂടുതലും സ്വിറ്റ്സർലാന്റിൽ നിന്നാണ് കന്നുകാലികളെ ഇറ ക്കുമതി ചെയ്തത്. അതോടുകൂടി ബ്രൗൺ സ്വിസ്, സിന്ധി, ജഴ്സി എന്നീ ഇനങ്ങളെ നാട്ടിൽ വ്യാപകമായി വളർത്താൻ തുടങ്ങി. നാടൻ ഇനങ്ങളുമായി ബീജസങ്കലനം നടത്തി അത്യുൽപാദനശേഷിയുള്ള കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കു കവാനും തുടങ്ങി. ഇന്ന് പൊന്മള പഞ്ചായത്തിൽ സങ്കരയിനം പശുക്കളെയും ഉഴവുകാളകളെയും എരുമകളേയും കാണാൻ സാധിക്കും.

സങ്കരയിനം പശുക്കളേയും എരുമകളേയും വളർത്തിയ പ്പോൾ പരിചരണം കൂടുതൽ ആവശ്യമായി വന്നു. നാടൻ ജനുസ്സുകളിൽ കാണാത്ത പല രോഗങ്ങളും കണ്ടു തുടങ്ങി. ഉദാഹരണത്തിന് അകിടുവീക്കം, കൊരലടപ്പൻ, കുളമ്പ് രോഗം, ഇവ ധാരാളമായി കണ്ടുതുടങ്ങി. മേൽപറഞ്ഞ അസു ഖങ്ങൾ കറവ് മൃഗങ്ങളിൽ ക്ഷീരോൽപാദനത്തെ വളരെ അധികം ബാധിക്കുന്നുണ്ട്.

എന്നാൽ ഇന്ന് മേൽപറഞ്ഞ രോഗങ്ങളെ ചികിത്സിക്കാൻ പറ്റുന്ന സംവിധാനം ജില്ലാ ആശുപത്രികളിൽ മാത്രമേ ലഭ്യ മാകുന്നുള്ളൂ. ജില്ലാ മൃഗാശുപത്രി മലപ്പുറത്ത് പ്രവർത്തി ക്കുന്നു. രണ്ട് വെറ്റനറി ഡോക്ടർമാരും ലൈവ് സ്റ്റോക്ക് അസിസ്റ്റൻഡ്, ശിപായി മുതലായവരുടെ സേവനം ഇന്ന് ലഭ്യ മാണ്. കൂടാതെ കോഡൂരിലും താണിക്കലിലും പൊന്മള

പഞ്ചായത്തിലെ ചേങ്ങോട്ടൂരിലും ഒതുക്കുങ്ങലിലും മൃഗാശുപത്രികൾ പ്രവർത്തിക്കുന്നു. കറവുമാടുകളുടെ ബീജസങ്കലനത്തിലും രോഗചികിത്സയ്ക്കും രോഗപ്രതിരോധത്തിനും ഈ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കറവു ഇനങ്ങൾക്ക് രോഗങ്ങൾ വന്നാൽ അവയ്ക്ക് ചികിത്സ നൽകാൻ ഉടമസ്ഥർ ശുഷ്കാന്തി കാണിയ്ക്കാറുണ്ട്. കാരണം നാടൻ ഇനങ്ങളെക്കാൾ അത്യുൽപാദന ശേഷിയുള്ള ഇനത്തിന് കൂടുതൽ വില കൊടുക്കേണ്ടിയിരിക്കുന്നു. പലപ്പോഴും ബാങ്കിൽ നിന്നു കിട്ടുന്ന കടം ഉപയോഗിച്ചായിരുന്നു കൃഷിക്കാരൻ കറവമാടുകളെ വാങ്ങുന്നത്. രോഗങ്ങൾ വന്നു ചത്തുപോയാൽ അതൊരു സാമ്പത്തിക ബാധ്യതയായി മാറും. ഇത് ഉടമസ്ഥർക്ക് അറിയാം.

ക്ഷീരോൽപാദനരംഗത്ത് ഏറ്റവും വലിയപ്രശ്നം ഉൽപാദിപ്പിക്കുന്ന പാൽ വാങ്ങാനും കൃഷിക്കാരന് പാലിനും ക്ഷീരോൽപന്നങ്ങൾക്കും മതിയായ വില കിട്ടാനുള്ള സംവിധാനം ഇല്ല. പാലിന്റെ വിപണനത്തിന് സഹകരണ സംഘങ്ങൾ ഇല്ലാത്തത്കൊണ്ട് പാൽ വിറ്റഴിക്കാനും ന്യായമായ വില ലഭിക്കാനും സംവിധാനമില്ല.

കൃഷി രംഗത്ത് യന്ത്ര വൽക്കരണം വന്നതും നെൽകൃഷി കുറഞ്ഞതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയ്ക്കാൻ കാരണമായിട്ടുണ്ട്. പൊന്മള ഗ്രാമപഞ്ചായത്തിൽ കോഴികളെയും താറാവുകളെയും ചെറിയ തോതിൽ വളർത്തുന്നുണ്ട്. നിരന്തരമായി ഉണ്ടാവുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവ് വരുത്തി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടികാളകളുടെ എണ്ണം കുത്തനെകുറയുകയുണ്ടായി.

പൊന്മള ഗ്രാമ പഞ്ചായത്തിലെ കന്നുകാലികളുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | കാലികളുടെ ഇനം | കാലികളുടെ എണ്ണം |
|---|---|---|
| 1. | പശു | 688 |
| 2. | കന്നുകുട്ടി | 126 |
| 3. | എരുമ | 37 |
| 4. | ഉഴവു കാള | 110 |
| 5. | ആട് | 914 |

ഇത്രയും കന്നുകാലികൾ ഉണ്ടെങ്കിൽ കൂടിയും ചികിത്സാ സൗകര്യം ഈ ഗ്രാമപഞ്ചായത്തിൽ ഇല്ല. ചേങ്ങോട്ടൂരിലുള്ള സബ്സെന്റർ വളരെകാലമായി പൂട്ടികിടക്കുകയാണ്.

**പ്രശ്നങ്ങളും പരിഹാരങ്ങളും**

പൊന്മള ഗ്രാമ പഞ്ചായത്തിൽ വെറ്റനറി ആശുപത്രി ഇല്ല ആയത്കൊണ്ട് കന്നുകാലികൾക്ക് ചികിത്സ നടത്താനും ബീജസങ്കലനത്തിനും ആവശ്യമായ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ഉൽപാദിപ്പിക്കുന്ന പാൽ വിപണത്തിനു സൗകര്യമില്ല. ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനവും കാര്യമായി പൊന്മള ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. പഴയ കാലത്തുണ്ടായിരുന്ന പാൽ സൊസൈറ്റി പുനരുജ്ജീവിപ്പിച്ചു സംഘം മുഖേന പാൽ വിതരണം നടത്തേണ്ടതാണ്. ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തനവും പദ്ധതികളും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുക. മാത്രമല്ല ചേങ്ങോട്ടൂരിലും പറങ്കി മൂച്ചിക്കലും ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കാൻ വളരെയേറെ സൗകര്യമുള്ള പ്രദേശങ്ങളാണ് പഞ്ചായത്തിലെ ജനങ്ങളിൽ ഏകദേശം 80% ത്തോളം കന്നുകാലി മാംസം ഭക്ഷിക്കുന്നവരാണ്. എന്നാൽ പഞ്ചായത്തിൽ എവിടെയും ശാസ്ത്രീയ അറവ് ശാലകൾ നിലവിലില്ല. അതുകൊണ്ടു തന്നെ പല ആരോഗ്യപ്രശ്നങ്ങളും തന്നെ ഇവിടെ നിലനിൽക്കുന്നു.

പൊന്മള ഗ്രാമപഞ്ചായത്തിൽ ക്ഷീര വികസന പദ്ധതികൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം തീറ്റ പുൽകൃഷിയ്ക്കു പോത്സാഹനം നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം.

മിനി ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായവും പ്രോൽസാഹനവും നൽകുക. മാതൃകാ തൊഴുത്തിനുള്ള സഹായം ചുരുക്കം പേർക്കേകിട്ടുന്നുള്ളൂ. അത് കൂടുതൽ പേർക്ക് ലഭ്യമാക്കണം. പാലുൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിനും സന്നദ്ധ സംഘടകൾക്കു സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. കോഴി ഇറച്ചിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഈ കാലഘട്ടത്തിൽ കോഴിവളർത്തലിന് വലിയ സാധ്യതകൾ ഉണ്ട്. ആയത്കൊണ്ട് ഇറച്ചികോഴി വളർത്തലിന് പ്രോൽസാഹനവും സാമ്പത്തിക സഹായവും ലഭ്യമാക്കണം. ആടുവളർത്തലും ലാഭകരമായ ഒരു തൊഴിലാണ്. സാമ്പത്തിക സഹായം ലഭ്യമാക്കണം. കന്നുകാലി വളർത്തുന്നവർക്കും, കോഴി വളർത്തുന്നവർക്കും, കോഴിതീറ്റ, കാലിതീറ്റ എന്നിവ മിതമായ വിലയ്ക്കു ലഭ്യമാക്കണം. പാലും മുട്ടയും കോഴി ഇറച്ചിയും ന്യായമായ വില നൽകി സംഭരിച്ചു വിറ്റഴിക്കുന്നതിനു ഗ്രാമ പഞ്ചായത്ത് തലത്തിൽ വിവിധോദ്ദേശ സംഘങ്ങൾ ആവിഷ്ക്കരിച്ചു പ്രവർത്തിക്കണം. ഇതുവഴി കാലിതീറ്റ വിതരണവും നടത്താം. കോഴിവസന്തക്ക് കുത്തി വെപ്പുകൾ നടത്താനും സംവിധാനം ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അറവ് ശാല

കൾ നിലവിൽ വരണം. അനധികൃതമായി അറവ് നടത്തുന്നത് നിരോധിക്കുകയും വേണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ചും ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ ഭാഗങ്ങളിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന കന്നുകാലികളെ, പഞ്ചായത്ത് തലത്തിൽ ആല നിർമ്മിച്ച് പിടിച്ച് കെട്ടാൻ സംവിധാനം ഉണ്ടാക്കണം. വളർത്ത് പട്ടികൾക്ക് ലൈസൻസ് സംവിധാനം ഒരുക്കാനും പ്രതിരോധ കുത്തിവെപ്പ് നടത്താനും കഴിയണം. അലഞ്ഞ് തിരിയുന്ന പട്ടികളെ നശിപ്പിക്കാൻ സംവിധാനം ഒരുക്കണം.

**മത്സ്യബന്ധനം**

പൊന്മള ഗ്രാമ പഞ്ചായത്തിൽ അല്പം ചില കുളങ്ങളിൽ ചെറിയ തോതിൽ മത്സ്യം വളർത്തുന്നു. പൊന്മള ഗ്രാമ പഞ്ചായത്തിൽ ശുദ്ധജലം ഉൾകൊള്ളുന്ന കിണറുകൾ ചോലകൾ, പൊതുകുളങ്ങൾ, തോടുകൾ ഇവയാണ് ഉള്ളത്. ഇവിടെ ഒരു കിലോ മീറ്ററോളം നീളത്തിൽ വടക്ക് ഭാഗത്തിലൂടെ കടലുണ്ടിപുഴ ഒഴുകുന്നുണ്ട്. ഈ പുഴ മത്സ്യ ബന്ധത്തിന് കൂടുതൽ സഹായകരമല്ല. പുഴയിൽ ഇപ്പോൾ മത്സ്യ സമ്പത്ത് വളരെ കുറവാണ്. വെടിമരുന്നുകളും മറ്റും ജനങ്ങൾ സാധാരണായായി ഉപയോഗിച്ച് വരുന്നുണ്ട്. ഇത് വഴി മത്സ്യ സമ്പത്ത് നശിക്കുന്നു. പഴയ കാലത്ത് ഗ്രാമ പഞ്ചായത്തിലെ വയലേലകളിൽ കൊയ്ത്ത് കാലത്ത് ബ്രാൽ, മുശ്ക്ക് വാള, തൊണ്ണി, കടുങ്ങാലി, ആരൽ, കടു എന്നീ മത്സ്യങ്ങൾ ധാരാളമായി കിട്ടിയിരുന്നു. നെല്ലനുണ്ടാകുന്ന കീടങ്ങൾക്ക് എതിരെ മരുന്നു തളി വ്യാപകമായതോടെ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങി. ഇപ്പോൾ കൊയ്ത്തു കാലത്ത് മത്സ്യം കിട്ടാറില്ല. മാത്രമല്ല കുളങ്ങളിലും തോടുകളിലും ഉള്ളവ തന്നെ രോഗങ്ങൾ ഉള്ളവയും ആകുന്നു. അതുകൊണ്ട് ആരും തന്നെ ഇവയെ പിടിച്ച് ഭക്ഷിക്കാൻ താല്പര്യപ്പെടാറില്ല.

○

# വ്യവസായം

പൊൻമള ഗ്രാമപഞ്ചായത്തിൽ മൊത്തം ജനസംഖ്യയായ 25,635 പേരിൽ (ICDS) കണക്കുപ്രകാരം) വ്യവസായരംഗത്ത് പഞ്ചായത്തിന് അകത്തും പുറത്തുമായി 305 ഓളം പേർ പ്രത്യക്ഷമായി തൊഴിൽ ചെയ്യുന്നു. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 1.20% മാത്രമാണ്.

പഞ്ചായത്ത് നിലവിൽ വന്നശേഷം 1981 വരെ വ്യവസായം എന്ന രീതിയിൽ ഒരു സ്ഥാപനവും പ്രവർത്തിച്ചിരുന്നില്ല. ജനങ്ങൾ തികച്ചും കാർഷിക ജോലിയിൽ ഏർപ്പെട്ടിരുന്ന ഗ്രാമീണരുമായിരുന്നു. 1981 കാലയളവിനുമുൻപ് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചെറുകിട കുടിൽ വ്യവസായങ്ങളായ ബീഡി, പപ്പടം, എന്നിവയിലും, അതുപോലെ പരമ്പരാഗത വ്യവസായങ്ങളായ (കുട്ട, പനമ്പ്, പായ നെയ്ത്ത്) എന്നിവയിലും ആണ് ജനങ്ങൾ തൊഴിലെടുത്തിരുന്നത്. ഇവയെല്ലാംതന്നെ കുടിലുകളിൽ കേന്ദ്രീകരിച്ചായിരുന്നു നിലനിന്നിരുന്നത്.

ഈ കാലഘട്ടത്തിൽ ചെറുകിട വ്യാവസായ യൂണിറ്റുകൾ നിലവിൽ വരാതിരിക്കുവാൻ കാരണമായിക്കാണുന്നത് വ്യാവസായരംഗത്തെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്, ഊർജ്ജപ്രതിസന്ധി, ഗതാഗത അപര്യാപ്തത, വിപണന സാധ്യതക്കുറവ്, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നിവയായിരുന്നു.

പക്ഷേ സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ ഉണർവ്വ് വന്നതോടുകൂടി വ്യാവസായിക മണ്ഡലത്തിലും മാറ്റം കണ്ടുതുടങ്ങി.

ഇന്നത്തെ 8-ാം വാർഡായ മണ്ണഴിയിൽ പി. വി. കൃഷ്ണൻമാസ്റ്റർ നേതൃത്വപരമായ പങ്കുവഹിച്ചതിന്റെ ഫലമായി 1981 – ൽ ആദ്യമായി ഖാദിഗ്രാമ വ്യവസായ യൂണിറ്റിന്റെ ഒരു കേന്ദ്രം വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. അതിനുശേഷം വിവിധ ഭാഗങ്ങളിലായി നിരവധി ചെറുകിട വ്യാവസായ യൂണിറ്റുകൾ (ആധുനീകം) നിലവിൽ വരുവാൻ തുടങ്ങി. 1984- ൽ 50 സ്ത്രീ തൊഴിലാളികളോടുകൂടി സ്വന്തം കെട്ടിടത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ് പ്രവർത്തനം ഊർജ്ജിതമാക്കിയതോടെ വ്യാവസായികരംഗത്ത് പുതിയ സാധ്യതകൾ കണ്ടെത്താം എന്ന് ബോധ്യമായി.

1985–86 കാലഘട്ടത്തിൽ പൊന്മള ആസ്ഥാനമായി ഒരു മെറ്റിൽ ഇൻഡസ്ട്രീസ് (സ്വകാര്യമേഖലയിൽ) സ്ഥാപിതമായി. ഇതോടെ പഞ്ചായത്തിന്റെ രണ്ടതിർത്തിയിലും വ്യവസായ രംഗത്തെക്കുറിച്ച് പ്രതീക്ഷകളുണർത്തി.

ആധുനീക വ്യവസായരംഗത്തിന് വളരെയേറെ സാധ്യത ഉണ്ടെന്ന് തെളിയിക്കുമാറ് 1987 ൽ മണ്ണഴിയിൽ 40 ലക്ഷത്തോളം രൂപ മുതൽ മുടക്കി 4 സ്വകാര്യവ്യക്തികളുടെ കീഴിൽ ഒരു പ്ലാസ്റ്റിക് വ്യവസായ യൂണിറ്റ് സ്ഥാപിതമായി 25 ഓളം തൊഴിലാളികൾക്ക് നേരിട്ടും, മറ്റനേകം തൊഴിലാ

ചാർട്ട് 1

| ക്രമ നമ്പർ | കുടിൽ വ്യവസായം | എണ്ണം | സ്ത്രീ | പുരു: | ആകെ | വാർഡ് |
|---|---|---|---|---|---|---|
| 1. | ബീഡി | 2 | - | 6 | 6 | VI |
| II | പപ്പടം | 2 | - | 11 | 11 | IV |
| III | അച്ചാർ | 1 | 15 | - | 15 | VIII |

ചാർട്ട് 2

| ക്രമ നമ്പർ | പരമ്പരാഗത വ്യവസായം | എണ്ണം | സ്ത്രീ | പുരു: | ആകെ | വാർഡ് |
|---|---|---|---|---|---|---|
| 1. | മൺപാത്ര നിർമ്മാണം | 2 | 2 | 2 | 4 | I |

ചാർട്ട് 3

പ്രധാന വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | മേഖല | വാർഡ് |
|---|---|---|---|
| 1. | പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | സ്വകാര്യം | VIII |
| 2. | ഹോളോബ്രിക്സ് | സ്വകാര്യം | VI |
| 3. | മെറ്റൽ ഇൻഡസ്ട്രീസ് | സ്വകാര്യം | II |
| 4. | വുഡ് ഇൻഡസ്ട്രീസ് | സ്വകാര്യം | IV |

ളികളും പരോക്ഷമായി ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. 1992-ൽ ഈ യൂണിറ്റ് കൂടുതൽ ഊർജ്ജിതമാക്കിക്കൊണ്ട് ഹൈടെക് ഫ്ളക്സോപാർക്ക് എന്ന ഒരു സ്ഥാപനവും നിലവിൽ വന്നു.

1990 ൽ DWCRA സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീ പങ്കാളിത്തത്തോടെ ഒരു ബേക്കറി മണ്ണഴിയിൽ നിലവിൽ വരികയും, വിപണനസാധ്യത കണ്ടെത്താനാവാതെ 1991 ആയപ്പോഴേക്കും അടച്ചുപൂട്ടേണ്ടിവരികയും ചെയ്തു.

ഇപ്പോഴത്തെ 6-ാം വാർഡായ ചാപ്പനങ്ങാടിയിൽ 1993 - ൽ (സ്വകാര്യമേഖലയിൽ) ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റും പ്രവർത്തിപഥത്തിൽ വന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ആധുനീക വ്യാവസായങ്ങൾ സജീവമാക്കുവാൻ തുടങ്ങിയതോടെ പരമ്പരാഗത-കുടിൽ വ്യവസായങ്ങൾ നിർജ്ജീവമാകുവാൻ തുടങ്ങി. ഇവ ക്ഷയിക്കുവാനുള്ള കാരണമായി കാണുന്നത് നിർമ്മാണ വസ്തുക്കളിലുള്ള വൈവിധ്യമില്ലായ്മ, ആധുനീക വ്യവസായങ്ങളുമായി മത്സരിക്കുവാനുള്ള ബുദ്ധിമുട്ട്, വിപണന സാധ്യതക്കുറവ് എന്നിവയാണ്.

വ്യാവസായ രംഗത്ത് ചെറിയതോതിൽ വികസനം ഉണ്ടാക്കുവാൻ കഴിഞ്ഞെങ്കിലും ഇന്നേവരെ ഒരു സഹകരണസ്ഥാപനവും വ്യവസായ രംഗത്ത് ഇടപെടുവാൻ മുമ്പോട്ടു വന്നിട്ടില്ല.

ഇത്തരം പോരായ്മകൾ പരിഹരിച്ചു കൊണ്ടുമാത്രമേ കൂടുതൽ സജീവമായി വ്യാവസായ രംഗം വളരുവാൻ കഴിയുകയുള്ളു.

### ഖാദി ഗ്രാമ വ്യവസായ യൂണിറ്റ്

പൊന്മള ഗ്രാമപഞ്ചായത്തിൽ 8-ാം വാർഡിൽ ഒരു ഖാദി ഗ്രാമ വ്യവസായ യൂണിറ്റ് നിലനിൽക്കുന്നു. 1981 സെപ്തംബറിൽ വാടകകെട്ടിടത്തിൽ 50 സ്ത്രീ തൊഴിലാളികളോടു കൂടിയാണ് ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചത്.

സംരംഭം തുടങ്ങുന്നകാലത്ത് പ്രധാനമായും നൂൽപ്പിൽ ആണ് ഊന്നൽ നൽകിയിരുന്നത്. 50 ഓളം കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഈ യൂണിറ്റ് മുഖേന തൊഴിൽ ലഭ്യമായിരുന്നു. 1984 ൽ വിശാലമായ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ഊർജ്ജിതമായി. ഈ കെട്ടിടം നിർമ്മിക്കുവാൻ ആവശ്യമായ 50 സെന്റ് സ്ഥലം നൽകിയത് തറക്കൽ മാധവൻനായർ ആയിരുന്നു.

നിർഭാഗ്യകരമെന്നുപറയട്ടെ 1987 ൽ ഇതിന്റെ പ്രവർത്തനം നിലച്ചു. അസംസ്കൃതവസ്തുവായ 'ക്രേപ്പ്' കിട്ടാത്തതുമൂലമാണ് ഇത് അടച്ചു പൂട്ടേണ്ടി വന്നത്.

പിന്നീട് 1988 - ൽ വീവിംഗ് പ്രവർത്തനത്തോടെ വീണ്ടും ഈ യൂണിറ്റ് സജീവമായി. 8 തറികളും, ഒരു ടീച്ചർ ഉൾപ്പെടെ 9 ജീവനക്കാർ ഇപ്പോൾ ഇവിടെ ജോലി ചെയ്യുന്നു. ഈ സ്ഥാപനത്തിലെ വീവിംഗ് ഗൈഡായ ദേവകി ടീച്ചർ പറയുന്നത് 25 സ്ത്രീതൊഴിലാളികളെ കിട്ടുകയാണെങ്കിൽ നൂൽപ്പ് വീണ്ടും ആരംഭിക്കാമെന്നും, അതുപോലെ അസംസ്കൃത വസ്തുവായ 'ക്രോപ്പ്' മുടങ്ങാതെ എത്തിക്കുവാനുള്ള സൗകര്യവും ലഭ്യമാക്കണം. മാത്രമല്ല ഇവിടെ ഒരു 'ഷോറൂം' തുടങ്ങുവാനുള്ള സാധ്യതയും ഉണ്ട്.

"മറ്റു മേഖലകളെ അപേക്ഷിച്ച് കൂലി വളരെക്കുറവാണ് ഇവിടെ. ആയതിനാൽ ആരും ഈ രംഗത്തേക്ക് കടന്നുവരുവാൻ താല്പര്യം കാണിക്കുന്നുമില്ല. ഉല്പാദനം കണക്കിലെടുത്താണ് കൂലി കൊടുക്കുന്നത്. ഇത്ര വിശാലമായ കെട്ടിടം ആയിട്ടും ഇതുവരെ വൈദ്യുതിയും ലഭ്യമായിട്ടില്ല

### വ്യവസായ രംഗത്തെ പ്രശ്നങ്ങൾ

1. മുഖ്യ കാർഷികോത്പന്നമായ നാളികേരം മറ്റ് തെങ്ങുല്പന്നങ്ങളും വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗപ്പെടുന്നില്ല.
2. തെങ്ങുല്പന്നം കഴിഞ്ഞാൽ മുഖ്യ നാണ്യവിളകളായ അടക്ക, കശുവണ്ടി എന്നിവ സംസ്കരിക്കുന്നതിനുള്ള ഒരു യൂണിറ്റ് ഇല്ലായ്മ ഈ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ പ്രധാന പ്രശ്നമാണ്. മാത്രമല്ല ഉത്പാദനം ഉണ്ടായിട്ടും ഇവ ഉപയോഗിച്ച് കൊണ്ടുള്ള ഒരു യൂണിറ്റ് നിലവില്ലാത്തത് പണം നഷ്ടപെടുന്നതിനും തൊഴിൽ സാധ്യത ഇല്ലാതാക്കാനും കാരണമായിട്ടുണ്ട്.
3. പഞ്ചായത്തിൽ തടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആറ് സ്ഥാപനങ്ങൾ നിലനില്ക്കുന്നുണ്ട്. ഇന്നവ നേരിടുന്ന പ്രധാന പ്രശ്നം മേന്മയുള്ള തടികളുടെ ലഭ്യത (ദൗർലഭ്യം) കുറവാണ്.
4. 1981 - ൽ മണ്ണഴിയിൽ പ്രവർത്തനമാരംഭിച്ച ഖാദി ഗ്രാമ വ്യവസായ യൂണിറ്റിൽ നിലനിന്നിരുന്ന നൂൽപ്പ് 1987-ൽ അസംസ്കൃത വസ്തുവായ ക്രേപ് കിട്ടാത്തത് മൂലം അടച്ച് പൂട്ടേണ്ടി വരികയും 1988 ൽ വീവിംഗ് തുടങ്ങുകയും ചെയ്തു. നൂൽപ്പ് വീണ്ടും സജീവമാകണമെങ്കിൽ അസംസ്കൃത വസ്തുവായ ക്രോപ്പ് ലഭ്യമാക്കണം. ഇതിന് സ്വന്തമായ കെട്ടിടമുണ്ട്.
5. അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം, തുടങ്ങിയ വ്യവസായങ്ങളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നം കുറഞ്ഞ കൂലി നിരക്കാണ്. കൂടുതൽ വിപണന സാദ്ധ്യത (പഞ്ചായത്ത് തലത്തിൽ ) തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു.
6. ഇടത്തരം വ്യവസായ രംഗത്തും, ചെറുകിട വ്യവസായ രംഗത്തും നേരിടുന്ന ഗുരുതരമായ പ്രശ്നം വൈദ്യുതി ലഭ്യമില്ലായ്മയും കുറഞ്ഞ വോൾട്ടേജുമാണ്.
7. പൊന്മള, മണ്ണഴി, ചേങ്ങോട്ടൂർ എന്നീ ഭാഗങ്ങളിൽ പരമ്പരാഗത തൊഴിലെടുക്കുന്ന ആളുകളുടെ പ്രശ്നങ്ങൾ ആധുനിക രീതിയിലുള്ള പരിശീലനക്കുറവ്, അസംസ്കൃത വസ്തുക്കൾ (മുള, കൈതോല) തുടങ്ങിയവയുടെ അപര്യാപ്തത, വിപണന സാദ്ധ്യതക്കുറവ് എന്നിവയാണ്.
8. ഇന്ന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹായം കിട്ടുവാൻ വളരെയേറെ ബുദ്ധിമുട്ടുന്നു.
9. ബീഡി തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ആധുനിക തുറകളിൽ നിന്നുള്ള മത്സരമാണ്. അതുപോലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഇതിന് കാരണമായിട്ടുണ്ട്.
10. പരമ്പരാഗത വ്യവസായം നേരിടുന്ന മറ്റൊരു പ്രശ്നം ഉൽപാദനത്തിലുള്ള വൈവിധ്യവൽക്കരണമില്ലായ്മയാണ്. ആധുനീക ഉൽപ്പാദക വസ്തുക്കളോട് അതിശക്തമായി മത്സരിക്കുന്നതിൽ പിൻതള്ളപ്പെട്ട് പോകുന്നു.
11. വനിതകൾക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുവാൻ കഴിയുന്നില്ല.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിലെ തെങ്ങുൽപ്പന്നങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ഈ മേഖലയിൽ പല വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്. (ഉദാ:- കൊപ്ര, ചകിരി, ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മാമം തുടങ്ങിയവ.
2. പഞ്ചായത്തിൽ ട്രൈസം കോഴ്സ് പൂർത്തിയാക്കിയവരും ഐ.ടി. ഐ. - ഐ. ടി. സി, കെ. ജി. ടി. ഇ, മറ്റ് സാങ്കേതിക സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനം ലഭിച്ച ധാരാളം യുവതീ-യുവാക്കളുണ്ട്. ഇവരെ ഉൾപ്പെടുത്തി കൊണ്ട് സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ്, ജോബ് ടൈപ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തുന്നൽ പരിശീലന കേന്ദ്രം, ഇലക്ട്രോണിക് വൈൻഡിംഗ്, ബുക്ക് ബൈൻഡിംഗ് തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.
3. ഗൾഫിൽ നിന്ന് പിരിഞ്ഞ് വരുന്ന ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് സഹകരണാടിസ്ഥാനത്തിൽ (ഷെയർ പിരിച്ച്കൊണ്ട്) ഡിസ്പോസിബിൾ സിറിഞ്ച് ഫാക്ടറി ആരംഭിക്കുവാൻ ഏറെ സാദ്ധ്യത നിലനിൽക്കുന്നു. ഇതവർക്ക് ഏറെ ആശ്വാസ പ്രദമായിരിക്കും.
4. പരമ്പരാഗത വ്യവസായങ്ങളായ (കുട്ട, പായ, കളിമൺ പാത്രനിർമ്മാണം etc) ഇവയെ പ്രോത്സാഹിപ്പിക്കുവാൻ സഹകരണാടിസ്ഥാനത്തിൽ ഒരു സ്ഥാപനം തുടങ്ങുവാനുള്ള സാദ്ധ്യതയുണ്ട്.
5. വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയുൽപ്പാദനം ആരംഭിക്കുവാൻ വളരെയേറെ സാദ്ധ്യത പഞ്ചായത്തിൽ ഉണ്ട്. പ്രധാനമായും ചേങ്ങോട്ടൂർ, മണ്ണഴി, തലകാപ്പ്, കൂരിയാട്, പൊന്മള എന്നീ ഭാഗങ്ങളിലാണ് ഏറെ സാദ്ധ്യത.

**ഗ്രാമസഭാ നിർദ്ദേശം**

1. ചകിരിമില്ല്
2. കൊപ്ര സംസ്കരണം
3. അടക്ക സംസ്കരണം
4. ക്ഷീര വ്യവസായം
5. റെഡിമെയ്ഡ്
6. ആട് വളർത്തൽ, കോഴി വളർത്തൽ
7. പായ നെയ്ത്ത്, കുട്ടനെയ്ത്ത്
8. ഹോളോബ്രിക്സ്
9. സോപ്പു വ്യവസായം
10. കെട്ടിട നിർമ്മാണം
11. പപ്പടം

**പൊതു നിർദ്ദേശങ്ങൾ**

1. വ്യാവസായ സംരഭം തുടങ്ങുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുവാനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുകയും, പഞ്ചായത്തിനു പുറത്തുള്ള വ്യാവസായ സംരഭകരെ പങ്കെടുപ്പിച്ചുകൊണ്ട് പുതുതായി രംഗത്തേക്ക് കടന്നുവരുവാൻ താല്പര്യമുള്ള ആളുകളെ ബന്ധിപ്പിക്കുകയും, അവർക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുവാൻ കഴിയുന്ന സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുവാനുമുള്ള നടപടി സ്വീകരിക്കുകയും വേണം.
2. വ്യവസായം തുടങ്ങുന്നതിനുള്ള സാങ്കേതിക വിവരങ്ങൾ പഞ്ചായത്തുതലത്തിൽ ലഭിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
3. വ്യവസായ സംരഭം തുടങ്ങുവാൻ താല്പര്യമുള്ള വ്യക്തികളെ കണ്ടെത്തി അവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കുക.
4. കാര്യക്ഷമമായ വൈദ്യുതി സംവിധാനം ഏർപ്പെടുത്തുക
5. പണം മുടക്കുവാൻ താല്പര്യമുള്ള അനേകം ഗൾഫ് മലയാളികൾ പഞ്ചായത്തിൽ ഉണ്ട്. അവരെക്കണ്ടുപിടിച്ച് ആവശ്യമായ സാങ്കേതിക സഹായം നൽകുകയും, മറ്റു വിധത്തിലുള്ള മാനസിക പ്രോത്സാഹനവും നൽകുകയാണെങ്കിൽ നിരവധി ചെറുകിട വ്യാവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ഇത് പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗവും കൂടിയായിത്തീരും.
6. മണ്ണഴിയിൽ മൃഗാശുപത്രിയോട് ചേർന്നുകിടക്കുന്ന പഞ്ചായത്തിന്റെ സ്ഥലത്ത് ചെറുകിട വ്യവസായം (കാലിത്തീറ്റ/പാക്ക് നിർമ്മാണം ) എന്നിവ ആരംഭിക്കുവാൻ ഉള്ള ശ്രമം ആരംഭിക്കുക.

   അല്ലെങ്കിൽ

   പ്ലാസ്റ്റിക്, ചിരട്ടകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു സ്ഥാപനം ആരംഭിക്കുവാനുള്ള നീക്കം നടത്തുക
7. വിദ്യാസമ്പന്നരായ യുവതി-യുവാക്കളെ ഉൾപ്പെടുത്തി കൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഉല്പാദനക്ഷമമായ ഒരു വ്യവസായം ആരംഭിക്കുകയാണെങ്കിൽ തൊഴിലില്ലായ്മക്ക് പരിഹാരം കാണുവാനും, അതുവഴി പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവും കൂടി ആയിരിക്കം.
8. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുമ്പോൾ അന്തരീക്ഷ മലിനീകരണവും, പരിസരമലിനീകരണവും ഉണ്ടാകാത്ത രീതിയിൽ തുടങ്ങുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

## ചെറുകിട വ്യാവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | എണ്ണം | സ്ത്രീ | പുരു: | ആകെ | വാർഡ് |
|---|---|---|---|---|---|---|
| 1. | ഈർച്ചമിൽ | 3 | - | 17 | 17 | I, IV, IX |
| 2. | മെറ്റൽ ഇൻഡസ്ട്രീസ് | 1 | - | 4 | 4 | II |
| 3. | ഓയിൽ മിൽ ഫ്ളോർ & ഓയിൽ | 8 | - | 14 | 14 | III, IV, V, VI, VIII, IX |
| 4. | ഫ്ളോർമിൽ | 3 | - | 5 | 5 | IX, X, XI |
| 5. | തടിവ്യവസായം | 3 | - | 21 | 21 | III, IV, IX |
| 6. | ടയർ റീട്രേഡിംഗ് | 1 | - | 3 | 3 | III |
| 7. | ഇൻഡസ്ട്രിയൽ | 1 | - | 4 | 4 | IV |
| 8. | റെഡിമെയ്ഡ് | 2 | 14 | - | 14 | IV, VI |
| 9. | യന്ത്രവൽകൃത കല്ലുവെട്ട് | 2 | - | 24 | 24 | IV, VI |
| 10. | ഹോളോബ്രിക്സ് | 1 | - | 5 | 5 | VI |
| 11. | ഹൈടെക് പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | 1 | 6 | 13 | 19 | VIII |
| 12. | ഹൈടെക് ഫ്ളക്സോ പാക്ക് | 1 | 3 | 4 | 7 | VIII |
| 13 | ബേക്കറി | 1 | 1 | 2 | 3 | VI |
| 14. | ഐസ് ഫാക്ടറി | 2 | 2 | 7 | 9 | VIII |
| | ആകെ | - | 26 | 123 | 149 | - |

ചാർട്ട് 4

ഖാദി വ്യവസായ യൂണിറ്റ്

| ക്രമ നമ്പർ | ഇനം | പുരു: | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | ഖാദി ഗ്രാമ വ്യവസായ യൂണിറ്റ് | | - 9 | 9 |

ചാർട്ട് 5

പഞ്ചായത്തിലെ മദ്യവ്യവസായ തൊഴിലാളികൾ

| ക്രമനമ്പർ | ഇനം | പുരു: | സ്ത്രീ | ആകെ |
|---|---|---|---|---|
| 1. | മദ്യവ്യവസായം | 12 | - | 12 |

ചാർട്ട് 6

പഞ്ചായത്തിനുപുറമേ പോയി ജോലി ചെയ്യുന്നവർ

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | ആര്യവൈദ്യശാല ഫാക്ടറി | 16 |
| 2. | സ്പിന്നിംഗ് മിൽ | 18 |
| 3. | ചെറുകിട വ്യവസായം | 65 |
| | ആകെ | 99 |

9. വ്യാവസായിക യൂണിറ്റുകളിൽ ഉണ്ടാക്കുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുവാൻ സെല്ലുരൂപീകരിക്കുകയോ, മറ്റേതെങ്കിലും സംവിധാനം നിലവിൽ വരുത്തുക.

10. അപകടകരമായ വ്യവസായ യൂണിറ്റുകൾ നിലവിൽ വരുമ്പോൾ അവിടെ തൊഴിൽ ചെയ്യുന്ന ജോലിക്കാരുടെ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ജോലിക്കാർക്ക് ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

11. വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറിയുല്പാദനം ആരംഭിക്കുമ്പോൾ അവയ്ക്കുള്ള വിപണന സാദ്ധ്യതയും പഞ്ചായത്ത് തലത്തിൽ കണ്ടെത്തേണ്ടിയിരിക്കുന്നു.

12. പതിനൊന്നാം വാർഡിൽപ്പെട്ട കുന്നംകുറ്റി പ്രദേശത്ത് ഇന്ന് ഇന്ത്യയിൽ തന്നെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മയിലിനെ (ദേശീയപക്ഷി) കാണുവാൻ സാധിക്കും. ഈ പ്രദേശങ്ങൾ സ്വാകാര്യ ഉടമസ്ഥതയിൽ ആണ് ഉള്ളത്. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന പക്ഷിയെ സംരക്ഷിക്കുവാനുള്ള നടപടിയും, ഈ പ്രദേശം ടൂറിസം സാദ്ധ്യതയുള്ള മേഖലയാക്കിയെടുക്കാവുന്നതുമാണ്.

**സ്ത്രീകളുടെ പങ്കാളിത്തം**

മറ്റു മേഖലകളെ അപേക്ഷിച്ച് നോക്കുമ്പോൾ വ്യവസായ രംഗത്ത് സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വളരെ കുറവാണ്. പ്രധാന കാരണം വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ കുറവായത്കൊണ്ടാണ് നിലവിലുള്ള യൂണിറ്റുകളിൽ തന്നെ സ്ത്രീകളുടെ പങ്കാളിത്തം വളരെകുറവാണ്. പുരുഷ തൊഴിലാളികളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾക്ക് കൂലിയും കുറവാണ്.

സ്ത്രീകൾ പൊതുവെ കാർഷികവൃത്തിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. പരമ്പരാഗത മേഖലയിൽ കൈത്തൊഴിലുകൾ അറിയാവുന്ന സ്ത്രീകൾ ഉണ്ടെങ്കിലും അവരുടെ സേവനം യഥാവിധം വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. വ്യാവസായ മേഖലയിൽ എടുത്ത് പറയാവുന്ന പൊന്മുള ഗ്രാമപഞ്ചായത്തിൽ ഹൈടെക് പ്ലാസ്റ്റിക് ഇൻഡസ്ട്രീസിലും, ഹൈടെക് ഫ്ളാക്സോപാക്കിലും ഘാദി ഗ്രാമ വ്യവസായ യൂണിറ്റ് നിർമ്മാണത്തിലും ആണ് സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്നത്. ചെറുകിട കുടിൽ വ്യാവസായത്തിന് ഏറെ സാധ്യത നിലവിൽ ഉണ്ട്. ഇതിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കാം.

**വൈദ്യുതി**

വ്യാവസായിക ഉൽപ്പാദനം തുടങ്ങുവാനുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. ഇതിന് ഏറ്റവും പ്രധാനമായി വേണ്ടത് ശക്തിയേറിയ വൈദ്യുതി സംവിധാനമാണ്. ത്രീ ഫേസ് ലൈനുകൾ ദീർഘിപ്പിക്കുകയും കുറഞ്ഞ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയുമാണ് വേണ്ടത്. അതുപോലെ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിച്ചേരുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

**ടൂറിസം വികസനം**

പൊന്മള ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിൽപ്പെട്ട കുന്നംകുറ്റി മലകൾ വളരെ പ്രകൃതി രമണീയമാണ്. ഈ കുന്നിൻ മുകളിൽ നിന്ന് വീക്ഷിക്കുകയാണെങ്കിൽ പഞ്ചായത്തിലെ കോട്ടപ്പുറം, ചേങ്ങോട്ടൂർ, ചാപ്പനങ്ങാടി, വട്ടപ്പറമ്പ്, പൊന്മള എന്നീ പ്രദേശങ്ങൾ ഹരിതാഭ ചാർത്തി നിൽക്കുന്ന തായി കാണാം. മാത്രമല്ല ഈ കുന്നിൻ മുകളിലുള്ള പുൽമേടുകളിൽ ഇന്ന് വംശ നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ദേശീയപക്ഷിയായ മയിലിനെ യഥേഷ്ടം കാണുവാൻ കഴിയുന്നതാണ്. ഈ സ്ഥലം സ്വകാര്യവ്യക്തികളുടെ കീഴിലാണ്.

കോട്ടക്കൽ പൊരിന്തൽമണ്ണ റൂട്ടിൽ വട്ടപ്പറമ്പിൽ നിന്ന് കോട്ടപ്പുറം വഴി പുണ്യതീർത്ഥാടനകേന്ദ്രമായ കാടാംമ്പുഴ ദേവീക്ഷേത്രത്തിൽ എത്തിച്ചേരുവാനുള്ള വഴി കടന്നു പോകുന്നത് ഈ കുന്നിൻ മുകളിലൂടെയാണ്. കുന്നുംകുറ്റി ഭാഗത്തു നിന്നും ദേവീക്ഷേത്രത്തിൽ എത്തിച്ചേരുവാൻ കേവലം 3 കി. മീറ്റർ മാത്രമാണ് ഉള്ളത്. നിരവധി ഭക്തജനങ്ങൾ എത്തിച്ചേരുന്ന ഈ ക്ഷേത്രത്തിനോടു ചേർന്നുകിടക്കുന്ന ഈ പ്രദേശം ടൂറിസം മേഖലയാക്കി വികസിപ്പിക്കാവുന്നതാണ്. ഈ പദ്ധതി ഏറ്റെടുത്തു നടപ്പിൽ വരികയാണെങ്കിൽ പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗവുംകൂടിയായിത്തീരും. എന്നതിൽ തർക്കമില്ല. ഇതിനൊരു പരിമിതിയായിക്കാണുന്നത് ഈ കുന്നിൻ പ്രദേശം സ്വാകര്യവ്യക്തികളുടെ സ്ഥലമാണ് എന്നതാണ്.

മുൻസൂചിപ്പിച്ച കാര്യങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കുവാൻ സാധിക്കുകയാണെങ്കിൽ അടുത്ത 5 വർഷത്തിനുള്ളിൽ ചെറുകിട വ്യാവസായ രംഗത്തും പരമ്പരാഗത - കുടിൽ വ്യവസായങ്ങളുടെ ഉയർച്ചക്കും കാരണമാകും എന്നതിൽ സംശയമില്ല. വ്യാവസായിരംഗം സജീവമാക്കുകയാണെങ്കിൽ തൊഴിലില്ലായ്മക്കൊരു പരിധിവരെ പഞ്ചായത്ത് തലത്തിൽ പരിഹാരം കാണുവാനും നമ്മുടെ സാമ്പത്തീക സ്ഥിതി വർദ്ധിപ്പിക്കുവാനും അതു വഴി ആളോഹരി വരുമാനം വർദ്ധിപ്പിക്കുവാനും നമുക്ക് കഴിയും. മാത്രമല്ല സാമൂഹ്യ-സാംസ്ക്കാരിക പുരോഗതിയോടൊപ്പം വ്യാവസായിക പുരോഗതിയും നമുക്ക് ലക്ഷ്യമിടുവാൻ സാധിക്കുന്നതാണ്.

ചാർട്ട് 7

സാധ്യത-വ്യവസായം

| ക്രമ നമ്പർ | ഇനം |
|---|---|
| 1. | കൊപ്രസംസ്ക്കരണം |
| 2. | ചകിരി ഉപയോഗിച്ച് ചൂടി |
| 3. | ചിരട്ടകൊണ്ട് കരകൗശല വസ്തുക്കൾ |
| 4. | അടക്ക സംസ്ക്കരണം പാക്ക് |
| 5. | കശുവണ്ടി സംസ്ക്കരണം |
| 6. | ഹവായ് ചെരുപ്പ് നിർമ്മാണം |
| 7. | അച്ചാർപ്പൊടി നിർമ്മാണം. |
| 8. | ഡിറ്റർജന്റ് & ക്ലീനിംഗ് പൗഡർ |
| 9. | ഫർണീച്ചർ വ്യവസായം |
| 10. | അലൂമിനിയം ഉല്പന്നങ്ങൾ |
| 11. | ഡിസ്പോസിബിൾ സിറിഞ്ച് |
| 12. | നോട്ട് ബുക്ക് നിർമ്മാണം |
| 13. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം. |
| 14. | പായ, പനമ്പ്, കുട്ട നിർമ്മാണം - സഹകരണാടിസ്ഥാനത്തിൽ |
| 15. | പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മാണം ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് |
| 16. | ഹോളോബ്രിക്സ് |
| 17. | കോഴി വളർത്തൽ |
| 18. | കാലിത്തീറ്റ നിർമ്മാണം - സഹകരണാടിസ്ഥാനത്തിൽ |
| 19. | കിടക്ക, തലയണ നിർമ്മാണം |
| 20. | തീപ്പെട്ടി നിർമ്മാണം |
| 21. | ഇലക്ട്രോണിക് അസംബ്ലിംഗ് |
| 22. | ചിപ്സ് നിർമ്മാണം |
| 23. | അവിൽ ഉല്പാദനം |

# വിദ്യഭ്യാസം

ഇന്ന് കേരളമാകെ ചർച്ചചെയ്യപ്പെടുന്ന ഒരു മേഖലയാണ് വിദ്യഭ്യാസ രംഗം. പൊന്മള ഗ്രാമപഞ്ചായത്തിലെ വിദ്യഭ്യാസ നിലവാരത്തെ വിലയിരുത്തുമ്പോൾ പഠന നിലവാരത്തിൽ പിന്നോക്കാവസ്ഥയാണ് കാണാൻ കഴിയുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത്തന്നെ നമ്മുടെ പഞ്ചായത്തിൽ ഭൗതിക വിദ്യഭ്യാസം നൽകുന്ന സ്ഥാപനങ്ങൾ നിലവിൽ വന്നിരുന്നു. ഈ കാലഘട്ടത്തിൽ സ്കൂൾ വിദ്യാഭ്യാസം നേടുന്നത് മതപരമായി നിഷദ്ധമാണെന്ന് കാഴ്ചപ്പാട് ഇവിടുത്തുകാർക്കുണ്ടായിരുന്നു. അതുകൊണ്ട് തന്നെ മലയാളം പഠിക്കാൻ ആരും തയ്യാറാകാത്ത ഒരവസ്ഥയായിരുന്നു ഇവിടെ സംജാതമായിരുന്നത്.

ഈയൊരവസ്ഥയിലാണ് മലബാർ ഡിസ്ട്രിക് ബോർഡ്, ഓത്ത് പള്ളിയോടനുബന്ധിച്ച് ഭൗതിക വിദ്യഭ്യാസവും നൽകാൻ വേണ്ടി തീരുമാനിച്ചത്. നമ്മുടെ പഞ്ചായത്തിലെ ആദ്യ വിദ്യഭ്യാസ സ്ഥാപനമാണ് 1912 ൽ സ്ഥാപിച്ച ഇപ്പോഴത്തെ ഗവർമ്മണ്ട് മാപ്പിള ലോവർ പ്രൈമറി സ്കൂൾ ചാപ്പനങ്ങാടി. തുടക്കം മതുലേ മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിലായിരുന്നു ഈ സ്ഥാപനം. ഈ സ്കൂളിന്റെ സ്ഥലവും കെട്ടിടവും അബു മുക്കിൽ. അഹമ്മദ് കുട്ടിയുടെ ഉടമസ്ഥതയിലായിരുന്നു. തുടർന്ന് ചേങ്ങോട്ടൂർ പ്രദേശത്തെ ആക്കപ്പമ്പ എ. എം. എൽ. പി. സ്കൂളാ(1923)ണ് ഈ പഞ്ചായത്തിൽ സ്ഥാപിതമായ രണ്ടാമത്തെ സ്കൂൾ. തുടർന്ന് പൊന്മള, ചേങ്ങോട്ടൂർ മണ്ണഴി ഭാഗങ്ങളിൽ സ്കൂളുകൾ സ്ഥാപിതമായി.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് ആകെ പതിനഞ്ച് സ്കൂളാണ് ഉള്ളത്. 10 എൽ. പി. യും 4 യു. പി. (3 എണ്ണം എൽ.പി. കൂടെയുള്ളത്) യും ഒരു ഹൈസ്ക്കൂളുമാണ് നമുക്കുള്ളത്. മൊത്തം സ്കൂളുകളിലായി 236 അദ്ധ്യാപകർ ജോലി ചെയ്യുന്നു. 7081 കുട്ടികൾ പഞ്ചായത്തിലെ മൊത്തം സ്കൂളുകളിലായി പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളെയും അധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**പട്ടിക 1 എ ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്**

| ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ) | 5 ഗവ വിദ്യാലയത്തിലെ അധ്യാപകരുടെ എണ്ണം | ശതമാനം | വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂൾ വിദാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 234 | 54 | 23.08 | 7081 | 1808 | 25.53 |

അവലംബം: സ്കൂൾ രേഖകൾ

## പട്ടിക 1
### വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | അധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | AMLPS പൊന്മള | Aided | 2 | 8 | 10 | 138 | 144 | 282 |
| 2. | AMLPS പൂവാട് | " | 4 | 6 | 10 | 138 | 121 | 259 |
| 3. | AMLPS വട്ടപ്പറമ്പ് | " | 1 | 4 | 5 | 88 | 79 | 167 |
| 4. | AMLPS തലാപ്പിൽ | " | 2 | 3 | 5 | 55 | 51 | 106 |
| 5. | AMLPS ആക്കപ്പറമ്പ് | " | 4 | 1 | 5 | 58 | 69 | 127 |
| 6. | AMLPS ചേങ്ങോട്ടൂർ | " | 5 | 5 | 10 | 169 | 159 | 335 |
| 7. | GMLPS പൊന്മള | Govt. | 2 | 2 | 4 | 88 | 81 | 169 |
| 8. | GLPS പറങ്കിമൂച്ചിക്കൽ | " | 5 | 9 | 14 | 257 | 223 | 480 |
| 9. | GMLPS ചുന്നൂർ | " | 3 | 1 | 4 | 89 | 81 | 170 |
| 10. | GMLPS ചാപ്പനങ്ങാടി | " | 6 | 4 | 10 | 160 | 115 | 275 |
| 11. | B.M.M. UPSചാപ്പനങ്ങാടി | Aided | 9 | 15 | 24 | 393 | 349 | 742 |
| 12. | GMUPS പൊന്മള LPS | Govt. | 2 | 4 | 6 | 102 | 102 | 204 |
| | UP | | 9 | 9 | 18 | 254 | 256 | 510 |
| 13. | AMUPS കുരിയാട് LP | Aided | 7 | 5 | 12 | 198 | 214 | 412 |
| | UP | " | 10 | 11 | 21 | 314 | 320 | 638 |
| 14. | AUPS മണ്ണഴി LP | " | 3 | 6 | 9 | 208 | 230 | 438 |
| | UP | " | 10 | 9 | 19 | 280 | 281 | 561 |
| 15. | PMSAHS ചാപ്പനങ്ങാടി | Aided | 21 | 29 | 50 | 586 | 684 | 1220 |
| | Total | | 105 | 129 | 236 | 3575 | 3506 | 7081 |

അവലംബം : സ്കൂൾ രേഖകകൾ

## പട്ടിക 1 ബി.
### പഞ്ചായത്തിലെ പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ കുട്ടികൾ | Sc/St. | % | ആകെ കുട്ടികൾ | Sc/St | % | ആകെ കുട്ടികൾ | Sc/St | % |
| 3414 | 116 | 3.4 | 2447 | 80 | 3.2 | 1220 | 42 | 3.4 |

അവലംബം: സ്കൂൾ രേഖകൾ

## പട്ടിക 1 സി LP UP HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| | L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 7081 | 1748 | 1666 | 48.21 | 1241 | 1206 | 34.56 | 586 | 634 | 17.23 |

അവലംബം : സ്കൂൾ രേഖകൾ

**ഭൗതിക സൗകര്യങ്ങൾ**

ദ്വിതിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളിലും പ്രാഥമിക സൗകര്യത്തിന്റെ അപര്യാപ്തതയുള്ളതായി കണ്ടെത്തി. കക്കൂസ്, മൂത്രപ്പുര, കുടിവെള്ളം, മുതലായവ ഇല്ലാത്ത സ്കൂളുകളാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഉള്ളത്. സൗകര്യപ്രദമായ കെട്ടിടം, സ്കൂളിനാവശ്യമായ ഫർണിച്ചർ എന്നിവ എല്ലാ സ്കൂളുകളിലും വേണ്ടത്ര ഇല്ല. നമ്മുടെ പഞ്ചായത്തിലെ ഗവർമ്മേണ്ട് സ്കൂളുകളിലാണ് അത്യാവശ്യ കെട്ടിട സൗകര്യങ്ങളും ഫർണിച്ചർ സൗകര്യമുള്ളത്. എന്നാൽ പൂർണ്ണമായും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന L,P സ്കൂൾ ഇവിടെയുണ്ട്.

അതിൽ ഗവണ്മെണ്ട് എൽ. പി. സ്കൂൾ ചാപ്പനങ്ങാടി സ്വന്തമായ കെട്ടിടം പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. പൊന്മള ജി. എം. എൽ. പി. സ്കൂളിന് കെട്ടിടം പണിയുന്നതിന്. പി. ടി. എ. സ്വന്തം സ്ഥലം വാങ്ങി. കെട്ടിടം അനുവദിക്കുന്നതിന് ജില്ലാ പ്രൈമറി വിദ്യാഭ്യാസപദ്ധതിയുമായി ബന്ധപ്പെട്ട്, അടയന്തിരമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പഞ്ചായത്തിൽ അഞ്ച് ഗവണ്മെന്റ് സ്കൂളുകളാണുള്ളത്. നാല് എൽ. പി.യും ഒര് യു. പി. യും. മാനേജ്മെന്റ് സ്കൂളുകളിലെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കാൻ മാനേജർമാർ വേണ്ടത്ര താല്പര്യം കാണിക്കേണ്ടതാണെന്ന് ഗ്രാമ സഭകളിൽ നിന്നും അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. മാനേജ്മെന്റ് സ്കൂളുകളിൽ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളുടെ സഹകരണമില്ലായ്മ കണക്കിലെടുത്ത് മാനേജർമാർ തന്നെ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ രണ്ട് വിദ്യാലയങ്ങളുടെ സമീപത്തേക്ക് വാഹനസൗകര്യം കുറവാണ്. അതുപോലെ വഴി സൗകര്യങ്ങളില്ലാത്ത സ്കൂളുകളും ഉണ്ട്. കളിസ്ഥലമില്ലാത്ത സ്കൂളുകളാണ് ഭൂരിപക്ഷവും. അതുകൊണ്ട് കായികപരിശീലനം നൽകാൻ കഴിയുന്നില്ല. ഉച്ചക്കഞ്ഞിവിതരണം ഭൂരിപക്ഷം സ്കൂളുകളിലും നടക്കുന്നുണ്ടെങ്കിലും പാചകമുറി മിക്ക സ്കൂളുകളിലും ഇല്ലാത്തത് ശ്രദ്ധിക്കേണ്ടതാണ്. അധ്യാപർക്ക് കൂടിയിരുന്ന് ചർച്ചചെയ്യാൻ സ്റ്റാഫ് റൂം ഇല്ലാത്തവിദ്യാലയങ്ങളാണ് മിക്കതും. സ്കൂളുകളിൽ ചുറ്റുമതിലില്ലാത്തതിനാൽ രാത്രിയിൽ സാമൂഹ്യദ്രോഹികളുടെ ഇടപെടൽ

ഉണ്ടാവാറുണ്ട്. സ്കൂൾപഠന സമയം കഴിഞ്ഞാൽ കന്നുകാലികളുടെ ആവാസസ്ഥലമാണ് മിക്ക വിദ്യാലയങ്ങളും.

**പഠനനിലവാരം**

പൊതുവെ എല്ലാ ഗ്രമ സഭകളിൽ നിന്നും ഉയർന്നു വന്ന അഭിപ്രായം സ്കൂളുകളിൽ പഠനനിലവാരം വേണ്ടത്ര ഉയർന്നു കാണുന്നില്ല എന്നതാണ്. മിക്ക സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് കിട്ടുന്ന ശരാശരി മാർക്ക് 40 % ൽ താഴെയാണ്. നമ്മുടെ പഞ്ചായത്തിൽ അദ്ധ്യാപകസമരം മൂലമോ വിദ്യാർത്ഥിസമരം മൂലമോ ഒരദ്ധ്യായനദിവസവും നഷ്ടപ്പെട്ടിട്ടില്ല.

പൊന്മള പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പി. എം. എസ്.എ ഹൈസ്കൂൾ 95-96 വർഷത്തെ വിജയശതമാനം 17 ആണ്. (കേട്ടറിവ്) ആവശ്യം വേണ്ടുന്ന അദ്ധ്യാപകരും പഠനോപകരണങ്ങളും ലബോറട്ടറി സൗകര്യവും ലൈബ്രറി സൗകര്യവും ഉണ്ടായിരുന്നിട്ടുപോലും എസ്. എസ്. എൽ. സി. വിജയശതമാനം താഴുവാനുള്ള കാരണം നമ്മൾ പരിശോധിക്കേണ്ടതാണ്.

**പട്ടിക 2 എ**
**അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത**

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 13 | 2 |
| പ്രവർത്തനം | 2 | 13 |
| ലാബ്/സയൻസ് കോർണർ | 7 | 8 |
| പ്രവർത്തനം | ഇല്ല | 8 |
| പഠനോപകരണങ്ങൾ | 13 | 2 |
| റേഡിയോ | 8 | 7 |
| ടേപ്പ് റിക്കാർഡർ | 8 | 7 |
| ടെലിവിഷൻ | - | 15 |
| സിനിമാ പ്രൊജക്ടർ | - | 15 |
| ബ്ലാക് ബോർഡ് | 15 | - |
| മാതൃസംഗമം | 14 | 1 |
| ക്ലാസ് റൂം പി.ടി.എ. | 7 | 8 |

**പട്ടിക 3**
**എസ്.എസ്.എൽ.സി. വിജയശതമാനം**

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| | | | | | |

( ആവശ്യപ്പെട്ടിട്ടും വിവരം തന്നിട്ടില്ല)

വൈകിയുള്ള അദ്ധ്യാപക നിയമനം, കൃത്യസമയത്ത് പാഠപുസ്തകങ്ങൾ ലഭ്യമാകാത്ത അവസ്ഥ, രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്, പി. ടി. എ. യുടെ ഇടപെടൽ ഇല്ലായ്മ സിലബസിന്റെ കാഠിന്യം അധ്യാപകരുടെ അധ്യാപനത്തിലുള്ള ആത്മാർത്ഥകുറവ്, കുട്ടികൾ വൈകിയെത്തുന്ന പ്രവണത, പഠനോപകരണങ്ങളുടെ അപര്യാപ്തത ഇതൊക്കെയാണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം കുറയുവാനുള്ള കാരണം. നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിന്റെ പോരായ്മയും ഇതിനൊരു പ്രധാന കാരണമാണ്.

**പട്ടിക 4**
**കാൽപാദ പരീക്ഷ - 1996-97**

| ക്ലാസുകൾ | 30% ത്തിൽ കുറവ് | 30-40 | 40-50 | 50-60 | 60% ന് മുകളിൽ |
|---|---|---|---|---|---|
| III | 198 | 268 | 162 | 99 | 112 |
| IV | 206 | 232 | 118 | 120 | 58 |
| V | 139 | 412 | 148 | 90 | 79 |
| VI | 241 | 317 | 101 | 72 | 48 |
| VII | 258 | 290 | 125 | 78 | 56 |
| VIII | 80 | 350 | 26 | 10 | 4 |
| IX | 95 | 283 | 10 | 3 | 7 |
| X | 48 | 250 | 40 | 1 | 4 |
| ആകെ | 1265 | 2402 | 730 | 473 | 368 |

പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ സ്കൂകളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല. പങ്കെടുക്കുന്നവർ തന്നെ ജില്ലാ തലം, സംസ്ഥാനതലം എന്നിവിടങ്ങളിൽ എത്തിപ്പെടുന്നില്ല. നിലവിലുള്ള എല്ലാസ്കൂളുകളിലും , പി. ടി. എ, എം. ടി. എ നിലനിൽക്കുന്നുണ്ട്. എന്നാൽ ഭൂരിഭാഗം പി. ടി. എ കളും വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

ദൃശ്യ മാധ്യമമായ ടി. വി. യുടെയും പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെയും സ്വാധീനം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. ഇതിനിടയിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ 150 ഓളം യൂറിക്കയും 10 ശാസ്ത്രകേരളവും പ്രചാരത്തിലുള്ളത് ആശാവഹമാണ്. പഞ്ചായത്തിലെ 150 ഓളം കുട്ടികൾ ഇംഗ്ലീഷ്മീഡിയം സ്കൂളിലാണ് പഠിക്കുന്നത്. മദ്ധ്യവർഗ്ഗജനവിഭാഗങ്ങൾക്കിടയിൽ ഇംഗ്ലീഷ് മീഡിയത്തോടുള്ള മമത വർദ്ധിച്ചുവരുന്നു. പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെങ്കിലും വിദ്യാർത്ഥികൾക്ക് സ്കൂളുകളിലെത്തുന്നതിന് 3 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടി വരുന്നു. ഈ പ്രവണത കുട്ടികൾ സ്കൂളിൽ വൈകിയെത്തുന്നതിന് കാരണമാവുന്നു. പഞ്ചായത്തിലെ യു. പി, ഹൈ സ്കൂൾ വിഭാഗത്തിൽ കുട്ടികൾ ഇടയ്ക്കുവെച്ച് പഠനം നിർത്തുന്ന പ്രവണത കാണുന്നു ഇതിൽ തന്നെ കൂടുതൽ പെൺകുട്ടികളാണ്. രക്ഷിതാക്കളുടെ വിദ്യാഭ്യാസത്തോടുള്ള നിഷേധാത്മക

പട്ടിക 1

പാഠ്യേതര വിവരങ്ങൾ

| നമ്പർ | സ്കൂൾ | | സബ്ജില്ലാതലം | |
|---|---|---|---|---|
| | | കലാമേള | കായികമേള | ശാസ്ത്രമേള |
| 1. | AMLPS പൊന്മള | ഇല്ല | ഉണ്ട് | ഇല്ല |
| 2. | AMLPS പൂവാട് | ഇല്ല | ഇല്ല | ഇല്ല |
| 3. | ALPS വട്ടപ്പറമ്പ് | ഉണ്ട് | ഉണ്ട് | ഇല്ല |
| 4. | AMLPSതലാപ്പിൽ | ഉണ്ട് | ഇല്ല | ഇല്ല |
| 5. | AMLPS ആക്കപ്പറമ്പ് | ഇല്ല | ഉണ്ട് | ഇല്ല |
| 6. | AMLPS ചേങ്ങോട്ടൂർ | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | GLPSപൊന്മള | ഇല്ല | ഇല്ല | ഇല്ല |
| 8. | GLPS പറങ്കിമൂച്ചിക്കൽ | ഇല്ല | ഇല്ല | ഉണ്ട് |
| 9. | GMLP ചുനൂർ | ഉണ്ട് | ഇല്ല | ഇല്ല |
| 10. | GMLP ചാപ്പനങ്ങാടി | ഇല്ല | ഇല്ല | ഉണ്ട് |
| 11. | B.M.M. Up ചാപ്പനങ്ങാടി | ഇല്ല | ഇല്ല | ഉണ്ട് |
| 12. | GMUP പൊന്മള LP | ഉണ്ട് | ഉണ്ട് | ഇല്ല |
| 13. | AMUP കുരിയാട് LP | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | AUP മണ്ണഴി LP | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | PMSAHS ചാപ്പനങ്ങാടി | ഉണ്ട് | ഇല്ല | ഇല്ല |

അവലംബം : പ്രാഥമിക വിവരശേഖരം

മനോഭാവമാണിതിന് കാരണമായികാണുന്നത്. I,II,III,IV,V വാർഡുകളിലെ കുട്ടികൾ ഹൈസ്കൂൾ പഠനത്തിനു അടുത്ത പഞ്ചായത്തായ ഒതുക്കുങ്ങൽ പഞ്ചായത്തിലെ ഹൈസ്കൂളിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ പ്രതിവിധിയായി ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തണമെന്ന് ഗ്രാമ സഭ നിർദ്ദേശിച്ചിരിക്കുന്നു. ഇവിടുത്തുകാർക്ക് സാങ്കേതിക പഠനം ലഭ്യമാകണമെങ്കിൽ 15 ൽ അധികം കിലോമീറ്റർ സഞ്ചരിക്കേണ്ട അവസ്ഥ യാണ്. പ്രീഡിഗ്രി. + 2, തുടങ്ങിയ ഉപരിപഠനത്തിന് വിദ്യാർത്ഥികൾക്ക് ശരാശരി 20 കി. മീ സഞ്ചരിക്കേണ്ടതുണ്ട്. ഇതുകൊണ്ടുതന്നെ ഉപരിപഠനത്തിന് രക്ഷിതാക്കൾക്ക് താല്പര്യം കുറവാണ്. ഹൈസ്കൂൾ വിദ്യാഭാസത്തിനിടയിൽ പെൺകുട്ടികളുടെ വിവാഹം നടക്കുന്നതുകൊണ്ട് കുട്ടികൾക്ക് പഠനം പൂർത്തിയാക്കാൻ പറ്റാത്ത അവസ്ഥയാണ് രക്ഷിതാക്കളെ ബോധവാന്മാരാക്കിയാൽ മാത്രമെ ഈ പ്രവണത അവസാനിപ്പിക്കാനാവുകയുള്ളൂ. താഴ്ന്ന പ്രായത്തിലുള്ള വിവാഹ സമ്പ്രദായം നിരുത്സാഹപ്പെടുത്തുന്ന വിധമുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. സാങ്കേതിക വിദ്യാഭ്യാസ സൗകര്യമുള്ള കോളേജ് പഠനവും പഞ്ചായത്തിൽ തന്നെ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ഗ്രാമ സഭകൾ ആവശ്യപ്പെടുന്നു.

പഞ്ചായത്തിൽ ഇരുപതോളം മദ്രസ്സകൾ ഉണ്ട്. ഒരു മദ്രസ്സ അദ്ധ്യാപക പരിശീലന കേന്ദ്രവും ഉണ്ട്. മദ്രസ്സകളിൽ മതപഠനം മാത്രമാണ് നടക്കുന്നത്. ഒരു കുട്ടിക്കുതന്നെ രണ്ടു നേരം മദ്രസ്സാപഠനം ഉള്ളതുകൊണ്ട് സ്കൂൾ പഠനത്തെ ബാധിക്കുന്നതായി ഗ്രാമസഭകൾക്ക് അഭിപ്രായമുണ്ട്. കുട്ടികൾ കൃത്യ സമയത്തുതന്നെ സ്കൂളിൽ എത്താൻ ആവശ്യമായ രീതിയിൽ മദ്രസ്സ പഠന സമയക്രമീകരണം നടത്തിയാൽ വൈകി വരുന്ന പ്രവണത അവസാനിപ്പിക്കാമെന്ന് ഗ്രാമസഭകൾ അഭിപ്രായപ്പെടുന്നു.

നിലവിലുള്ള വിദ്യാഭ്യാസ രീതി തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിപ്പിക്കാനാണ് സഹായിക്കുന്നത്. അതിനാൽ വിദ്യാഭ്യാസരീതിയിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിരിക്കുന്നു. തൊഴിലധിഷ്ടിത വിദ്യാഭ്യാസം പ്രൈമറി തലം തൊട്ടുതന്നെ തുടങ്ങേണ്ടതാണ്. നിലവിലുള്ള പരീക്ഷാസമ്പ്രദായം പഠന നിലവാരത്തെ ബാധിക്കുന്ന പ്രശ്നങ്ങളിലൊന്നാണ് പാഠപുസ്തകത്തിലധിഷ്ടിതമായ ചോദ്യ

സമ്പ്രദായമാണ് നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ കുട്ടികൾക്ക് വേണ്ടത്ര സാമൂഹ്യബോധവും ചുറ്റുപാടുകളെ സംബന്ധിച്ച അറിവും പരിമിതമാണ്. വിജ്ഞാനോത്സവ പരീക്ഷാ മാതൃക മൂല്യ നിർണ്ണയ രംഗത്ത് തുടരാവുന്നതാണ്. ആൾ പ്രമോഷൻ സമ്പ്രദായവും നിലവിലുള്ള പഠന നിലാവരത്തെ ബാധിക്കുന്നു.

ഇരുപത്തി അഞ്ച് അംഗനവാടികൾ, പഞ്ചായത്തിലുണ്ട്. ഭൂരിഭാഗം അംഗനവാടികൾക്കും സ്വന്തമായി കെട്ടിടവും സൗകര്യവും ഇല്ല. ആവശ്യത്തിന് കളിപ്പാട്ടങ്ങൾ ഉപയോഗിച്ച് കളിയിലൂടെ പഠിക്കുക എന്ന കുട്ടികളുടെ മനശ്ശാസ്ത്രം അംഗനവാടി കുട്ടികൾക്ക് ഒരു സ്വപ്നം പോലെയാണ്.

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ ആവിഷ്ക്കരിച്ച പദ്ധതികളിലേക്ക് ഒരു എത്തിനോട്ടം

**പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ്.**

ഹൈസ്കൂൾ കേന്ദ്രീകരിച്ച് പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് രൂപീകരിച്ചു. പഠന രംഗത്തു അദ്ധ്യാപകരുടെ ബുദ്ധിമുട്ടുകളും പാഠ്യപദ്ധതികളെ കുറിച്ച് തുറന്ന ചർച്ചയും ലക്ഷ്യമിട്ടുള്ളതായിരുന്നു. കോംപ്ലക്സ് തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കാത്തതിനാൽ ഇതിന്റെ പ്രവർത്തനം നിർജ്ജീവമായി. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (DPEP) പഞ്ചായത്തിൽ തുടക്കത്തിൽ ആവേശകരമായിരുന്നു. ജനകീയ സ്വഭാവം നേരത്തെ ഉണ്ടായിരുന്നെങ്കിലും ഇന്ന് പദ്ധതി ഔദ്യോഗിക തലത്തിൽ ഒതുങ്ങുന്നതായി കാണപ്പെടുന്നു. തുടക്കത്തിൽ സ്കൂൾ തലത്തിൽ അഞ്ച് റിസോർസ് ഗ്രൂപ്പും വിവിധ സ്കൂളുകൾ ചേർന്ന് വിദ്യാഭ്യാസ സമിതിയും (VEC) രൂപീകരിച്ചു. ഈ സമിതിയുടെ നിയന്ത്രണം ബ്ലോക്ക് റിസോർസ് സെന്ററിന്റെ (BRC) കീഴിലാണ്. ആയതിനാൽ സ്വതന്ത്രമായ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിടുന്നുവെന്ന് അഭിപ്രായമുണ്ട്. – മാനേജ്മെന്റ് സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകിയത് ഈ മേഘലയിൽ ഒരു ഉണർവു ഉണ്ടാക്കിയതായി കാണുന്നു. സാമ്പത്തികസഹായം എങ്ങിനെ വിനിയോഗിച്ചുവന്നതിനെ കുറിച്ച് സമഗ്രമായ പഠനം ആവശ്യമാണെന്ന അഭിപ്രായം പലർക്കും ഉണ്ടെന്നതാണ് സത്യം. ഈ പഞ്ചായത്തിൽ രണ്ട് എൽ. പി. സ്കൂളുകളിൽ മാത്രമാണ് (1994-95 വർഷം) ഡി. പി. ഇ. പി. പ്രകാരമുള്ള പഠനപ്രവർത്തനങ്ങൾ നടക്കുന്നത്.

1. എ എം. എൽ. പി. പൊന്മള
2. ജി. എം. എൽ. പി. പറങ്കിമൂച്ചിക്കൽ

ഈ സ്കൂളുകളിലെ പഠന നിലവാരത്തെ കുറിച്ച് വിശദമായ ഒരു വിലയിരുത്തൽ ജനകീയ തലത്തിൽ നടത്തേണ്ടതാണ്. ഈ പദ്ധതിയിലൂടെ പഞ്ചായത്തിലെ ആകെയുള്ള അഞ്ച് ഗവർമ്മേണ്ടു സ്കൂളുകളിൽ നാലു സ്കൂളുകൾക്ക് ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ സഹായകരമായിട്ടുണ്ടെന്ന് പ്രത്യേകം എടുത്തു പറയേണ്ടനേട്ടമാണ്.

**ജനകീയ വിദ്യാഭ്യാസസമിതി**

പൊന്മള ഗ്രാമ പഞ്ചായത്തിന്റേയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ജനകീയ വിദ്യാഭ്യാസ സമിതി രൂപീകരിച്ചുകൊണ്ട് 1996 ജൂൺമാസത്തിൽ പഞ്ചായത്തിലെ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുകയും പത്താം ക്ലാസ്സിലെ കുട്ടികളുടെ വിജയ ശതമാനം ഉയർത്തുകയുമാണ് ഈ സമിതിയുടെ ലക്ഷ്യം. നിർഭാഗ്യമെന്നു പറയട്ടെ ഹൈസ്കൂളിന്റെ പദ്ധതിയോടുള്ള വിമുഖതകൊണ്ട്. എസ്. എസ്. എൽ. സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനം ഏറ്റെടുക്കാൻ ജനകീയ വിദ്യാഭ്യാസ സമിതിക്ക് കഴിയാതെ പോയി. പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ഒന്നു മുതൽ നാലുവരെയുള്ള കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനം ഏറ്റെടുത്തു സമിതി മുന്നോട്ട് പോകുന്നു. മൂന്നു നാല് ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പ്രീടെസ്റ്റിൽ പഞ്ചായത്തിലെ 60% കുട്ടികളും 40% ൽ താഴെ മാർക്കു വാങ്ങിയവരാണ്. ഈ കുട്ടികൾക്കാവശ്യമായ പഠന പരിഹാര ബോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അദ്ധ്യാപകരും രക്ഷിതാക്കളും ഈ പരിപാടിയിൽ സഹകരിച്ചു വരുന്നു. മാനേജ്മെന്റും സമൂഹവും ചേർന്ന ഒരു കൂട്ടായ്മയോടെ മാത്രമെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുവാൻ കഴിയുകയുള്ളു. അതിന് ജനകീയ സമിതിയുടെ പ്രവർത്തനം ഇനിയും വിപുലീകരിക്കേണ്ടിയിരിക്കുന്നു

പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമായി നടന്ന സാക്ഷര പ്രവർത്തനത്തിൽ പഞ്ചായത്ത് ജനവിദ്യാ കേന്ദ്രങ്ങളും ക്ലബ്ബുകളും സന്നദ്ധ സംഘടനാ പ്രവർത്തകരും നല്ല രീതിയിൽ തന്നെ പ്രവർത്തിച്ചിരുന്നു. ഇന്ന് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം ഇല്ലാതായ അവസ്ഥയാണ്. തുടർസാക്ഷരതാ പ്രവർത്തനം ഇല്ലാതായതോടെ നവസാക്ഷരർ നിരക്ഷരതയിലേക്ക് മടങ്ങിയിരിക്കുന്നു. തുടർസാക്ഷരതാപ്രവർത്തനത്തിന് അടിയന്തിരമായി തുടക്കം കുറിക്കേണ്ടതാണ്.

**സാദ്ധ്യതകൾ**

1. സ്കൂൾ കോംപ്ലക്സ് വിപുലീകരിക്കുക

a. ഓരോ വിഷയത്തിനും ഓരോ അക്കാഡമിക്ക് കൗൺസിൽ രൂപീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സാദ്ധ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

b. സ്കൂൾ സന്ദർശന പരിപാടികൾ നടത്തുകയും അതൊരു ഗൈഡൻസ് പ്രോഗ്രാമാക്കുകയും ചെയ്യുക

c. പഞ്ചായത്തിലെ ഏറ്റവും പിന്നോക്കമായ സ്കൂൾ ദത്തെടുത്തു കൊണ്ടുള്ള പ്രവർത്തനം സംഘടിപ്പിക്കുക.

d. പഠന പരിപാടികൾ രസകരമാക്കി മാറ്റാനുള്ള ആസൂത്രണം സംഘടിപ്പിക്കുക

e പഠനം പൂർണ്ണമായും വിദ്യാർത്ഥികളെ കേന്ദ്രീകൃതമാക്കി മാറ്റാൻ അക്കാഡമിക്ക് കൗൺസിലിന് നേതൃത്വം നൽകുക.

f. പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക.

g. സ്കൂൾ തല സമിതികൾ കൂടിയിരുന്ന് പഠന നിലവാരത്തെ കുറിച്ച് ചർച്ചകൾ നടത്തുക

h. സ്കൂൾ തല സമിതികൾക്ക് വാർഡ് മെമ്പർമാർ നേതൃത്വം നൽകുക

i. എല്ലാ സ്കൂളികളിലും ക്ലാസ്സ്റൂം പി. ടി. എ കൾ രൂപീകരിക്കുക.

j. സ്കൂൾ തലത്തിൽ നടക്കുന്ന യുവജനോത്സവം സാഹിത്യസമാജം, കൈയ്യെഴുത്ത് മാസിക, പഠനയാത്രകൾ എന്നീകാര്യങ്ങളിൽ പി. ടി. എ. യുടെ വേണ്ടത്ര ഇടപെടലുകൾ ഉണ്ടാവുക.

k. ഓരോ രംഗത്തും പ്രാഗൽഭ്യം തെളിയിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുക

l. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് തലത്തിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വിവിധ മൽസരങ്ങൾ സംഘടിപ്പിക്കുക.

m. സ്കൂളുകളിൽ പ്രീടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠന പരിഹാരബോധനം നൽകുക. ഇതിൽ സ്കൂൾ തല സമിതിയുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

n. ലീഡിംഗ് സ്കൂളിന്റെ ലൈബ്രറിയും ലാബറട്ടറിയും കോംപ്ലക്സ് സ്കൂളുകൾക്ക് ഉപയോഗപ്രദമാക്കണം.

2. ജനകീയ വിദ്യാഭ്യാസസമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കണം.

3. മേനേജ്മെന്റ് സ്കൂളുകളിലെ നിയമനം പി.എസ്.സി. ക്കു വിടുക.

**ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ**

1. മൂന്നാം വാർഡിൽ ഒന്നരകിലോമീറ്റർ ചുറ്റളവിൽ എൽ. പി. സ്കൂൾ ഇല്ലാത്തതിനാൽ ഒരു എൽ. പി. സ്കൂൾ അനുവദിക്കണം.
2. 1,2,3 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു യു. പി. സ്കൂൾ അനുവദിക്കുകയാണെങ്കിൽ 3 വാർഡിലെയും ജനങ്ങൾ എല്ലാവിധ സഹായങ്ങളും നൽകുന്നതാണ്.
3. സ്കൂളുകളിലെ പഠന നിലവാരം വിലയിരുത്തുന്നതിന് ജനകീയ സമിതിക്ക് മോണിറ്ററിംഗ് നടത്താനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്.
4. വാർഡ് 4 ലെ പറങ്കിമൂച്ചിക്കൽ G.L.P സ്കൂൾ അപ്ഗ്രഡ് ചെയ്യണം. കാരണം മൂന്ന് കിലോമീറ്റർ അകലെയാണ് അടുത്ത യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നത്. ഒരു യു. പി. സ്കൂൾ ആയി ഉയർത്തുന്നതിനുള്ള എല്ലാവിധ സൗകര്യങ്ങളും നിലവിൽ ഈ സ്കൂളിലുണ്ട്.
5. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കണം.
6. സാക്ഷരതാ തുടർവിദ്യഭ്യാസം ഊർജ്ജിതമാക്കണം.
7. പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠന സഹായ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറുള്ള യുവാക്കൾ 4-ാം വാർഡിലുണ്ട് ഇവർക്ക് വേണ്ട ഭൗതിക സൗകര്യങ്ങൾ പഞ്ചായത്ത് നൽകേണ്ടതാണ്.
8. വാർഡ് V-ലെ മുട്ടിപ്പാലം U.P School ഹൈസ്കൂൾ ആയി ഉയർത്തുകയാണെങ്കിൽ 1,2,3,4,5 വാർഡുകളിലെ കുട്ടികൾക്ക് സഹായകരമാകുന്നതായിരിക്കും.
9. അധ്യാപക - വിദ്യാർത്ഥി - രക്ഷിതാക്കളുമായുള്ള സൗഹൃദം വളർത്തേണ്ടതാണ്.
10. പ്രായപൂർത്തിയാവാത്ത പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിനാൽ അവർക്ക് ഉപരിപഠനം നടത്താൻ പറ്റാത്ത ഒരവസ്ഥയുണ്ട്. ഇതവസാനിപ്പിക്കാൻ രക്ഷാകർത്താക്കളിൽ ഊർജ്ജിമായ ബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടതാണ്.
11. അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയംസ്കൂളുകളിലെ കടന്നുകയറ്റം പൊതുവിദ്യഭ്യാസത്തെ തകർക്കുന്ന രീതിയിലാണിന്നുള്ളത്. അതിനാൽ പൊതുവിദ്യഭ്യാസത്തിന്റെ പ്രാധാന്യത്തെപറ്റിയുള്ള ബോധവർക്കരണമാവശ്യമാണ്.
12. 10-ാം വാർഡിൽ കോൽക്കളം പ്രദേശത്തെ കുട്ടികൾ ഒ:ു കി. മീറ്ററിലേറെ നടന്നാണ് അടുത്തുള്ള L.P

സ്കൂളിൽ എത്തുന്നത്. ആയതിനാൽ ഈ പ്രദേശത്ത് അടിയന്തിരമായി ഒരു എൽ. പി. സ്കൂൾ അനുവദിക്കണം.

13. ആക്കപ്പറമ്പിൽ ഒരു അംഗനവാടി അനുവദിക്കണം.

14. എല്ലാ എൽ. പി. സ്കൂളിനോടും അനബന്ധിച്ച് പ്രീപ്രൈമറി വിദ്യഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണം.

15. വാർഡ് 9 ൽ തുടർപഠനാവാശ്യാർത്ഥം യു. പി. സ്കൂൾ സ്ഥാപിക്കേണ്ടതാണ്.

16. ചേങ്ങോട്ടൂർ പ്രദേശത്തെ എൽ. പി. സ്കൂളിൽ ഉച്ചക്കഞ്ഞി വിതരണം പുനരാരംഭിക്കണം. കൂടാതെ പ്രാഥമിക സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്.

17. ഈ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ഉപരിപഠനത്തിനായുള്ള കോളേജുകളും സ്ഥാപിക്കേണ്ടതാണ്.

18. ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്ന തലകാപ്പ് സ്കൂളിൽ പ്രാഥമിക സൗകര്യവും വഴിസൗകര്യവും ലഭ്യമാക്കേണ്ടതാണ്.

19. ഹൈസ്കൂളിലെ പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

20. 11-ാം വാർഡിലെ G.L.P School ഒരു U.P സ്കൂളായി ഉയർത്തേണ്ടതാണ്. ഈ പ്രദേശത്തെ കുട്ടികൾ 2 കി. മീ ഏറെ നടന്നാണ് യു. പി. സ്കൂളിലെത്തുന്നത്.

വിദ്യഭ്യാസ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങളെ മറികടക്കാൻ എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കണമെന്ന് മേൽക്കാണിച്ച രേഖയുടെ അടിസ്ഥാനത്തിലും ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ് വരേണ്ടതാണ്. ഈ ലക്ഷ്യ സാക്ഷാത്ക്കാരത്തിന് കൂട്ടായ ഒരു ജനകീയ പ്രവർത്തനമാണ് ആവശ്യം. ഓരോ വ്യക്തിയും വിദ്യഭ്യാസ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കാലം നമ്മോട് ആവശ്യപ്പെടുന്നു.

നവംമ്പർ1 ന് തുടക്കം കുറിച്ച പുനരർപ്പണ ദിനത്തിൽ നമ്മുടെ പഞ്ചായത്തിൽ വിദ്യഭ്യാസ രംഗത്ത് മാതൃകാപരമായ പ്രവർത്തനത്തിന് തുടക്കം കുറിച്ചിരിക്കുന്നു. പറങ്കിമുച്ചിൽ G.L.P School ന്റെ ഗ്രൗണ്ട് നിർമ്മാണത്തിലൂടെ IV-ാം വാർഡ് ഏറ്റെടുത്ത പ്രവർത്തനം വിദ്യഭ്യാസ രംഗത്ത് അനുവർത്തിക്കാവുന്ന മാതൃകാപരമായ പ്രവർത്തനമാണ്.

# കുടിവെള്ളവും പൊതുജന ആരോഗ്യവും

കുടിവെള്ളക്ഷാമം നേരിടുന്ന ഒരു പഞ്ചായത്താണ് പൊൻമള പഞ്ചായത്ത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വേനലിൽ 4-5 മാസത്തോളം അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ കുന്ന്, ചെരിവ്, സമതലം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഇതിൽ ഉയർന്ന-ചെരിഞ്ഞ പ്രദേശങ്ങളിൽ മഴകാലത്ത് പോലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി പ്രധാനമായും കിണറുകൾ, കുഴൽകിണറുകൾ ടാപ്പുകൾ, ചോലകൾ തുടങ്ങിയവയെയാണ് ആശ്രയിക്കുന്നത്. എന്നാൽ വേനൽ കാലം തുടങ്ങുന്നതോടു കൂടി മിക്ക കിണറുകളും വറ്റിവരണ്ടുപോവുന്നു.

പഞ്ചായത്തിലെ എല്ലാവാർഡുകളിലും നാമ മാത്രമാണെങ്കിലും പൊതുകിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. മിക്ക വാർഡുകളിലും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ട്. പൊതുവിതരണത്തിനായി ചാപ്പനങ്ങാടി ആക്കപ്പറമ്പ് എന്നീ ഭാഗങ്ങളിൽ ടാങ്കുകളും സ്ഥാപിച്ചിട്ടുണ്ട്.

ശുദ്ധജലത്തിന്റെ അഭാവംകൊണ്ട് വയറിളക്കം പോലുള്ള പകർച്ചാവ്യാധികൾ പഞ്ചായത്ത് മേഖലയിൽ വളരെ വ്യാപകമാണ് പ്രത്യേകിച്ചും കുട്ടികളിൽ ലഭ്യമായ കുടിവെള്ളം തന്നെ പൂർണ്ണമായും മലീനീകരണ വിമുക്തമല്ല ഇത് കുടിവെള്ളക്ഷാമം പോലെതന്നെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ്.

പഞ്ചായത്തിലെ ജലസ്രോതസുകളെ കുറിച്ച് താഴെകൊടുക്കുന്ന പട്ടിക വഴി മനസ്സിലാക്കാം

| കുഴൽ കിണർ | സ്വകാര്യ കിണറുകൾ | ചോലകൾ | പൊതു കിണ | പഞ്ചായത്ത് റുകൾ | ടാപ്പു കൾ | പുഴ കൾ |
|---|---|---|---|---|---|---|
| 19 | 2317 | 11 | 95 | 38 | 92 | 1 (കടലുണ്ടി പുഴ) |

**പ്രശ്നങ്ങൾ**

1. മിക്കവാറും വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

   പ്രത്യേകിച്ചും ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, പത്ത് പതിനൊന്ന്, വാർഡുകളിൽ
2. കിണറുകൾ ഉള്ള പ്രദേശങ്ങളിൽ തന്നെ വേനൽക്കാലം ആകുമ്പോഴേക്കും അവ വറ്റിവരളുന്നു.
3. പ്രധാനമായും ചാപ്പനങ്ങാടി, അക്കപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ മാത്രമാണ് പൊതുശുദ്ധജല വിതരണ ശൃഖലയുള്ളത്. അത്കൊണ്ട് അവയുടെ സേവനം ആ പ്രദേശങ്ങളിലും പരിസരത്തെ ചിലസ്ഥലങ്ങളിലും മാത്രം

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | തേൻപറമ്പ് മുണ്ടിശ്ശേരിപ്പറമ്പ് പൂവാട് | ഈ പ്രദേശങ്ങളിൽ വലിയ ടാങ്കുൾ നിർമ്മിച്ച് കടലുണ്ടിപ്പുഴയിൽ നിന്നും വെള്ളം എത്തിച്ച് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുക പൂവാട് പൊതുകിണർ സ്ഥാപിക്കുക |
| 2. | മാണൂർ ബീരാല മലയിൽ കുളമ്പ് | കുഴൽ കിണർ നന്നാക്കുക, ബീരാല കോളനി ഭാഗത്ത് ടാപ്പുകൾ സ്ഥാപിക്കുക, വാർഡു ഒന്നിലെ പ്രശ്നപരിഹാരമാർഗ്ഗത്തിന്റെ പ്രയോജനം ഇവിടേക്കും ലഭ്യമാക്കാം. |
| 3. | വെളുത്തതൊടി കാക്കുമ്പ്, കല്ലംകുളമ്പ്, മാണൂർ ലക്ഷം വീട് | കുഴൽ കിണർ കുഴിച്ച് ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി വെള്ളം പൈപ്പ് ലൈൻ വഴിവിതരണം ചെയ്യാം. ഒന്നാം വാർഡിലെ പരിഹാരമാർഗ്ഗപ്രയോജനം ഇവിടേക്കും ലഭ്യമാക്കാം. |
| 4. | പറങ്കിമൂച്ചിക്കൽ LP സ്കൂൾ പ്രദേശം | കുഴൽ കിണർ കുഴിച്ച് പൈപ്പ് ലൈൻ ഉപയോഗിച്ച് വിതരണം ചെയ്യുക |
| 5. | മുട്ടിപ്പാലം കിഴക്കേകര | കുഴൽ കിണർ കുഴിക്കുകയും കാഞ്ഞിരമുക്കിൽ നിന്നും പൈപ്പ് ലൈൻ നീട്ടുകയും ചെയ്യുക. വാർഡ് ഒന്നിലെ പദ്ധതിയും പ്രയോജനപ്പെടുത്തുക |
| 6. | കിഴക്കു പ്രദേശം ലക്ഷം വീട് കോളനികൾ ഹൈസ്കൂൾ പരിസര പ്രദേശം ആശുപത്രി പ്രദേശം | ഈ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക, പൊതുജലവിതരണത്തിന് ഒരു കുഴൽകിണറുകൾ കുടി കുഴിച്ച് കൂടിതൽ കാര്യക്ഷമമാക്കുക<br>അറബിക്കുളം പദ്ധതി വികസിപ്പിച്ച് പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ ചാപ്പനങ്ങാടിയിൽ ഉയർന്ന സംഭരണശേഷിയുള്ള ടാങ്ക് നിർമ്മിച്ച് സമീപവാർഡുകളിൽ കൂടി പ്രയോജനം എത്തത്തക്ക രീതിയിൽ വിതരണം ചെയ്യുക |
| 7. | കൂരിയാട് തലകാപ്പ് | ആറമ്പിക്കുളം പദ്ധതി ഉയപോയഗപ്പെടുത്താം. |
| 8. | മണ്ണഴി, കോട്ടപ്പുറം | ആക്കപ്പറമ്പ് പദ്ധതിയുടെ പ്രയോജനം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക |
| 9. | ചേങ്ങോട്ടൂർ, കരിത്തവരക്കുന്ന്, കാട്ടുങ്ങൽ, ചോല, ഓടങ്കാട് ഹരിജൻ കോളനി നെല്ലോളിപ്പറമ്പ്, മുണ്ടിയംതറ | നെല്ലോളി പറമ്പിൽ കുഴൽ കിണറും ടാങ്കും സ്ഥാപിച്ച് പ്രശ്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക |
| 10. | പനങ്ങാട്ട് കുളമ്പ് കരിമ്പന | കുഴൽ കിണർ സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി ജലവിതരണം നടത്തുക ആറമ്പിക്കുളം പദ്ധതി പ്രയോജനപ്പെടുത്തക |
| 11. | ചുനൂർ ചോലാക്കൽ ഭാഗം കുന്നംകുറ്റി | കുഴൽ കിണർ കുഴിക്കുക. പൊതുസ്ഥലത്ത് കുളം നിർമ്മിക്കുക |

ലഭ്യമാകുന്നു.

4. ഇതുതന്നെ വളരെ പരിമിതയായ തോതിൽ മത്രമാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത്

5. മിക്കവാറും കിണറുകൾക്ക് ചുറ്റുമതിലില്ല അതുകാരണം ലഭ്യമായ ജലം തന്നെ മലിനീകരിക്കപ്പെട്ടതാണ്.

6. പഞ്ചായത്തിലെ ചില പ്രദേശങ്ങൾ ഉയർന്നും മറ്റും ചില പ്രദേശങ്ങൾ കുത്തനെ ചെരിഞ്ഞുമാണ് സ്ഥിതി ചെയ്യുന്നത്. ഇതിനാൽ കിണറുകൾ വഴി ശുദ്ധജലം ലഭിക്കുക അസാധ്യമാണ്.

7. പൊതു ജല വിതരണ ലൈനുകളിൽ കൂടെ കൂടെ യുണ്ടാകുന്ന കേടുപാടുകൾ യഥാസമയം കണ്ടെത്താതിരിക്കുകയും തൽസമയം കേടുപാടുകൾ പരിഹരിക്കാതിരിക്കുന്നതും ഒരു പരിധി വരെ കുടിവെള്ള ക്ഷാമത്തിന് ഹേതുവാകുന്നു.

8. ഇത് മൂലം ലഭിക്കേണ്ട ജലം ധാരാളം പാഴായി പോകുകയും ചെയ്യുന്നു

9. അശാസ്ത്രീയവും അമിതവുമായ രീതിയിലുള്ള കുഴൽകിണർ നിർമ്മാണം കാരണം ചില പ്രദേശങ്ങളിൽ പരിസരത്തുള്ള കിണറുകൾ പൂർണ്ണമായും വറ്റി വരളുന്നു. മുൻകാലങ്ങളിൽ കൊടും വേനലിൽപോലും വറ്റാത്തതും അനേകം കുടുംബങ്ങൾക്ക് ആശ്രയവുമായിരുന്ന കിണറുകൾ പോലും ഇതുകാരണം വേനലാകുന്നതിനു മുൻപേ വറ്റിവരളുന്നു.

10. ചില പ്രദേശങ്ങളിലെ പൊതുകിണറുകളിൽ നിന്നടക്കം ലഭിക്കുന്നവെള്ളം പരിസരത്തു വെച്ചു തന്നെ വസ്ത്രങ്ങൾ അലക്കുവാനും, കുളിക്കുവാനും, വാഹനങ്ങൾ കഴുകുവാനും കന്നുകാലികളെ കുളിപ്പിക്കുവാനും ഉപയോഗിക്കുന്നത് കാരണം കൂടുതലും പാഴായി പോകുവാനും കുടിക്കാനുപയോഗിക്കുന്നത് തന്നെയും മലിനമാകുവാനും കാരണമാകുന്നു.

**പരിഹാര നിർദ്ദേശങ്ങൾ**

1. കുഴൽ കിണറുകൾ നിർമ്മിക്കുക

   എല്ലാ ഗ്രാമ സഭകളിൽ നിന്നും പൊതുവെ ഉയർന്നു വന്ന നിർദ്ദേശമാണ് കുഴൽ കിണർ സ്ഥാപിക്കുക എന്നത്. ജലസ്രോതസിന്റെ ലഭ്യതയെ കുറിച്ച് വിദഗ്ദ്ധരുടെ അഭിപ്രായമാരാഞ്ഞതിന് ശേഷം കൂടുതൽ ആളുകൾക്ക് ഉപകാരപ്രദമാവുന്ന സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കണം

   കേടായി ഉപയോഗ ശൂന്യമായി കിടക്കുന്ന കുഴൽ കിണറുകൾ നന്നാക്കി കുടിവെള്ളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

2. പൊതുകിണറുകൾ നന്നാക്കുക

   പൊതുകിണറുകളിലെ ചെളി നീക്കം ചെയ്ത്. ആഴം കൂട്ടി കോൺക്രീറ്റ് റിംഗുകൾ സ്ഥാപിക്കുക വഴി കുടിവെള്ളം വേനലിൽ പോലും നിലനിർത്താൻ കഴിയും.

3. പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുക

   കുടിവെള്ളപ്രശ്നം കാര്യക്ഷമമാക്കാൻ ജലസ്രോതസുകൾ കണ്ടെത്തി, ടാങ്കുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കാനും കഴിയണം.

4. പൊതുജലവിതരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക വഴി കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

5. പ്രകൃതി ജല ഉറവിടങ്ങൾ ഉപയോഗപ്പെടുത്തൽ വഴി (ചോല, കാട്ടുനീരൊഴുക്ക്) വെറുതെ ഒഴുകി നഷ്ടമാവുന്ന ജലം തടഞ്ഞ് നിർത്തി കുടിവെള്ളത്തിനായി വിതരണം ചെയ്യാനുള്ള പദ്ധതികൾ ആരംഭിക്കുക.

6. ജലം പാഴായി പോവുന്നത് തടയുക

   പൊതുജല വിതരണ പൈപ്പുകളിൽ ഉണ്ടാവുന്ന തകരാറുകൾ തൽസമയം തന്നെ കണ്ടെത്തി പരിഹരിച്ച് ജലം പാഴായി പോവുന്നത് തടയുക

7. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുക

   കുടിവെള്ളം കാർഷിക ആവശ്യങ്ങൾക്കും കന്നുകാലികളെ കുളിപ്പിക്കുന്നതിനും, വാഹനങ്ങൾ കഴുകുന്നതിനും, കുളിക്കുന്നതിനും, അലക്കുന്നതിനും മറ്റുമായി ഉപയോഗപ്പെടുത്തുന്നത് തടയുക.

8. ജലം മനിനമാകുന്നത് തടയുക ജലം മനിനമാകുന്നത് തടയാൻ കിണറുകൾക്ക് ചുറ്റുമതിൽ കെട്ടുകയും വല കെട്ടുകയും ചെയ്യുക ക്ലോറിനേഷൻ വഴി ജലം ശുദ്ധീകരിക്കക.

**സാധ്യതകൾ**

1. കടലുണ്ടി പുഴയിൽ നിന്നും വെള്ളം പഞ്ചായത്തിന്റെ ഉയർന്ന ഭാഗത്ത്, ഉയർന്ന സംഭരണശേഷിയുള്ള ടാങ്ക് കെട്ടി ശേഖരിച്ച് പൊതു ടാപ്പുകൾ വഴി വിതരണം ചെയ്യുകയാണെങ്കിൽ പഞ്ചായത്തിലെ 1,2,3,4,5 വാർഡുകളിലെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

2. ധാരാളം ജലം ലഭിക്കുന്ന കൂരിയാടിന് അടുത്ത പ്രദേശ

മായ ആറമ്പിയിൽ ഉയർന്ന സംഭരണം ശേഷിയുള്ള ടാങ്ക് സ്ഥാപിച്ച് പൊതുടാപ്പുകൾ വഴി, പഞ്ചാത്തിലെ 6,7,8,9,10, 11 വാർഡുകളുടെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും

3. നിലവിലുള്ള രണ്ട് പൊതുജലവിതരണ ശൃംഖലകളുടെയും ജലസ്രോതസുകൾ ഉപയോഗിച്ചും സംഭരണ ശേഷി വർദ്ധിപ്പിച്ചും വിതരണം കൂടുതൽ കാര്യക്ഷമമാക്കിയും വിതരണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ചും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും

മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കികൊണ്ട് മാത്രമെ കുടിവെള്ള ക്ഷാമം ശ്വാശതമായി പരിഹരിക്കാൻ കഴിയൂ. ഇതിനായി ത്രിതല പഞ്ചായത്ത് സമിതികളും സംസ്ഥാന സർക്കാരും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇതിനായി മനുഷ്യാധ്വാന മടക്കമുള്ള വിഭവങ്ങൾ നൽകികൊണ്ട് നമുക്ക് പ്രവർത്തിക്കാൻ കഴിയണം.

## ആരോഗ്യം

പൊന്മള ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ആളുകളിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. ഗ്രാമപഞ്ചായത്തിലെ ഒട്ടാകെ ജനസംഖ്യ 25635 ആണ്. ഇത്രയും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് രണ്ട് ഗവണ്മെന്റ് സഥാപനങ്ങളേ നിലവിലുള്ളൂ.

ഒരു പ്രൈമറി ഹെൽത്ത് സെന്ററും, നാല് സബ്സെന്ററുകളും. കഴിഞ്ഞ കാലത്ത് ആരോഗ്യസംരക്ഷണത്തിന് വളരെ ദൂരെയുള്ള കോട്ടക്കൽ ആര്യവൈദ്യശാല, മലപ്പുറത്തെ എം.എസ്.പി. ആശുപത്രി കൂടാതെ നാട്ടുവൈദ്യന്മാരുടെ സേവനവുമാണ് ഉപയോഗിച്ചിരുന്നത്. അന്ധവിശ്വാസങ്ങൾ കൂടുതലുള്ള ഒരു കാലഘട്ടമായതുകൊണ്ട് രോഗശമനത്തിനായി ജപവും, ജപിച്ച നൂലും, വെള്ളവും ഉപയോഗിച്ചിരുന്നു. ഇത് പലപ്പോഴും അപകടത്തിലെത്തിച്ചിരുന്നു. ഉദാഹരണം. പാമ്പുകടി, പ്രസവം. എന്നാൽ പഞ്ചവത്സരപദ്ധതികളുടെ ആവിർഭാവത്തോടെ ഓരോ ബ്ലോക്ക് ഏരിയകളിലും ഒരു പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കപ്പെട്ടു. അതുപോലെ ആയുർവേദ, ഹോമിയോ ആശുപത്രികളും നിലവിൽ വന്നു.

കേരളത്തിൽ കുടുംബക്ഷേമ ആസൂത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായതോടെ അജ്ഞതയും അന്ധവിശ്വാസങ്ങളും നീങ്ങുവാൻ തുടങ്ങി. അതിന്റെ ഫലമായി രോഗങ്ങൾ വന്നാൽ ചികിത്സ ആവശ്യമാണെന്ന് ജനങ്ങൾക്ക് ബോധ്യമായി. ഉദാ. കോളറ ബാധിക്കുന്നത് ചെകുത്താന്റെ പണിയാണെന്നും, വസൂരി വരുന്നത് മാരിയമ്മ വിളയാട്ടമാണെന്നും ആദ്യം ധരിച്ചിരുന്നു. ആരോഗ്യ പ്രവർത്തകർ ബോധവൽക്കരണം നടത്തുകയും ഗോവസൂരി പ്രയോഗത്തിലൂടെയും, കോളറ കുത്തിവെപ്പിലൂടെയും പരിഹാരം കണ്ടെത്തുക വഴി ഒരു പരിധിവരെ അന്ധവിശ്വാസങ്ങളിൽ നിന്നും മോചനം നേടാൻ സാധിച്ചിട്ടുണ്ട്.

പൊന്മള ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ചാപ്പനങ്ങാടി പ്രദേശത്ത് സ്ഥിതിചെയ്യുന്നു. ഇവിടെ 20 ജീവനക്കാരുണ്ട്. പട്ടിക 1 ശ്രദ്ധിക്കുക.

പട്ടികയിൽ സൂചിപ്പിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – I, ഗ്രേഡ് II, ഡ്രൈവർ എന്നിവരുടെ പോസ്റ്റുകൾ വളരെക്കാലമായി ഒഴിഞ്ഞുകിടക്കുന്നു. പഞ്ചായത്തിലെ രണ്ടാമത്തെ ആതുരാലയം ഒരു ഗവണ്മെന്റ് ഹോമിയോ ആശുപത്രിയാണ്. (മൂന്നാം വാർഡിൽ). ഇവിടെ 4 ജീവനക്കാരാണ് ഉള്ളത്. ഫാർമസിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. കൂടാതെ രണ്ട് പ്രൈവറ്റ ഹോമിയോ ക്ലിനിക്കുകളും 4 നാട്ടുവൈദ്യന്മാരുടെ ചികിത്സാസേവനവും ലഭിക്കുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളിൽ മികച്ച കുടുംബക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി ജനങ്ങളിൽ ഒരു പുതിയ ആരോഗ്യ സംസ്കാരം ഉയർന്നു വന്നു. അതിന്റെ ഫലമായി പ്രസവസമയത്തുള്ള മരണവും ജനിച്ച ഉടനെയുള്ള മരണനിരക്കും കുറയ്ക്കുവാൻ സാധിച്ചു. കേരളത്തിലെ മരണനിരക്ക് 1000ന് 5.9 ആകുന്നു. എന്നാൽ പഞ്ചായത്തിലെ മരണനിരക്ക് 2.9 ആണ്. കേരളത്തിലെ ജനനനിരക്ക് 17 ആണ്. പഞ്ചായത്തിലേത് 20.5 ആണ്. കേരളത്തിലെ ശിശുമരണനിരക്ക് 16 ആകുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലേത് 11.40 ആണ്.

സമൂഹത്തിൽ കൂടുതൽ ആരോഗ്യസംരക്ഷണം ലഭിക്കേണ്ടവരാണ് ഗർഭിണികളും, കുട്ടികളും. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കണമെങ്കിൽ ഒരു സ്ത്രീ ഗർഭം ധരിച്ചതുമുതൽ പ്രസവിക്കുന്നതുവരെ രോഗങ്ങളിൽ നിന്നും, പോഷകാഹാരക്കുറവിൽ നിന്നും രക്ഷിക്കേണ്ടിയിരിക്കുന്നു. ഒരു കുഞ്ഞ് ജനിച്ചാലുടൻ അതിന് രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്തിയും, പോഷകാഹാരങ്ങൾ നൽകിയും പരിരക്ഷിക്കേണ്ടതാണ്.

പൊന്മള ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാരങ്ങൾ കൊടുക്കുന്ന അമ്മമാരുടെയും കുട്ടികളുടെയും കണക്കുകൾ താഴെ കൊടുക്കുന്നു. പട്ടിക 8 ശ്രദ്ധിക്കുക.

പട്ടിക - 1

| S.L | തസ്തിക | എണ്ണം |
|---|---|---|
| 1. | മെഡിക്കൽ ആപ്പീസർ | 1 |
| 2. | ഫാർമസിസ്റ്റ് | 1 |
| 3. | സ്റ്റാഫ് നഴ്സ് | 1 |
| 4. | നഴ്സിംഗ് അസിസ്റ്റൻ | 1 |
| 5. | ഹോസ്പിറ്റൽ അറ്റന്റർ I | 1 |
| 6. | ഹോസ്പിറ്റൽ അറ്റന്റർ II | 1 |
| 7. | സ്പീപ്പർ | 1 |
| 8. | എൽ. ഡി. ക്ലാർക്ക് | 1 |
| 9. | ടെക്നീഷ്യൻ | 1 |
| 10. | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 11. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർI | 1 |
| 12. | ജീനിയർ ഹെൽത്ത് ഇൻസപെക്ടർ | 2 |
| 13. | ജൂനിയർ പബ്ലിക്ക് ഹെൽത്ത്നെഴ്സ് | 1 |
| 14. | ലെപ്രസി ഹെൽത്ത് വിസിറ്റർ | 1 |
| 15. | ലേഡി ഹെൽത്ത് വിസിറ്റർ | 1 |
| 16. | ഡ്രൈവർ | 1 |

ആരോഗ്യകേന്ദ്രങ്ങളുടെ കഴിഞ്ഞ കാലങ്ങളിൽ പ്രാഥമിക കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായി ഒരു പുതിയ ആരോഗ്യ സംസ്കാരം തന്നെയുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മരണനിരക്ക് ഇതിന് നേട്ടമായി കാണാം. കേരളത്തിലെ ജനനനിരക്ക് 17 ഉം പൊന്മള ഗ്രാമപഞ്ചായത്തിന്റേത് 20.5 ഉം ആകുന്നു. കേരളത്തിലെ മരണ നിരക്ക് 5.9 ഉം നമ്മുടെ പഞ്ചായത്തിലേത് 2.9 മാണ്.

ശിശുമരണ നിരക്ക് കേരളത്തിലേത് 16 ഉം പഞ്ചായത്തിലേത് 11.4 മാകുന്നു. ഈ കണക്കുകൾ പ്രകാരം ആരോഗ്യ രംഗത്ത് നമ്മുടെ പഞ്ചായത്ത് മുന്നോക്കമാണെങ്കിലും ജനനനിരക്കിൽ സംസ്ഥാന ശരാശരിയേക്കാൾ മുൻപന്തിയിലാണെന്നസത്യം നാമറിയേണ്ടിയിരിക്കുന്നു. ചെറിയ കുടുംബം സന്തുഷ്ടകുടുംബം എന്ന ആശയം ഇവിടുത്തെ ജനങ്ങളിൽ എത്രമാത്രം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ വളരെ കുറഞ്ഞ ആളുകൾ മാത്രമാണ് സ്ഥിരമായോ താൽക്കാലികമായോ ഉള്ള കുടുംബാസൂത്രണ മാർഗവുമായി സഹകരിച്ച് കാണുന്നത്.

സ്ഥിരമായി കുടുംബാസൂത്രണ മാർഗം സ്വീകരിച്ചവർ

| | |
|---|---|
| 1 കുട്ടിയുള്ളവർ | 47 |
| 2 കുട്ടിയുള്ളവർ | 785 |
| 2ൽ കൂടുതൽ കുട്ടികളുള്ളവർ | 1068 |
| ആകെ | 1900 |

**ആരോഗ്യസ്ഥിതിവിവരകണക്കുകൾ**

പൊന്മള ഗ്രാമപഞ്ചായത്തിലെ

| | |
|---|---|
| ആകെ വീടുകൾ | - 4747 |
| കക്കൂസ് ഉള്ള വീടുകളുടെ എണ്ണം | - 2803 |
| കുടിവെള്ള ശ്രോതസ് | - 2928 |
| തൊഴുത്ത് | - 2117 |
| വീടിനോടു ചേർന്നുള്ള തൊഴുത്തുകൾ | - 864 |
| പ്രത്യേകിച്ച് നിർമ്മിച്ചത് | - 1253 |
| അംഗൻ വാടികളുടെ എണ്ണം | - 25 |
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം. | 2474 |
| പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | - 169 |
| മന്ദബുദ്ധികൾ | - 11 |

ആരോഗ്യമുള്ള തലമുറയാണ് നമ്മുടെ നാട്ടിൽ വളർന്ന് വരേണ്ടത്. അത്കൊണ്ട്തന്നെ ആരോഗ്യപരമായി വളരെയധികം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഗർഭിണികളും കുട്ടികൾക്കും ഇവർക്കാവശ്യമായ പോഷകാഹാരങ്ങൾ ലഭ്യമാക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമായി കണക്കിലെടുക്കേണ്ടതാണ്.

പൊന്മള ഗ്രാമപഞ്ചായത്തിലെ പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 77 | 11 | 1 | - |
| 1994-95 | 145 | 4 | 1 | - |
| 199-96 | 154 | 11 | 1 | - |

**അനുപൂരക പോഷകാഹാരങ്ങൾ ലഭിക്കുന്ന അമ്മമാരുടേയും കുട്ടികളുടെയും കണക്കുകൾ**

| 1 | 2 | 3 |
|---|---|---|
| കുട്ടികളുടെ എണ്ണം | ഗർഭിണികളുടെ എണ്ണം | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം. |
| 2474 | 299 | 164 |

**പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ചികിൽസ ലഭിച്ചവരുടെ കണക്കുകൾ**

| വർഷം | ഔട്ട്പേഷ്യന്റ് | ഇൻപേഷ്യന്റ് |
|---|---|---|
| 93-94 | 11381 | 30 |
| 94-95 | 11939 | 4 |
| 95-96 | 12690 | NIL |

**പഞ്ചായത്തിൽ രോഗ പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയ കുട്ടികളുടെയും അമ്മമാരുടേയും കണക്കുകൾ**

| ആകെ കുട്ടികൾ | കുത്തിവെപ്പ് നടത്തിയവർ | ആകെ ഗർഭിണികൾ | പ്രതിരോധ കുത്തിവെപ്പ് നടത്തിയ ഗർഭിണികൾ |
|---|---|---|---|
| 560 | 497 | 299 | 169 |

**ഗ്രാമപഞ്ചായത്തിലെ ജനന മരണകണക്കുകൾ താഴെ കൊടുക്കുന്നു**

| S.L | വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|---|
| 1 | 1993-94 | 271 | 79 | ഇല്ല |
| 2 | 1994-95 | 281 | 53 | ഇല്ല |
| 3 | 1995-96 | 386 | 51 | 1 |

**പൊന്മള ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭയിൽ ആരോഗ്യരംഗത്തെ പറ്റി ഉയർന്നുവന്ന പ്രശ്നങ്ങൾ**

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ
2. ആവശ്യത്തിന് സ്റ്റാഫില്ലാത്ത അവസ്ഥ
3. സ്ഥിരമായി ഡോക്ടർ ഇല്ലാത്തത്
4. ആവശ്യമായ മരുന്നുകൾ ഉപകരണങ്ങൾ ലഭ്യമാകുന്നില്ല
5. ജനസംഖ്യാനുപാതികമായി സബ്സെന്ററുകൾ സ്ഥാപിക്കുന്നില്ല.
6. സ്വകാര്യ ആശുപത്രികളിലെ സുഖസൗകര്യങ്ങൾ തേടിയാണ് ഇന്ന് രോഗികൾ പോകുന്നത്. ഇത് പൊതുജനാരോഗ്യ സംവിധാനത്തെ കൂടുതൽ തളർത്തുന്നു.
7. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ ചികിൽസ നിയന്ത്രിക്കേണ്ടതാണ്.
8. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള അനധികൃത അറവുശാലകൾ നീക്കം ചെയ്യുക
9. പൊന്മളയങ്ങാടിയിലൂടെ ഒഴുകുന്ന മലിന ജലം ഓടകീറി ഒഴിവാക്കുക.
10. പൊന്മളയങ്ങാടിയിൽ ഹെൽത്ത് സെന്റർ തുടങ്ങുക
11. ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുക.
12. V, VIII വാർഡുകളിൽ പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കുക.
13. ഹോട്ടലുകളിലെ പഴകിയ ആഹാര സാധനങ്ങൾ വിൽക്കുന്നത് തടയുക
14. പഞ്ചായത്തിലെ പാവപ്പെട്ടവരായ ജനവിഭാഗങ്ങൾക്ക് കിണറിന് ചുറ്റുതിൽകെട്ടാൻ സാമ്പത്തിക സഹായം നൽകുക.

15. ചട്ടിപ്പറമ്പ്, പാപ്പനങ്ങാടി, വട്ടപ്പറമ്പ് ഭാഗങ്ങളിൽ അറുത്തകോഴികളുടെ അവശിഷ്ടങ്ങൾ ഉപേക്ഷിക്കുന്നതിനാൽ പരിസരമലിനീകരണം ഉണ്ടാകുന്നു.

16. നിർദ്ധനരായ കുടുംബക്കാർക്ക് കക്കൂസ് നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

17. ചാപ്പനങ്ങാടി P.H.C. ആശുപത്രിയാക്കി ഉയർത്തുക. രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുക. ഒരു വിദഗ്ദ ഡോക്ടറെ കൂടി നിയമിക്കുക.

**സാധ്യതകൾ**

1. പൊതുജന ആരോഗ്യ സംവിധാനത്തെ ആകർഷകമാക്കുക

   രോഗചികിൽസയ്ക്ക് ആവശ്യമായ സംവിധാനങ്ങളും സൗകര്യങ്ങളും ഔഷധങ്ങളും ലഭ്യമാക്കുകയും അവ ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക

2. ആശുപത്രി സംരക്ഷണ സമിതികളുടെ പ്രവർത്തനം സജീവമാക്കുക.

3. ഔഷധങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങലും ഉപയോഗവും ജനകീയ പരിശോധനയ്ക്ക് വിധേയമാക്കണം.

4. സ്ഥിരമായി ഡോക്ടർമാരെ നിയമിക്കുക

5. ആശുപത്രിക്ക് ആവശ്യമായ വാഹനങ്ങൾ അനുവദിക്കുക.

6. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി അനുവദിക്കുക.

7. പച്ചിലക്കറികളുടെ പ്രാധാന്യത്തെപ്പറ്റിയുള്ള അവബോധം ജനങ്ങളിലെത്തിക്കുക.

8. പ്രതിരോധകുത്തിവെപ്പുകളും കുടുംബാസൂത്രണ മാർഗ്ഗത്തെപ്പറ്റിയും ജനകീയ ബോധവൽക്കരണം നടത്തുക.

9. പരിസര ശുചിത്വത്തെപ്പറ്റി ജനങ്ങൾക്ക് കൂടുതൽ അവബോധമുണ്ടാക്കുക.

10. ചാപ്പനങ്ങാടിയിലുള്ള ആരോഗ്യ ഉപകേന്ദ്രം പ്രവർത്തനക്ഷമമാക്കുക.

പുതിയൊരു ജനകീയ ആരോഗ്യകാഴ്ചപ്പാട് 9-ാം പദ്ധതിയുടെ പൂർത്തികരണത്തോടെ ഉണ്ടാക്കാൻ കഴിഞ്ഞാൽ നമ്മൾ ലക്ഷ്യത്തിലെത്തിയെന്നുപറയാം. ഇതിനായി നമുക്കൊത്തുചേരാം.

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

### ഗതാഗതം

പൊന്മള പഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പ് പൊന്മള വഴി കടന്നുപോകുന്ന മലപ്പുറം കോട്ടക്കൽ റോഡും ചാപ്പനങ്ങാടി വഴി കടന്നുപോകുന്ന കോട്ടക്കൽ പെരിന്തൽമണ്ണ റോഡും മാത്രമാണ് ഉണ്ടായിരുന്നത്.

1982-ന് ശേഷം ചാപ്പനങ്ങാടി-കൂരിയാട് റോഡും, വട്ടപ്പറമ്പ് - കാടമ്പുഴ റോഡ് എന്നിവയാണ് പുതുതായി ഉണ്ടായ പൊതുമരാമത്ത് വകുപ്പ് റോഡുകൾ.

1953 മുതൽ പൊതു ജനങ്ങൾ ആവശ്യപ്പെട്ടിരുന്ന മാണൂർ-പറങ്കിമൂച്ചിക്കൽ റോഡ്. 1 വർഷം മുമ്പ് പൊതുമരാമത്ത് വകുപ്പ് പണിയാരംഭിച്ചിട്ടുണ്ട്.

ചട്ടിപ്പറമ്പ്-കട്ന്നാമുട്ടി കാടാമ്പുഴ റോഡ് 1982 ൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തെങ്കിലും സാങ്കേതികത്വത്തിന്റെ പേര് പറഞ്ഞ് ടെൻഡർ ചെയ്യാൻ താമസിക്കുകയാണുണ്ടായത്. പിന്നീട് ഈ റോഡ് ചട്ടിപ്പറമ്പ്-ആക്കപ്പറമ്പ്-ചൂനൂർ റോഡ് എന്ന പേരിൽ 1992-ൽ ന്യൂ സ്കീം എം.എൽ.എ. റോഡിൽ ഉൾപ്പെടുത്തി ചട്ടിപ്പറമ്പ് മുതൽ ആക്കപ്പറമ്പ് വരെ പണി നടന്നുകൊണ്ടിരിക്കുന്നുണ്ട്.

കൊളത്തൂർ-കോട്ടക്കൽ റോഡ് എന്ന പൊതുമരാമത്ത് വകുപ്പ് എറ്റെടുത്ത റോഡ് കടുന്നാമുട്ടി മുതൽ ചൂനൂർ വരെ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. യാതൊരു ഗതാഗത സൗകര്യവുമില്ലാത്തതുകൊണ്ട് 8,10,11 ഗ്രാമസഭകൾ ഈ റോഡ് എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോഡൂർ പാറമ്മൽ - പുളിയാട്ടുകുളം - ചാപ്പനങ്ങാടി എന്ന പേരിലുള്ള റോഡ് ഈ പഞ്ചായത്തിലെ 4,5 വാർഡുകളിൽക്കൂടി കടന്നുപോകുന്നു. ഈ പഞ്ചായത്തിൽ യാതൊരു ഗതാഗത സൗകര്യവുമില്ലാത്ത ഒരു പ്രദേശമാണ് മുട്ടിപ്പാലം, മേൽമുറി, ചിറക്കുണ്ട് എന്നിവ. അതുകൊണ്ട് ഈ റോഡിന് പ്രത്യേക പരിഗണന നൽകമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

### പഞ്ചായത്ത് റോഡുകൾ:

പഞ്ചായത്തിൽ മൺറോഡുകളുണ്ടെങ്കിലും, ഗതാഗത യോഗ്യമായവ 4.4 കി.മി. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. 10. കി.മി. ഓളം റോഡുകൾ ഗതാഗതയോഗ്യവും 15 കി.മി. ഓളം റോഡുകൾ തീരെ ഗഗാഗതയോഗ്യമല്ലാത്തവയുമാണ്.

35 കി.മി. റോഡുകൾ ഈ പഞ്ചായത്തിൽ പുതുതായി നിർമ്മിക്കണമെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നു. കൂടാതെ നിലിവിലുള്ള പഞ്ചായത്ത് റോഡുകൾ വിപുലീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനും മുഴുവൻ ഗ്രാമസഭകളിൽ നിന്നും ആവശ്യങ്ങളുയർന്നിരിക്കുന്നു.

വെള്ളം കെട്ടിനിൽക്കുന്നതൊഴിവാക്കാൻ റോഡുയർത്തി ഓടകൾ നിർമ്മിക്കാൻ നിർദ്ദേശിച്ച സ്ഥലങ്ങൾ

1. മലപ്പുറം -തിരൂർ റോഡിൽ പൊന്മള കിഴക്കേതല മുതൽ പടിഞ്ഞാറെതല വരെ.
2. പെരിന്തൽമണ്ണ-തിരൂർ റോഡിൽ ചാപ്പനങ്ങാടി ജുമാമസ്ജിദ് മുതൽ കൂരിയാട് റോഡ് ജംഗ്ഷൻ വരെ. ചാപ്പനങ്ങാടി സി.എച്ച്. റോഡ് മുതൽ ജാറം പടിവരെ.
3. ചാപ്പനങ്ങാടി - കൂരിയാട് റോഡിൽ തലാപ്പ് റോഡ് ജംഗ്ഷൻ മുതൽ കൂരിയാട് അങ്ങാടി വരെ.
4. തലാപ്പ് - ജംഗ്ഷൻ

**സാദ്ധ്യതകൾ**

ഈ പഞ്ചായത്തിന്റെ പൊതുവായ വികസനത്തിന് സാദ്ധ്യമാകുന്ന നിർദ്ദേശങ്ങൾ

1. നാഷണൽ ഹൈവേ 17. വെട്ടിച്ചിറനിന്നും പത്തായകല്ല് - ഇന്ത്യനൂർ, കൂരിയാട് ചാപ്പനങ്ങാടി - പറങ്കി മുച്ചിക്കൽ മാണൂർ - ഒതുക്കുങ്ങൽ - മൂലപറമ്പ് വഴി നിർമ്മാണത്തിലിരിക്കുന്ന പരന്നുക്കാട് പാലം വഴി കോഴിക്കോട് വിമാനത്താവളവുമായി ബന്ധിപ്പിക്കുക.
2. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ചട്ടിപ്പറമ്പ്-കടുന്നാമുട്ടി - കാടാമ്പുഴ റോഡ് പൂർത്തിയാക്കിയാൽ ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് നിന്ന് തീർത്ഥാടന കേന്ദ്രമായ കാടാമ്പുഴ ക്ഷേത്രത്തിലേക്കുള്ള ദൂരം 15.കി.മി. ലാഭിക്കാൻ കഴിയും.
3. പെരിന്തൽമണ്ണ - തിരൂർ റോഡ് നിലവിൽ 24 .മീ. വീതിയുണ്ടെങ്കിലും പല സ്ഥലങ്ങളിലും ആളുകൾ കയ്യേറി പട്ടയം കരസ്ഥമാക്കുവാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഈ വീതി നിലനിർത്തി തിരൂർ-പെരിന്തൽമണ്ണ-മണ്ണാർക്കാട് ഹൈവേയാക്കാൻ നിർദ്ദേശിക്കുന്നു.

ട്രാക്ടറുകൾ ഇറക്കാനും നടവഴികൾ നിർമ്മിക്കാനും നിർദ്ദേശിച്ച സ്ഥലങ്ങൾ

1. എടച്ചിനിക്കാട് ഇടവഴി 400 മീറ്റർ

VI ചാപ്പനങ്ങാടി -മാർക്കറ്റ് -തലക്കാപ്പ് റോഡ് വരെ ഇടവഴി 150 മീ.

V പൊന്മള ഹരിജൻ കോളനിയിലേക്ക് പാലം നിർമ്മിക്കുക.

VII പൂച്ച പള്ളിയാലിൽ നിന്നും പാടത്തേക്കുള്ള നടവഴി നന്നാക്കുക. 600 മീറ്റർ.

VIII. അമ്മിക്കൽ പടി- പുതിയ നടവഴി ഉണ്ടാക്കുക. 400 മീറ്റർ.

IX ആളംപാറ-ദേവതകുഴി ഇടവഴി നന്നാക്കുക 400 മീറ്റർ

കാട്ടിങ്ങച്ചോലയിൽനിന്ന് പെരയി പള്ളിയാലി വഴി പെരഴിപാടത്തേക്ക് ട്രാക്ടറിറക്കാൻ വഴി നന്നാക്കുക. 1. k.m.

നെല്ലോളി പറമ്പ് നിന്ന് പള്ളിയാൽ കുന്ന് വഴി കാട്ടുങ്ങചോലയിലേക്ക് ഇടവഴി നന്നാക്കുക. 750 മീറ്റർ.

കാട്ടുങ്ങച്ചോല - കാശാവും കുന്ന് ഇടവഴി നന്നാക്കുക. 300 മീറ്റർ

X നീറ്റിച്ചിറ ആക്കപ്പറമ്പ് നിരപ്പ് ഇടവഴി

XI പൂനൂർ റോഡിൽനിന്ന് പരനെല്ലി വഴി 500 മീറ്റർ

ചൂനൂർ ചിറക്കൽ പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തുനിന്ന് പാടത്തേക്ക് വഴി നിർമ്മിക്കുക.

ചുരൂർ അയനിക്കലൂർ ഇടവഴി നന്നാക്കുക.

| പൊതുമരാമത്ത് ഏറ്റെടുക്കേണ്ട റോഡുകൾ | നീളം വീതി | |
|---|---|---|
| 1. മേൽമുറി -മുട്ടിപ്പാലം ഒറ്റത്തറ പൊന്മള റോഡ് | 4.km. 8 മീറ്റർ | പൊന്മള കോഡൂർ പഞ്ചായത്തുകളിലൂടെ കടന്ന് പോകുന്നു. |
| 2. പാപ്പായി - കറുപ്പിൽ പടി - പൂക്കുന്ന് റോഡ് | 5 km. 8 മീറ്റർ | കോട്ടക്കൽ - പൊന്മള ഒതുക്കുങ്ങൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 3. കുതിരട്ട പള്ള്യാലി-കാഞ്ഞിരമൂക്ക് വീരാല റോഡ് | 3 Km 8 മീറ്റർ | പൊന്മള -കോടൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 4. ആക്കപറമ്പ് നെന്മിണിപ്പാടം - തലക്കാപ്പ് കൂരിയാട് റോഡ് | 4. km 8 മീറ്റർ | പൊന്മള -കോട്ടക്കൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 5. വലിയപറമ്പ് - വില്ലൂർ തലക്കാപ്പ് ചാപ്പനങ്ങാടി റോഡ് | 6. km 8 മീറ്റർ | പൊന്മള -കോട്ടക്കൽ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |
| 6. നെല്ലോളി പറമ്പ് ചേങ്ങോട്ടൂർ ചെറുകുളമ്പ റോഡ് | 7. km 8 മീറ്റർ | പൊന്മള -കുറുവ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു. |

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും പ്രവർത്തി തുടങ്ങാതിരിക്കുകയും ചെയ്യുന്ന റോഡുകൾ

| | | |
|---|---|---|
| 1. കൊളത്തൂർ - കോട്ടക്കൽ റോഡ് | 3.5 Km. | കടുന്നാമുട്ടി മുതൽ ചൂനൂർ ഗതാഗത യോഗ്യ മല്ല - മെറ്റലടിച്ച് ടാറിംഗ് ചെയ്യേണ്ട പണിമാത്ര മാണ് ബാക്കിയുള്ളത് |
| 2. ചാപ്പനങ്ങാടി - പുളിയാട്ട് കുളം പാറമ്മൽ റോഡ് | 1.5 km. | പറങ്കി മൂച്ചിക്കൽ നിന്നാരംഭിച്ച മേൽമുറി - പുളിയാട് കുളം വഴി പാറമ്മൽ അവസാനിക്കുന്നു. എസ്റ്റിമേറ്റ് അനുമതിയായിട്ടുണ്ട്. മറ്റു വർക്കുകൾ തുടങ്ങണം. |
| 3. പടപ്പറമ്പ് ആക്കപറമ്പ് കോട്ടപ്പുറം റോഡ് | 1.5 k.m. | പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ടെൻഡർ ചെയ്തിട്ടുണ്ട്. മറ്റൊരു വർക്കും നടന്നിട്ടില്ല. |

### പൊതുമരാമത്ത് വകുപ്പ് റോഡുകൾ, ടാർ ചെയ്തതും ഗതാഗത യോഗ്യമായതും

| ക്രമനമ്പർപേര് | നീളം | വീതി | മറ്റുവിവരങ്ങൾ |
|---|---|---|---|
| 1 മലപ്പുറം -തിരൂർ റോഡ് | 1.5 K.M. | 16 മീറ്റർ | കിഴക്ക് ഉറുദുനഗറിൽനിന്നാരംഭിച്ച് (ഗതാഗത യോഗ്യമായത്) പടിഞ്ഞാറ് മാണൂരിൽ അവസാനിക്കുന്നത്. |
| 2. പെരിന്തൽമണ്ണ - തിരൂർ റോഡ് | 5. K.m. | 24 മീറ്റർ | കിഴക്ക് പടപറമ്പ് നിന്നാരംഭിച്ച് പടിഞ്ഞാറ് കുറുപ്പിൻ പടിയിൽ അവസാനിക്കുന്നു. ഗതാഗത യോഗ്യം. |
| 3. വട്ടപ്പറമ്പ് കാടാമ്പുഴ റോഡ് | 4. K.m. | 8 മീറ്റർ | വടക്ക് വട്ടപ്പറമ്പിൽ ആരംഭിച്ച് കുന്നം തെക്ക് കുറ്റിയിൽ അവസാനിക്കുന്നു. |
| 4. ചാപ്പനങ്ങാടി - ഇന്ത്യനൂർ കോട്ടയ്ക്കൽ | 1.5 K.m | 8 മീറ്റർ | ചാപ്പനങ്ങാടിയിൽ നിന്നാരംഭിച്ച് കൂരിയാടിൽ അവസാനിക്കുന്നു. |

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ

| | | | |
|---|---|---|---|
| 1. ചട്ടിപറമ്പ്-കടുന്നാമുട്ടി - കാടമ്പുഴ റോഡ് | 3.47 K.m. | 8 മീറ്റർ | ചട്ടിപറമ്പ് മുതൽ കടുന്നാമുട്ടിവരെ മെറ്റലടിച്ച് ടാറിംഗിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. |
| 2. പറങ്കിമൂച്ചിക്കൽ- മാണൂർ റോഡ് | 5. K.m. | 8 മീറ്റർ | മൺപണി നടന്ന് കൊണ്ടിരിക്കുന്നു. |

# നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

| ക്രമ നമ്പർ | ആരംഭിക്കുന്നത് | വഴി | അവസാനിക്കുന്നത് | ദൂരം | വീതി | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | പൊന്മള | വല്ലാണി പറമ്പ് | പൂവ്വാട് | 2. K.m. | 4 മീറ്റർ | 300 മീറ്റർ ടാറിംഗ് നടന്നു |
| 2. | പൊന്മള | തേമ്പറമ്പ് | വടക്കേകുണ്ട് | 1.km | 4 മീറ്റർ | 300 മീറ്റർ ടാറിംഗ് നടന്നു. |
| 3. | പൊന്മള പള്ളിപ്പടി | എളയോടത്ത് വഴി | പട്ടർ കടവ് | 2.5 k.m | 4. മീറ്റർ | ഗതാഗത യോഗ്യമല്ല |
| 4. | മാണൂർ | പല്ലണി പറമ്പ് | പൂവ്വാട് | 2.k.m | 4. മീറ്റർ | ഗതാഗതയോഗ്യമല്ല |
| 5. | പൊന്മള - കിഴക്കേ തല | മുട്ടിപ്പാലം | മേൽമുറി | 4 k.m. | 6. മീറ്റർ | 1.5 കി.മീ. ടാറിംഗ് നടന്നു. |
| 6. | പൊന്മള - പള്ളിപ്പടി | കല്ലകുളമ്പ് | മുടയമ്മൽ റോഡ് | 2.5 k.m. | 4. മീറ്റർ | ഈ റോഡ് കെ.പി.മുഹമ്മദ് മുസ്ലിയാർ മെമ്മോറിയൽ റോഡ് എന്നറിയപ്പെടുന്നു |
| 7. | കുറുപ്പിൽപടി | വടക്കേ കുളമ്പ് | അമ്പലവട്ടം | 3.5 k.m/ | 4. മീറ്റർ | ഗതാഗതയോഗ്യമല്ല. [illegible] |
| 8. | പറങ്കിമുച്ചിക്കൽ | | തെക്കെ പറമ്പ് | 500 മീറ്റർ | 4. മീറ്റർ | [illegible] ~~500~~ മീറ്റർ ടാർചെയ്തിട്ടുണ്ട്. |
| 9. | കൊയക്കോട് | പഞ്ചായത്ത് ഓഫീസ് | ചാപ്പനങ്ങാടി | 1.k.m. | 6. മീറ്റർ | 200 മീറ്റർ ടാർ ചെയ്തത് |
| 10. | തലക്കാപ്പ് | സ്കൂൾ പറമ്പ് | ചാപ്പനങ്ങാടി | 1.5 k.m | 8. മീറ്റർ | ടാറിംഗ് കഴിഞ്ഞു |
| 11. | കുരിയാട് | | തലക്കാപ്പ് | 1.k.m | 8. മീറ്റർ | മൺറോഡ് -ഗതാഗതയോഗ്യം |
| 12. | തലക്കാപ്പ് | തോട്ടപ്പായി | മണ്ണഴി | 3. k.m. | 6. മീറ്റർ | ടാർ ചെയ്തു |
| 13. | കുരിയാട് ജുമാമസ്ജിദ് | | | 100 മീറ്റർ | 4. മീറ്റർ | മൺറോഡ് |
| 14. | ചാപ്പനങ്ങാടി | നളത്തനങ്ങാടി | G.H. Road | 200 മീറ്റർ | 4. മീറ്റർ | മൺറോഡ് |
| 15. | കോട്ടപ്പുറം | ഹൈ-ടെക് ഇൻഡസ്ട്രീസ് വഴി | നെന്മിണിപ്പാടം | 1.k.m. | 4. മീറ്റർ | മൺറോഡ് |
| 16. | മണ്ണഴി | പുത്തൻവീട്ടിൽ പടി | മുണ്ടിയാം തറ | 750 മീറ്റർ | 4. മീറ്റർ | ഗതാഗതയോഗ്യമല്ല<br>മൺറോഡ് |

| | | | | | | |
|---|---|---|---|---|---|---|
| 17. | നെല്ലോളി പറമ്പ് | തെച്ചിക്കുന്ന് പറമ്പ് | മുണ്ടിയാംതറ | 1600 മീറ്റർ | 8 മീറ്റർ | 675 മീറ്റർ ടാർ ചെയ്തു. - ബാക്കി ഗതാഗതയോഗ്യമല്ല. |
| 18. | കാട്ടുങ്ങൾ ചോല | പെരിച്ചൽ പറമ്പ് | ചെങ്ങോട്ടൂർ | 1700 മീറ്റർ | 8 “ | 500 മീറ്റർ ടാർചെയ്തു. മൺറോഡ് - ഗതാഗതയോഗ്യമല്ല |
| 19. | ചെങ്ങോട്ടൂർ -തീറ്റിച്ചിറ | തെക്കേക്കര | ഹരിജൻകോളനി | 1300 “ | 4 “ | മൺറോഡ് |
| 20. | തെക്കേക്കര | നിരപ്പുപറമ്പ് | ആക്കപറമ്പിൽ | 600 “ | 4 “ | മൺറോഡ് |
| 21. | കോൽക്കളം | ... | കുന്നംകുറ്റി | 1.5 K.M. | 4 “ | മൺറോഡ് |
| 22. | മണ്ണഴി | ..... | ബാങ്ക് റോഡ് | 100 മീറ്റർ | 4 “ | “ |
| 23. | ചുനൂർ | സ്കൂൾപടി | പത്തായക്കല്ല് | 1.K.M. | 4 “ | “ ; |
| 24. | പഞ്ചായത്താപ്പീസ് | .... | ലക്ഷംവീട് കോളനി | 150 മീറ്റർ | 8 “ | “ |
| 25. | ചാപ്പനങ്ങാടി | പുത്തൻകിണർ | പഞ്ചായത്താപ്പീസ് | 100 മീറ്റർ | 4 “ | “ |
| 26. | പഴനിങ്ങൽ | ... | ഞെരിഞ്ഞിൽക്കുണ്ട് | 500 മീറ്റർ | 5 “ | “ |
| 27. | കുരിയാട്റോഡ്സ്കൂൾപടി | പള്ളിപ്പറമ്പ് | തെക്കേചിനറോഡ് | 500 “ | 6 “ | “ |
| 28. | ചാപ്പനങ്ങാടി | മീൻതട്ട് | മാർക്കറ്റ് റോഡ് | 200 “ | 4 “ | “ |
| 29. | അത്താണിക്കൽ | ചെനത്തടം ചെറുകുന്ന നിരപ്പ്, മുഹമ്മദ് ഹാജി പടി. | അഞ്ചാലക്കുണ്ട് | 500 “ | 4 “ | “ |
| 30. | അത്താണിക്കൽ | ഇല്ലിക്കൽ | ചുടലയ്ക്കൽ (ശ്മശാനം) | 500 “ | 4 “ | “ |
| 31. | പഴനിങ്ങൽ | ... | കാഞ്ഞിരവള്ളി | 400 “ | 4 “ | ‘ |
| 32. | ചാപ്പനങ്ങാടി | വേർക്കോട്ടുപടി | മേൽമുറി റോഡ് | 1 K.M | 4 “ | “ |
| 33. | ചാപ്പനങ്ങാടി | ചെങ്ങണക്കാട് | കലക്കാപ്പ്റോഡ് | 1.5 KM | 4 “ | ‘ |
| 34 | ചാപ്പനങ്ങാടി | സി.എച്ച് റോഡ് | കോടുകണ്ടം | 1. Km | 4 “ | “ |
| 35. | വട്ടപ്പറമ്പ് | മിച്ചഭൂമി | തോട്ടപ്പായി | 500 മീറ്റർ | 4 “ | “ |
| 36. | പഴനിങ്ങൽ | | മാനാംഞ്ചോല | 500 മീറ്റർ | 4 “ | “ |
| 37. | അമ്പലപള്ളി..... | പനങ്ങാട്ടെകുളമ്പ് | പരന്നകല്ല് | 1.5 K.M. | | “ |
| 38. | മെയിൻ റോഡ് | ..... | കുന്നൻ കുറ്റി | 500 മീറ്റർ | | “ |
| 39. | കല്ലുവളപ്പ് വട്ടിപ്പറമ്പ | കുണ്ടുവയിൽ ഇടവഴി | പടിഞ്ഞാറെപള്ളിയാൽ | 1500 മീറ്റർ | | “ |
| | മിച്ചഭൂമികോളനി ശ്മശാനം | | | | | “ |
| | (ഹരിജൻ) | | | | | |

## പഞ്ചായത്ത് നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് നമ്പർ | ആരംഭിക്കുന്നത് | വഴി | അവസാനിക്കുന്നത് | ദൂരം | വീതി |
|---|---|---|---|---|---|
| 1. | പൊന്മള പട്ടർകടവ് | എ.എം.എൽ.പി. സ്കൂൾ | പൂവ്വാട് റോഡ് | - | - |
| | "മാണൂർ | - | മലയിൽകുളമ്പ് | - | - |
| 2. | മാണൂർ ലക്ഷംവീട് | ആടുവളർത്തൽ കേന്ദ്രം | മുടേമ്മൽ റോഡ് | 500 മീറ്റർ | 4 മീറ്റർ |
| 3. | കളർക്കത്തൊടി | ഞാളൂർതൊടി | പൊന്മള-പടിഞ്ഞാറെക്കര | 1.km. | " |
| | മാണൂർ പഴയവള്ളി | മാണൂർ കുണ്ട് | ഒതുക്കുങ്ങൽ -തങ്ങൾ പടി | 300 മീ. | " |
| 4. | ചുള്ളിയിൽ ചോല | അഞ്ചാലക്കുണ്ട് | അത്താണിക്കൽ | 500 മീറ്റർ | " |
| | ചുള്ളിക്കുളമ്പ് | വലിയ പറമ്പ് | കുറുപ്പിൻപടി | 2 ക.മീ. | " |
| | മാനാംചോല | - | പാറമ്മൽ | 500 | " |
| | ഞാറ്റുകെട്ടിച്ചോല | പോതാൽ | മോന്തിപ്പറമ്പ് | 500 മീ. | " |
| 5. | ബീരാല | - | ഹരിജൻ കോളനി | 500 മീ. | " |
| | കാഞ്ഞിരമുക്ക് | നൂഞ്ഞിപ്പാടം -ഇരുകുളം | കുതിരവട്ട പള്ള്യാലി | 1Km. | " |
| | പൊട്ടിച്ചിന | ഇല്ലിക്കൽ ചുടല | മോന്തിപ്പറമ്പ് | 2 കി.മി | " |
| | നോക്കാംപാറ | ചിനങ്ങാട്ട കുളമ്പ് | ചിറക്കുണ്ട് | 1 കി.മീ. | " |
| | ഇറപ്പൻ പള്ള്യാലി | - | മാട്ടുത്തൊടി കുളമ്പ് | 500 മീറ്റർ. | " |
| | മുട്ടിപ്പാലം | - | ഹരിജൻ റോഡ് | 500 മീ. | " |
| | മുട്ടിപ്പാലം | അമ്പലവട്ടം | മോന്തിപ്പറമ്പ് | 2 കി.മീ. | " |
| 6. | ചാപ്പനങ്ങാടി | തെക്കത്തുചോല | മേൽമുറി | 1കി.മീ. | " |
| | മൻസർ പടി | - | ആറംബി കുളം | 250 മീ | " |
| | ചാപ്പനങ്ങാടി | ഹൈസ്കൂൾ പറമ്പ് | തലക്കാപ്പ് ചോല | 500 മീറ്റർ | " |
| 7. | കല്പറമ്പ് | കിഴക്കേക്കര | പുളിക്കലങ്ങാടി | 500 മീ | " |
| | തലക്കാപ്പ് | പാടം | ചുനൂർ | 1.കി.മീ. | " |
| | കല്പറമ്പ് | പറങ്കി മൂച്ചിക്കൽ | | " | " |
| 8. | മണ്ണഴി-മൃഗാശുപത്രി | മനക്കൽ ചിറ | തെക്കെക്കര.ഹരിജൻകോളനി | 500 മീറ്റർ | " |
| " | തോട്ടപ്പായി | | ചാപ്പനങ്ങാടി | 1.കി.മീ. | " |
| " | മണ്ണഴി റോഡ് | | മണ്ണഴിപ്പാടം | 250. മീറ്റർ | " |

| | | | | | |
|---|---|---|---|---|---|
| | നല്ലകാപ്പ് അമ്മിണിപ്പാടം | | ഹരിജൻ കോളനി | 1.കി.മീ. | " |
| | പന്നിച്ചോല | | പുത്തൻവീട് പടി | 150" | " |
| | ചേങ്ങോട്ടൂർ പള്ളിപ്പടി | | തെക്കെക്കര | 750 മീറ്റർ | " |
| | ചക്കിങ്ങപ്പടി | കൊറ്റാർ | ആളൻ പാറ | 1.കി.മീ. | " |
| " | മണ്ണാൻ പറമ്പ് | പെരയിൽ | പള്ള്യാലി പെരിച്ചൻ പറമ്പ് | 1.5 കി.മീ. | " |
| | ആക്കപറമ്പ് | | | | |
| | മണ്ണഴി | കിഴുവീട്ടിൽ ഇടവഴി | | 400മീ. | |
| | | | നിരവ്വരെ(ഇടവഴിനന്നാക്കുക) | 800 മീറ്റർ. | 4 |
| 9. | കാട്ടുങ്ങചോല | | മണ്ണാൻ പറമ്പ് | 1.5 കി.മീ. | 4. മീറ്റർ |
| " | നീറ്റിച്ചിറ | നടുപ്പാടം | ചക്കിണ്ടപറമ്പ് | 1.5 കി.മീ. | " |
| " | മുണ്ടിയാം തറ | | തെക്കെക്കര ഹരിജൻ കോളനി | 1.40 | " |
| " | കാട്ടുങ്ങച്ചോല | ദേവതകുഴി പറമ്പ് | കൊറ്റാർ | 2. കി.മീ | " |
| " | അമ്പലപള്ള്യാലി | പനങ്ങാട്ട് കുളമ്പ് | കണക്കയിൽപടി | 1.5. കി.മീ. | " |
| " | കോൽക്കളം മദ്രസ്സ | ചൂരക്കാട് | കുന്നം കുറ്റി | 1.5 കി.മീ. | " |
| " | പരക്കൽ | | പണ്ടാരച്ചിറ | 500 മീറ്റർ | " |
| " | ആക്കപറമ്പ് സ്കൂൾ | | കുഞ്ഞിപെണ്ണങ്ങാടി | 750 മീറ്റർ | " |
| | വലിയ പള്ള്യാലി | | കുന്നം കുറ്റി | 500 മീറ്റർ | " |
| " | പനങ്ങാട്ട് കുളമ്പ് | | നിരപ്പ് | 500.കി.മീ. | " |
| | മൂച്ചി കുളമ്പ് | പുഴിത്തറ | കിഴക്കേക്കര | 11.കി.മീ. | " |
| " | കല്ലങ്കുത്ത് | അരു ചാണപറമ്പ് | കുഞ്ഞിപെണ്ണങ്ങാടി | 750 മീറ്റർ | " |
| " | കോൽക്കളം | | കീപ്പാടം | 500 മീറ്റർ | |
| " | ആക്കപ്പറമ്പ മദ്രസ | നിരപ്പ് | തെക്കെക്കര | 1.കി.മീ. | |
| 11. | ചൂനൂർ മദ്രസ്സ | | പത്തായക്കല്ല് | 1.കി.മീ. | |
| " | ചോലകുളമ്പ | | പത്തായ കുളമ്പ് | 500 മീറ്റർ | " |
| | പൂനൂർ മദ്രസ തുടക്കം | | | | |
| | തച്ചാട്ടുപറമ്പ് | | പത്തായകല്ല് | 500 മീറ്റർ | |
| " | ചൂനൂർ | | വരനെല്ല് | 500 മീറ്റർ | |
| " | ചൂനൂർ എൽ.പി.സ്കൂൾ | | തടം | 500 മീറ്റർ | |
| | കുന്നത്ത് പള്ള്യാലി | | കുന്നം കുറ്റി | 500 മീറ്റർ | |

**പൊതുനിർദ്ദേശങ്ങൾ**

III റോഡ് അടയാളങ്ങൾ സ്ഥാപിക്കുക.

V റോഡ് നിയമങ്ങൾ പാലിക്കുന്നതിന് വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും പ്രാദേശിക തലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥൻമാർ പൊതുമരാമത്ത് വകുപ്പ്, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് ബോധവൽക്കരണം നടത്തുക.

സന്നദ്ധ സംഘടനകളുടെയും യുവജന പ്രസ്ഥാനങ്ങളുടെയും സഹായം തേടാവുന്നതാണ്.

**പൊതു നിർദ്ദേശങ്ങൾ**

മലപ്പുറം- വളാഞ്ചേരി റൂട്ടിൽ (വലിയാട് വട്ടപ്പറമ്പ് കോട്ടപ്പുറം, കാടാമ്പുഴ വഴി)

കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുവദിക്കുക. ഇത് മലപ്പുറം കാടാമ്പുഴ റൂട്ടിൽ 15 കി.മീറ്ററോളം ദൂരം കുറയ്ക്കും. ഇത് കാടാമ്പുഴ ക്ഷേത്ര തീർത്ഥാടകർക്ക് സൗകര്യപ്രദമാവും.

**ഊർജ്ജം**

വൈദ്യുതിയും വൈദ്യുതേര ഊർജ്ജ സ്രോതസ്സുകളുമായ വിറക്, മണ്ണെണ്ണ, പാചക വാതകം, കൽക്കരി എണ്ണയുൽപ്പന്നങ്ങൾ, എണ്ണ തുടങ്ങിയവും എല്ലാം അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഊർജ്ജാസൂത്രണമാണ് സമ്പൂർണ്ണ ഉർജ്ജ ആസൂത്രണം കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത്. ദേശീയതലത്തിൽ ഊർജ്ജാസൂത്രണം എന്നാൽ വൈദ്യുതിയുടെ ആസൂത്രണം എന്നേ ഉദ്ദേശിക്കുന്നുള്ളൂ. എന്നാൽ വികേന്ദ്രീകരണ ആസൂത്രണത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ ഊർജ്ജാസൂത്രണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾ വൈദ്യുത ബോർഡിനെക്കൊണ്ട് ചെയ്യിക്കൽ, ട്രാൻസ്ഫോർമർ കപ്പാസിറ്റി ശസ്ത്രീയമായി വർദ്ധിപ്പിക്കൽ. ട്രാൻസ്ഫോർമറുകൾ ആവ്യശ്യാനുസരണം സ്ഥാപിക്കൽ. പ്രേക്ഷണ-വിതരണ നഷ്ടം ഒഴിവാക്കുവാൻ വൈദ്യുത ലൈനുമായി ബന്ധപ്പെട്ട മരച്ചില്ലകൾ വെട്ടൽ, പുകയില്ലാത്ത അടുപ്പ് പ്രചരിപ്പിക്കൽ, കാറ്റാടി പമ്പുകൾ, സൗരവിളക്കുകൾ, സോളാർ ടി.വി. സോളാർ വാട്ടർഹീറ്റർ, പ്രഷർകുക്കർ, ദക്ഷതയേറിയ മണ്ണെണ്ണയടുപ്പുകൾ തുടങ്ങിയവ പ്രചരിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കേണ്ടിരിക്കുന്നു.

പൊന്മള പഞ്ചായത്തിൽ മലപ്പുറം-കോട്ടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷനിലായിട്ട് വൈദ്യുതി വിതരണം നടത്തുന്നു.

പൊന്മള-പള്ളിപ്പടി മുതൽ കിഴക്ക്, വടക്കേ കുണ്ട് ഭാഗം വരെയും (സുമാർ 2.കി.മീ. ചട്ടിപറമ്പ് മുതൽ മേഞ്ഞോട്ടൂർ കിഴക്കേ തല വരെയും നെലോളി പറമ്പ് വട്ടപറമ്പ് പ്രദേശത്തും മലപ്പുറം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് വൈദ്യുതി വിതരണം നടത്തുന്നു.

പഞ്ചായത്തിലെ ബാക്കി പ്രദേശങ്ങളിൽ കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നാണ് വൈദ്യുതി വിതരണം നടത്തുന്നത്.

മുണ്ടുപറമ്പ് എടരിക്കോട് എന്നീ സബ് സ്റ്റേഷനുകളിൽ നിന്നാണ് വൈദ്യുത വിതരണം നടത്തുന്നത്.

ഏകദേശം 4000 ഗാർഹിക വൈദ്യുത കണക്ഷനും 250ഓളം കാർഷിക കണക്ഷനും 500 വ്യാപാര കണക്ഷനും 35 ചെറുകിട വ്യവസായ കണക്ഷനുമാണ് ഉള്ളത്.

വോൾട്ടേജ് ക്ഷാമമാണ് ഉപഭോക്താക്കളുടെ പ്രധാന പരാതി. പഞ്ചായത്തിൽ ആകെ 14 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്.

പല സ്കീമുകളിലായി 1000 ത്തിലധികം അപേക്ഷകർ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ കാർഷിക ആവശ്യത്തിന് മുൻഗണന നൽകി സൗജന്യമായി കണക്ഷൻ നൽകുവാൻ മുഴുവൻ ഗ്രാമസഭകളും ആവശ്യപ്പെട്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ ആകെ അഞ്ച് ഹരിജൻ കോളനികളുള്ളതിൽ രണ്ട് കോളനികൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

മുഴുവൻ ഗ്രാമസഭകളും സ്ടീറ്റ്ലൈറ്റ് സോഡിയം വേപ്പർ ലാമ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഫണ്ടിൽനിന്നും 313 രൂപ ഇതിന് വേണ്ടി മാസത്തിൽ ചിലവഴിക്കുന്നു.

രണ്ട് സെക്ഷനുകളായതുകൊണ്ട് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഈ പഞ്ചായത്ത് മലപ്പുറം സെക്ഷന്റെ കീഴിലാക്കി പണമടക്കുന്നതിന് പഞ്ചായത്ത് ആസ്ഥാനത്ത് സൗകര്യം ചെയ്യണമെന്നും ബന്ധപ്പെട്ടവരോട് അപേക്ഷിക്കുന്നു.

എല്ലാ ഗ്രാമസഭകളിൽനിന്നും ബോർഡ് ജീവനക്കാരെ സംബന്ധിച്ച് പരാതികൾ ഉണ്ടായിരിക്കുന്നു.

ഗ്രാമസഭകൾ മുന്നോട്ട് വെച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പട്ടികയിൽ വെച്ചിട്ടുണ്ട്. ഭൂരിപക്ഷം ഗ്രാമസഭകളും കാർഷിക ആവശ്യത്തിനുള്ള വൈദ്യുത കണക്ഷൻ സൗജന്യമായിരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

നിരദ്ധനരായ കുടുംബങ്ങൾക്കും, ലക്ഷംവീട് കോളനികളിലെ മുഴുവൻ വീടുകളും മുഴുവൻ ഹരിജൻ വീടുകളും സൗജന്യമായി വയറിംഗ് നടത്തി കണക്ഷൻ നൽകി

വൈദ്യുത ചാർജ് ഒഴിവാക്കികൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകൾ വളരെ കുറവാണ്.

ഗ്യാസ്-മണ്ണെണ്ണ വൈദ്യുതി ഉപയോഗിച്ച് പാചകം നടത്തുന്നവർ 2% ത്തിൽ താഴെ മാത്രമേയുള്ളു.

വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ദുരുപയോഗം ഒഴിവാക്കാനും ബോർഡ് ജീവനക്കാരുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ ബോധവൽക്കരണ പരിപാടി നടത്തണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

ഊർജ്ജാസൂത്രണം എന്ന് പറയുമ്പോൾ നമ്മളെല്ലാവരും പൊതുവെ ഉദ്ദേശിക്കുന്നത് വൈദ്യുതി ഉൽപാദനവും, വിതരണവും എന്നാണ്. വിറക്, ചാണകം, വരളി, ചപ്പ് ചവറുകൾ, മറ്റു ജൈവ ദ്രവ്യങ്ങൾ, ജൈവ വാതകം, മണ്ണെണ്ണ, പാചകവാതകം, കൽക്കരി, പ്രകൃതിവാതകം തുടങ്ങിയ വിവിധ ഊർജ്ജ സ്രോതസ്സുകളേയും സൂര്യനിൽനിന്ന് കിട്ടുന്ന ചൂട്, (വെയിലും) നാം വ്യാപകമായി ഉപയോഗിക്കേണ്ടതുണ്ട്. മണ്ണെണ്ണയിലേക്കും, ഗ്യാസിലേക്കും ഉള്ള മാറ്റം ശക്തി പ്രാപിക്കുന്നുണ്ടെങ്കിലും ദക്ഷത കൂടിയ വിറകടുപ്പുകളുടെ സ്ഥാനം മറക്കുന്ന ഒരു ഊർജ്ജാസൂത്രണവും ഒഴിവാക്കാനാവില്ല. ആറാം പഞ്ചവത്സരപദ്ധതി മുതൽ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിവരുന്ന സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IRDP) ഈ ലക്ഷ്യത്തോടെയാണ് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തുനുപയോഗിക്കുന്നത് വിറകാണ്. പുകശല്യമില്ലാത്ത പരിഷത്ത് അടുപ്പുകൾ വളരെ കുറവാണ്. ഇതുകൊണ്ടുതന്നെ പുകശല്യത്തിൽനിന്നും പൂർണമായി ഒഴിവാകുവാൻ നമ്മുട വീട്ടമ്മമാർക്ക് കഴിയുന്നില്ല. പല പുകജന്യരോഗങ്ങളും വീട്ടമ്മാമാരിൽ കാണുന്നു.

പാചകാവശ്യത്തിന് ഒരു ശരാശരി അമേരിക്കകാരൻ ചെലവാക്കുന്നതിനേക്കാൾ വളറെ കൂടുതൽ നമ്മൾ ചെലവാക്കുന്നു. നാം വിറക് കത്തിച്ചുണ്ടാക്കുന്ന ചൂടിന്റെ മുക്കാൽ പങ്കിലധികവും പാഴായിപോകുന്നു. ഇതിന് പരിഹാരമെന്നോണം വിറകിന്റെ ഉപയോഗം മൂന്നിലൊന്നായി കുറക്കുന്ന പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുന്നത് ഇതിനൊരു പരിഹാരമാണ്. ഇതിന് വേണ്ടി പൊന്മള പഞ്ചായത്തിൽ ഉൾപ്പെട്ട മലപ്പുറം ബ്ലോക്ക് IREP സ്കീമീൽ ഉൾപ്പെടുത്തേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റുകൾ, ഗോബർ ഗ്യാസ് പ്ലാന്റുകൾ എന്നിവ സമഗ്ര ഊർജ്ജാസൂത്രണത്തിന്റെ ഭാഗമായി വരണം.നാഷണൽ പ്ലാനിംഗ് കമ്മീഷൻ രൂപംകൊടുത്തിട്ടുള്ള IREP പദ്ധതി പൊന്മള ടോട്ടൽ എനർജി പ്ലാനിങ്ങ് പ്രോജക്ട് എന്ന പേരിൽ നടപ്പിലാക്കണം.

**സാദ്ധ്യതകൾ:**

പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും, സോളാർ വിളക്കുകളെ പറ്റിയും അറിയുന്ന ധാരാളം സന്നദ്ധ സംഘടനകളും ക്ലബ്ബുകളുമുള്ള പഞ്ചായത്ത് ആയത്കൊണ്ട് അനർട്ടിന്റെയും, വൈദ്യുതിബോർഡിന്റെയും സഹകരണത്തോട് കൂടി ഇവ രണ്ടും വ്യാപകമാക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. നമ്മുടെ പഞ്ചായത്തിൽ 100 ൽപരം അടുപ്പുകൾ ശാസ്ത്ര സാഹിത്യ പരിഷത്ത് നിർമ്മിച്ചത് നാം ഇവിടെ എടുത്തു പറയേണ്ട കാര്യമാണ്.

മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചണത്തിനായുള്ള ദേശീയ പരിപാടി (NPIC) കേരളത്തിൽ അനെർട്ട് (ANERT) എന്ന സർക്കാർ സ്ഥാപനമാണ് നടപ്പിലാക്കുന്നത്. അതു കൂടാതെ സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IREP) യിലൂടെ സംസ്ഥാന സർക്കാർ നല്കുന്ന സബ്സിഡിയും ഇതിന് ലഭ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ അടുപ്പ് സ്ഥാപിക്കുവാൻ വൈദഗ്ദ്ധ്യം ഉള്ളവർ വേണ്ടത്ര ഇല്ലാത്തതുകൊണ്ട് അനർട്ടുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടിവരും. ഇത് തൊഴിൽ രഹിതരായ യുവാക്കൾക്ക് താല്ക്കാലികമാണെങ്കിലും ഒരു ജോലി ലഭിക്കാൻ സഹായിക്കുന്നു. മറ്റൊരു ഊർജ്ജക്ഷമത കൂടിയ ഉപകരണമാണ് പ്രഷർകുക്കർ. പ്രഷർകുക്കറിന്റെ ഉയർന്ന വില്യാണ് ഇതിന്റെ വ്യാപനത്തിനുള്ള പ്രധാനപ്പെട്ട തടസ്സം. ഇതിന് പരിഹാരമായി അനെർട്ട് പ്രഷർകുക്കർകൾക്ക് സബ്സിഡി നൽകുന്നു. അനെർട്ടുമായി ബന്ധപ്പെട് സബ്സിഡിയോടു കൂടിയുള്ള പ്രഷർകുക്കർ വിതരണം നമ്മുടെ പഞ്ചായത്തിന് ഏറ്റെടുക്കാം.

**വിറക്:**

കാർഷികാവശിഷ്ടങ്ങൾ, വിസർജ്ജ്യവസ്തുക്കൾ, മുതലായവയിൽനിന്ന് അനെയ്റോബിക് ദഹനത്തിലൂടെ ഇന്ധനവാതകം ഉണ്ടാക്കുന്നതിനുള്ള സങ്കേതമാണല്ലോ ബയോഗ്യാസ് പ്ലാന്റുകൾ. വീടുകൾക്ക് ബോയോഗ്യാസ് പ്ലാന്റ് ഉണ്ടാക്കാനുള്ള സഹായം (ഗ്രാന്റുൾപ്പെടെ) കൃഷിവകുപ്പിൽനിന്നും KVIC യിൽനിന്നം കിട്ടും. പലവീടുകൾക്കും ഒരുമിച്ചുപയോഗിക്കാവുന്ന വലിയ കമ്മ്യൂണിറ്റ് ബയോ ഗ്യാസിനുള്ള സഹായം (സാങ്കേതിക സഹായം ഉൾപ്പെടെ) അനെർട്ടിൽനിന്നും കിട്ടും. ഇവയുടെ നിർമ്മാണത്തിൽ ഗ്രാമത്തിലെ സാങ്കേതിക വാസനയുള്ള ചെറുപ്പക്കാരെകൂടി പങ്കെടുപ്പിക്കുകയാണെങ്കിൽ നമുക്കും സ്വായത്തമാക്കാവുന്നത്രയേ ഉള്ളൂ. നല്ലൊരു തൊഴിലവസരവും ഇത്തരത്തിൽ ലഭ്യമാകും.

**കർമ്മപദ്ധതി:**

ചുരുക്കത്തിൽ ഊർജ്ജ സംബന്ധിയായ എല്ലാ പ്രവർത്ത

നത്തിനും ഉള്ള മുന്നൊരുക്കം ഊർജ്ജ സർവ്വേ ആണ്. സർവ്വേയുടെ ഫലങ്ങളെ ക്രോഡീകരിച്ച് അപഗ്രഥിച്ച് വില യിരുത്തി. ഒരു സമഗ്ര ഊർജ്ജ ആസൂത്രണ പദ്ധതിക്ക് രൂപം കൊടുക്കണം. ഇതിന് ശാസ്ത്ര സാങ്കേതിക രംഗത്തെ ലഭ്യ മാക്കാം. ഈ സമഗ്ര പദ്ധതിയുടെ ഭാഗമായി പാചകം, വെളിച്ചം, ജലസേചനം, കുടിവെള്ളം വ്യവസായോർജ്ജം എന്നീ വിവിധ മേഖലകൾക്കും ഊർജ്ജം നൽകാനുള്ള പദ്ധ തികൾക്കു രൂപം നൽകണം. ഓരോന്നിനും സാങ്കേതിക സേവനവും സാമ്പത്തിക സഹായവും നൽകാൻ കഴിവുള്ള സർക്കാർ ഏജൻസികളെയും സന്നദ്ധസംഘടനകളെയും കണ്ടെത്തണം. അവരുടെ സഹായത്തോടെ വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഏജൻസി കൾക്ക് സമർപ്പിച്ച് സാമ്പത്തികം ലഭ്യമാക്കാം.

**മാർക്കറ്റിംഗ്**

പഞ്ചായത്തിൽ മാർക്കറ്റിംഗ് സമ്പ്രദായം ഇല്ലെന്നുതന്നെ പറയാം. ഇവിടെ ഉല്പാദിപ്പിക്കുന്ന പ്രധാന കാർഷിക വിള കൾ നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടക്ക, നെല്ല്, കിഴങ്ങ് വർഗങ്ങൾ, പച്ചക്കറികൾ, തുടങ്ങിയവയാണ്. ഈ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു ആവശ്യമായ കമ്പോള സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. ഇവിടെ സ്വകാര്യ മേഖലയിലോ സഹകരണമേഖലയിലോ ആയി വിപണി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

**പ്രശ്നങ്ങൾ**

1. കാർഷിക ഉല്പന്നങ്ങളായ നെല്ല്, നാളികേരം, വാഴപ്പഴം, കിഴങ്ങ് വർഗ്ഗങ്ങൾ വിപണത്തിനുള്ള സൗകര്യമില്ല.
2. അടക്ക വെറ്റില തുടങ്ങിയ നാണ്യവിളകളുടെ കമ്പോള വികസനത്തിന് യാതൊരു സൗകര്യങ്ങളുമില്ല.
3. ചാപ്പനങ്ങാടിയൊഴികെ, മാംസ വിപണന സൗകര്യമില്ല.

   അതു തന്നെ ഇപ്പോൾ പൊളിച്ചുമാറ്റിയിട്ടുണ്ട്.
4. മത്സ്യവിപണനത്തിനുള്ള സൗകര്യമില്ല.

**സാധ്യതകൾ**

1. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിലെ കോട്ട പ്പുറം, ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ, പൊന്മള എന്നീ പ്രദേശങ്ങളിൽ വിപണന സൗകര്യങ്ങൾ ഏർപ്പെടു ത്തുക.
2. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിടങ്ങൾ സ്ഥാപിച്ച് വ്യാപാരി കൾക്ക് വാടകക്ക് നൽകുക. ഇവയിൽ എല്ലാ ഇനം കാർഷിക വിളകളും നാണ്യവിളകളും വാങ്ങുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തുക.
3. കാപക്സിന്റെയും മറ്റു പൊതു - സഹകരണ സ്ഥാപന ങ്ങളുടെ വിപണന കേന്ദ്രങ്ങൾ പഞ്ചായത്ത് അതിർത്തി യിൽ ആരംഭിക്കുക.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ചു വ്യാപാരി കൾക്ക വാടകയ്ക്ക് നൽകുക.
2. ചാപ്പനങ്ങാടിയിൽ മുമ്പുണ്ടായിരുന്ന മാർക്കറ്റിന്റെ സ്ഥാനത്ത് വിപുലമായി പുതിയ മാർക്കറ്റിംങ് കോംപ്ലക്സ് നിർമ്മിക്കുക. കൂടാതെ അതുതന്നെ മാംസ, മത്സ്യ, പച്ചക്കറി, തുടങ്ങിയവയുടെ വിപണത്തിന് സൗകര്യം ഏർപ്പെടുത്തുക.
3. മറ്റു കേന്ദ്രങ്ങളിലും ഇതുപോലെയുള്ള മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക
5. പഞ്ചായത്തതിർത്തിയിൽ പൊതു-സഹകരണ സ്ഥാപ നങ്ങളുടെ വിപണന ഏജൻസികളുടെ ശാഖകൾ സ്ഥാപിച്ചു വിപണന രംഗത്തുള്ള മധ്യവർത്തികളെ ഒഴി വാക്കുക.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റ്, ഒന്ന്, മൂന്ന്, നാല്, അഞ്ച്, ഏഴ്, എട്ട്, ഒമ്പത് പത്ത്, പതിനൊന്ന് വാർഡുകളിൽ സ്ഥാപിക്കുക.
2. വെറ്റില, അടക്ക, നാളികേരം, തുടങ്ങിയ നാണ്യവിളക ളുടെ വിപണത്തിന് മൂന്ന്, നാല്, അഞ്ച്, എട്ട്, പത്ത് , പതിനൊന്ന് വാർഡുകളിൽ മാർക്കറ്റുകൾ സ്ഥാപിക്കുക.
3. മത്സ്യ-മാംസ മാർക്കറ്റുകൾ ചാപ്പനങ്ങാടി, പറങ്കിമൂച്ചി ക്കൽ, പൊന്മള, കോട്ടപ്പുറം എന്നീ സ്ഥലങ്ങളിൽ സ്ഥാപി ക്കുക.

# നിലവിലുള്ള ട്രാൻസ്ഫോർമർ ഗ്രാമസഭകൾ ആവശ്യപ്പെട്ടവ, വൈദ്യുതീകരിക്കാനുള്ള പ്രദേശങ്ങൾ, എന്നിവ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ എണ്ണം | ആവശ്യപ്പെട്ട സ്ഥലങ്ങൾ | സ്ട്രീറ്റ് ലൈറ്റ് ആവശ്യപ്പെട്ട സ്ഥലങ്ങൾ | സോഡിയംവേപ്പർ ലാമ്പ് ആവശ്യപ്പെട്ട സ്ഥലങ്ങൾ | കാർഷികേതര ആവശ്യത്തിന് ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|---|---|---|
| 1 | 2 എണ്ണം | വടക്കേ കുണ്ട്- പൊന്മള, പൂവാട് | പൊന്മള കിഴക്കേതല മുതൽ മാണൂർവരെ | പൂവാട്, കടലുണ്ടി, പുഴക്കടവ്, വടക്കേകുണ്ട്, ശങ്കരൻപറമ്പ്, പല്ലാണിപറമ്പ് | 1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് ലൈൻ വലിക്കുക, |
| 2 | 1 എണ്ണം | -<br>- | മാണൂർ അങ്ങാടി | മാണൂർ ജംഗ്ഷൻ, | തണ്ടറായി ഹരിജൻകോളനി വൈദ്യുതീകരിക്കുക. |
| 3 | 1 എണ്ണം | | പൊന്മള പള്ളിയാലിൽ | പള്ള്യാലിൽ, സ്കൂൾപടി, മോന്തിപറമ്പ് | മേലെ വെള്ളത്തൊടി ഹരിജൻകോളനി-മാണൂർ ലക്ഷം വീട് കോളനി വൈദ്യുതീകരിക്കുക. |
| 4 | 1 എണ്ണം | കുറുപ്പിൻപടി -വടക്കെ കുളമ്പ് | പറങ്കിമൂച്ചിക്കൽ മുതൽ കുറുപ്പിൻപടി വരെ | പറങ്കിമൂച്ചിക്കൽ അങ്ങാടി- കുറുപ്പിൻപടി, വടക്കെകുളമ്പ്, പാറമ്മൽ അങ്ങാടി | പറങ്കിമൂച്ചിക്കൽ ചെറുതടം - കിളിവായിൽ കുളംബ് - ചേനങ്ങാട്ട് കുളംബ് - കുറുപ്പിൻപടി വടക്കേകുളമ്പ് - അഞ്ചാലക്കുണ്ട് വരെ വൈദ്യുതീകരിക്കുക. |
| 5 | 2 എണ്ണം | - | പൊന്മള മുട്ടിപ്പാലമേൽ മുറി | വീരാര-കാഞ്ഞിരമുക്ക്, നുഞ്ഞിപ്പാടം, പൊട്ടിച്ചിറ, ഇല്ലിക്കൽ ചുടല-മേൽമുറി ചിറക്കുണ്ട്. | മേലേ ഹരിജൻ കോളനി |
| 6 | 2 എണ്ണം | ഹൈസ്കൂളിന് തെക്കുവശം കൊഴക്കോടു ഭാഗം | വട്ടപ്പറമ്പ് -ചാപ്പനങ്ങാടി സി.എച്ച് റോഡ് മാർക്കറ്റ് റോഡ് ഇടവഴി, ആശുപത്രി പഞ്ചായത്താപ്പീസ് കൊഴക്കോട് വരെ. ലക്ഷംവീട് കോളനികൾ, തലക്കാപ്പ് റോഡ് ഭാഗം. | ചാപ്പനങ്ങാടി സെന്റർ ജുമാമസ്ജിദ് പടി. സിഎച്ച് റോഡ്, കുരിയാട് റോഡ്, പഞ്ചായത്താപ്പീസ് പടി. വട്ടപ്പറമ്പ്, തലക്കാപ്പ് റോഡ് ജംഗ്ഷൻ, | ബിർലാ കോളനി (മുളക്കാടൻ പറമ്പ്) പുളക്കോളനി, വലിയ പറമ്പ്, മിച്ചഭൂമി രണ്ടുലക്ഷം വീടുകോളനികൾ, കോഡൂർ കണ്ടം ഭാഗം |
| 7 | 1എണ്ണം | തലക്കാപ്പ് | കുരിയാടങ്ങാടിമുതൽ തലക്കാപ്പ് വരെ - കുരിയാടങ്ങാടിമുതൽ കല്ലറമ്പ് വരെ ജുമാമസ്ജിദുമുതൽ പുളിക്കലങ്ങാടിവരെ. | കുരിയാടങ്ങാടി തലക്കാപ്പ് റോഡ് ജംഗ്ഷൻ കല്ലറമ്പ് തലക്കാപ്പ്. തലക്കാപ്പ് പള്ളിപ്പടി പുളിക്കലങ്ങാടി. | കല്ലറമ്പ് പടിഞ്ഞാറ് ഭാഗം, തലക്കാപ്പ് സ്കൂൾ ഭാഗം, കിഴക്കേ കുളംമ്പ്. |
| 8 | 2 എണ്ണം | മണ്ണഴി ചേങ്ങോട്ടൂർ റോഡ് ജംഗ്ഷൻ തോട്ടപ്പാടി കുളങ്ങരപ്പടി | ഒളകരപ്പടി-കോട്ടപ്പുറം-മണ്ണഴി. മണ്ണഴി-ചേങ്ങോട്ടൂർ കളരിക്കൽപടി - മനയ്ക്കൽ ചിറ. ആക്കപ്പറമ്പ് - തെക്കേക്കര ഹരിജൻ കോളനി, കോട്ടപ്പുറം - തോട്ടപ്പായി, തോട്ടപ്പായി-മണ്ണഴി | ഒളകരപ്പടി. കോട്ടപ്പുറം. ബാങ്ക് ജംഗ്ഷൻ. ഹരിജൻ കോളനി. കളരിക്കൽ പടി. മനയ്ക്കൽ ചിറ, വാര്യത്തെപ്പടി. ആക്കപ്പറമ്പ് ജംഗ്ഷൻ, തെക്കേക്കര ഹരിജൻ കോളനി, മണ്ണഴി, ചേങ്ങോട്ടൂർ റോഡ് ജംഗ്ഷൻ തോട്ടപ്പായി. | തോട്ടപ്പായി ഭാഗം. നെമ്മിണിപ്പാടം വയലിലേക്ക്. |
| 9 | | കാട്ടുങ്ങൽ ചോല ചക്കുങ്ങപ്പടി, തെക്കേക്കര | മുണ്ടിയംതറ - ചക്കുങ്ങപ്പടി - പെരിച്ചൽ പറമ്പ്. ചേങ്ങോട്ടൂർ - നെല്ലോളി പറമ്പ്. തെക്കേക്കര-നീറ്റിച്ചിറ-ആളൻപാറ-കാട്ടുങ്ങൽചോല ചട്ടിപ്പറമ്പ്- വട്ടപ്പറമ്പ് ഓടങ്കാട്ടുകോളനി. | മുണ്ടിയം തറ. മദ്രസപ്പടി, സ്കൂൾപ്പടി, പെരിച്ചൽ പറമ്പ്, ഓടങ്കാട്ട് കോളനി, കാട്ടുങ്ങൽചോല, ആളൻപാറ, നീറ്റിച്ചിറ. തെക്കേക്കര, പെരിങ്ങരച്ചിറ, നെല്ലോളിപറമ്പ്, മില്ലുംപടി, | ഓടങ്കാട്ട് കോളനി, കുരിക്കൽ കുളംമ്പ, പെരിച്ചൽ പറമ്പ്, പെരയിപ്പാടം, നടുപ്പാടം, കാട്ടുങ്ങച്ചോല, |
| 10 | 1എണ്ണം | കോൽക്കളം മദ്രസ്സപ്പടി പുഴിത്തറ | ഒളകരപ്പടി- കോൽക്കളം- വരവക്കൽ കടുന്നാമുട്ടി. ആക്കപ്പറമ്പ്- പടിഞ്ഞാറെ തല മുതൽ മെയിൻ റോഡുവരെ. കോൽക്കളം - കൊയ്യപ്പാൽകുന്ന് ആക്കപറമ്പ് കുന്നംകുറ്റി. | ആക്കപറമ്പ്, സ്കൂൾപടി, മദ്രസപടി, മെയിൻ റോഡ്, കടുന്നാമുട്ടി, പരവക്കൽ, കോൽക്കളം മദ്രസപ്പടി, പള്ളിപ്പടി, ഒളകരപ്പടി, കുന്നംകുറ്റി, അരീക്കാട് കുളമ്പ്, പരന്നകല്ല്, കരിമ്പ്, വലിയപള്ള്യാലി | പുഴിത്തറ-ചാണപ്പറമ്പ്-പനങ്ങാട്ടുകുളംബ്, കളരിപ്പടി കിഴക്കേതല, ചിറക്കുഴിപാടം, പനങ്ങാട്ടുകുളമ്പ്, പണ്ടാറച്ചിറ, |
| 11 | 1എണ്ണം | | ഇന്ത്യനൂർ റോഡ് മുതൽ ചുനൂർ-ഒളകരപ്പടി-കുന്നാംകുറ്റി വരെ. ചുനൂർ എൽ.പി.സ്കൂൾഭാഗം | ഇന്ത്യനൂർ റോഡ്, ചുനൂർ മില്ലുപടി, ചുനൂർ അങ്ങാടി, കിഴക്കേതല, ചുനൂർ ചിറ, കുന്നംകുറ്റി, ചെറുപറമ്പ് എൽ.പി. സ്കൂൾ | ചോലകുളമ്പ്, ചെറുപമ്പ് -കുന്നംകുറ്റി അരീക്കാട്ട് കുളമ്പ് |
| | | | | | |

# പാർപ്പിടവും സാമൂഹ്യക്ഷേമവും

**പാർപ്പിടം**

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളിൽപ്പെട്ട ഒന്നാണ് പാർപ്പിടം. മനുഷ്യന് തലചായ്ക്കാൻ ഒരിടം കൂടിയേ തീരു. ഈ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ നന്മക്ക് ഉതകുന്നതുമായിരിക്കും.

പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം സാമ്പത്തിക മേഖലയിലെ നിർണായക ഘടകമാണ്. ഉൽപാദനപ്രദമായ മേഖലകളിൽ നിക്ഷേപിക്കാതെ കോൺക്രീറ്റ് സൗധങ്ങൾ കെട്ടിപ്പടുക്കുന്നതിനാണ് ഈ പണം കൂടുതലായും ഉപയോഗപ്പെടുത്തുന്നത്.

ഇവിടെ 4457 വീടുകളാണുള്ളത്. പകുതിയിലധികം വരുന്ന വീടുകളിലും കൂട്ടുകുടുംബങ്ങളാണുള്ളത്. 350 ഓളം വീടുകൾ കോൺക്രീറ്റുകളും 3482 വീടുകൾ ഓടുമേഞ്ഞവയും 625 വീടുകൾ ഓലമേഞ്ഞവയും കുടിലുകളുമായിട്ടാണുള്ളത്.

വീടുവെക്കുന്നതിനുള്ള സ്ഥലത്തിന്റെ സ്ഥിതി വെച്ചു നോക്കുമ്പോൾ പൊതുവെ കുറവാണെന്നു കാണാം. ഈ സാഹചര്യത്തിൽ വയലുകൾ നികത്തി വീടുകളും കെട്ടിടങ്ങളും ഉണ്ടാക്കുന്ന പ്രവണത കൂടി വരുന്നതായി കാണുന്നു.

ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരും കാർഷികതൊഴിലാളികളുമാണ്. കൃഷിപ്പണിചെയ്തു ജീവിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്ന ഒരവസ്ഥയാണ് വയലുകളിലെ കെട്ടിടനിർമ്മാണ പ്രവൃത്തി. ഇതിന്റെ കാരണം കൃഷിപണിചെയ്യുന്നത് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും തൊഴിലാളികളെ കിട്ടാനുള്ള ദൗർലഭ്യവും കൊണ്ട് കൃഷി ഭൂമികൾ തരിശായി ഇടുന്നു.

വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പല വായ്പ പദ്ധതികളും ധനസഹായങ്ങളും നിലവിലുണ്ട്. പഞ്ചായത്ത് തലത്തിൽ സഹായം നല്കുന്ന ഏജൻസിയാണ് മലപ്പുറം ഭവന നിർമ്മാണ ബോർഡ് ഈ സ്ഥാപനത്തെക്കുറിച്ചു ഇവിടുത്തെ ജനങ്ങൾക്ക് അറിവില്ല അതുകാരണം സാധാരണക്കാരന് വായ്പകൾ കിട്ടാൻ കാലതാമസം നേരിടുന്നു.

മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ ലഭിച്ച വീടുകളുടെ എണ്ണം 13 മാത്രമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ദുർബ്ബലവിഭാഗക്കാർക്കും ഇടത്തരക്കാർക്കും വീടുവെക്കുന്നതിനും പുതുക്കി പണിയുന്നതിനും വായ്പകൾ ലഭ്യമാവുന്നത് വളരെക്കുറവു മാത്രമാണ്. ഇത് മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പലിശ നിരക്ക് ഏറ്റവും കുറവുള്ള രീതിയിലാക്കി നല്കേണ്ടതാണ്.
2. ഏജൻസികൾ തന്നെ നേരിട്ട് പ്ലോട്ട് അടിസ്ഥാനത്തിൽ വീടുകൾ നിർമ്മിക്കുകയും കുറഞ്ഞ കാലയളവിൽ അതിന്റെ സംഖ്യ തവണകളായി അടക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.
3. വായ്പയിന്മേലുള്ള ജാമ്യവ്യവസ്ഥകൾ ഉദാരമാക്കുക.
4. അപേക്ഷകൾ ലഭിച്ചാൽ ഒരു നിശ്ചിത സമയത്തിനകം സഹായം നൽകുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക.
5. അർഹതപ്പെട്ടവർക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
6. പട്ടികജാതിക്കാർക്ക് സ്വന്തമായി വീടുവെക്കുന്നതിന് സ്ഥലമുണ്ടെങ്കിലും ശരിയായ രേഖകൾ ഇല്ലാത്തതു കാരണം ഈ ആനുകൂല്യം നേടാൻ സാധിക്കാതെ വരുന്നു.

ഈ പഞ്ചായത്തിൽ സർക്കാർ ഏജൻസികൾ മുഖേന (ബ്ലോക്ക്, പഞ്ചായത്ത്) ലഭ്യമായ വീടുകൾ നാമമാത്രമാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് മാത്രമായിരുന്നു ആദ്യകാലങ്ങളിൽ വീടനുവദിച്ചിരുന്നത്. അടുത്ത കാലത്തായി ദുർബലവിഭാഗത്തിൽപ്പെട്ട മറ്റുള്ളവർക്കും നൽകി വരുന്നു. ഇതനുസരിച്ച് ബ്ലോക്കിൽനിന്നും പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾ പ്രകാരം 85-86 മുതൽ 95-96 വരെയുള്ള കാലയളവിൽ നൽകിയ വീടുകളുടെ കണക്ക് താഴെ ചേർക്കുന്നു.

മേൽ സൂചിപ്പിച്ച കണക്കുകൾ അനുസരിച്ച് നാമമാത്രമായ ആനുകൂല്യങ്ങൾ മാത്രമേ ഈ മേഖലയിൽ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമായിരിക്കുമല്ലോ.

വീടുകൾക്ക് നല്കുന്ന വായ്പയും ധനസഹായവും വർദ്ധിപ്പിക്കേണ്ടതാണ്. ഭവനനിർമ്മാണത്തിന് ആവശ്യമായ സിമന്റ്, കല്ല്, ഓട് മുതലായവക്കുള്ള അമിതമായ വിലയും കൂലിനിരക്കിലെ വർദ്ധനവും പാവപ്പെട്ടവന് സ്വന്തമായൊരു വീട് എന്ന മോഹം ഒരു ദിവാസ്വപ്നമായി ശേഷിക്കുന്നു. ബ്ലോക്കുവഴിയും പഞ്ചായത്ത് വഴിയും നൽകുന്ന കുറഞ്ഞ സഹായധനം കൊണ്ട് വീടു പൂർത്തികരിക്കുവാൻ പാവപ്പെട്ടവന് സാധിക്കുന്നില്ല. അതിനാൽ ഈ സഹായം 30000 രൂപയായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരമുള്ള വീടുകൾക്ക് അനുവദിക്കുന്ന വായ്പയുടെ പരിധിയും ഗ്രാന്റും ഉയർത്തുക

| വർഷം | RLEGP | NREP | IAY | MWS | JRY | PanchayatJRY 80 % | TOTAL |
|---|---|---|---|---|---|---|---|
| 85-86 | 5 | - | - | - | - | - | 5 |
| 86-87 | - | 10 | - | - | - | - | 10 |
| 87-88 | 10 | - | - | - | - | - | 10 |
| 88-89 | - | 5 | - | - | - | - | 5 |
| 89-90 | - | - | 2 | - | - | 7 | 9 |
| 90-91 | - | - | 1 | 3 | - | 5 | 9 |
| 91-92 | - | - | 1 | 1 | 1 | 3 | 6 |
| 92-93 | - | - | 6 | - | - | 4 | 10 |
| 93-94 | - | - | 2 | - | - | 7 | 9 |
| 94-95 | - | - | - | 2 | 1 | 2 | 5 |
| 95-96 | - | - | 12 | 4 | - | 4 | 20 |
| Total | 15 | 15 | 24 | 10 | 2 | 32 | 98 |

ഗ്രാന്റായി നല്കുന്ന സഹായപദ്ധതിക്ക് പുറമെ സന്നദ്ധ സംഘടനകളുടെ സഹായവും കൂടി സ്വീകരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

92-93 വർഷങ്ങളിൽ ഒരു അവിദഗ്ദ തൊഴിലാളികൾക്ക് കൊടുത്തിരുന്ന കൂലി 70-80 രൂപ ആയിരുന്നെങ്കിൽ ഇന്ന് 100-125 രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതേസമയം വിദഗ്ദ തൊഴിലാളിയുടേത് 100 രൂപയിൽ നിന്ന് 160 രൂപയായി ഉയർന്നു. സ്ത്രീകളുടെ കൂലി 60-70 രൂപ വരെയാണ്..

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കുകയും ഓല മേഞ്ഞ വീടുകൾ ഓടിടുകയും ഭവനരഹിതർക്ക് വീട് അനുവദിക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള 5 പട്ടിക ജാതി കോളനികളും അതിനു പുറമെ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളും ഉണ്ട്. സർക്കാരിന്റെ വിവിധ സേവന പദ്ധതികൾ മുഖേന വിട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം, ഗതാഗതം എന്നിവ ഏറെക്കുറെ ലഭ്യമായിട്ടുണ്ടെങ്കിലും പല വീടുകളും ശോചനീയാവസ്ഥയിലാണ്. കോളനിക്കു പുറമെ താമസിക്കുന്ന അർഹരായ ആൾക്കാർക്ക് വീടുകളും കക്കൂസുകളും നിർമ്മിച്ചു കൊടുക്കുകയും സ്ഥലമില്ലാത്തവർക്ക് സ്ഥലസൗകര്യം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

ചാപ്പനങ്ങാടി, മാണൂർ എന്നിവിടങ്ങളിൽ 3 ലക്ഷം വീട് കോളനികൾ ഉണ്ട്. വർഷങ്ങൾക്കുമുമ്പ് അംഗീകരിച്ച ഈ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. ദുർബല വിഭാഗങ്ങൾ താമസിക്കുന്ന ഈ കോളനി പുനരുദ്ധരിക്കുകയും കക്കൂസ്, കിണർ മുതലായവ അനുവദിക്കുകയും ചെയ്യുക.

സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ ക്ഷേമ പദ്ധതികളിൽ അർഹരായ എല്ലാ ഗുണഭോക്താക്കളേയും ഉൾപ്പെടുത്തേണ്ടതും യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്.

പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. കെട്ടിട നിർമ്മാണസാമഗ്രികൾ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുക. തൊഴിലാളികൾക്ക് പരിശീലനം കൊടുക്കുവാനുള്ള സെന്ററുകൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

പഞ്ചായത്ത് തലത്തിൽ നിർമ്മിതി കേന്ദ്രം തുടങ്ങുക ചിലവ് കുറഞ്ഞ വീടുകളെപറ്റി ജനകീയ ബോധവൽക്കരണം നടത്തുക ഭവനനിർമ്മാണത്തിനുള്ള അപേക്ഷകളിൽ കാലതാമസം ഒഴിവാക്കുക.

മിച്ചഭൂമി, സർക്കാർ പുറംപോക്കു ഭൂമി എന്നിവ ഭൂമിയില്ലാത്തവർക്ക് ലഭ്യമാക്കുക.

**സാമൂഹ്യക്ഷേമം**

സാമൂഹ്യക്ഷേമരംഗത്ത് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഇന്ന് നിലവിലുണ്ട്. സേവനോന്മുഖമായ വിവിധ സന്നദ്ധസംഘടനകളും ജനക്ഷേമകരമായ പരിപാടികൾ നടത്തുന്നുണ്ട്. ഇതിൽ രണ്ടാമത് സൂചിപ്പിച്ചത് ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം.

സർക്കാരിന്റെ ക്ഷേമപദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല എന്നു കാണാവുന്നതാണ്. പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മ, ഉദ്യോഗസ്ഥ തലത്തിൽ നിന്നുള്ള ബോധവൽക്കരണത്തിന്റെ കുറവ്, ആനുകൂല്യങ്ങൾ യഥാസമയം കിട്ടായ്ക മുതലായവയാണ് ഇതിനു കാരണങ്ങൾ.

സാമൂഹ്യക്ഷേമരംഗത്ത് ശ്രദ്ധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദുർബ്ബല വിഭാഗങ്ങളെ സഹായിക്കുന്നതിനായി ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്കു ഡവലപ്മെന്റ് ഓഫീസിന്റെ ഭാഗമായി ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസും ഒരു ലേഡീവില്ലേജ് എക്സ്റ്റൻഷൻ സർക്കിളുകളിലുമായി പ്രവർത്തിച്ചുവരുന്നു.

**സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി.)**

ഇത് ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യതോതിൽ ചെലവു പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് ദാരിദ്യ രേഖക്കുമുകളിൽ എത്തുവാൻ ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഇതിന്റെ ലക്ഷ്യം. വാർഷിക വരുമാനം 11000 രൂപ വരെയുള്ളവരാണ് ഇതിൽ ഉൾപ്പെടുന്നവർ.

ഇതുപ്രകാരം നമ്മുടെ പഞ്ചായത്തിൽ എട്ടാം പദ്ധതി കാലത്ത് നടത്തിയസർവ്വെയുടെ അടിസ്ഥാനത്തിൽ 1860 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളതായി കാണുന്നു. ഇത് പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളുടെ 43 ശതമാനമാണ്. (പട്ടിക നോക്കുക)

| വാർഡ് | ആകെ കുടുംബങ്ങൾ | സർവ്വെയിലുള്ള കുടുംബങ്ങൾ | ശത മാനം |
|---|---|---|---|
| 1 | 520 | 215 | 42 |
| 2 | 604 | 141 | 23 |
| 3 | 501 | 211 | 42 |
| 4 | 512 | 276 | 54 |
| 5 | 309 | 118 | 38 |
| 6 | 616 | 226 | 37 |
| 7 | 445 | 182 | 41 |
| 8 | 532 | 211 | 40 |
| 9 | 418 | 280 | 67 |

92ലെ സർവ്വേ (IRDP)

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതിയാണ് സംയോജിത ഗ്രാമവികസന പരിപാടി അഥവാ ഐ.ആർ.ഡി.പി. വിവിധ കാലയളവുകളിൽ ഐ.ആർ.ഡി.പി. സഹായം ലഭിച്ചവരുടെ കണക്കുകൾ ചുവടെ കൊടുക്കുന്നു.

| വർഷം | ആകെ സഹായിച്ച കുടുംബം | പട്ടിക ജാതി | വനിത | സബ്സിഡി | വായ്പ |
|---|---|---|---|---|---|
| 92-93 | 56 | 27 | 20 | 1.14ലക്ഷം | 1.72 ലക്ഷം |
| 93.94 | 55 | 21 | 23 | 1.38 | 2.33 |
| 94-95 | 47 | 9 | 15 | 1-90 | 4.47 |
| 95-96 | 49 | 18 | 18 | 2.32 | 4.32 |

വിവിധ വായ്പ ആവശ്യങ്ങൾക്ക് സാധാരണക്കാർക്ക് സമീപിക്കാവുന്ന ദേശസാൽകൃത ബാങ്കിന്റെയോ ഗ്രാമീണ ബാങ്കിന്റെയോ ശാഖകൾ ഈ പഞ്ചായത്തിൽ ഇല്ല. ചേങ്ങോട്ടൂർ കോട്ടപ്പുറത്ത് ഒരു സഹകരണബാങ്കും പറങ്കിമൂച്ചിക്കൽ അർബ്ബൻ ബാങ്കിന്റെ ഒരു ശാഖ ഉണ്ടെങ്കിലും സർക്കാരിന്റെ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ബാങ്കുകൾക്ക് പരിമിതിയുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് പഞ്ചായത്ത് മുൻകൈ എടുത്ത് സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടത്തേണ്ടതാണ്.

### DWCRA

സംയോജിത ഗ്രാമവികസന പരിപാടിയനുസരിച്ച സ്ത്രീകൾക്ക് കൂട്ടായി സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനുള്ള ഒരു പദ്ധതിയാണ് ഇത്. ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ 5 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകൾക്ക് ബാങ്കിൽനിന്നുള്ള വായ്പയും സർക്കാരിൽനിന്നുള്ള ധനസഹായവും നൽകിയതിനു പുറമേ കേന്ദ്ര-സംസ്ഥാന സർക്കാരുകളും യൂനിസെഫും തുല്യതോതിൽ നിശ്ചിത തുകയായ 15200 രൂപ റിവോൾവിങ്ങ് ഫണ്ടായി നൽകിയിട്ടുണ്ട്.

ഇതിൽ 89-90 ൽ ആരംഭിച്ച ഭാവന ബേക്കറിയൂണിറ്റ്, കോട്ടപ്പുറത്തിന്റെ പ്രവർത്തനം നിലച്ചിട്ടുണ്ടെങ്കിലും മറ്റു യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനുപുറമെ, സാമൂഹ്യസേവന സന്നദ്ധതയും കൂട്ടായ്മയും കൈവരിക്കുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുകയും അതുവഴി സമൂഹത്തിൽ അവരുടെ സ്ഥാനം ഒരുപടി ഉയർത്തുന്നതിനും ലക്ഷ്യം വയ്ക്കുന്ന ഇത്തരം പദ്ധതികൾ പഞ്ചായത്തിൽ കൂടുതൽ ഉണ്ടാവേണ്ടതുണ്ട്.

95-96 മുതൽ ഈ പദ്ധതിയുടെ ഭാഗമായി ശിശുപരിപാലനവും വിജ്ഞാനവിദ്യാഭ്യാസ വ്യാപനവും (CCA&IEC) നടപ്പിലാക്കി വരുന്നു. ഇപ്പോൾ റിവോൾവിങ്ങ് ഫണ്ട് സംഖ്യ 25000/- നൽകുന്നു. അംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിന് ഗ്രൂപ്പുകൾ ത്രിഫ്റ്റ് ക്രഡിറ്റ് രൂപീകരിക്കാവുന്നതാണ്.

#### പ്രശ്നങ്ങൾ

1. സ്ത്രീകൾ രംഗത്ത് മുന്നിട്ട് ഇറങ്ങാത്തതുകൊണ്ടും കൂട്ടായ പ്രവർത്തനത്തിന് തയ്യാറല്ലാത്തതുകൊണ്ടും സുഗമമായ നടത്തിപ്പിന് തടസ്സം നേരിടുന്നു. ഇതു മൂലം

| വർഷം | യൂണിറ്റിന്റെ പേര് | അംഗങ്ങളുടെ എണ്ണം | വായ്പ | സബ്സിഡി |
|---|---|---|---|---|
| 1989-90 | ഭാവനാ ബേക്കറി DWCRA യൂണിറ്റ് ചേങ്ങോട്ടൂർ | 12 | 26053 | 26053 |
| 90-91 | ചേങ്ങോട്ടൂർ DWCRA യൂണിറ്റ് ആടുവളർത്തൽ | 17 | 34000 | 34000 |
| | ജഫ്നി DWCRA യൂണിറ്റ് ചാപ്പനങ്ങാടി | 16 | 38800 | 38800 |
| 91-96 | ചേങ്ങോട്ടൂർ DWCRAയൂണിറ്റ് | 10 | 24000 | 24000 |
| 95- 96 | പൊന്മളDWCRAയൂണിറ്റ് | 10 | 40000 | 40000 |

സർക്കാർ ഉദ്ദേശിക്കുന്ന രീതിയിലുള്ള പ്രയോജനം യൂണിറ്റിന് ലഭിക്കുന്നില്ല.

2. വേണ്ടത്ര പരിശീലനം നൽകാനുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ടും ഒന്നിച്ചിരുന്ന് പ്രവർത്തിക്കനുള്ള സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതു കൊണ്ടും ഉദ്ദേശിച്ച രീതിയിലുള്ള പദ്ധതികൾ നടത്തുന്നതിന് സാധിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

1. കൂട്ടായ് പ്രവർത്തിക്കുന്നതിനുള്ള സാമൂഹ്യബോധം യൂണിറ്റ് അംഗങ്ങളിൽ വളർത്തിയെടുക്കുന്നതിനും മറ്റും ജനകീയ സമിതികളുടെയും രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ പ്രവർത്തകരുടെയും പങ്കാളിത്തം അത്യാവശ്യമാണ്.
2. യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഒരു വനിതാ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.
3. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം DWCRA ഗ്രൂപ്പുകൾ വഴിയും ധാരാളം ആടുകളേയും കറവപശുക്കളെയും നൽകുന്നതിനാൽ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൃഗാശുപത്രി തുടങ്ങണം.
4. പാലുല്പാദന സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

**ട്രൈസം**

ഗ്രാമീണ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ തേടുന്നതിന് സാങ്കേതിക പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഐ.ആർ.ഡി.പി. ലക്ഷ്യവിഭാഗത്തിൽ 18 നും 35 നും ഇടയ്ക്ക് പ്രായമുള്ളവരാണ് ഇതിന് അർഹരായവർ. ഈ പരിപാടി അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ പരിശീലനം നേടിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

ഓരോ വർഷവും ധാരാളം യുവതീയുവാക്കൾ ഈ പദ്ധതിയിൽ കീഴിൽ പരിശീലനം ആഗ്രഹിച്ച് അപേക്ഷ സമർപ്പിക്കുന്നുണ്ട്. എന്നാൽ കുറച്ചുപേർക്കുമാത്രമേ പരിശീലനം ലഭിക്കുന്നുള്ളൂ എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇതു കണക്കിലെടുത്താണ് കൂടുതൽ പേർക്ക് പരിശീലനം നൽകാൻ നടപടിയെടുക്കേണ്ടതാണ്.

**പ്രശ്നങ്ങൾ:**

സ്വയം തൊഴിലിലേർപ്പെടുന്നതിനുവേണ്ടിയുള്ള പല ട്രേഡുകളിൽ വേണ്ടത്ര പരിശീലനം നൽകുന്നില്ല.

**നിർദ്ദേശങ്ങൾ**

1. കാലാനുസൃതമായ ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ ബ്ലോക്കുതലത്തിലും പ്രത്യേകിച്ച് പഞ്ചായത്ത് തലത്തിലും ആരംഭിക്കേണ്ടിയിരിക്കുന്നു.

2. മറ്റു സ്ഥലങ്ങളിൽ പോയി പരിശീലനം തേടുന്നതിനാൽ ഇന്നനുവദിക്കുന്ന സ്റ്റൈപന്റ് വർദ്ധിപ്പിക്കേണ്ടതാണ്.

CRSP. കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി എന്ന പേരിൽ അറിയപ്പെടുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഇതുവരെ അറിയപ്പെടുന്ന 41 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഓരോ കുടുംബത്തിനും 2000/- നൽകിയിട്ടുണ്ട്. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ 585 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാത്തവരാണ്. സർവ്വെ ലിസ്റ്റിനു പുറത്തുള്ള സുമാർ 275 കുടുംബങ്ങൾ കക്കൂസ് ഇല്ലാത്തതായി കണക്കാക്കുന്നു.

ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ സർക്കാർ സർവ്വീസിൽ അനുവദിക്കപ്പെട്ട കക്കൂസുകളുടെ എണ്ണം വളരെകുറവാണെന്ന് മനസ്സിലാക്കാവുന്നതാണ്. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും അത് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ധനസഹായം ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**ടൂൾകിറ്റ്:**

പരമ്പരാഗത ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ദുർബല വിഭാഗങ്ങൾക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന ഈ പദ്ധതിയിൽ 32 കുടുംബങ്ങൾക്ക് 1800 രൂ. വെച്ച് സഹായം നൽകിയിട്ടുണ്ട്. പരമ്പരാഗത കൈത്തൊഴിലുകാരിൽ ഭൂരിഭാഗവും ആശാരിമാർ, സ്വർണ്ണപ്പണിക്കാർ, കൊല്ലപ്പണിക്കാർ, ബാർബർമാർ എന്നിവരാണ്. ദുർബ

| വർഷം | പരിശീലനം നേടിയവരുടെ എണ്ണം | വനിത | പട്ടിക ജാതി | പരിശീലനം നൽകിയ മേഖല |
|---|---|---|---|---|
| 92-93 | 5 | 5 | - | എംബ്രോയ്ഡറി പ്രിന്റിംഗ്, കമ്പോസിങ്ങ് |
| 93-94 | 11 | 7 | 4 | പ്രിന്റിംഗ് കമ്പോസിംഗ് ടി.വി. റേഡിയോ മെക്കാനിസം പ്ലംബിങ്ങ് അപ്പോളസ്റ്ററി |
| 94-95 | 10 | 5 | 5 | ബുക്ക് ബൈൻഡിങ്ങ് പ്രിന്റിങ്ങ്, കമ്പോസിങ്ങ്, അലൂമിനിയം ഫേബ്രിക്കേഷൻ, എയർ കണ്ടീഷൻ |
| 95-96 | 4 | 2 | 2 | ടി.വി. & റേഡിയോ റിപ്പയറിങ്ങ് എംബ്രോയ്ഡറി |

ല വിഭാഗങ്ങൾക്ക് വളരെ സഹായകരമായ ഈ പദ്ധതി പരിമിതമായ തോതിലാണ് നടപ്പിലാക്കുന്നത് എന്ന് കാണുന്നു. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയിലൂടെ ഗുണം ലഭ്യമാക്കാൻ ബോധവൽക്കരണം, സാമ്പത്തിക സഹായം എന്നീ കാര്യങ്ങൾ പഞ്ചായത്തുമുഖേന ചെയ്യേണ്ടതാണ്.

**പെൻഷനുകളെ സംബന്ധിച്ച്:**

സർക്കാരിന്റെ വിവിധഗ്രൂപ്പുകളായ ഗ്രാമവികസനം, സാമൂഹ്യ ക്ഷേമം, റവന്യൂ എന്നിവ മുഖേന ക്ഷേമ പദ്ധതികളും പെൻഷനുകളും നടപ്പാക്കി വരുന്നു. വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, വികലാംഗപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ അർഹരായ എല്ലാവർക്കും ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഓരോ വിഭാഗത്തിനും അർഹരായവരെ കണ്ടെത്തി പഞ്ചായത്ത് മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

**വിധവാ പെൻഷൻ:**

പൊന്മള ഗ്രാമപഞ്ചായത്തിൽ 191 പേർക്കാണ് ലഭിക്കുന്നത്. പഞ്ചായത്തിൽ അർഹതപ്പെട്ട എല്ലാ വിധവകൾക്കും ഈ പെൻഷൻ ആനുകൂല്യം നൽകുന്നതിനുള്ള സത്വരശ്രദ്ധ പതിയേണ്ടതാണ്. വിധവകൾക്ക് നൽകുന്ന ആനുകൂല്യം ആൺമക്കൾ ഉണ്ടെന്നുള്ളതുകൊണ്ട് നിഷേധിക്കേണ്ടതില്ല. കാരണം ഉള്ള ആൺമക്കൾ വേറെ കുടുംബമായി കഴിയുന്നവരായിരിക്കാം. സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന വിധവയ്ക്ക് പെൻഷൻ കിട്ടിയാൽ അത് ഒരു ആശ്വാസമായിരിക്കും. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന് ഇത് അന്വേഷിച്ച് തീരുമാനിക്കാവുന്നതാണ്.

**വികലാംഗപെൻഷൻ:**

പൊന്മള ഗ്രാമപഞ്ചായത്തിൽ 55 പേർക്കാണ് നൽകുന്നത്. 40% വികലാംഗത്വമുള്ളവർക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. 30% വരെ വികലാംഗരായ ആളുകൾ പഞ്ചായത്തിൽ ധാരാളമുണ്ട്. അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല.

അതിനുള്ള കാരണം മെഡിക്കൽ ബോർഡിൽനിന്നും 40% ആണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലഭിക്കുകയുള്ളൂ. അതനുവദിക്കേണ്ടത് ജില്ലാ ആശുപത്രിയിലുള്ള വികലാംഗ ബോർഡാണ്. യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള ഇവർ മഞ്ചേരി ജില്ലാ ആശുപത്രിയെ സമീപിക്കേണ്ടിവരുന്നു. അതിനു പരിഹാരമായ ഏറ്റവും അടുത്തുള്ള താലൂക്കാശുപത്രിയിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്. 30%വരെ വികലാംഗരായ ആളുകൾക്കും കൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്നതിന് സത്വരനടപടി കൈക്കൊള്ളണം.

**കർഷക തൊഴിലാളി പെൻഷൻ**

കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നത് റേഷൻ കാർഡിന്മേലുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ പേരിൽ അനർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നതായും അർഹരായ പലർക്കും ലഭിക്കുന്നില്ല എന്നും പരാതിയുണ്ട്. ഈ അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്താൽ ഒരളവു വരെ ഇതു പരിഹരിക്കാവുന്നതാണ്.

**വാർദ്ധക്യകാല പെൻഷൻ:**

നേരത്തെ റവന്യൂ വകുപ്പ് വഴി നൽകിയിരുന്ന വാർദ്ധക്യകാല പെൻഷൻ 1995-96 മുതൽ ഗ്രാമപഞ്ചായത്ത് മുഖാന്തിരം നടപ്പാക്കുന്നു. വാർഷിക വരുമാനം 5000 രൂപ വരെയുള്ളവർക്കും 20 വയസ്സിനു മുകളിൽ ആൺമക്കൾ ഇല്ലാത്തവർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നു. ഇതിലൂടെ 8 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

1. വരുമാന പരിധി ഉയർത്തേണ്ടതാണ്.

**തൊഴിലില്ലായ്മ വേതനം:**

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മാവേതനം ലഭിക്കുന്നവരുടെ എണ്ണം മറ്റു പഞ്ചായത്തുകാരെ അപേക്ഷിച്ച് കുറവാണ്. അർഹതപ്പെട്ട പലരും അപേക്ഷിക്കാതിരിക്കുന്നതായാണ് കാണുന്നത്. ദരിദ്ര വിഭാഗക്കാരിൽ വേതനത്തിനർഹരായവർ വളരെ കുറവാണ്. കൂടാതെ ഗൾഫ് സ്വാധീനം വേതനം വാങ്ങാതിരിക്കാൻ ഒരു ഘടകമായി കാണുന്നുണ്ട്.

**അംഗൻവാടികൾ**

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാന പരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻ വാടികൾ സംയോജിത ശിശുവികസന പരിപാടിയുടെ ഭാഗമായി തുടങ്ങിയതാണ് 1994-ലെ ഒക്ടോബർ 10 ന് പൊന്മള പഞ്ചായത്തിൽ ഐ.സി.ഡി.എസിന്റെ പ്രവർത്തനം ആരംഭിച്ചത്. മൊത്തം 11 വാർഡുകളിലായി 25 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻ വാടി എന്ന തോതിലാണ് നടപ്പാക്കുന്നത്. അത് ഏറെക്കുറെ ഈ പഞ്ചായത്തിൽ സാധിച്ചിട്ടുണ്ട്. അംഗൻവാടിക്ക് സ്വന്തമായി കെട്ടിടമുള്ളത് 2 എണ്ണവും ബാക്കിയുള്ളവ വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

അനുപൂരക പോഷകാഹാരം, അനൗപചാരിക വിദ്യാഭ്യാസം , രോഗ പ്രതിരോധം ആരോഗ്യപോഷക വിദ്യഭ്യാസം, അമ്മമാർക്ക് ആരോഗ്യ പരിശോധന, ഫെറൽ സർവ്വീസ് എന്നിവ ഐ.സി.ഡി.എസ്സിലൂടെ ജനങ്ങൾക്ക് ലഭിക്കുന്നത്.

**പ്രശ്നങ്ങൾ:**

അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ടും കുട്ടികളെ ഇരുത്തുന്നതിനുമുള്ള ഫർണിച്ചറുകളോ, കളിക്കുന്നതിനാവശ്യമായ കളിപ്പാട്ടങ്ങളോ, അതിനു പറ്റിയ സ്ഥലമോ, കുടിക്കുന്നതിനുള്ള ശുദ്ധജലമോ, മലമൂത്ര വിസർജനത്തിനുള്ള സൗകര്യങ്ങളോ ഇല്ല.

വരുംതലമുറയെ വാർത്തെടുക്കുവാൻ വളരെയധികം ബുദ്ധപ്പാടുകൾ സഹിച്ച് ജോലിചെയ്യുന്ന അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. അംഗൻവാടിയിലെ

ഭാരിച്ച ജോലികൾക്കുപുറമെ, മറ്റു വകുപ്പുകളിലെ ജോലികൾ ചെയ്യേണ്ടിവരുന്നു. ഈ അവസ്ഥ പരിഹാരം കാണേണ്ടതാണ്.

### ICDS കൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. മോഡൽ അംഗനവാടി കെട്ടുന്നതിന് ഒന്നരലക്ഷം രൂപ സഹായധനം നൽകുന്ന പദ്ധതി.
2. 40000 രൂപാ സഹായധനത്തിൽ അംഗനവാടി കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി.
3. അംഗനവാടികൾക്ക് ഉപകരണങ്ങൾ കളിക്കോപ്പുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി.
4. വികലാംഗർക്ക് ആവശ്യമുള്ള ഉപകരണങ്ങൾക്കുള്ള പദ്ധതി.
6. സഹകരണ സംഘങ്ങൾ വഴി സ്ത്രീകൾക്ക് വ്യവസായമാരംഭിക്കാനുള്ള പദ്ധതി.

   അംഗനവാടിയോടനുബന്ധിച്ച മഹിളാ സമാജം മുഖാന്തിരം ചെറുകിട വ്യവസായങ്ങൾ തുടങ്ങാനുള്ള പദ്ധതി.
8. പച്ചക്കറി തോട്ട നിർമ്മാണ പദ്ധതി.
9. ജനസംഖ്യാനുപാതികമായി പുതിയ നടപടികൾ ആരംഭിക്കൽ.

#### നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ, പഞ്ചായത്തു ഫണ്ടുപയോഗിച്ചുകൊണ്ടോ, സന്നദ്ധസംഘടനകൾ, മഹിളാസമാജങ്ങൾ വഴിയോ, കെട്ടിടം ഉണ്ടാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
2. പഞ്ചായത്ത് മിച്ചഭൂമികളും പുറമ്പോക്കു ഭൂമികളും അംഗനവാടികൾക്ക് കെട്ടിടം പണിയുവാൻ നല്കാവുന്നതാണ്,
3. അംഗനവാടികളിൽ കുട്ടികൾക്കു നൽകുന്ന ഭക്ഷണത്തിന്റെ പോഷകനിലവാരം ഉയർത്തുകയും, പഴങ്ങളും പച്ചക്കറികളും നൽകുകയും ചെയ്യാവുന്നതുമാണ്.
4. പുകയില്ലാത്ത അടുപ്പുകളുടെ പ്രാധാന്യത്തെപ്പറ്റി അംഗൻവാടികളിലൂടെ ബോധവൽക്കരണം നടത്താവുന്നതാണ്.
5. വർക്കർമാരേയും, ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരേയും അംഗീകരിക്കേണ്ടതാണ്.
6. സ്ഥലമുള്ള അംഗൻവാടികളിൽ അടുക്കളതോട്ടം നിർമ്മിക്കുന്നതിന് മുൻകൈ എടുക്കുക.
7. ശുചിത്വ പരിപാലനത്തിനുവേണ്ടി മലിന വസ്തുക്കൾ നിക്ഷേപിക്കുന്നതിനായി കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്നതിന് മുൻകൈ എടുക്കുക.
8. അംഗൻവാടികളിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.
9. നെല്ലോളിപറമ്പ്, ആക്കപ്പറമ്പ്, കരിന്തവരക്കുന്നത്. ചാപ്പനങ്ങാടി എന്നീ സ്ഥലങ്ങളിൽ അംഗൻവാടി ആവശ്യമാണ്. അംഗൻവാടികളിൽ ഡോക്ടർമാരുടെയും, PHN മാരുടെയും സേവനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.
10. അംഗനവാടി രക്ഷാകർതൃസമിതി ഫലപ്രദമായി ചേരുകയും, ആവശ്യമായ വിഭവസമാഹരണം നടത്തുകയും ചെയ്യാവുന്നതാണ്.
11. അംഗനവാടികൾ കേന്ദ്രീകരിച്ച അമ്മമാരെ സംഘടിപ്പിച്ച് പച്ചക്കറിത്തോട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

#### പൊതുവിതരണം

വളരെ കാര്യക്ഷമവും, അതി വിപുലവുമായ ഒരു പൊതുവിതരണ സമ്പ്രദായം കേരളത്തിൽ നിലനിന്നു പോന്നിരുന്നതാണ്. ആവശ്യ ഭക്ഷ്യ സാധനങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര, മൈദ, മുതലായവയും, മണ്ണെണ്ണയും ന്യായവിലക്ക് ലഭ്യമാക്കികൊണ്ടിരിക്കുന്ന റേഷൻ ഷോപ്പുകൾക്കുപകരം പൊതുവിതരണ കേന്ദ്രങ്ങളാണ് ഇപ്പോഴുള്ളത്. നമ്മുടെ പഞ്ചായത്തിൽ ചേങ്ങോട്ടൂർ, മണ്ണഴി, തലകാപ്പ് ചാപ്പനങ്ങാടി, പറങ്കിമൂച്ചിക്കൽ, മുട്ടിപ്പാലം, പൊന്മള, ചൂനൂർ എന്നീ സ്ഥലങ്ങളിലായി 8 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് എന്നും പരാതിയുള്ളവയാണ് ഈ കേന്ദ്രങ്ങൾ. മിക്കപ്പോഴും ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ വിതരണം, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ ലഭ്യത പരിമിതമാണ്.

#### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
2. പഞ്ചായത്തിൽ പൊന്മള, ചാപ്പനങ്ങാടി, ചേങ്ങോട്ടൂർ, എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
3. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക.
4. മണ്ണെണ്ണ, പഞ്ചസാര, എന്നിവയുടെ ക്വാട്ട വർദ്ധിപ്പിക്കുക.
5. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകളിൽ പഞ്ചായത്ത് തലത്തിൽ തീർപ്പു കൽപിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.
6. റേഷൻ ഉല്പന്നങ്ങൾ പ്രത്യേകിച്ച് ഗോതമ്പ് കരിഞ്ചന്തയിൽ പോകുന്നത് തടയുക.
7. പൊതുവിതരണ കേന്ദ്രങ്ങളുടെ പരിശോധനയ്ക്കുള്ള സംവിധാനം ശക്തിപ്പെടുത്തുകയും പരിശോധന പഞ്ചായത്ത് വഴിയാക്കുകയും ചെയ്യുക.

# സംസ്കാരം - റിപ്പോർട്ട്

### സാംസ്കാരികരംഗം

ചരിത്രപരവും സാമൂഹ്യവും ആയ കാരണങ്ങളാൽ വളരെ പിന്നണിയിലായിരുന്ന ഒരു ഏറനാടൻ ഗ്രാമമായിരുന്നു പൊൻമള. മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥാപരമായ ഗദ്യകവിതയായ 'കവിയുടെ കാൽപ്പാടുകൾ' എന്ന ഗ്രന്ഥത്തിൽ പൊൻമളയെക്കുറിച്ച് പരാമർശമുണ്ട്. ഈ പ്രദേശം 'പൊൻമല' എന്നതായിരുന്നവത്രെ അറിയപ്പെട്ടിരുന്നത്. 'പൊന്നു വിളയുന്ന ഭൂമി' കവുങ്ങുകളുടെ നാട്' എന്നൊക്കെ പൊന്മളയെ വിശേഷിപ്പിച്ചിരുന്നു. ഈ പൊന്നു വിളയുന്ന ഭൂമിയാണ് പിന്നീട് പൊൻമളയായിത്തീർന്നതെന്ന് കരുതപ്പെടുന്നു.

പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ ഗ്രാമം പണ്ട് സാമൂതിരി രാജാവിന്റെ അധീനതയിലായിരുന്നു. രാജഭരണത്തിന്റേയും ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയുടേയും ഫ്യൂഡൽ പ്രഭുവർഗ്ഗ സർവ്വാധിപത്യത്തിന്റേയും മേൽക്കോയ്മ കാലാകാലങ്ങളായി അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബഹുഭൂരിപക്ഷം ഗ്രാമീണരും ദാരിദ്ര്യത്തിന്റേയും വറുതിയുടേയും തടവുകാരായിരുന്നു. കാർഷിക മേഖല മാത്രമായിരുന്നു ഏക വരുമാന മാർഗ്ഗം. അന്നത്തെ സാമൂഹ്യബന്ധമാവട്ടെ ജന്മി-നാടുവാഴി മേധാവിത്വത്തിലധിഷ്ഠിതവും. ഭൂസ്വത്തുക്കളിൽ ഭൂരിഭാഗവും ഏതാനും ജൻമി കുടുംബങ്ങളുടെ കൈവശമായിരുന്നു. സാമൂതിരി രാജാവും, കിഴക്കേ കോവിലകവും, പുല്ലാനിക്കാട്ട്മന, വടക്കത്തുമന, പൊൻമള ദേവസ്വം തുടങ്ങിയവരുമായിരുന്നു. പ്രധാന ഭൂവുടമകൾ. അവരുടെ പാട്ടക്കുടിയാൻമാരും അടിയാൻമാരായ കർഷകത്തൊഴിലാളികളുമായിരുന്നു സാധാരണ ജനത.

ഭൂമിയ്ക്കുവേണ്ടിയുള്ള സമരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും കർഷകസംഘത്തിന്റേയും നേതൃത്വത്തിൽ ശക്തിപ്രാപിച്ചിരുന്നു. പ്രസ്തുത സമരങ്ങൾ ഫ്യൂഡൽ ജൻമിത്വത്തെ കടപുഴക്കി. ഭൂപരിഷ്കരണം നിയമം ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനവിഭാഗത്തെ ഭൂസ്വത്തുക്കളുടെ ഉടമകളാക്കി മാറ്റി. ഭൂബന്ധങ്ങളിൽ വന്ന ഈ മാറ്റങ്ങൾ സാമൂഹ്യജീവിതത്തിൽ പുതിയ ചലനങ്ങൾ ഉണ്ടാക്കി.

വളരെ വിസ്തൃതമായ ഒരു പഞ്ചായത്താണ് പൊൻമള. മാറാക്കര, കോട്ടക്കൽ, കോടൂർ, ഒതുക്കുങ്ങൽ, കുറുവ എന്നീ പഞ്ചായത്തുകൾ ഇതിന്റെ അതിർത്തിയിൽ വരുന്നു. ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും മുസ്ലീങ്ങളാണ്. ഹിന്ദുക്കൾ നല്ലൊരു ശതമാനുമുണ്ട്. കൂടാതെ വിരലിലെണ്ണാവുന്ന ക്രസ്തീയ കുടുംബങ്ങളുമുണ്ട്. പ്രധാന വരുമാന മാർഗ്ഗം കൃഷിതന്നെ.

യുവാക്കളിൽ 15% ത്തോളം പേർ ഗൾഫിൽ ജോലി ചെയ്യുന്നു. ഇവരിൽ നിന്നും ലഭിയ്ക്കുന്ന വരുമാനം ഗ്രാമജ

നതയുടെ ജീവിത നിലവാരത്തേയും കുടുംബഭദ്രതയേയും ഏറെ സാഹായിച്ചു. തൊഴിലാളികൾക്ക് കൂടുതൽ വേതനം ലഭിയ്ക്കുവാനും അതുവഴി തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനും ഇത് ഉപകരിയ്ക്കപ്പെട്ടു. ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കുവാനുതകുന്ന ഉൽപ്പാദനക്ഷമമായ മേഖലകളിലേക്ക് ഗൾഫ് പണം തിരിച്ചുവിടേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദം വരെ അക്ഷരം ഗ്രാമീണ ജനതയ്ക്ക് അന്യമായിരുന്നു. നിലത്തെഴുത്താശാൻമാർ നടത്തിയിരുന്ന നിലത്തെഴുത്തു പരിശീലനം മാത്രമായിരുന്നു അന്നുണ്ടായിരുന്ന ഏക അക്ഷരവിദ്യ. ആദ്യം വരേണ്യ കുടുബങ്ങളിലെ, വിരലിൽ എണ്ണാവുന്നവർക്കു മാത്രം ലഭ്യമായിരുന്നു. 1912 ൽ ചാപ്പനങ്ങാടിയിൽ സ്ഥാപിച്ച GMLPS ആണ് ഇവിടെ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. അതിനുശേഷം ഔപചാരിക – അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേറേയും ഉയർന്നു വന്നു. ഇന്ന് ഒരു ഹൈസ്കൂളും പതിമൂന്ന് ലോവർ പ്രൈമറി സ്കൂളുകളും നാല് യു. പി. സ്കൂളുകളും ഇരുപത്തിഅഞ്ച് അംഗനവാടികളും ഈ പഞ്ചായത്തിലുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളും ഗ്രാമത്തിന്റെ പുരോഗതിയെ ഏറെ സഹായിച്ചു. എന്നാൽ രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം മന്ദഗതിയിലാവുകയും ജനവിദ്യാകേന്ദ്രങ്ങൾ നിശ്ചലമാവുകയും ചെയ്ത ഇന്നത്തെ അവസ്ഥയ്ക്ക് ഉടൻ പരിഹാരം കാണേണ്ടതുണ്ട്.

ഗ്രന്ഥാലയങ്ങളും വായനശാലകളും, കായിക ക്ലബ്ബുകളും മഹിളാ സംഘങ്ങളും ഗ്രാമത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. പൊൻമളയിലെ ശ്രീധരൻ നമ്പീശൻ സ്മാരക വായനശാലയും മണ്ണഴിയിലെ ബാപ്പുജി സ്മാരക വായനശാലയും ഈ നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ സ്ഥാപിയ്ക്കപ്പെട്ടിട്ടുള്ള സംസ്ക്കാരിക സ്ഥാപനങ്ങളാണ്. 1951 ൽ ബാപ്പുജി സ്മാരക വായനശാലയും 1953 ൽ ശ്രീധരൻ നമ്പീശൻ സ്മാരക വായനശാലയും റെജിസ്റ്റർ ചെയ്ത അംഗീകൃത സ്ഥാപനത്തിൻ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇന്ന് പഞ്ചായത്ത് ആസ്ഥാനത്തു പ്രവർത്തിയ്ക്കുന്ന പഞ്ചായത്ത് ലൈബ്രറിയുൾപ്പെടെ മൂന്ന് അംഗീകൃത ലൈബ്രറികളും പിതനഞ്ചോളം കലാകായിക ക്ലബ്ബുകളും, മഹിളാസമാജങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നു.

(ലൈബ്രററിയുടേയും ക്ലബ്ബുകളുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

ആയൂർവ്വേദ ഗ്രന്ഥമായ 'അമരക്കോശം' എഴുതിയ ചോലക്കര 'വാചസ്പതി' പരമേശ്വരൻ മൂസ്സത് പൊൻമള ചോലക്കരം ഇല്ലത്തെ അംഗമായിരുന്നു. മഹാകവി 'പി' യുടെ ഭാര്യയായ കുഞ്ഞി ലക്ഷ്മിയുടെ തറവാടായിരുന്ന 'മേലേ വടയക്കളവും' പൊൻമളയിലാണ്. പൊൻമളയിലെ ആദ്യകാല പൊതു പ്രവർത്തകനായിരുന്ന ശ്രീധരൻ നമ്പീശൻ, മലബാർ സ്പെഷ്യൽ പോലീസിൽ സേവന മനുഷ്ഠിക്കവെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് പിരിച്ചുവിടപ്പെട്ട നാരായണൻ നായർ മാസ്റ്റർ, ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത 'ഗാന്ധിമൂസത്' എന്നപേരിൽ അറിയപ്പെടുന്ന നാരായണൻ മൂസത്ത് എന്നിവരെല്ലാം പൊൻമളയുടെ സാംസ്കാരിക പാരമ്പര്യത്തിന് മഹത്തായ സംഭാവനകൾ നൽകിയവരാണ്.

ചേങ്ങോട്ടൂർ ദേശത്തെ മണ്ണഴിയിലുള്ള പി. വി. കൃഷ്ണൻനായർ, ഒ. രാമൻകുട്ടി മാസ്റ്റർ, കെ. സി. കൃഷ്ണൻനായർ, പുല്ലാനിക്കാട് മനയിലെ ഭവദാസൻ നമ്പൂതിരിപ്പാട് എം. മയാണ്ടി വൈദ്യർ എന്നിവരെല്ലാം ബാപ്പുജി സ്മാരക വായനശാലയുടെ സ്ഥാപകരും അറിയപ്പെടുന്ന സാംസ്ക്കാരിക പ്രവർത്തകരുമായിരുന്നു. മുസ്ലീം മതപണ്ഡിതരായ ചാപ്പനത്താടിയിലെ ബാപ്പുമുസലിയാരും, മച്ചിങ്ങലത്ത് കുഞ്ഞയമുട്ടി മുസ്ല്യാരും കൂരിയാട് തേനു മുസലിയാരും പൊൻമള പഞ്ചായത്തിന്റെ സാംസ്ക്കാരിക വളർച്ചയെ സഹായിച്ച മഹദ് വ്യക്തികളാണ്.

പൊൻമള അമ്പലവട്ടത്തുള്ള പൊൻമള ശിവക്ഷേത്രവും മണ്ണഴി ശിവക്ഷേത്രവും വളരെയേറെ പഴക്കമുള്ള രണ്ടു ക്ഷേത്രങ്ങളാണ്. ടിപ്പുസുൽത്താന്റെ മലബാറിലെ പടയോട്ടക്കാലത്ത് പൊൻമള ശിവക്ഷേത്രത്തിന് കേടുപാടുകൾ സംഭവിച്ചിരുന്നുവത്രെ. “അയിത്തംകൊണ്ട് ഒരു ഭൂപടമുണ്ടാക്കിയാൽ ഏറ്റവും കൂടുതൽ കറുപ്പ് താൻ നൽകുന്നത് മലബാറിനായിരിക്കുമെന്ന്” മഹാത്മാ ഗാന്ധി അഭിപ്രായപ്പെട്ടത് വടക്കേ മലബാറിനെക്കുറിച്ചാണെങ്കിലും ഹിന്ദുമതത്തിലെ ചില വിഭാഗങ്ങളെ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൽപ്പിച്ച് പൊതുവഴിയിൽ നടക്കുന്നതിനും അമ്പലത്തിൽ കയറുന്നതിനും ഇവിടെയും വിലക്ക് കൽപ്പിച്ചിരുന്നു. ഭ്രഷ്ട്, ക്ഷൗരംമുടക്കൽ, ഊരുമിലങ്ങൾ, തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ അനചാരങ്ങളും ഉണ്ടായിരുന്നു. കാലത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിൽ ഭരണകൂടങ്ങളും വ്യവസ്ഥിതികളും മാറിമറഞ്ഞപ്പോൾ ഈ അനാചാരങ്ങളെല്ലാം അപ്രത്യക്ഷമായി. ഹിന്ദുക്കളും മുസ്ലീംങ്ങളും ഇടകലർന്നു ജീവിയ്ക്കുന്ന ഈ ഗ്രാമത്തിൽ പറയത്തക്ക ജാതി-രാഷ്ട്രീയ സംഘട്ടനങ്ങളൊന്നും തന്നെ നടന്നിട്ടില്ല എന്നത് നമുക്ക് അഭിമാനിയ്ക്കാവുന്ന ഒരു കാര്യമാണ്.

ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തെ സഹായിക്കാനുതകുന്ന ഒട്ടേറെ കലാ സാംസ്ക്കാരിക സംഘങ്ങൾ ഇവിടെ സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ അധികവും പ്രവർത്തനം മുരടിച്ച് നിലച്ചുപോയ ചരിത്രവും ഉണ്ട്.

## നിലവിലുള്ള കലാ സാംസ്കാരിക കായിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപന വർഷം | മെമ്പർമാരുടെ എണ്ണം | കെട്ടിട വിവരം | ധനസഹായത്തിന്റെ വിവരം | ഏതുസ്ഥാപനത്തിൽ അഫിലിയേറ്റു ചെയ്തിരിയ്ക്കുന്നു. | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|---|
| 1. | ശ്രീധരൻ നമ്പീശൻ സ്മാരക വായനശാല കലാസമിതി, 76528 | Reg: No 2672 1993 ( 'C' ഗ്രേഡ്) | 108 | സ്വന്തം | | സംസ്ഥാന ഗ്രന്ഥശാല സംഘം | സാമൂഹ്യസേവനരംഗം കലാകായികരംഗം |
| 2. | ബാപ്പുജി സ്മാരക വായനശാല & ഗ്രന്ഥാലയം മണ്ണഴി-കോട്ടപ്പുറം - 676503 | 1951 c ഗ്രേഡ് | 40 | വാടക | | ഗ്രന്ഥ ശാലാസംഘം | സാമൂഹ്യസേവന രംഗം കലാകായിക രംഗം സാക്ഷരതാ പ്രവർത്തനം |
| 3. | പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം ചാപ്പനങ്ങാടി | 1990 | | സ്വന്തം | | ഗ്രന്ഥശാലാസംഘം | സാമൂഹ്യസേവനരംഗം കലാകായിക രംഗം |
| 4. | ലൗലി ആർട്സ് & സ്പോർട്ട് ക്ലബ്ബ് (ലാസ) ചാപ്പനങ്ങാടി | Reg: 125 1992 | 76 | വാടക | | നെഹ്റു യുവ്കകേന്ദ്രം | കലാകായിരംഗം |
| 5. | ക്രസന്റ് യൂത്ത് മൂവ്മെന്റ് വായനശാല ചാപ്പനങ്ങാടി | 1983 | 50 | വാടക | | ഇല്ല | സാമൂഹ്യസാംസ്ക്കാരിക രംഗം |
| 6. | കലാ സിംഫണി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പറങ്കിമൂച്ചിക്കൽ | Reg: 468 1994-95 | | വാടക | | നെഹ്റു യുവക്കേന്ദ്രം | സാമൂഹ്യസാംസ്ക്കാരിക രംഗം കലാകായികരംഗം |
| 7. | ഫ്രന്റ്സ് ആർട്സ് & സ്പോർട്ട്സ ക്ലബ്ബ് പറങ്കിമൂച്ചിക്കൽ | | | വാടക | | | കലാകായിക രംഗം |
| 8. | അൽമാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൊൻമള | Reg: 504 1993 | | | | | കലാകായികരംഗം |
| 9. | നാഷണൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൊൻമള | Reg: 319 1989-90 | | വാടക | | | കലാകായികരംഗം |
| 10. | മുദ്ര ആർട്സ് & സ്പോർട്സ് ക്ലബ്ബ് കുരിയാട് | Reg 1104 1991 - 92 | | വാടക | | നെഹ്റു യുവക്കേന്ദ്രം | കലാകായികരംഗം |
| 11. | രഞ്ജിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചുനൂർ | Reg: 246 1983 | | വാടക | | | കലാകായിക രംഗം |
| 12. | സി. എസ് മുഹമ്മദ്കോയ കൾചറൽ സെന്റർ ചുനൂർ | Reg: 246 1983 | 30 | വാടക | | | സാമൂഹിക സേവനം കലാ കായിക പ്രവർത്തനങ്ങൾ |
| 13. | സീക്കോ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചിറക്കൽ ചുനൂർ | Reg: 310 1991 | | വാടക | | | സാമൂഹ്യസേവനം കായിക വികസനം |
| 14. | ലിറ്റിൽ ഫ്ളവർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തലകാപ്പ് | Reg: 575 1993 | | വാടക | | നെഹ്റു യുവക്കേന്ദ്രം | കലാകായികരംഗം |
| 15. | ഡോൺ ആർട്സ് & സ്പോർട്സ് ക്ലബ്ബ് മണ്ണഴി-കോട്ടപ്പുറം | | | വാടക | | | കലാകായികരംഗം |

സ്വാതന്ത്ര്യത്തിനു മുമ്പ് ഗ്രാമത്തിലെ പ്രധാന രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നു. ഇന്ന് ആ പാർട്ടിയെ കൂടാതെ പ്രമുഖ രാഷ്ട്രീയ പ്പാർട്ടികളെല്ലാം ഇവിടെയുണ്ട്. അവയുടെ യുവജന വിഭാഗങ്ങളും പ്രവർത്തിയ്ക്കുന്നു. പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയ്ക്ക് ഈ സംഘടനകളെല്ലാം തന്നെ ചെറുതല്ലാത്ത സംഭാവനകൾ നൽകിയിട്ടുണ്ട്.

**കായികരംഗം**

ഈ ഗ്രാമത്തിൽ കായികരംഗത്ത് പറയത്തക്ക പുരോഗതിയൊന്നും തന്നെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പണ്ട് കാലങ്ങളിൽ കാളപൂട്ട്, പകിടകളി, പന്തുകളി തുടങ്ങിയവ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പൊതുകളി സ്ഥലങ്ങൾ ഇല്ലാതിരുന്നതിനാൽ വേനൽക്കാലങ്ങളിൽ വിളവെടുപ്പു കഴിഞ്ഞ ശേഷം പാടങ്ങൾ കളിസ്ഥലങ്ങൾ ആക്കി മാറ്റുകയായിരുന്നു പതിവ്. ഇന്നും വേനൽക്കാലങ്ങളിൽ കളികൾ ഏറെയും നടക്കുന്നത് ഇങ്ങനെത്തന്നെയാണ്.പൊതുകളി സ്ഥലങ്ങളുടെ അഭാവമാണ് ഇതിനൊരു പ്രധാനകാരണം. ബാസ്ക്കറ്റ്ബോൾ, ബാറ്റ്മിന്റൺ, ഹോക്കി, കബഡി ക്രിക്കറ്റ് തുടങ്ങിയ മിക്ക കളികൾക്കും വേണ്ടത്ര പ്രോൽസാഹനവും പരിശീലനവും ലഭിയ്ക്കുന്നുമില്ല. ഫുട്ബോൾ മാത്രമാണ് വേണ്ടത്ര പ്രോൽസാഹനം കിട്ടുന്ന ഏക കളി. അതിനുതന്നെ ശാസ്ത്രീയമായ രീതിയിൽ പരിശീലനം കൊടുക്കാനുള്ള സൗകര്യങ്ങളുമില്ല.

പഞ്ചായത്തിന് തനതായ ഒരു കായിക സംസ്കാരം രൂപപ്പെടുത്തുന്നതിന് ഈ രംഗത്ത് പ്രവർത്തിയ്ക്കുന്ന കായിക ക്ലബ്ബുകളുടെ സഹകരണവും നേതൃത്വവും അനിവാര്യമാണ്. കായിക വികസനത്തെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുവേണ്ടി ക്ലബ്ബുകൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിയ്ക്കണം. കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായ കാളപൂട്ട് മൽസരങ്ങൾ പ്രോൽസാഹിപ്പിക്കണം. ക്ലബ്ബുകളും കായിക സമിതികളും ഇതിനു മുൻകൈ എടുക്കണം. വിവിധ ഉൽസവങ്ങളോടും ആഘോഷങ്ങളോടുമനുബന്ധിച്ച് കായികമേളകൾ സംഘടിപ്പിക്കണം. എല്ലാ വാർഡുകളിലും ജനകീയ പങ്കാളിത്തത്തോടെ പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കണം. എല്ലാകളികൾക്കും പ്രത്യേകം സ്ഥിരം കോച്ചിംഗ് സെന്ററുകൾ കേന്ദ്രകായിക സമിതിയുടെ ആഭിമുഖ്യത്തിൽ ആരംഭിയ്ക്കണം.

വിദ്യാർത്ഥികളുടെ കായിക വികസനത്തെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുവേണ്ടി എല്ലാ സ്ക്കൂളുകളിലും കായികാധ്യാപകരെ നിയമിയ്ക്കണം. വിദ്യാർത്ഥികൾക്കുവേണ്ടി അവധിക്കാല പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കണം. ഓരോ സ്ക്കൂളിലും സ്ഥിരം കളിസ്ഥലങ്ങൾ നിർമ്മിയ്ക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകി ജനകീയ പങ്കാളിത്തത്തോടെ കളിസ്ഥലങ്ങൾ നിർമ്മിക്കണം.

ആരോഗ്യകരമായ ഒരു കായിക സംസ്ക്കാരം വളർത്തിയെടുക്കേണ്ടതിന് എല്ലാ വിഭാഗം ജനങ്ങളുടേയും ഒരു കൂട്ടായ്മ അത്യാവശ്യമാണ്.

(കായിക സമിതികളേയും ക്ലബ്ബുകളേയും ക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിയ്ക്കുന്നു)

**പ്രധാന പ്രശ്നങ്ങൾ**

നമ്മുടെ ഗ്രാമം നേരിടുന്ന പ്രധാന കലാ സാംസ്ക്കാരിക-കായിക പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിയ്ക്കാം.

1 1,2,4,5,7,9,10,11 വാർഡുകളിൽ അംഗീകൃത വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല.

2. ഗ്രന്ഥശാലാ കൗൺസിൽ അംഗീകാരമില്ലാത്ത വായനശാലകളിൽ പലതും തൃപ്തികരമായ വിധത്തിൽ പ്രവർത്തിയ്ക്കുന്നുമില്ല.

3. മൂന്നാം വാർഡിലെ ശ്രീധരൻ നമ്പീശൻ വായനശാലയ്ക്കു മാത്രമാണ് പരിമിത സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം ഉള്ളത്. ഇവിടെ എ ടൈപ്പ് കെട്ടിടത്തിനുള്ള തറയുടെ പണി കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക വിഷമം മൂലം കെട്ടിടം പണിപൂർത്തീകരിച്ചിട്ടില്ല.

4. 2,5എന്നീ വാർഡുകളിൽ കലാകായിക ക്ലബ്ബുകൾ പ്രവർത്തിയ്ക്കുന്നില്ല.

5. നിലവിലുള്ള കലാകായിക ക്ലബ്ബുകളിൽ ഒന്നിനും തന്നെ സ്വന്തമായി കെട്ടിടം ഇല്ല.

6. SNS വായനശാല വൈദ്യുതീകരിക്കയ്ക്കേണ്ടതുണ്ട്.

7. മണ്ണഴി ബാപ്പുജി സ്മാരക ഗ്രന്ഥാലയത്തിന് സ്വന്തം കെട്ടിടവും സ്ഥിരം ലൈബ്രേറിയനും വേണം

8. സാമ്പത്തിക നില മോശമായതുകൊണ്ട് ഗ്രന്ഥാലയങ്ങളിൽ പലതിനും ആനുകാലിക പ്രസിദ്ധീകരണങ്ങളോ പത്രങ്ങളോ വരുത്താൻ സാധിയ്ക്കുന്നില്ല.

9. നവസാക്ഷരർക്കായി പ്രവർത്തിയ്ക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന രഹിതമായിരിക്കുന്നു. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം മന്ദഗതിയിലാണ്.

10. കോൽക്കളി, പരിചമുട്ടുകളി, ചവിട്ടുകളി, തുടങ്ങിയ നാടൻ കലാരൂപങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിയ്ക്കുന്നു. ഇവയുടെ വളർച്ചയ്ക്ക് അർഹമായ പ്രോൽസാഹനം ലഭിയ്ക്കുന്നില്ല. കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമായ കാളപൂട്ട് നാശോൻമുഖമായിരി

യ്ക്കുന്നു.

11. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കായിക പ്രവർത്തനങ്ങൾ നടത്തുവാൻ സഹായകമായ കളിസ്ഥലങ്ങൾ ഇല്ല.

12. പഞ്ചായത്തിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ പൊതുകളിസ്ഥലങ്ങളുടെ അഭാവം കായിക വികസനത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു.

13. സ്ത്രീകൾക്കും പെൺകുട്ടികൾക്കും കായിക പരിശീലനത്തിന്റെ പൊതുധാരയിലേയ്ക്ക് എത്തിച്ചേരാൻ സഹായകമായ അടിസ്ഥാന സൗകര്യങ്ങളില്ല.

14. ഗ്രന്ഥശാലകളിലും കലാകായിക സമിതികളിലുമുള്ള സ്ത്രീപങ്കാളിത്തക്കുറവ്

15. പുതു തലമുറയ്ക്ക് വായനയോടുള്ള താൽപ്പര്യക്കുറവും ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരവും പ്രധാന പ്രശ്നങ്ങളാണ്.

**പരിഹാരങ്ങളും നിർദ്ദേശങ്ങളും:**

1. ഗ്രന്ഥശാലകളും കലാകായിക സമിതികളും ഇല്ലാത്ത വാർഡുകളിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വായനശാലകളും ക്ലബ്ബുകളും ആരംഭിയ്ക്കണം.

2. സ്വന്തമായി കെട്ടിടം വൈദ്യുതി എന്നിവ ഇല്ലാത്ത വായനശാലകൾക്കും ക്ലബ്ബുകൾക്കും അതിനാവശ്യമായ ധനസഹായം അനുവദിയ്ക്കുക.

3. സർക്കാരിന്റെ ജനോപകരാപ്രദമായ നടപടികൾ മനസ്സിലാക്കുവാനും ജനങ്ങളുടെ സാംസ്ക്കാരിക പുരോഗതിയെ സഹായിക്കുന്നതിനും വേണ്ടി എല്ലാ വായനശാലകൾക്കും ക്ലബ്ബുകൾക്കും ഹരിജൻ കോളനികൾക്കും ടി. വി. സെറ്റും റേഡിയോയും അനുവദിയ്ക്കുക.

4. ഗ്രന്ഥാലയങ്ങളിൽ വാങ്ങുന്ന പുസ്തകങ്ങളുടെ സംഖ്യാപരമായ വർദ്ധനവിനനുസരിച്ച് ഗുണനിലവാരം ഇല്ല. കൂടാതെ വനിതകളുടെ വായനാശീലത്തിലുള്ള കുറവും ഒരു പ്രധാന പ്രശ്നമാണ്. ഇതിനു പരിഹാരമായി വീടുകളിൽ പുസ്തകങ്ങൾ എത്തിച്ചു കൊടുക്കുന്നതിന് ഒരു സഞ്ചരിക്കുന്ന ലൈബ്രറി ഉണ്ടാകേണ്ടതുണ്ട്..

5. നിലവിലുള്ള ഗ്രന്ഥശാലകളിൽ പ്രാദേശിക സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ (കയ്യെഴുത്തു മാസിക തുടങ്ങിയവ) ആരംഭിയ്ക്കണം.

6. ഗവ: പ്രസിദ്ധീകരണങ്ങളും പത്രമാസികകളും എല്ലാ ലൈബ്രറികൾക്കും സൗജന്യമായി എത്തിച്ചുകൊടുക്കണം.

7. കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിയ്ക്കണം.

9. പഞ്ചായത്ത് തലത്തിൽ ഓരോ വർഷവും കലാകായിക മൽസരങ്ങൾ നടത്തി പഞ്ചായത്ത്തല ടീമുകൾ രൂപീകരിച്ച് വിദഗ്ദ പരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണം.

10. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിയ്ക്കണം.

11. വിദ്യാലയങ്ങളിൽ കലാ സാഹിത്യഭിരുചിയുള്ള വിദ്യാർത്ഥികൾക്കു വേണ്ടി പരിശീലനക്കളരികൾ ആരംഭിയ്ക്കണം.

12. വിദ്യാലയത്തിലെ കായിക പരിശീലനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കളിസ്ഥലം ഇല്ലാത്ത സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കണം.

13. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിയ്ക്കുകയും ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

14. - കോൽക്കളി, പരിചമുട്ടുകളി, ചവിട്ടുകളി തുടങ്ങിയ നാടൻ കാലരൂപങ്ങളെ പ്രോൽസാഹിപ്പിയ്ക്കുന്നതിനു വേണ്ടി നാടൻ കലാമേളകൾ സംഘടിപ്പിയ്ക്കണം.

15. ആഘോഷങ്ങളും ഉൽസവങ്ങളും മതസൗഹാർദ്ദം വളർത്താനുതകുന്ന പൊതുവേദികളാക്കി മാറ്റണം.

16. പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയെ ത്വരിതപ്പെടുത്തുന്നതിനായി പതിനൊന്നാം വാർഡിൽ ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിയ്ക്കുക.

17. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ബോധവൽക്കരണ ക്ലാസ്സുകളും അതോടനുബന്ധിച്ചു കലാപരിപാടികളും സംഘടിപ്പിയ്ക്കണം

18. കലാസാംസ്ക്കാരിക പ്രവർത്തങ്ങൾക്ക് ഒരു വാർഷിക കലണ്ടർ ഏർപ്പെടുത്തുകയും വേണം.

19. സ്കൂൾ ലൈബ്രറികൾ പുനരുജ്ജീവിപ്പിക്കണം.

ഇലക്ട്രോണിക് മാധ്യമങ്ങൾ അതിപ്രസരം യുവതലമുറയുടെ സാംസ്കാരികാപചയത്തിന് വഴിയൊരുക്കാതിരി

യ്ക്കാൻ പ്രത്യേക ബോധവൽക്കരണ പരിപാടികൾ അനിവാര്യമാണ്.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയും ജീവിതത്തോടുള്ള അവരുടെ സമീപനത്തിലെ നിസ്സംഗതയും മൂല്യാപചയത്തിന്റെ അഗാധ ഗർത്തത്തിലേയ്ക്ക് അവരെയും സമൂഹത്തേയും കൊണ്ടുചെന്നെത്തിയ്ക്കാതിരിയ്ക്കുവാൻ യുവശക്തിയെ ഉൽപ്പാദനപരമായ മാർഗ്ഗങ്ങളിലേയ്ക്ക് നയിയ്ക്കേണ്ടതുണ്ട്. അതിനാവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിലാക്കിയേ തീരൂ.

വിനോദത്തോടൊപ്പം വികസനത്തേയും വിദ്യാഭ്യാസത്തെയും സമ്പന്നമാക്കുന്ന ഒരു നിക്ഷേപഘടകമാണ് സംസ്ക്കാരവും സാഹിത്യാദി കലകളും. നമ്മുടെ ഗ്രാമത്തിനനുഗുണമായ ഒരു കലാ കായിക സംസ്ക്കാരവും നാം വളർത്തിയെടുക്കേണ്ടതുണ്ട്.

വരും കാലങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ ഉണർവ്വിന്റേയും ഉയിർത്തെഴുന്നേൽപ്പിന്റേയും കാലഘട്ടമാവുമെന്ന് പ്രത്യാശിയ്ക്കാം.

### സംസ്കാരം

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വായനശാലകളും ഗ്രന്ഥശാലകളും നിർമ്മിയ്ക്കണം
2. പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് മിനിസ്റ്റേഡിയം
3. ഇൻഫർമേഷൻ സെന്റർ
4. സ്കൂൾ ഗ്രൗണ്ടുകൾ
5. കായിക പരിശീലന സംവിധാനം
6. കാളപൂട്ട് മൽസരം
7. സാംസ്ക്കാരിക കേന്ദ്രം
8. പരമ്പരാഗത കലാ പ്രോൽസാഹനം
9. ഹരിജൻ കോളനികളിലും വായനശാലകളിലും ടെലിവിഷൻ സെറ്റ്
10. വായനശാലകൾക്കും ക്ലബ്ബുകൾക്കും കെട്ടിടം.
11. സ്പോർട്ട്സ് കിറ്റ്, റേഡിയോ
12. വൈദ്യുതീകരണം (വായനശാല, ക്ലബ്ബുകൾ)
13. സാക്ഷരതാ തുടർ വിദ്യാഭ്യാസം
14. നാടൻ കലാമേള
15. മഹിളാ സംഘം
16. കായിക മൽസരം - ടീമുകൾ
17. പൊതുകളിസ്ഥലം
18. സൗജന്യ അനുകാലിക പ്രസിദ്ധീകരണങ്ങൾ
19. നീന്തൽകുളം
20. സൗജന്യ പാഠപുസ്തക വിതരണം
21. ഗ്രാന്റ് അനുവദിയ്ക്കുക
22. സൗജന്യമെഡിക്കൽ ക്യാമ്പ്

# വനിത

പൊന്മള ഗ്രാമപഞ്ചായത്തിൽ പുരുഷന്മാരേക്കാൾ കൂടുതലും സ്ത്രീകളാണ് എന്ന് ഐ. സി. ഡി. എസ് സർവ്വെ പ്രകാരം കണ്ടെത്താവുന്നതാണ്. പഞ്ചായത്തിൽ വനിതാരംഗത്തും സാമൂഹ്യക്ഷേമരംഗത്തും പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെക്കുറവാണ്. ഏതുകാര്യത്തിനും തുല്യ പങ്കാളിത്തം വേണമെന്ന് മുറവിളി കൂട്ടുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളോടുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ് ചെയ്യുന്നത്. ഇതുകാരണം അവരെ വീട്ടിൽതന്നെ ഒതുങ്ങിക്കൂടുവാൻ നിർബന്ധിതരാക്കിത്തീർക്കുന്നു.

രാജ്യത്തെ ഭരണരംഗത്ത് പങ്ക് ലഭിക്കുവാനുള്ള അവരുടെ അവകാശത്തെക്കുറിച്ച് അവർ ബോധവതികളല്ല. ഇവർ വിദ്യാഭ്യാസപരമായും വളരെപ്പിന്നോക്കമാണ്. ഉന്നത വിദ്യാഭ്യാസരംഗം പരിശോധിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ വനിതകളുടെ എണ്ണം വളരെ പിന്നിലാണ്. അതുപോലെ അധ്യാപന രംഗത്തൊഴികെ ബാക്കിയെല്ലാ മേഖലകളിലും സ്ത്രീകൾ പിന്നിൽ നിൽക്കുന്നു. ഇവരിൽ അധികം പേരും മറ്റുജില്ലകളിൽ നിന്നും വന്നവരാണ്.

പ്രാദേശിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പമുള്ള തുല്യവേതനം ലഭിക്കുന്നില്ല.

സ്ത്രീകളുടെ സർവ്വതോന്മുഖമായ പ്രശ്നത്തെ എല്ലാ നിലയിലും പരിഹരിക്കാതെ സമൂഹത്തിൽ അവർക്ക് ഉന്നതശ്രേണിയിൽ എത്തുവാൻ സാധിക്കുകയില്ല. പഞ്ചായത്തിനെ വിലയിരുത്തുകയാണെങ്കിൽ കുടുംബത്തിൽതന്നെ സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തമുള്ള വീടുകൾ കുറവാണ്. സ്ത്രീകളുടെ അവഗണനക്ക് പ്രധാനപ്പെട്ടകാരണം ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് ഇന്ന് സമൂഹത്തിലെ മറ്റൊരു പ്രശ്നം സ്ത്രീധന സമ്പ്രദായമാണ്. ഇതുമൂലം പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയക്കുവാൻ കഴിയുന്നില്ല.

ശൈശവ വിവാഹവും, ബാല്യകാല പ്രസവങ്ങളും, ഈ പഞ്ചായത്തിലും നടക്കുന്നുണ്ട്. സ്ത്രീകളുടെ ആരോഗ്യനില പൊതുവെ മോശമാണ്.

സത്രീകൾക്കെതിരെ വളർന്നുവരുന്ന അതിക്രമങ്ങൾക്കെതിരെ സ്ത്രീവിമോചനപ്രസ്ഥാനങ്ങളും വനിതാ പ്രസ്ഥാനങ്ങളും പഞ്ചായത്തിൽ വളർന്നുവരേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. സ്ത്രീകളുടെ ഇടയിൽ പൊതുവെ നിലനിൽക്കുന്ന തൊഴിലില്ലായ്മ.
2. തൊഴിൽ മേഖലയിൽ ഉള്ള സ്ത്രീ - പുരുഷ വിവേചനം
3. സ്ത്രീകളുടെ ഇടയിൽ നിലനിൽക്കുന്ന അനാചാരങ്ങളും, അസമത്വങ്ങളും കൊണ്ട് പൊതുരംഗത്തും

രാഷ്ട്രീയ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവ്

4. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യമില്ലായ്മ
5. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾക്കും, അവഗണനകൾക്കും എതിരെ പ്രതികരിക്കുവാനുള്ള കഴിവില്ലായ്മ
6. അംഗവൈകല്യമുള്ള സ്ത്രീകൾക്ക് പ്രത്യേകിച്ച് പ്രാതിനിധ്യം കിട്ടുന്നില്ല
7. വികലാംഗരായ വനിതകളെ കുടുംബജീവിതത്തിലേക്ക് കൊണ്ടുവരുവാൻ സമൂഹം മടികാണിക്കുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

1. പഞ്ചായത്തിൽ വനിതാ വികസന കോർപ്പറേഷൻ നിലവിൽ വരുത്തുക
2. വനിതാസൊസൈറ്റി രൂപീകരിക്കുക
3. ഓരോ വാർഡിലും ഒരു മഹിളാ സമാജമെങ്കിലും രൂപീകരിച്ച് അതിന്റെ കീഴിൽ വനിതകൾക്ക് തൊഴിൽ പരിശീലനത്തിനും, അടിസ്ഥാനപുനരധിവാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. മഹിളാസമാജങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനും മറ്റുമുള്ള സാമ്പത്തിക സഹായം നൽകണം.
5. വികലാംഗരായ വനികൾക്ക് തൊഴിലിൽ ഏകീകൃത സ്വഭാവത്തോടെ സംവരണം ഏർപ്പെടുത്തുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണം.
6. വനിതകൾക്കുമാത്രമായി പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രങ്ങൾ തുറക്കുകയും, അംഗൻവാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, പൊതുപ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും, തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയും, ചെയ്യേണ്ടതാണ്.
7. സ്ത്രീധന നിരോധന നിയമം കർക്കശമാക്കേണ്ടതാണ്.
8. മദ്യം പൂർണ്ണമായും നിരോധിക്കേണ്ടതാണ്
9. വനിതകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക. പെൺകുട്ടികൾക്കു മാത്രമായി ഒരു ഹൈസ്ക്കൂൾ തുടങ്ങുക
10. ഗ്രാമ സഭയിൽ സ്ത്രീകൾ നിർബന്ധമായും പങ്കെടുക്കുന്നതിനുവേണ്ടിയുള്ള ബോധവല്ക്കരണം നടത്തേണ്ടതാണ്.
11. തൊഴിൽ രംഗത്ത് സ്ത്രീസംവരണം ഏർപ്പെടുത്തുക
12. സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പോസ്റ്ററുകളും പരസ്യങ്ങളും നിർത്തലാക്കേണ്ടതാണ്.
13. സ്ത്രീകളെ വഴിതെറ്റിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.
14. പഞ്ചായത്തിൽ കുടുംബക്കോടതി വനിതാ പോലീസ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുക
15. നിർദ്ധനരായ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നതിനായി വനിതാസഹായനിധി രൂപീകരിക്കേണ്ടതാണ്
16. സഹകരണമേഖലയിൽ ചെറുകിട ഇടത്തരം വ്യവസായങ്ങൾ രൂപീകരിച്ച് സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക
17. ഫാമിലി കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കേണ്ടതാണ് അതിനായി പഞ്ചായത്തിൽ ഒരു ഓഫീസ് പ്രവർത്തനം ആരംഭിക്കണം.

# സഹകരണ മേഖല

മുതലാളിത്തത്തിനും സോഷ്യലിസത്തിനും മദ്ധ്യേയുള്ള ഒരു സേവനപ്രസ്ഥാനമായാണ് സഹകരണമേഖല വിശേഷിപ്പിക്കുപ്പെടുന്നത്. 1904-ൽ ബ്രട്ടീഷ്കാർ നടപ്പിലാക്കിയ സഹകരണ നിയമത്തിന്റെ ചുവട് പിടിച്ചാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ആദ്യകാലത്ത് വായ്പാസംഘങ്ങളാണ് പ്രവർത്തനമാരംഭിച്ചത്. 1969-ലെ കേരളസഹകരണ സംഘം നിയമത്തിനനുസൃതമായാണ് നമ്മുടെ സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

പൊന്മള പഞ്ചായത്ത് സഹകരണ പ്രസ്ഥാനത്തിൽ കൂടുതലായി വേരോട്ടമില്ലത്ത പ്രദേശമാണ് 9-12-44 ൽ രജിസ്റ്റർ ചെയ്തതും 22-12-44 ന് പ്രവർത്തനമാരംഭിച്ചതുമായ കോൽക്കളം സർവ്വീസ് ബാങ്കാണ് ഈ പഞ്ചായത്തിലെ ഏക സഹകരണ സ്ഥാപനം. കോട്ടക്കൽ സഹകരണ അർബ്ബൻ ബാങ്കിന്റെ ഒരു ശാഖ 1995 മുതൽ ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൊന്മള കേന്ദ്രമായി ഒരു ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിച്ചിരുന്നെങ്കിലും 1979 മുതൽ പ്രവർത്തന രഹിതമാണ്. ഏറനാട് കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന മേഖലയിൽ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്. ഈ രംഗത്ത് അപ്രധാനമായി കാണുന്നവയാണെങ്കിലും നാല് സ്കൂൾ സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഇന്ന് നിലവിലുള്ള കോൽക്കളം സർവ്വീസ് സഹകരണ ബാങ്ക് 1944 ൽ ഒരു വിവിധോദ്ദ്യേശ ഐക്യനാണയ സംഘമായാണ് സ്ഥാപിക്കപ്പെട്ടത്. ഇന്നുള്ള രീതിയിൽ നിയമാവലി രജിസ്റ്റർ ചെയ്ത്. പ്രവർത്തനം തുടങ്ങിയത് 1964 - ലാണ്.

ഈ പ്രദേശത്തെ ആദ്യകാല സഹകാരികൾ ഒളകര കുഞ്ഞിമുഹമ്മദ്, ഹബീബ്കോയ തങ്ങൾ, എന്നിവരാണ്. തുടർന്ന് ഒളകര അഹമ്മദ്ഹാജി, പിച്ചൻ ബാപ്പു എന്നിവർ ഈ പഞ്ചായത്തിന്റെ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. നിയമാവലി രജിസ്റ്റർ ചെയ്ത ശേഷം ദീർഘകാലം ഈ സ്ഥാപനത്തിന്റെ പ്രസിഡണ്ടായിരുന്ന ഒളകര മുഹമ്മദ് കുട്ടി ഹാജിയുടെ സേവനം പ്രത്യേകം എടുത്ത് പറയേണ്ടതാണ്. ഇപ്പോൾ ബാങ്കിന്റെ പ്രസിഡണ്ട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർകൂടിയായ വി. കുഞ്ഞിമുഹമ്മദാണ്.

### സഹകരണ മേഖലിയലെ ഇന്നത്തെ അവസ്ഥയും പ്രശ്നങ്ങളും

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനമായ കോൽക്കുളം സർവ്വീസ് സഹകരണ ബാങ്കിന് പൂർണ്ണമായും ഈ രംഗത്ത് നാം ആഗ്രഹിക്കുന്ന രീതിയിൽ ഉയർന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. ഇതിനുള്ള കാരണങ്ങളിൽ പ്രധാനമായ ഒന്ന് ഇതിന്റെ ആസ്ഥാനം പഞ്ചായത്തിന്റെ ഒരു കോണിൽ ആകയാൽ കൃഷിക്കാർക്ക് ബാങ്കുമായി ബന്ധപ്പെടാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. മാത്ര

മല്ല ജില്ലാ ബാങ്ക്, സംസ്ഥാനസഹകരണ ബാങ്ക്, നബാർഡ് എന്നീ ധനകാര്യസ്ഥാപനങ്ങളുടെ അസ്ഥാനത്തുള്ള നിയന്ത്രണവും കൂടിയ പലിശ നിരക്കും ബാങ്കിന്റെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നു. കടക്കാരിൽ നിന്നും കൂടിവരുന്ന അവധി ബാക്കിയും ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. ഉയർന്ന പലിശ നിരക്കിൽ കടം വിതരണം ചെയ്യാൻ ആഗ്രഹിച്ചാൽ പോലും ഡപ്പോസിറ്റ് നല്കുന്നവരിൽ വിശ്വാസ്യത വളർത്തി ദീർഘകാല ഡപ്പോസിറ്റുകൾ സ്വരൂപിക്കാൻ കഴിയുന്നില്ല. പഞ്ചായത്തിലെ പലരും തങ്ങളുടെ നിക്ഷേപം പുറത്തുള്ള വ്യാപാര ബാങ്കുകളിലാണ് ചെയ്യുന്നത്.

### കാർഷിക വായ്പാ മേഖല

നമ്മുടെ പഞ്ചായത്തിൽ 3200-ഓളം കാർഷിക കുടുംബങ്ങളുണ്ട്. ഇവരിൽ പലരും കാർഷിക വൃത്തി മുഖ്യ തൊഴിലായി സ്വീകരിക്കുന്നതിന് വൈമുഖ്യം കാണിക്കുന്നു എന്നത് നിലനിൽക്കേ തന്നെ കൃഷിക്കാർ കാർഷിക കടത്തിന് ആശ്രയിക്കുന്നത് കോൽക്കളം സർവ്വീസ് ബാങ്കിനെതന്നെയാണ്. ഹ്രസ്വകാല വായ്പയാണ് കൂടുതലും വിതരണം ചെയ്യുന്നത്. നാമമാത്രമായെങ്കിലും മധ്യകാല ദീർഘകാല വായ്പകളും വിതരണം ചെയ്യുന്നുണ്ട്. പുറമെ വളരെ കുറഞ്ഞ തോതിൽ കാർഷികേതര കടങ്ങളും വിതരണം ചെയ്യുന്നുണ്ട്. ബാങ്കിൽ നിന്നും എല്ലാ വർഷവും കൃശിക്കാരായ മെമ്പർമാരുടെ ആവശ്യങ്ങൾ പരിഗണിച്ച് ക്രെഡിറ്റ് ലിമിറ്റ് തയ്യാറാക്കി ജില്ലാ ബാങ്കിലേക്ക് സമർപ്പിക്കുന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും വായ്പ നല്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാകുന്നില്ല.

മാത്രമല്ല കനത്ത നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് വായ്പ ആവശ്യനുസരണം ലഭിക്കുന്നതിനോ നിയന്ത്രണമുണ്ടാകുന്നു. ബാങ്കിന്റെ 93-94 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നഷ്ടം 9,57,016 രൂപയാണ്.

### കാർഷികേതര വായ്പാമേഖല

കാർഷികേതര വായ്പാ മേഖലയിൽ ഈ പഞ്ചായത്തിൽ കോട്ടക്കൽ സഹകരണ അർബ്ബൻ ബാങ്കിന്റെ ഒരു ബ്രഞ്ച് പറങ്കിമൂച്ചിക്കലിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് പ്രവർത്തനമാരംഭിച്ചത് 15-5-95 - നാണ്. വേണ്ടത്ര ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സാധാരണ ജനങ്ങളിൽ എത്താത്തത്കൊണ്ട് ഇതിന്റെ സേവനം വിരലിലെണ്ണാവുന്ന ആളുകൾ മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളു. (പട്ടിക II നോക്കുക)

### ദീർഘകാല വായ്പാ മേഖല

പൊന്മള പഞ്ചായത്തിൽ ദീർഘകാല വായ്പ ലഭിക്കുന്നതിനുതകുന്ന സ്ഥാപനം ഈ പഞ്ചായത്ത് കൂടി പ്രവർത്തന മേഖലയായുള്ള ഏറനാട് (മഞ്ചേരി) കാർഷിക വികസനബാങ്കാണ്. ഈ സ്ഥാപനത്തിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാർ വേണ്ടത്ര വായ്പാസൗകര്യം ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് പട്ടിക III ൽ നിന്ന് ബോദ്ധ്യമാകും. ഇതിന് പ്രധാന കാരണം മലപ്പുറം ബ്ലോക്ക് പ്രദേശത്ത് ഇതിന്റെ ബ്രാഞ്ച് പ്രവർത്തികുന്നില്ല. എന്നതും ബാങ്ക് ഈ പ്രദേശത്തെ കൃഷിക്കാർക്ക് ധനസഹായ സംബന്ധമായ വിവരം ലഭിക്കുന്നതിന് ബോധപൂർവ്വമായ പ്രചാരണ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ല എന്നതുമാണ്.

മലപ്പുറം അരീക്കോട് ബ്ലോക്ക് മേഖലയിൽ 95-96 വർഷം കാർഷിക വികസന ബാങ്കിൽ നിന്ന് 261 കടങ്ങൾക്കായി 10, 2, 76, 765 രൂപ വിതരണം ചെയ്തപ്പോൾ നമ്മുടെ പഞ്ചായത്തതിർത്തിയിൽ ഒരു കടം (10000 രൂപ) മാത്രമേ ലഭ്യമായുള്ളു.

### ഹൗസിംഗ് മേഖല

പാർപ്പിട പ്രശ്നം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രവർത്തന മേഖലയുള്ള ഹൗസിംഗ് സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്ത് ഉൾക്കൊണ്ട്കൊണ്ട് പ്രവർത്തനപരിധി നിശ്ചയിച്ച് മലപ്പുറത്ത് ഒരു ഹൗസിംഗ് സഹകരണ സംഘം 1985- ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഈ രംഗത്ത് സാമ്പത്തിക സഹായകേന്ദ്ര സ്ഥാപനമായ ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷൻ ലഭിക്കായ്കയാൽ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്.

### ക്ഷീരവ്യവസായ മേഖല

ലഭ്യമായ സ്ഥിതി വിവരക്കണക്കനുസരിച്ച് പഞ്ചായത്തിൽ 901 കറവമാടുകളുണ്ട്. കന്നുകാലി വളർത്തുന്നവർ ശേഖരിക്കുന്ന പാൽ ഒറ്റക്കൊറ്റക്ക് കടകളിലും, വീടുകളിലും വില്പന നടത്തുകയാണ് ചെയ്യുന്നത്. ഈ രംഗത്ത് പാൽ സഹകരണ സംഘം പ്രവർത്തിക്കാത്തിതിനാൽ കൃഷിക്കാർക്ക് വലിയ തോതിലുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. 1975 ൽ പൊന്മള ആസ്ഥാനമായി ഒരു പാൽ വിതരണ സഹകരണ സംഘം പ്രവർത്തനമാരംഭിച്ചിരുന്നു. 1979-ൽ അത് പ്രവർത്തന രഹിതമായി. നാളിത് വരെ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ശ്രദ്ധിച്ചിട്ടില്ല. സ്ഥാപനം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനെ കുറിച്ചും ശ്രദ്ധിച്ച് കാണുന്നില്ല.

### കൺസ്യൂമർ മേഖല

## പട്ടിക

## സ്ഥിതി വിവരകണക്ക് (കോൽക്കളം സർവ്വീസ് സഹകരണ ബാങ്ക്)

| രജിസ്റ്റർ ചെയ്ത തീയ്യതി | പ്രവർത്ത നമാരംഭിച്ച തീയ്യതി | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | | സർക്കാർ ഓഹരി | പ്രവർത്തന മൂലധനം | സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച കടം |
|---|---|---|---|---|---|---|---|---|
| | | | | അംഗീകൃതം | പിരിഞ്ഞ് കിട്ടിയത് | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 9-12-44 | 22-12-44 | പൊന്മള പഞ്ചായത്ത് | 4353 | 1260000 | 508446 | 34500 | 11673563 | 1494925 |

| സ്വീകരിച്ച നിക്ഷേപം | | നല്കിയ വായ്പ | | | | വായ്പാ കുടിശ്ശിക | ആകെ ജീവനക്കാർ | ഭരണച്ചിലവ് | നഷ്ടം 93-94 ആഡിറ്റ് |
|---|---|---|---|---|---|---|---|---|---|
| സ്ഥിരം | മറ്റുള്ളവ | 12 | | | 13 | | | | |
| | | കാർഷികം | | | | | | | |
| | | ഹ്രസ്വ കാലം | മധ്യ കാലം | ദീർഘ കാലം | കാർഷികേതരം | | | | |
| 10 | 11 | | | | | 14 | 15 | 16 | 17 |
| 5095668 | 2194968 | 1459031 | 157002 | 216354 | 6983343 | 365279 | 5 | 297241 | 957016 |

## പട്ടിക II

## സ്ഥിതി വിവരക്കണക്ക്

## (കോട്ടക്കൽ സഹകരണ അർബൻ ബാങ്ക്)

| | | 1-3-1996 ന് ബ്രാഞ്ചിൽ നിന്നും നൽകിയ കടങ്ങൾ ഇനം തിരിച്ച് | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത തിർത്തിക്കുള്ളിൽനിന്നുള്ള അംഗങ്ങൾ | എണ്ണം 424 | സർണ്ണ പണയം | എണ്ണം | വാഹനം | എണ്ണം | കാഷ് ക്രഡിറ്റ് | എണ്ണം | എംപ്ലോയീസ് ഓവർ ഡ്രാഫ്റ്റ് | എണ്ണം | ഉദ്യോഗസ്ഥ ലോൺ | എണ്ണം | കറവപ്പശു | എണ്ണം | സ്വയം തൊഴിൽ | എണ്ണം | കച്ചവടം |
| 564 | | 4316350 | 1 | 126000 | 2 | 225000 | 2 | 50000 | 4 | 44000 | 19 | 104000 | 1 | 25000 | 3 | 120000 |

## പട്ടിക III

## 1995-96 വർഷത്തിൽ നല്കിയ വായ്പ (ഏറനാട് കാർഷിക വികസന ബാങ്ക്)

| ക്രമ നമ്പർ | 95-96 ൽ നൽകിയ കടങ്ങൾ | | | 31-3-96 ന് ബാക്കിനിൽക്കുന്ന കടങ്ങൾ | | | |
|---|---|---|---|---|---|---|---|
| | ഇനം | എണ്ണം | സംഖ്യ | ക്രമ നമ്പർ | കടത്തിന്റെ പേര് | എണ്ണം | ബാക്കിനിൽക്കുന്ന സംഖ്യ |
| 1. | കാർഷികേതര വായ്പ | 1 | 10000 | 1 | ചെറുകിട ജലസേചനം | 5 | 11119-00 |
| 2 | | | | | കവുങ്ങ് പുനരുദ്ധാരണം | 1 | 5967-00 |
| 3 | | | | | കാർഷികേതര വായ്പ | 3 | 49440-00 |
| 4 | | | | | റൂറൽ ഹൗസിംഗ് | 7 | 114340-00 |

പഞ്ചായത്ത് ഉൾക്കൊണ്ട് കൺസ്യൂമർ സഹകരണ മേഖലയിൽ ഒരു സഹകരണ സ്ഥാപനവും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്ത് മാത്രം പ്രവർത്തന മേഖലയായി കൺസ്യൂമർ സഹകരണം സംഘം രൂപീകൃതമായാൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. തൊട്ടടുത്ത മൂന്നോ നാലോ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത കാണുന്നു.

**പട്ടികജാതി സഹകരണ സംഘം.**

പഞ്ചായത്തിൽ മൊത്തം 192 പട്ടികജാതി കുടുംബങ്ങളിലായി 975 അംഗങ്ങളുണ്ട്. ഇവരുടെ ഉന്നമനത്തിന് പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം രൂപീകരിക്കുന്നതിന് സാദ്ധ്യത കാണുന്നുണ്ട്.

**വ്യവസായ മേഖല**

പഞ്ചായത്തിൽ ഒരു വ്യവസായ സഹകരണ സംഘവും പ്രവർത്തിക്കുന്നില്ല. സ്വകാര്യ മേഖലയിലാണ് ചുരുക്കം ചില ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നങ്ങളായ നാളികേരം കശുവണ്ടി എന്നിവയുടെ സംസ്കരണവുമായി ബന്ധപ്പെട്ട് ധാരാളം സാദ്ധ്യതകൾ കാണുന്നുണ്ട്. ഈ രണ്ട് രംഗങ്ങളിലും വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സാദ്ധ്യതയുണ്ട്.

**വനിതാ സഹകരണ മേഖല**

വനിതകളുടെ തൊഴിലധിഷ്ഠിതമായ സഹകരണ സംഘങ്ങൾ നിലവിലില്ല. അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ധാരാളം വനിതകൾ പഞ്ചായത്ത് പ്രദേശത്തുണ്ട്. സ്ത്രീകൾക്ക് തൊഴിൽ നല്കുന്നതിനും അവരുടെ ഉന്നമനത്തിനുമായി ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുന്നതിന് സാദ്ധ്യതയുണ്ട്.

**സ്കൂൾ സഹകരണ സംഘങ്ങൾ**

പഞ്ചായത്തിലെ 15 സ്കൂളുകൾ കേന്ദ്രീകരിച്ച് കൊണ്ട് 4 സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നാമമാത്രമായി സ്കൂളുകളിൽ ടെക്സ്റ്റ് പുസ്തകങ്ങളുടെ വിതരണം മാത്രമേ ഈ രംഗത്ത് നടക്കുന്നുള്ളൂ. കുട്ടികൾക്കാവശ്യമായ നോട്ട് പുസ്തകങ്ങൾ, അദ്ധ്യാപകർക്ക് കൂടി ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ എന്നിവ ഈ രംഗത്ത് നടത്താൻ സാധിക്കും.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികളും പ്രശ്ന പരിഹാര മാർഗ്ഗങ്ങളും

**കാർഷിക വായ്പാ മേഖല**

1 ഇന്നുള്ള കോൽക്കളം സർവ്വീസ് സഹകരണബാങ്ക് പഞ്ചായത്തിന്റെ ഒരു കോണിലാണ് പ്രവർത്തിക്കുന്നത് എന്നത്കൊണ്ട് കൃഷിക്കാരുടെ സൗകര്യാർത്ഥം, വില്ലേജുകളുടെ സംയോജനം നടക്കുന്നതിന് മുൻപ് പ്രത്യേക വില്ലേജായിരുന്ന പൊന്മളയിൽ ഒരു പ്രത്യേക സഹകരണ ബാങ്ക് രൂപീകരിക്കുകയോ കോൽക്കളം സർവ്വീസ് ബാങ്കിന്റെ ബ്രാഞ്ച് പൊന്മളയിൽ തുറന്ന് പ്രവർത്തിക്കുകയോ ചെയ്യുക.

2. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ നഷ്ടം നികത്തി ലാഭകരമായി പ്രവർത്തിക്കുന്നതിന്റെ ആദ്യപടിയായി നഷ്ടത്തിന് തുല്യമായ സംഖ്യ പലിശ രഹിത വായ്പയായോ, സർക്കാർ ഓഹരി മൂലധനമായോ അനുവദിക്കുക.

3. ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക

4. നിക്ഷേപകരിൽ വിശ്വാസ്യത വർദ്ധിപ്പിച്ച് കൂടുതൽ നിക്ഷേപം ശേഖരിക്കുന്നതിനും ഈ സംഖ്യ ആവശ്യക്കാർക്ക് കടമായി വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിക്കുക

5. കർഷകർക്ക് അവരുടെ ആവശ്യാനുസരണം യതാസമയം വായ്പ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സാമ്പത്തിക സഹായ സ്ഥാപനങ്ങൾ സ്വീകരിക്കുക

6. ഇന്ന് കാർഷിക വായ്പ 12% പലിശയ്ക്കും മറ്റ് വായ്പകൾ 19 1/2% പലിശയ്ക്കുമാണ് വിതരണം ചെയ്യുന്നത്. ഈ വർദ്ധിച്ച പലിശ നിരക്ക് കുറക്കുന്നതിന്റെ ആദ്യപടിയായി ത്രിതല വായ്പാ മേഖലയിലെ ഇടത്തട്ട്കാരായ ജില്ലാ ബാങ്കിനെ രംഗത്ത് നിന്നും മാറ്റുക. ഇങ്ങനെ വന്നാൽ 2% പലിശ നിരക്ക് കുറക്കാൻ കഴിയും.

7.നബാർഡ് സംസ്ഥാന സഹകരണ ബാങ്ക് വഴി വിതരണം ചെയ്യുന്ന വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുക

8. ബാങ്ക് ലാഭകരമാക്കുന്നതിന് ചിട്ടി, ദിവസ ഡിപ്പോസിറ്റ് ഇവ ആരംഭിക്കുക.

9. ബാങ്കിൽ കൃഷിക്കാരുടെ ലാൻഡ് രജിസ്റ്റർ സൂക്ഷിയ്ക്കുക. കാർഷിക വായ്പ യഥാർത്ഥ കൃഷിക്കാർക്ക് മാത്രം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക

10. കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക

11. കർഷകർക്ക് പലിശ സബ്സിഡി നേരാംവണ്ണം അനുവദിക്കുകയും കൃത്യസമയത്ത് വിതരണം ചെയ്യുകയും ചെയ്യുക.

12. കർഷകർക്ക് നൽകുന്ന ആൾജാമ്യ കാർഷിക വായ്പ 10000 രൂപയെങ്കിലും ആക്കുക.

13. വളം കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണം കാര്യക്ഷമമാക്കുക. പഞ്ചായത്തിൽ ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുക

14. കൃഷിക്കാരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും ന്യായവില ലഭ്യമാക്കി വിൽപ്പന നടത്തുന്നതിനും സംവിധാനമൊരുക്കുക

15. കൊപ്ര സംഭരിക്കുന്നതിന് അടിയന്തിരമായി സംവിധാനമുണ്ടാക്കുക

16. വർദ്ധിച്ച് വരുന്ന അവധി ബാക്കികടക്കാരെ കണ്ട് പിരിച്ചെടുക്കുന്നതിനും ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് സഹായിക്കുന്നതിനും പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുക.

17. പഞ്ചായത്തിലെ ഫണ്ടുകൾ പഞ്ചായത്ത് മേഖലയിൽ തന്നെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് സംവിധാനമൊരുക്കുക.

**b. കാർഷികേതര വായ്പ മേഖല**

പറങ്കിമൂച്ചിക്കല് പ്രവർത്തിക്കുന്ന കോട്ടക്കൽ സഹകരണ അർബ്ബൻ ബാങ്കിന്റെ ബ്രാഞ്ചിൽ നിന്നുള്ള സേവനം സാധാരണക്കാർക്ക് ലഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയും ബാങ്കിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ശക്തമായ പ്രചരണം നടത്തുകയും ചെയ്യുക. തൊഴിലധിഷ്ഠിതവും വ്യാവസായികവും പ്രത്യൽപ്പന്നപരവുമായ മേഖലകളിൽ വായ്പ നല്കുക.

**c. ദീർഘകാല വായ്പാ മേഖല**

ദീർഘകാല വായപാമേഖലയിൽ ഈ പഞ്ചായത്ത് പ്രവർത്തന പരിധിയുള്ള ഏറനാട് കാർഷിക വികസനബാങ്കിൽ നിന്ന് നാമമാത്ര വായ്പയാണ് ഇന്ന് കൊടുക്കുന്നത്. ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പഞ്ചായത്ത് മേഖലയിൽ പ്രചരണങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക. കൃശിക്കാർക്ക് എളുപ്പത്തിൽ ബന്ധപ്പെടുന്നതിന് മലപ്പുറത്തോ, കോട്ടക്കലോ ഇതിന്റെ ബ്രാഞ്ച് ആരംഭിക്കുക.

2. ദീർഘകാല വായ്പക്കുള്ള പലിശനിരക്ക് കുറക്കുക. വായ്പാ നിബന്ധനകൾ ലഘൂകരിക്കുക

3. പലിശ സബ്സിഡി കൃത്യമായി ലഭിക്കുന്നതിന് സംവിധാനമേർപ്പെടുത്തുക

**ഹൗസിംഗ് മേഖല**

ഈ പഞ്ചായത്ത് കൂടി പ്രവർത്തന പരിധിയായി മലപ്പുറത്ത് സ്ഥാപിച്ചിട്ടുള്ള ഹൗസിംഗ് സഹകരണ സംഘത്തിന് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേഷൻ നൽകി വീട് വെക്കുന്നതിനുള്ള കടം യഥാവിധി പഞ്ചായത്ത് പ്രദേശത്ത് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക

**ക്ഷീരോല്പാദക സഹകരണ മേഖല**

1. ഇന്ന് സമാപ്തീകരിക്കാതെ നിലനിൽക്കുന്ന പൊന്മള ക്ഷീരോല്പാദക സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ ക്ഷീരവികസനവകുപ്പ് ആരംഭിക്കുകയും ഇതിന്റെ പ്രവർത്തന പരിധി പൊന്മള പഞ്ചായത്ത് മുഴുവനായി വ്യാപിക്കുകയും ചെയ്യുക.

2. ക്ഷീരസഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്ന മുറക്ക് ഇത് മിൽമയുടെ കലക്റ്റിങ്ങ് യൂണിറ്റായി മാറ്റുക

3. ഈ സ്ഥാപനം വഴി തന്നെ കൃഷിക്കാർക്ക് കാലിതീറ്റ വിതരണത്തിന് സംവിധാനം ഒരുക്കുക.

**F കൺസ്യൂമർ മേഖല**

പഞ്ചായത്തിൽ സ്വന്തമായി കൺസ്യൂമർ സംഘം തുടങ്ങുന്നത് ലാഭകരമായിരിക്കില്ലെന്നത് കൊണ്ട് പൊന്മള, കോട്ടക്കൽ, കോഡൂർ, ഒതുക്കുങ്ങൽ. എടരിക്കോട് എന്നീ തൊട്ടടുത്ത പഞ്ചായത്തുകൾ ഉൾപ്പെടുത്തി നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തുന്നതിന് ഒരു കൺസ്യൂമർ സഹകരണ സംഘം സ്ഥാപിക്കുക.

**g. പട്ടികജാതി മേഖല**

പട്ടികജാതിക്കാരുടെ ഉന്നമനത്തിന് പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം സ്ഥാപിക്കുക. ഇതുവഴി ഈ വിഭാഗത്തിന് തൊഴിൽ സാദ്ധ്യതയുള്ള പദ്ധതികൾക്ക് രൂപം നല്കുക.

**L. വ്യവസായ മേഖല**

വ്യവസായ മേഖലയിൽ പിന്നോക്കമുള്ള ഈ പഞ്ചായത്തിൽ നാളികേര സംസ്കരണവും, കശുവണ്ടി സംസ്കരണവും ഉദ്ദേശിച്ച് കൊണ്ടുള്ള വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും പ്രത്യക്ഷത്തിൽ 100 പേർക്കെങ്കിലും തൊഴിൽ നൽകുന്നതിനുള്ള സാദ്ധ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

**I വനിതാ സഹകരണ മേഖല**

പഞ്ചായത്തിൽ വനിതകൾക്കായി ഒരു സഹകരണ സംഘം രൂപീകരിക്കുകയും തൊഴിലധിഷ്ഠിത പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

**J. സ്കൂൾ സഹകരണ മേഖല**

1. പഞ്ചായത്തിലുള്ള 4 സ്കൂൾ സഹകരണ സംഘങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അംഗങ്ങളാക്കുക.

2. കുട്ടികൾക്ക് ടെക്സ്റ്റ് ബുക്കിന് പുറമേ നോട്ട് പുസ്തകങ്ങൾ സ്റ്റേഷനറി സാധനങ്ങൾ എന്നിവ ന്യായമായ വിലക്ക് വിതരണം ചെയ്യുക.

പഞ്ചായത്തിൽ നിലവിലുള്ളതും രൂപീകരിക്കാനുദ്ദേശിക്കുന്നതുമായ സഹകരണസ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് സമയാസമയങ്ങളിൽ വിലയിരുത്തി കാര്യങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടത്താവുന്നതാണ്.

ഗ്രാമത്തിലെ ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും, സാംസ്കാരികവുമായ ഉന്നമനത്തിന് സഹകരണ പ്രസ്ഥാനം വഴി മേൽ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണ്.

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

പൊന്മള ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 3.8% പട്ടിക ജാതിയിൽ പ്പെട്ടവരാണ് ആകെ 192 പട്ടികജാതി കുടുംബങ്ങൾ ഇവിടെ ജീവിച്ച് പോരുന്നുണ്ട്. പഞ്ചായത്തിൽ 5 അംഗീകൃത കോളനികളും 2 അംഗീകാരത്തിന് സമർപ്പിച്ച കോളനികളും നിലവിലുണ്ട്.

മറ്റ് തൊഴിലാളി കർഷകരോടൊപ്പം ഭൂപരിഷ്ക്കരണം നടപ്പാക്കുന്നതിനും മിച്ചഭൂമി വിതരണം ചെയ്യുന്നതിനും വേണ്ടി നടന്നിട്ടുള്ള പോരാട്ടങ്ങളിൽ ഈ വിഭാഗവും പങ്കെടുത്തിട്ടുണ്ട്. സാമൂഹിക സാമ്പത്തിക രംഗത്ത് ഭൂപരിഷ്ക്കരണം നടപ്പാക്കിയതോടുകൂടി കുടികിടപ്പവകാശവും മിച്ചഭൂമിലഭ്യതയും ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും വിദ്യാഭ്യാസപരമായി ഇവർ പിന്നോക്കം തന്നെ നിലനിൽക്കുന്നുണ്ട്. എങ്കിലും മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

ഇന്ന് കാർഷിക വ്യാവസായിക സേവന മേഖലകളിലും എത്തിപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സർക്കാർ ഇവർക്കു വേണ്ടി നടപ്പാക്കുന്ന പദ്ധതികൾ വേണ്ടത്ര അറിവില്ലായ്മ കാരണം നേടിയെടുക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്.

പഞ്ചായത്തിലെ അംഗീകരിച്ച കോളനികൾ ചുവടെ ചേർക്കുന്നു

1. കുതിരവട്ടം പള്ളിയാൽ വാർഡ് III
2. മേൽമുറി കിഴക്കേതല വാർഡ് V
3. മണ്ണഴി ഹരിജൻ കോളനി വാർഡ് VIII
4. തെക്കേക്കര കോളനി (IHDEP) VIII
5. ഓണം കാട് കോളനി വാർഡ് IX

**അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ**

1. വീരാല തണ്ടറായി ഹരിജൻ കോളനി വാർഡ് II
2. കരിം തവർകുന്ന് കോളനി വാർഡ് IX

അംഗീകൃത കോളനികളിലെ മൊത്തം കുടുംബങ്ങൾ 123 ആണ്. അംഗീകാരത്തിന് സമർപ്പിച്ച കോളനികളിൽ 25 കുടുംബങ്ങളുമുണ്ട്. പക്ഷെ ഇതിലൊന്നും പെടാതെ അങ്ങിങ്ങായി മാറി താമസിക്കുന്ന 44 ഓളം കുടുംബങ്ങളും പഞ്ചായത്തിലുണ്ട്.

അഗീകൃത കോളനികളിലെ പട്ടികജാതി കുടുംബത്തിലെ ജനസംഖ്യ 641 ആണ്. അംഗീകാരത്തിന് മർപ്പിച്ച രണ്ട് കോളനികളിലെ 25 കുടുംബങ്ങളിലെ ജനസംഖ്യ 139 ആണ്. അങ്ങിങ്ങായി മാറിത്താമസിക്കുന്ന 44 കുടുംബങ്ങളിലെ ജനസംഖ്യ 195 ആണ്. അങ്ങനെ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളുടെ മൊത്തം ജനസംഖ്യ 975 ആണ്

ഉച്ചനീചത്വങ്ങൾ കൊടികുത്തി വാണിരുന്ന പഴയ കാലഘട്ടങ്ങളിൽ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഇതിനെതിരെ രംഗപ്രവേശനം ചെയ്യാൻ അന്നത്തെ ജന്മി കുടുംബങ്ങളെ ഇവർ ഭയപ്പെട്ടിരുന്നു. അയിത്തത്തിന്റെ ഭാഗമായി വഴിയാത്ര പോലും ഇവർക്ക് വളരെ ക്ലേഷകരമായിരുന്നു. അക്കാലങ്ങളിൽ ഭൂപ്രമാണി-ജന്മിമാരുടെ വീടുകളിൽ ഇവർക്ക് ഭക്ഷണംകൊടുക്കാൻ പോലും പ്രത്യേക പാത്രങ്ങൾ ഉണ്ടായിരുന്നു. താഴ്ന്ന വിഭാഗത്തിൽപ്പെട്ട ഇവരുടെ വീട്ടിൽ ഒരു വിവാഹം നടന്നുകഴിഞ്ഞാൽ ആ പ്രദേശത്തെ ജന്മിയുടെ വീട്ടിൽ കൊണ്ടുപോയി "പടികയറ്റം" എന്ന പേരിൽ നടത്തുന്ന അനാചാരവും ഇവിടെ നിലനിന്നിരുന്നു. ഇവർക്ക് ഒരു കുട്ടി ജനിച്ചാൽ ഇഷ്ടപ്രകാരമുള്ള പേരുവിളിക്കുന്നതിനുള്ള അവകാശംപോലും ഉണ്ടായിരുന്നില്ല. പുരുഷന്മാർക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യങ്ങളായ മുടിവെട്ടൽ, ഷേവ്ചെയ്യൽ മുതലായവയ്ക്കുപോലും ഇവർക്ക് പൊതുവേദികളിൽ വിലക്ക് കല്പിച്ചിരുന്നു. ക്ഷേത്രക്കുളങ്ങളിൽ കുളിക്കുന്നതിനും, ക്ഷേത്രങ്ങളിൽ ആരാധന നടത്തുന്നതിനും ഇവർക്ക് ഭ്രഷ്ട് കല്പിച്ചിരുന്നു.

ഭൂപ്രമാണിമാരുടെ ചെയ്തികളിൽ നിന്ന് ഇവരെ മോചിപ്പിക്കുന്നതിനുവേണ്ടി അന്നത്തെ സാമൂഹിക പ്രവർത്തകരിൽ പ്രധാനികളായ പി. വി. കൃഷ്ണൻ മാസ്റ്ററുടെ നേതൃത്വത്തിൽ ചേങ്ങോട്ടൂർ മേഖലയിലും പി. ശ്രീധരൻ നമ്പീശന്റെ നേതൃത്വത്തിൽ പൊന്മള മേഖലയിലും ഉള്ള ക്ഷേത്രക്കുളങ്ങളിൽ ഈ വിഭാഗത്തിന് കുളിക്കുന്നതിനും, ക്ഷേത്രത്തിൽ ആരാധന നടത്തുന്നതിനും, അവകാശം സംരക്ഷിക്കുന്നതിനും വേണ്ടി നടന്ന ഹരിജനോദ്ധാരണ സമരങ്ങളിൽ ഈ വിഭാഗം ജനങ്ങളും പങ്കെടുത്തിരുന്നു. ഇതിന്റെ ഫലമായി പഞ്ചായത്തിലുണ്ടായിരുന്ന തൊട്ടുകൂടായ്മയ്ക്കും തീണ്ടികൂടായ്മയ്ക്കും ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

### വിദ്യാഭ്യാസം

പഞ്ചായത്തിലെ മൊത്തം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളും പ്രാഥമിക വിദ്യാലയങ്ങളിൽ പോകുന്നവരാണ്. സാമ്പത്തീക പരാധീനതയാണ് S.S.L.C യ്ക്ക് ശേഷമുള്ള പഠനത്തെ ബാധിക്കുന്ന പ്രധാന പ്രശ്നം. എന്നിരുന്നാലും യു. പി. തലത്തിന് ശേഷം വിദ്യാഭ്യാസം നിർത്തിയവർ ധാരാളമുണ്ട്. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം ഫലപ്രദമായി നടക്കാതിരുന്നത് കുടുംബങ്ങളിൽ നിരക്ഷരരുടെ എണ്ണം വർദ്ധിക്കുവാൻ കാരണമായി.

വിദ്യാഭ്യാസ ബോധവല്ക്കരണം കോളണികൾ കേന്ദ്രീകരിച്ച് നടത്തിയാൽ വിദ്യാഭ്യാസരംഗത്തുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സാധിക്കും.

1995-96 അദ്ധ്യായനവർഷത്തിൽ പഞ്ചായത്തിൽ ആകെ 238 പട്ടിക വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിച്ചിരുന്നു. ഇവരിൽ 131 പേർ ആൺകുട്ടികളും 107 പേർ പെൺകുട്ടികളും ആയിരുന്നു. എൽ. പി. തലത്തിൽ പഠിക്കുന്ന മൊത്തം കുട്ടികളുടെ 3.4% (116 കുട്ടികൾ) ഈ വിഭാഗത്തിൽപ്പെടുന്നു. യു. പി. തലത്തിൽ ഇവരുടെ ശതമാനം 3.2 (80 കുട്ടികൾ) ആണ്. ഹൈസ്ക്കൂൾ മേഖലയിലുള്ള ആകെ കുട്ടികളിൽ 3.4% (42 കുട്ടികൾ) ഇവരാണ്.

### തൊഴിൽ

പഞ്ചായത്തിലെ ആകെ പട്ടികജാതി കുടുംബങ്ങളെടുത്ത് പരിശോധിച്ചാൽ ഭൂരിഭാഗം പേരും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരാണ്. എന്നിരുന്നാലും ഉപജീവനത്തിനുവേണ്ടി നിർമ്മാണമേഖലയേയും ടെക്നിക്കൽ മേഖലയേയും ആശ്രയിക്കുന്നവരും ഉണ്ട്. ഈ പഞ്ചായത്തിലെ മൊത്തം പട്ടികജാതി കുടുംബങ്ങളിൽ '17' സർക്കാർ ജീവനക്കാരും '2' അർദ്ധ സർക്കാർ ജീവനക്കാരും ഉണ്ട്. പരമ്പരാഗത തൊഴിലിൽ (കൊട്ടനിർമ്മാണം) ഏർപ്പെട്ടിരിക്കുന്ന മൂന്നുകുടുംബങ്ങളുണ്ട്. പരമ്പരാഗത വ്യവസായങ്ങളായ കൊട്ടനിർമ്മാണം, പായ്നെയ്ത്ത് തുടങ്ങിയവയെ സർക്കാർ പോഷിപ്പിക്കുകയാണെങ്കിൽ കൂടുതൽപേർക്ക് തൊഴിൽ ലഭിക്കും. പട്ടിക ജാതിയിൽപ്പെട്ട മൂന്ന് കുടുംബങ്ങൾ വൈദ്യശാല സംബന്ധമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.

### പാർപ്പിടം

പഞ്ചായത്തിൽ ആകെ 192 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. ഇവർക്കെല്ലാവർക്കും സ്വന്തമായി പാർപ്പിടമുണ്ട്. എന്നാൽ പകുതിയോളം വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല. വിശദമായി കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക I

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം. |
|---|---|---|---|---|
| 1 | 3 | കുതിരവട്ടം പള്ളിയാൽ | 14 | 84 |
| 2 | 5 | മേൽമുറി - കിഴക്കേക്കര | 15 | 75 |
| 3 | 8 | മണ്ണേരി ഹരിജൻ കോളനി | 45 | 225 |
| 4 | 8 | തെക്കേക്കര ഹരിജൻ കോളനി | 39 | 195 |
| 5. | 9 | ഓണംകാട് ഹരിജൻ കോളനി | 10 | 62 |
| | | അംഗീകാരത്തിന് കൊടുത്തത് | | |
| 1 | 2 | വിരാല തണ്ടറായി ഹരിജൻ കോളനി | 15 | 80 |
| 2. | 9 | കരിന്തുപർകുന്ന് കോളനി | 10 | 59 |

## പട്ടിക II

| ക്രമനമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം. |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | കുതിരവട്ടം പള്ളിയിൽ | | 14 | | 8 | 8 | 6 |
| 2 | മേൽമുറി കിഴക്കേക്കര | | 13 | 2 | 9 | 8 | 7 |
| 3 | മണ്ണഴി ഹരിജൻ കോളനി | 1 | 4 | 3 | 12 | 30 | 15 |
| 4 | തെക്കേക്കര | | 37 | 2 | 8 | 14 | 25 |
| 5 | ഓണംകാട് കോളനി | | 9 | 1 | 5 | 6 | 4 |
| | അംഗീകാരത്തിന് കൊടുത്തത് | | | | | | |
| 1 | വീരാല | | 15 | 2 | 2 | 10 | 5 |
| 2 | കരിന്തവര | | 9 | 1 | 6 | 4 | 6 |

## പട്ടിക - III

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ | വാർഡ് | ജനപങ്കാളിത്തത്തോടെ മിനി ജലസേചന പദ്ധതികൾ നടപ്പാക്കാവുന്ന കോളനികൾ |
|---|---|---|---|
| VIII | മണ്ണഴിഹരിജൻ കോളനി | VIII | മണ്ണഴി ഹരിജൻ കോളനി |
| VIII | തെക്കേക്കര കോളനി | VIII | തെക്കേക്കര കോളനി |
| II | വീരാല കോളനി | II | വീരാലകോളനി |
| | (അംഗീകാരത്തിന് കൊടുത്തത്) | | |

പട്ടിക - IV

| ക്രമനമ്പർ | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | | കുടിവെള്ളം | | |
|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമല്ലാത്തത് | ഇല്ലാത്തവ | ഉള്ളത് | കിണർ | ടാപ്പ് | പൊതു കക്കൂസ് |
| 1 | മണ്ണഴി ഹരിജൻ കോളനി | - | ഉണ്ട് | 10 | 7 | 2 | ഇല്ല | ഇല്ല |
| 2 | തെക്കേകര കോളനി | - | ഉണ്ട് | 11 | 4 | 2 | 3 | ഇല്ല |
| 3 | കുതിരവട്ടം പള്ളിയാല്ല | ഉണ്ട് | - | 4 | ഇല്ല | 1 | ഇല്ല | ഇല്ല |
| 4 | മേൽമുറി - കിഴക്കേക്കര | ഇല്ല | ഇല്ല | 10 | ഇല്ല | 1 | ഇല്ല | ഇല്ല |
| | അംഗീകരാത്തിന് കൊടുത്തത് | | | | | | | |
| 1 | വീരാല കോളനി | ഉണ്ട് | ഇല്ല | 7 | ഇല്ല | 2 | ഇല്ല | ഇല്ല |
| 2 | കരിന്തവരക്കുന്ന് | ഉണ്ട് | ഇല്ല | 10 | ഇല്ല | 1 | ഇല്ല | ഇല്ല |

### പ്രശ്നങ്ങളും ആവശ്യങ്ങളും

പഞ്ചായത്തിലെ 5 അംഗീകൃത പട്ടികജാതി കോളനികളും 2 അംഗീകാരത്തിന് കൊടുത്ത കോളനികളിലുമായി ഇന്ന് അത്യാവശ്യമായി വന്നിരിക്കുന്ന പ്രധാന പ്രശ്നങ്ങൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തന്നെയാണ്.

പഞ്ചായത്തിലെ അംഗീകൃതവും അംഗീകരിക്കാത്തതുമായ കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

വീട് ഇല്ലാത്തവർക്ക് വീട് അനുവദിക്കുക

വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവർക്ക് ഉടൻ പരിഹരിച്ച് കൊടുക്കുക.

നിലവിലുള്ള ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കലും, ഇല്ലാത്ത സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ ഉണ്ടാക്കലും

നിലവിലുള്ള കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുക

കോളനി നിവാസികളുടെ ഭൂമിയുടെ അതിര് നിർണ്ണയിക്കലും, മണ്ണൊലിപ്പ് തടയുന്നതിന് കയ്യാല കെട്ടൽ തുടങ്ങിയവ നടപ്പാക്കുക.

അംഗവൻ വാടി ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിച്ച് മാതൃശിശു സംരക്ഷണ സമിതി ഉറപ്പ് വരുത്തുക

ഹരിജൻ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വിദ്യാസമ്പന്നരായ യുവതിയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ചെറുകിട വ്യവസായങ്ങൾ തുടങ്ങുക.

കോളനികളിലേക്കുള്ള നടപ്പാത നിർമ്മിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക

ആരോഗ്യ പരിപാലനത്തെക്കുറിച്ച് കോളനി നിവാസികളെ ബോധവാൻമാരാക്കുക.

നിലവിലുള്ള കോളനി റോഡുകൾ ഗതാഗത യോഗ്യമാക്കുക.

അംഗീകാരത്തിനു കൊടുത്ത കോളനികൾക്ക് ഉടൻ അംഗീകരാം നൽകുക

കോളനി കേന്ദ്രീകരിച്ച് സഹകരണ സംഘങ്ങൾ വഴി ആടുവളർത്തൽ, കോഴി വളർത്തൽ, പായ നെയ്ത്ത്, കൊട്ട നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങളും കൂൺ കൃഷി, കുറ്റിമുല്ല കൃഷി, എന്നവയേയും പോഷിപ്പിക്കുക.

കോളനികളിൽ പെടാതെ അങ്ങിങ്ങായി ചിതറിക്കിടക്കന്ന നാല്പതോളം ഹരിജൻ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

### പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിലെ മൊത്തം കോളനികളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പൊന്മള കൂതിരവട്ടം കോളനി. മേൽമുറി കോളനി എന്നിവിടങ്ങളിൽ കിണറുകൾ ആഴം കൂട്ടി എന്നും വെള്ളമുണ്ടാകുന്ന സ്ഥിതി ഉണ്ടാക്കിയെടുക്കാം. ഓണം കാട് കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കുഴൽ കിണറുകൾ നിർമ്മിച്ച് കൊടുക്കാം. കരിംതവരക്കുന്ന് കോളനിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കാടുങ്ങൽ ചോലയിലെ വെള്ളം ഉപയോഗിച്ച് മിനി വാട്ടർ സപ്ളൈ സ്കീം നിർമ്മിക്കാം.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വിവിധ സ്കീമുകൾ ഉപയോഗിച്ച് വീട്, കക്കൂസ് എന്നിവ നിർമ്മിച്ച് കൊടുക്കാം.

അംഗീകൃത കോളനികളിലെ വികസന കമ്മറ്റി കാര്യക്ഷമമാക്കുക

പഞ്ചായത്തിലെ എല്ലാ കറന്റില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾക്കും J.R.Y Scheme, മറ്റ് സ്കീമുകളും ഉപയോഗിച്ച് വൈദ്യുതി പ്രശ്നം പരിഹരിക്കാം.

കോളനികളിലെ ശ്മശാനത്തിലേക്കുള്ള വഴികൾ ജനകീയ പങ്കാളിത്തത്തോടുകൂടിയും മറ്റ് സ്കീമുകൾ ഉപയോഗിച്ച് നിർമ്മിക്കാം

ആരോഗ്യ പരിപാലനത്തിനു വേണ്ടി കോളനികൾ കേന്ദ്രീകരിച്ച് മാതൃ- ശിശു സംരക്ഷണ ബോധവൽക്കരണം നടപ്പിലാക്കാം.

ട്രൈസം പരിശീലനം നേടിയ യുവതീ-യുവാക്കളെ ഉപയോഗപ്പെടുത്തി സൊസൈറ്റി മുഖേന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലില്ലായ്മയ്ക്ക് പരിഹാരം തേടാം.

ട്രാക്ടർ പോലുള്ള യന്ത്രോപകരണങ്ങൾ വിതരണം ചെയ്താൽ കോളനി വികസനത്തിനൊപ്പം തൊഴിലില്ലായ്മയും പരിഹരിക്കാം.

പട്ടിക ജാതി കുടുംബങ്ങളുടെ നിലവിലുള്ള ഭൂമിയുടെ അതിർവരമ്പ് നിർണ്ണയിക്കലും, മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലനിർമ്മിക്കാൻ "സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്" നോട് ആവശ്യപ്പെടാം.

കോളനി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് SEP, JRY പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി അപ്രകാരം പരിഹരിക്കാം.

# വിഭവസമാഹരണം

ജില്ലയിലെ തന്നെ സാമ്പത്തീകപരമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പൊന്മള പഞ്ചായത്ത്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഇടത്തരക്കാരായ കർഷകർ ആണ്. പഞ്ചായത്തിലെ ചെറുപ്പക്കാരിൽ 15% ത്തോളം പേർ ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നു. വരുമാനത്തിന്റെ മുഖ്യഭാഗം കെട്ടിടനികുതിയിൽനിന്നുമാണ് കണ്ടെത്തുന്നത്. തൊഴിൽ നികുതി, വാഹനനികുതി, സർവ്വീസ് ചാർജ്ജ്, ലൈസൻസ് ഫീ എന്നിവ നാമമാത്രമാണ്. സിനിമാഹാൾ പോലെയുള്ള വിനോദകേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനം കിട്ടുന്നില്ല.

വികസന പ്രവർത്തനങ്ങൾക്കായി ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുച്ഛമായ ഗ്രാന്റുകളേയും മറ്റുമാണ് ആശ്രയിക്കുന്നത്. ഈ സാമ്പത്തിക പിന്നോക്കാവസ്ഥ നമ്മുടെ പഞ്ചായത്തിന്റെ വികനസത്തെ സാരമായി ബാധിക്കുന്നു.

പട്ടിക-I

വരവ് (1995-96)

| ഇനങ്ങൾ | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 1,13038.71 | 1,09,428.00 | 3601.41 |
| സർവ്വീസ് ചാർജ്ജ് | 18823.27 | 18,220.48 | 602.79 |
| തൊഴിൽനികുതി | 81056.00 | 81056.00 | - |
| വാഹനനികുതി | 3971.42 | 3971.42 | |
| ലേലം | 2710.00 | 2710.00 | |
| ലൈസൻസ് ഫീ | 4640.00 | 4640.00 | - |
| വസ്തുകൈമാറ്റ നികുത (75%) | 94353.00 | 94353.00 | - |
| വസ്തുകൈമാറ്റ നികുതി (25%) | 5000.00 | 50000.00 | - |
| സർക്കാർ, ഗ്രാന്റ് ഒഴികെ മറ്റ് വരവുകൾ | 12675.00 | 12675.00 | - |
| ഡെപ്പോസിറ്റ് പലിശ | 3853315 | 38533.15 | |
| ആകെ | 4,19801.45 | 4,15,588.25 | 4213.20 |

വരുമാനത്തിന്റെ 60% വും ഭരണച്ചിലവുകളിലേക്കായി ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ ഇന്നേവരെ നടപ്പാക്കിയ വികസന ഫണ്ടിന്റെ ഭൂരിഭാഗവും പൊതുമരാമത്ത് വകുപ്പിന്റെ പണികൾക്കായാണ് ഉപയോഗിക്കുന്നത്. പൊതുമരാമത്ത് രംഗത്തുതന്നെ ചില വാർഡുകൾ കേന്ദ്രീകരിച്ചുമാത്രമാണ് വികസനം നടത്തിയിരിക്കുന്നത്. പല വാർഡുകളിലും ഗതാഗത സൗകര്യം അപര്യാപ്തമാണ്.

പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. രജിസ്റ്റർ ചെയ്ത നാലോളം ഇടത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾ നിലനിൽക്കുന്നുണ്ട്. വ്യവസായ രംഗത്തെ മാന്ദ്യത കാരണം, ലൈസൻസ് ഫീ ഇനത്തിലുള്ള വരുമാനം തുച്ഛമാണ്.

താഴെ കൊടുത്തിരിക്കുന്ന പട്ടികകളിൽനിന്നും 1995-96 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ വരവു ചെലവു കണക്കുകൾ മനസ്സിലാക്കാവുന്നതാണ്.

പട്ടിക II

**സർക്കാരിൽനിന്നുള്ള ഗ്രാന്റ് (1995-96)**

| | |
|---|---|
| VRM | 20,845 |
| MI | 10,800 |
| VTC | 2,13,286 |
| അടിസ്ഥാന നികുതി (25%) | 50,000 |
| അടിസ്ഥാന നികുതി (75%) | 94,353 |
| പ്രത്യേക ഗ്രാന്റ്. | 98,384 |
| JRY | 2,26,425 |
| അൺടൈഡ് ഫണ്ട് | 3,30,000 |
| ആകെ | 14,40,093 |

(അവലംബം, ദ്വിതീയ വിഭവശേഖരണം)

പട്ടിക 3 III

ചെലവ് (1995-56)

| ഇനം | തുക |
|---|---|
| ഭരണച്ചെലവ് (ഫർണിച്ചർ ഉൾപ്പെടെ) | 3,31,195,75 |
| പൊതുമരാമത്ത് | 4,65,432.00 |
| ജലവിതരണം, പൊതുജനാരോഗ്യം | 67,300.00 |
| തെരുവ് വിളക്ക് | 3,443.00 |
| മറ്റുള്ളവ | 56,193.00 |
| ആകെ | 9,23,563.75 |

പട്ടിക IV

**പൊതു സാമ്പത്തിക നില**

(1995-96)

| പൊതു കണക്ക് | | കടം |
|---|---|---|
| വരവ് | 11,08,834.50 | 26,690.50 |
| ചെലവ് | 5,71,007.75 | 20,264.00 |

(അവലംബം: ദ്വതീയ വിഭവ ശേഖരണം)

**ധനകാര്യസ്ഥാപനങ്ങൾ**

പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ കോൽക്കളം സർവ്വീസ് സഹകരണബാങ്കും, കോട്ടയ്ക്കൽ കോ.ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ പറങ്കിമൂച്ചിക്കൽ ചാപ്പനങ്ങാടി ശാഖയുമാണ്. കാർഷിക വായ്പ നല്കലാണ് കോൽക്കളം സർവ്വീസ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. 1944 ൽആണ് കോൽക്കളം സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിക്കപ്പെട്ടത്. മൊത്തം അംഗങ്ങൾ 4383 ആണ്. ഒരു ഓഹരിയുടെ വില 5 രൂപയാണ്. നിക്ഷേപങ്ങൾ വളരെ കുറവാണ്. കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ ചാപ്പനങ്ങാടി ശാഖ 1995ലാണ് സ്ഥാപിക്കപ്പെട്ടത്. കാർഷികേതര ആവശ്യങ്ങൾക്കുള്ള വായ്പകളാണ് ഈ ബാങ്ക് അനുവദിക്കുന്നത്.

കോൽക്കളം പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കിന്റെ നിക്ഷേപങ്ങളെക്കുറിച്ചും വായ്പകളെക്കുറിച്ചുമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക V

പൊതുജനനിക്ഷേപം

| സ്ഥിരനിക്ഷേപം | ഹ്രസ്വകാലനിക്ഷേപം |
|---|---|
| 50,95,665 | 21,94,963 |

പട്ടിക VI

നൽകിയിട്ടുള്ള വായ്പകൾ(ജില്ലാ സഹകരണ ബാങ്ക് മുഖേന)

| | | | |
|---|---|---|---|
| ഹ്രസ്വകാലം | 14,59,031 | ഹ്രസ്വകാലം | 1,34,777 |
| മദ്ധ്യകാലം | 1,57,002 | മദ്ധ്യകാലം | 11,00,020 |
| ദീർഘകാലം | 2,16,353 | ദീർഘകാലം | 2,60,198 |
| NASI | 6,79,573 | - | - |
| സ്വർണ്ണം | 62,98,490 | | |
| പ്രത്യേക വായ്പ | | | |
| (House Loan) | 4950 | - | - |

പട്ടിക VII

| കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ | | | |
|---|---|---|---|
| ഹ്രസ്വകാലം | മദ്ധ്യകാലം | ദീർഘകാലം | സ്വർണ്ണം |
| 2,96,634 | 4,980 | 29,204 | 34,0461 |

**ഗൾഫ് കുടിയേറ്റ സ്വാധീനം**

ഭൂരിഭാഗം കുടുംബങ്ങളും ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരെ ആശ്രയിക്കുന്നവരാണ്. ഈ പഞ്ചായത്തിൽ ഏതാണ്ട് 2000 ത്തിലധികം പേർ വിവിധ ഗൾഫ് രാജ്യങ്ങളിലായി ജോലി ചെയ്യുന്നു. ഗൾഫ് കുടിയേറ്റക്കാരിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരും, ബീഡി തെറുപ്പ്, പപ്പടനിർമ്മാണം, തുടങ്ങിയ കുടിൽ വ്യവസായങ്ങളിൽ ജോലി ചെയ്തിരുന്നവരുമാണ്. ഗൾഫ് കുടിയേറ്റം കാർഷിക രംഗത്തെ മന്ദഗതിക്കും, ബിഡി, പപ്പട വ്യവസായങ്ങളുടെ തകർച്ചയ്ക്കും കാരണമായി. ഗൾഫിൽ ജോലിചെയ്യുന്നവർ അവരുടെ പണം പ്രധാനമായും, കെട്ടിടനിർമ്മാണത്തിനു, മറ്റു സുഖസൗകര്യ ആഡംബരങ്ങൾക്കും വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. കാർഷിക വ്യാവസായിക മേഖലകളിലോ മുതൽ മുടക്കാൻ അവർ തയ്യാറാകുന്നില്ല. ഇത് പഞ്ചായത്തിൽ ഈ രംഗത്തുണ്ടാകുന്ന വികസനത്തെ തടസ്സപ്പെടുത്തുന്നു.

**സന്നദ്ധ സംഘടകൾ**

നമ്മുടെ പഞ്ചായത്തിൽ ബഹുജനാടിത്തറയുള്ള നിരവധി രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, വികസന പ്രവർത്തന രംഗത്ത് ഈ രാഷ്ട്രീയ സ്വാധീനം ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട യുവജനക്ലബ്ബുകളും (ഒൻപത്), ശാസ്ത്ര സഹിത്യ പരിഷത്ത് പോലുള്ള ചില സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. വികസന രംഗത്ത് പ്രവർത്തിക്കുവാനുള്ള ഇവരുടെ സന്നദ്ധത ഉപയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സന്നദ്ധ പ്രവർത്തന രംഗത്ത് പ്രവർത്തിച്ച് മുന്നേറാനുള്ള ഇവരുടെ മത്സരം ഉപയോഗപ്പെടുത്താൻ കഴിയേണ്ടതാണ്.

**പ്രശ്നങ്ങൾ**

വരുമാന സാധ്യതകൾ ഉപയോഗപ്പെടുത്തായ്മ പഞ്ചായത്ത് വരുമാനമെന്ന നിലയ്ക്ക് പ്രധാനമായി ആശ്രയിക്കുന്നത് കെട്ടിടനികുതി ആണ്. എന്നാൽ ഇതിൽനിന്നു തന്നെയുള്ള സാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്തുന്നില്ല. വൻമുതൽ മുടക്കുള്ള പല വലിയ വീടുകൾക്കും വളരെക്കുറഞ്ഞ കെട്ടിടനികുതിയാണ് ചുമത്തിയിരിക്കുന്നത്. ഇവതന്നെ യഥാസമയം പിരിച്ചെടിക്കുന്നതിൽ വീഴ്ച വരാറുണ്ട്. പലപ്പോഴും, പഞ്ചായത്ത് ഓഫീസിൽനിന്നും വല്ല ആവശ്യവും വേണ്ടിവരുന്ന സമയത്ത് നിർബന്ധിതരായാണ് ജനങ്ങൾ നികുതിയടയ്ക്കാൻ തയ്യാറാകുന്നത്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ഇടത്തരം ചെറുകിട, വ്യവസായ സ്ഥാപനങ്ങളും, വാണിജ്യ സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ ലൈസൻസ് പരിധിയിൽ വരുന്നില്ല. നിലവിൽ ചുമത്തിയിരിക്കുന്ന ലൈസൻസ് ഫീസ് നിരക്കുകൾ വളരെ തുച്ഛമായതാണ്.

ഹോട്ടൽ വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾ പലതും ചായക്കട എന്നനിലയിൽ രജിസ്ടർ ചെയ്തിരിക്കുന്നതിനാൽ ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടം സംഭവിക്കുന്നു. പഞ്ചായത്തിലുള്ള തൊഴിൽ നികുതി വരുമാനം, തുച്ഛമായതാണ്. സർക്കാർ ഉദ്യോഗസ്ഥരും, അദ്ധ്യാപകരും മാത്രമാണ് തൊഴിൽ നികുതി അടയ്ക്കുന്നത്. സ്ഥിരവരുമാനമുള്ള ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവർ തൊഴിൽ നികുതി പരിധിയിൽ വരുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ഭൂമിയടക്കമുള്ള വസ്തു കൈമാറ്റം ധാരാളമായി നടക്കുന്നുണ്ട്. വസ്തുകൈമാറ്റം രജിസ്റ്റർ ചെയ്യുന്ന സമയത്ത് വസ്തുവിന്റെ യഥാർത്ഥവില കാണിക്കാതെ വളരെ നാമമാത്രമായ വിലയാണ് കാണിക്കുന്നത്. അതുകൊണ്ട് യഥാർത്ഥത്തിൽ ലഭിക്കേണ്ട വരുമാനത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് പഞ്ചായത്തിന് ലഭിക്കുന്നത്.

ലേലം വഴി പഞ്ചായത്തിന്റെ വരുമാനം ശേഖരിക്കാവുന്ന മണൽവാരൽ അടക്കമുള്ള പല വിഭവസ്രോതസ്സുകളും ഉപയോഗപ്പെടുത്തുന്നില്ല.

2. ഗൾഫ് പണം ഉല്പാദനമേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം പേർ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരുടെ പണം കാർഷിക വ്യാവസായിക മേഖലകളിലോ, മറ്റുല്പാദന മേഖലകളിലോ വിനിയോഗിക്കാൻ കഴിയുന്നില്ല.

3. ഭരണച്ചെലവിന്റെ വർദ്ധനവ് - പഞ്ചായത്തിന്റെ മൊത്തവരുമാനത്തിന്റെ 60%വും ഭരണച്ചെലവിനു മാത്രമാണ് ഉപയോഗിക്കുന്നത്. ഭരണച്ചെലവ് ഓരോ വർഷവും വർധിച്ചുവരികയാണ്.

4. ഇടത്തട്ടുകാരുടെ ചൂഷണം - പഞ്ചായത്തിലെ ഇതുവരെയുള്ള ഭൂരിഭാഗം പൊതുമരാമത്ത് മറ്റു നിർമ്മാണ പ്രവൃത്തികൾ, കോൺട്രാക്ടർ മുഖേനയാണ് നടത്തിയിരുന്നത്. ഇതുകാരണം വികസന ഫണ്ടിന്റെ നല്ലൊരുഭാഗം ഈ മധ്യവർത്തികൾ തട്ടിയെടക്കുന്നതുമൂലം ഫണ്ടിന്റെ ചെറിയൊരു

ഭാഗം മാത്രമെ വികസന പ്രവർത്തനത്തിന് ഉപയോഗപ്പെടുന്നുള്ളൂ. ഇത് വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തെ തന്നെ സാരമായി ബാധിക്കുന്നു.

5. ധനകാര്യ വായ്പാ സ്ഥാപനങ്ങളുടെ അപര്യാപ്തത.

പഞ്ചായത്തതിർത്തിയിൽ രണ്ട് ധനകാര്യ സ്ഥാപനങ്ങളെ പ്രവർത്തിക്കുന്നുള്ളൂ. കോൽക്കളം സർവ്വീസ് സഹകരണബാങ്കിന്റെ ധനസ്ഥിതിമോശമായിരുന്നതിനാൽ ഇതിന്റെ ഗുണഭോക്താക്കൾ വളരെക്കുറവാണ്. ഈ ബാങ്ക് വൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

കോട്ടയ്ക്കൽ അർബൻ ബാങ്കിന്റെ ഒരുശാഖ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം പൂർണമായും ലഭ്യമല്ല. നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ വളരെക്കുറവാണ്. വായ്പകൾ പ്രധാനമായും ഉല്പാദന മേഖലകളിൽ ചെലവഴിക്കപ്പെടാതെ ഉപഭോഗ കാര്യങ്ങളിലാണ് ചെലവഴിക്കപ്പെടുന്നത്.

കാർഷിക ഗ്രാമവികസന ബാങ്കും വാണിജ്യബാങ്കുകളും, ഗ്രാമീണ ബാങ്കുകളും പഞ്ചായത്ത് അതിർത്തിക്ക് പുറത്തായതിനാൽ വായ്പകളും മറ്റും പൂർണമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. വാഹന വായ്പകളും മറ്റും ഉദാരമാവ്യവസ്ഥകളിൽ ലഭ്യമാല്ലാത്തതിനാൽ അമിത പലിശ ഈടാക്കുന്ന സംസ്ഥാനത്തിനു പുറത്തുള്ള വായ്പാ ഏജൻസികളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

6. സാങ്കേതിക വിദഗ്ധരുടെ അഭാവം.

പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ സന്നദ്ധരായ സാങ്കേതിക വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

7. മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിനുള്ള അപാകത.

വികസനപ്രവർത്തനത്തിന് ഉപയോഗിക്കുന്ന ഫണ്ടിന്റെ നല്ലൊരു ഭാഗം ഉല്പാദന മേഖലകളിൽ ഉപയോഗിക്കാതെ പൊതുമരാമത്ത് പോലെയുള്ള വികസിത പ്രവർത്തനങ്ങൾക്ക് വേണ്ടിമാത്രമാണ് ഉപയോഗിക്കുന്നത്. ഇതുകാരണം ഉല്പാദന മേഖലയിൽ യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല.

ഗവൺമെന്റ് ഗ്രാന്റുകൾ ലാപ്സാക്കുന്ന അവസ്ഥ.

കേന്ദ്ര-കേരള ഗവൺമെന്റുകൾ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പലപ്പോഴും സാങ്കേതിക പ്രശ്നങ്ങൾ കാരണം ലാപ്സായിപ്പോകുന്നു. കൂടാതെ അവ ഫലപ്രദമായ രീതിയിൽ നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്നില്ല.

9. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം,

ഉല്പാദന പ്രവർത്തനങ്ങൾക്കും,കാർഷിക വ്യാവസായിക വികസനത്തിനും വേണ്ടി നൽകുന്ന വായ്പകൾ ഗുണഭോക്താക്കൾ ഉല്പാദനകരമല്ലാത്ത മേഖലകളിൽ വിനിയോഗിക്കുന്നുണ്ട്.

10. സന്നദ്ധ പ്രവർത്തനങ്ങളുടെയും, സംഭാവനകളുടെയും അഭാവം-

വികസന പ്രവർത്തനങ്ങൾക്കായി വ്യക്തികളും, മറ്റു സ്ഥാപനങ്ങളും, സംഭാവനകളും, മറ്റു സഹായസഹകരണങ്ങളും നൽകാൻ സന്നദ്ധമാണെങ്കിലും അതുപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതുവരെയുള്ള വികസനപ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഒട്ടുംതന്നെയില്ല.

11. സുതാര്യത കുറവ്

വികസന പ്രവർത്തനങ്ങളിലെ സുതാര്യത കുറവുമൂലം അവർക്ക് ലഭ്യമാകുന്ന പണം ദുർവിനിയോഗത്തിന് കാരണമാകുന്നു. കൂടാതെ മധ്യവർത്തികൾക്ക് അഴിമതി നടത്തുവാനും സാധ്യമാകുന്നു. സുതാര്യതകുറവുകാരണം വികസന പ്രവർത്തനങ്ങളിലെ വരവുചെലവു കണക്കുസംബന്ധിച്ച് ജനങ്ങളിൽ നിന്നും വരുന്ന സംശയം വികസന പ്രവർത്തനങ്ങളിൽനിന്നും ജനങ്ങളെ അകറ്റിനിർത്തുന്നു.

**സാധ്യതകൾ**

1. നികുതിപിരിവ് കാര്യക്ഷമമാക്കുക- ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. ദിനം പ്രതിയെന്നോണം വലിയവീടുകൾ ഉയർന്നു വരുന്നുണ്ട്. കെട്ടിട നികുതി നിശ്ചയിക്കുമ്പോൾ കെട്ടിടങ്ങളുടെ വലുപ്പം, നിർമ്മാണച്ചിലവ്, തറവിസ്തീർണ്ണം, ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെയും വിലനിലവാരം എന്നിവ മാനദണ്ഡമാക്കുക.

സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുക - പഞ്ചായത്തിലെ കെട്ടിടങ്ങളെ വലിപ്പച്ചെറുപ്പമനുസരിച്ച് സ്ലാബു സമ്പ്രദായം ഏർപ്പെടുത്തി നികുതി പിരിച്ചെടുക്കുക. കുടിലുകളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണം.

3. നികുതി വരുമാനത്തെക്കുറിച്ച് ബോധവല്ക്കരണം- നികുതിവരുമാനം പഞ്ചായത്തിന്റെ വികസനത്തിനും, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കുമാണ് വിനിയോഗിക്കുന്നത് എന്ന ബോധം ജനങ്ങളിൽ വളർത്തുക. ഓരോ വർഷവും നാലോ അഞ്ചോ ദിവസം ഓരോ വാർഡിൽ കേന്ദ്രീകരിച്ച് നികുതി പിരിച്ചെടുക്കാൻ സംവിധാനം ഒരുക്കണം. ഈ ക്യാമ്പിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പുവ

രുത്തണം.

4. ലൈസൻസ് നികിതു പിരിവ് കാര്യക്ഷമമാക്കാൻ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെയും രജിസ്റ്റർ ചെയ്ത് ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ യന്ത്ര വല്കൃത വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ ലൈസൻസ് ഫീസ് പരിധി യിൽ വരുന്നില്ല.

5. ലഭ്യമായ മണൽപോലുള്ള വിഭവങ്ങളുടെ ലേലം നട ത്തുക.

6. തൊഴിൽ നികുതി കാര്യക്ഷമമാക്കുക.- സർക്കാർ ഉദ്യോഗസ്ഥൻമാരും അധ്യാപകരുംമാത്രമാണ് തൊഴിൽനി കുതി നൽകുന്നത്. സ്ഥിരവരുമാനമുള്ള മുഴുവൻ തൊഴിലാ ളികളേയും കണ്ടെത്തി തൊഴിൽനികുതി പിരിച്ചെടുക്കാൻ കഴിയണം.

7, സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയൽ- വസ്തുകൈമാറ്റ സമ യത്ത് യഥാർത്ഥ വില കാണിക്കാതെ വില കുറച് കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് നടത്തുന്നത് തടയാൻ, പഞ്ചായത്തും, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും സംയുക്തമായി ശ്രമിക്കണം. വസ്തുകൈമാറ്റ നികുതിയുടെ 75 %മാനമാണ് പഞ്ചായ ത്തിന് ലഭിക്കുന്നത്. വരുമാനത്തിൽ ദരിദ്രമായ പഞ്ചായ ത്തിനെ ഈ വിഹിതത്തിൽ വർദ്ധനവുണ്ടക്കുന്നതിന് സംസ്ഥാനഗവൺമെന്റിന്റെ ഭാഗത്ത് നിന്നും നടപടികളുണ്ടാ ക്കണം.

8, ഭരണച്ചെലവ് വർദ്ധനവ് തടയൽ-ഭരണച്ചെലവിനുള്ള ദുർവിനിയോഗം തടയുക വഴി പഞ്ചായത്ത് വരുമാനത്തിന്റെ ഗണ്യമായ ഭാഗം വികസനപ്രവർത്തനങ്ങൾക്കായി കണ്ടെ ത്താൻ കഴിയും. വർദ്ധിച്ചുവരുന്ന ഭരണച്ചിലവ് തടയാൻ കഴി യണം.

9. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതി അധി കാരങ്ങൾ ഉപയോഗപ്പെടുത്തൽ.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ധാരാളം പുതിയ നികുതി മേഖലകളും പഞ്ചായത്തിൽ ലഭ്യമായിരിക്കുന്നു. ഇത് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം.

ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കാൻ പഞ്ചായത്ത് രാജ് നിയമം നൽകുന്ന അധികാരങ്ങൾ ഫല പ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക രംഗത്ത് വൻ മുന്നേറ്റത്തിന് കാര ണമായിത്തീരും. സഹകരണ ബാങ്ക്, കാർഷിക ബാങ്ക്, ഗ്രാമീണ ബാങ്ക്, ഖാദിബോർഡ് ഹഡ്കോ എന്നീ സ്ഥാപന ങ്ങളെ ആശ്രയിക്കാവുന്നതാണ്.

കോൽക്കളം സർവ്വീസ് സഹകരണ ബാങ്കിന്റെ നഷ്ടം പരമാവധി കുറയ്ക്കുകയും, അതിന്റെ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേയ്ക്കും, പ്രദേശങ്ങളിലേയ്ക്കും വ്യാപി പ്പിക്കുകയും സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കു കയും ചെയ്യണം.

അർബൻ ബാങ്കിന്റെ ശാഖ (ചാപ്പനങ്ങാടി) പഞ്ചായ ത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള വായ്പക്ക് മുൻഗണന നൽകണം.

വാഹനങ്ങൾക്കും മറ്റും വായ്പ അനുവദിക്കുക വഴി അന്യസംസ്ഥാനങ്ങളിലെ സ്വകാര്യ പലിശകമ്പനിക്കാർക്ക് ലഭിക്കുന്ന കൊള്ളപ്പലിശ തടഞ്ഞ് നിർത്താൻ കഴിയും.

10. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം - കാർഷിക വികസനത്തിനായുള്ള വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം തടയാൻ ജനങ്ങളെ ബോധവല്ക്കരി ക്കുകയും വായ്പകൾ ലക്ഷ്യംവിട്ടുപയോഗിക്കുന്ന രീതി ശിക്ഷാർഹമാണെന്നും നിയമവിരുദ്ധമാണെന്നും ബോധവ ല്ക്കരിക്കണം.

11. പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാങ്കേതിക വിദ ഗ്ദരെ ഉപയോഗിക്കുക.

പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് മുൻഗണനാക്രമ ത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ സന്നദ്ധരായ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തണം. റിട്ടയർമെൻ ചെയ്തവരും അല്ലാത്തവരുമായ ഇവരുടെ സേവനം പഞ്ചായത്തിന് വികസന പദ്ധതികൾക്കായി ഉപ യോഗപ്പെടുത്തുന്നു.

12. മുൻഗണനാ ക്രമത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനും ഉല്പാദന മേഖലകൾക്ക്, കൂടുതൽ മുൻഗണന നൽകാനും കഴിയുന്നതോടെ ഉല്പാദന മേഖലകളിൽ വൻമു ന്നേറ്റം നടത്താൻ കഴിയും.

13, മദ്ധ്യവർത്തികളെ ഒഴിവാക്കുക.

പഞ്ചായത്തിലെ പൊതുമരാമത്ത് അടക്കമുള്ള എല്ലാ വികസന പരിപാടികൾക്കും പഞ്ചായത്ത് കമ്മിറ്റിയോ, വാർഡുകമ്മിറ്റികൾ രൂപീകരിച്ചോ, ഗ്രാമസഭാകമ്മിറ്റികളും നേതൃത്വം നൽകണം. ഇതുവഴി ഇടത്തട്ടുകാരുടെ ലാഭമായി പോകുന്ന വലിയ സംഖ്യ വികസന പദ്ധതികളിൽതന്നെ വിനിയോഗിക്കാനും പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറ പ്പാക്കാനും കഴിയും.

വികസന പ്രവർത്തനങ്ങളുടെ വരവുചെലവ് കണക്കു

കൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ജനകീയ ഓഡിറ്റി ങ്ങിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുന്നതിലൂടെ ഒരു പുതിയ വികസന സംസ്കാരം സൃഷ്ടിക്കുവാൻ കഴിയും. പഞ്ചായത്ത് ഓഫീസ് വരവുചെലവ് കണക്കുകൾ പ്രദർശി പ്പിക്കുന്നതിലൂടെ ജനങ്ങളുടെ സംശയം ദുരീകരിക്കുവാൻ കഴിയും.

ഗൾഫ് ജോലിക്കാരിൽ നിന്നും വിഭവശേഖരണം. വർദ്ധി പ്പിക്കുന്നതിനോ, ഉപയോഗപ്പെടുത്തുന്നുമില്ല. തൊഴിലാളിക ളുടെ അറിവില്ലായ്മ, നിയമതടസ്സങ്ങളെക്കുറിച്ചുള്ള ഭയാശ ങ്കകളും കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ഒരു പ്രധാന കാരണമാണ്. ഇതിന് പരിഹാരമായി ഇവരുടെ ഇടയിൽ ബോധവൽക്കരണം നടത്തി പരിശീലനവും, മാർഗ്ഗ നിർദ്ദേശങ്ങളും നൽകുകയും വഴി ഇവരുടെ മുതൽ മുടക്ക് ഉല്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയും.

ഗൾഫ് ജോലിചെയ്യുന്ന ധാരാളം പേർ പ്രത്യേകിച്ച് ഗൾഫിൽനിന്ന് മടങ്ങിവന്നവർ വ്യാവസായിക രംഗത്ത് മുതൽമുടക്കാൻ തയ്യാറാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും മറ്റും മനസ്സിലാക്കുവാൻ കഴിയും.

ഏകദേശം 2000 ത്തിലധികം പേർ വിവിധ ഗൾഫ് രാജ്യ ങ്ങളിൽ ജോലിചെയ്യുന്നു. വികസന പ്രവർത്തനങ്ങൾക്കായി ഇവരിൽ ഓരോരുത്തരിൽനിന്നും ഒരു നിശ്ചിത സംഖ്യ സ്വരൂ പിക്കുവാൻ നമുക്ക് കഴിഞ്ഞാൽ പഞ്ചായത്ത് വരുമാനത്തിൽ നല്ലൊരു വർദ്ധനവ് ഉണ്ടാക്കാൻ കഴിയണം. ഇതിനായി ഗൾഫ് ജോലിക്കാരിൽ പുതിയ ഒരു വികസന സംസ്കാരം വളർത്തിയെടുക്കണം.

**പ്രായോജകർ വഴി വിഭവശേഖരണം.**

വികനസന പ്രവർത്തനങ്ങൾ വ്യക്തികളെ കൊണ്ടും സ്ഥാപനങ്ങളെക്കൊണ്ടും സ്പോൺസർ ചെയ്യിക്കാൻ കഴിയും. ഉദാഃ ബസ്സ് വെയിറ്റിംഗ് ഷെഡ്, കുഴൽ കിണർ.

അതുപോലെ വികസന പ്രവർത്തനങ്ങൾക്കായി പഞ്ചാ യത്തിലെ സമ്പന്നരിൽ നിന്നും പൗരപ്രമുഖരിൽനിന്നും സംഭാവനയാക്കികൊണ്ട് വരുമാനം കണ്ടെത്താൻ കഴിയും. അതിനായി പഞ്ചായത്തടിസ്ഥാനത്തിൽ വാർഡടിസ്ഥാന ത്തിലും കമ്മറ്റികൾ രൂപീകരിക്കണം.

**സന്നദ്ധ സംഘടനകളും മനുഷ്യാദ്ധ്വാനവും**

വികസന പ്രവർത്തനങ്ങൾക്കായി രാഷ്ട്രീയ യുവജന സംഘടനകളുടേയും സാംസ്കാരിക സംഘടനകളുടെയും, യുവജന ക്ലബ്ബുകളുടെയും, മനുഷ്യാദ്ധ്വാനം ഉപയോഗപ്പെ ടുത്താൻ നമുക്ക് കഴിയണം. ഗ്രാമസഭാ റിപ്പോർട്ട് പ്രകാരം 5 വർഷത്തേക്കായി 5625-ഓളം മനുഷ്യാധ്വാനം വിട്ടുതരാൻ വിവിധ സംഘടനകൾ തയ്യാറായിട്ടുണ്ട്. സന്നദ്ധ പ്രവർത്ത നങ്ങൾക്ക് മാത്രമായി വർഷത്തിൽ ഏതെങ്കിലും ഒരാഴ്ച പഞ്ചായത്ത് തലത്തിൽ സേവനവാരമായി ആചരിക്കണം. നമ്മുടെ പഞ്ചായത്തിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപണികൾക്കായാണ് ഉപയോ ഗിക്കുന്നത്. മഴക്കാലത്ത് റോഡുകളിലെ മണ്ണ് ഒളിച്ച് പോകു ന്നത് തടയാൻ അഴുക്കുചാൽ നിർമ്മാണം ഓരോ വാർഡു കളിലും ഈ സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് നട ത്തണം. സന്നദ്ധ പ്രവർത്തനങ്ങൾ വിട്ടുതരാൻ തയ്യാറുള്ള വാർഡുകളിലെ പദ്ധതികൾക്കു മാത്രമ മുൻഗണന നൽകണം.

പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത യുവജന ക്ലബ്ബുകൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിവധ ഏജൻസികൾ വഴി ലഭി ക്കാവുന്ന സാമ്പത്തിക സഹായം കരസ്ഥമാക്കാനും അത് പഞ്ചായത്തിലെ സാമൂഹിക സാംസ്കാരിക രംഗത്തെ വിക സനത്തിനായി ഫലപ്രദമായി വിനിയോഗിക്കാനും കഴിയണം. കേന്ദ്രഗവൺമെന്റിന്റെ ഏജൻസിയായ നെഹ്റു യുവ കേന്ദ്ര യുടെ വളണ്ടിയർമാർ പഞ്ചായത്തിന്റെ അയൽ പ്രദേശങ്ങ ളിൽ പ്രവർത്തിക്കുന്ന വിവിധ കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.) എന്നിവരെ വികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ കഴിയും. അതിനായി നെഹ്റുയുവക് കേന്ദ്രയുമായും കോളേജുകളിലെ N.S.S. ഡിപ്പാർട്ട്മെന്റുമായും ബന്ധപ്പെടണം.

പുതിയസേവന മാർഗ്ഗങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള വിഭവ ശേഖരണം.

1.. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ ഷോപ്പിംങ് കോംപ്ലക്സുകൾ നിർമ്മിക്കുക വഴി പഞ്ചായത്തിന് സ്ഥിര മായി നല്ലൊരു വരുമാനം കണ്ടെത്താൻ കഴിയും. ഇതിനായി 9-ാം പദ്ധതി വിഹിതം ഉപയോഗിക്കാൻ കഴിയണം.

2. പഞ്ചായത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ജോലി ചെയ്യുന്ന വിദൂര ദേശത്തെ ജീവ നക്കാർക്കായി പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ഹോസ്റ്റൽ നിർമ്മിക്കുക വഴി പഞ്ചായത്തിന് ഒരു സ്ഥിര വരുമാനവും ജീവനക്കാർക്ക് താമസ സൗകര്യവും ലഭ്യമാക്കാൻ കഴിയും.

പഞ്ചായത്ത് സാംസ്കാരിക നിലയത്തിന് ഒരു നിശ്ചി തവാടക കണക്കാക്കി സാംസ്കാരിക നിലയം, രാഷ്ട്രീയ പാർട്ടികൾക്കും, സന്നദ്ധസംഘടകൾക്കും ദിവസ വാടകക്ക് നൽകുക വഴി വരുമാനം കണ്ടെത്താൻ കഴിയും. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൊണ്ട് മെമ്പർഷിപ്പ് ഉയർത്താനും ലൈബ്രറി വഴിയുള്ള വരു മാനം ഉയർത്താനും കഴിയും.

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്ന് വന്ന നിർദ്ദേശങ്ങൾ

1. ഇടത്തരം കുടുംബങ്ങളിൽനിന്നും 5 വർഷത്തേക്കായി ഒരു നിശ്ചിത സംഖ്യ പിരിച്ചെടുക്കുക.
2. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുക. അവയുടെ ലേലം വഴി വരുമാനം കണ്ടെത്താൻ കഴിയും.
3. പഞ്ചായത്തിലെ പ്രധാന കാർഷിക കേന്ദ്രങ്ങളിൽ ചന്ത നടത്താൻ സൗകര്യമൊരുക്കുക. ഇതുവഴി ഇടത്തട്ട്കാരില്ലാതെ കർഷകർക്ക് പച്ചക്കറി വിറ്റഴിക്കാനും പഞ്ചായത്തിന് വരുമാനം കണ്ടെത്താനും കഴിയും.
4. പഞ്ചായത്ത് വകയായി കൃഷിയുപകരണങ്ങൾ വാങ്ങി( ട്രാക്ടർ, ഡ്രില്ലർ, എന്നിവ) കൃഷിക്കാർക്ക് ദിവസ വാടകക്ക് കൊടുക്കുക.
5. പഞ്ചായത്ത് കേന്ദ്രഭാഗത്ത് ഒരു ആല സ്ഥാപിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞു തിരിഞ്ഞുനടക്കുന്ന കന്നുകാലികളെ ആലയിൽ പിടിച്ചുകെട്ടുകയും, ഉടമസ്ഥരിൽനിന്നും ഫൈൻ ഈടാക്കുകയും ചെയ്യുക.
6. 5 ലക്ഷത്തിൽ കൂടുതൽ മുതൽമുടക്ക് വരുന്ന വീട്ടുടമസ്ഥരിൽനിന്നും പ്രത്യേക നികുതി പിരിച്ചെടുക്കുക.
7. ഡിഷ് ആന്റിന സ്ഥാപിച്ചിരിക്കുന്ന വീട്ടുടമസ്ഥരിൽനിന്നും പ്രത്യേക നികുതി പിരിക്കുക.
8. വിനോദങ്ങളിലൂടെയുള്ള വരുമാനം

   പഞ്ചായത്ത് കളിസ്ഥലം കളിയ്ക്കാൻ ഉപയോഗ്യയോഗ്യമാക്കി വർഷം തോറും ഫുട്ബോൾ ടൂർണമെന്റ് നടത്തുക.

b. കാളപൂട്ട്, മത്സരം നടത്തുക.

c. സ്കൂൾ വിദ്യാർത്ഥികൾക്കായി ഓരോ വർഷവും വാർഡുകൾ കേന്ദ്രീകരിച്ച് സിനിമാ പ്രദർശനം നടത്തുക.

d. ഓരോ വർഷവും പഞ്ചായത്തിന്റെ ഏതെങ്കിലും ഭാഗങ്ങൾ കേന്ദ്രീകരിച്ച് ടിക്കറ്റടിസ്ഥാനത്തിൽ നാടകം, ഗാനമേള, മാജിക് ഷോ, തുടങ്ങിയ കലാപരിപാടികൾ സംഘടിപ്പിക്കുക. (ഇവർക്ക് സ്പോൺസർമാരെ കണ്ടെത്താൻ കഴിയും)

e. കൃഷിഭവൻ, സാക്ഷരതാ സമിതി, ആരോഗ്യ വകുപ്പ് സഹകരണ ബാങ്ക്, ഖാദി ബോർഡ് , വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ സന്നദ്ധ പ്രവർത്തനം എന്ന നിലയിൽ മനുഷ്യാദ്ധ്വാനം കണ്ടെത്തുക. ഇങ്ങനെ 11 ഗ്രാമസഭകളിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ട മനുഷ്യാധ്വാനം താഴെ പറയുന്ന പട്ടികയിൽനിന്നും മനസ്സിലാക്കാം.

പട്ടിക IX

| വാർഡ് | 1 വർഷത്തേക്ക് | 5 വർഷത്തേക്ക് |
|---|---|---|
| 1 | 100 | 500 |
| 2 | 60 | 300 |
| 3 | 100 | 500 |
| 4 | 100 | 500 |
| 5 | 125 | 625 |
| 6 | 40 | 200 |
| 7 | 50 | 250 |
| 8 | 50 | 250 |
| 9 | 100 | 500 |
| 10 | 300 | 1500 |
| 11 | 100 | 500 |
| ആകെ | 1125 | 5625 |

അവലംബം: (ഗ്രാമസഭയുടെ റിപ്പോർട്ട്)

# ഉപസംഹാരം

അശാസ്ത്രീയമായുംഅധികാര കേന്ദ്രീകൃതവുമായ വികസന രീതിയാണ് ഇന്ന് നിലവിലുള്ളത്. ഇത് ഒരു ന്യൂന പക്ഷത്തിന്റെ ധനികവത്കരണത്തിലേക്കും ബഹുഭൂരിപ ക്ഷത്തിന്റെ ദരിദ്രവത്കരണത്തിലേക്കും നയിച്ചു.

റോഡും പാലവും എത്തിയാൽ വികസനമായി എന്ന ഒരു ധാരണ സമൂഹത്തിൽ ഉണ്ട്. ഈ കാഴ്ചപ്പാട് മാറ്റേണ്ട തിന്റെ ആവശ്യകത നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണെന്ന് പറയാം. ഇതിനു കഴിയണമെങ്കിൽ ഭൗതിക ജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, തുടങ്ങിയവ വർദ്ധമാനമായതോതിൽ ലഭ്യമാക്കണം. കാർഷിക- വ്യവ സായ മേഖലയുടെയും ഉദ്പാതനത്തിന്റെയും സേവനമേഖ ലയുടെയും വളർച്ച ഇതിനാവശ്യമാണ്.

തലതിരിഞ്ഞ വികസനസമ്പ്രദായത്തെ നേരെയാക്കുന്ന തിനാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി അംഗീക രിച്ച് പ്രവർത്തനം നടന്നുവരുന്നത്. പദ്ധതിക്കാലത്ത് നാട്ടിൻപുറത്തെ സാധാരണക്കാരായ ജനവിഭാഗങ്ങൾ ചർച്ച ചെയ്തു രൂപപ്പെടുത്തിയെടുക്കുന്ന വികസന പദ്ധതികൾ നട പ്പാക്കുന്നതിൽ പ്രധാന പങ്ക് പഞ്ചായത്തു മുൻസിപ്പൽ ബോർഡിനു കിട്ടുന്നു.

വികസനം രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാ ണെന്നും, ഞാനും എന്റെ പാർട്ടിയും മുൻപന്തിയിലാണെന്ന് ചിന്തിക്കുകയും ഇതൊരു ജനകീയ മുന്നേറ്റമായി മാറുന്നു. ഇന്നലെവരെ ഒരുകൂട്ടം സാങ്കേതിക വിദഗ്ദർ ചെയ്തിരുന്ന പ്രവർത്തനങ്ങൾ ഇന്ന് സാധാരണക്കാർ ചെയ്യുന്നതിലൂടെ ആസൂത്രണത്തിന് ദുരൂഹത മാറുന്നു.

ഇനി മേലിൽ ഫണ്ടില്ല എന്ന കാരണത്താൽ പഞ്ചായ ത്തിൽ വികസന പ്രവർത്തനം തടസ്സമായിക്കൂട. ഗവൺമെന്റു തരുന്ന 40 ശതമാനം പദ്ധതി വിഹിതത്തോടൊപ്പം പഞ്ചാ യത്തു നികുതിയേതര സമ്പത്ത് കണ്ടെത്താൻ ശ്രമിക്കണം.

നമ്മുടെ നാട്ടിലെ കാർഷിക വ്യവസായ മേഖല മുരടി ച്ചിരിക്കുന്നി. തൊഴിലവസരം നന്നേ കുറഞ്ഞിരിക്കുന്നു. ലോകത്തിനുതന്നെ മാതൃകായായ പൊതു വിദ്യാഭ്യാസവു പൊതുജനാരോഗ്യവും ഗുണനിലവാരത്തകർച്ച നേരിടുന്നു. വൈദ്യുതി മേഖല കൂടുതൽ പ്രതിസന്ധിയിലാണ്. ആരു സംസ്ഥാനം ഭരിച്ചാലും ഈ പ്രശ്നങ്ങളെ അവഗണിക്കാനാ വില്ല. അവയെ അഭിമുഖീകരിച്ചുകൊണ്ടുമാത്രമേ മുമ്പോട്ടു പോകാനാവൂ. ഈ പ്രശ്നങ്ങളെ ധൈര്യപൂർവ്വം അഭിമുഖീ കരിക്കുവാൻ സംസ്ഥാന ഗവൺമെന്റും ആസൂത്രണ ബോർഡും തയ്യാറായി എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തി. ഈ സാഹചര്യത്തിൽ ഉൺന്നു പ്രവർത്തിക്കേണ്ടത് ഈ നാടിനെ സ്നേഹിക്കുന്നവരുടെ കട മയാണ്.

ഞങ്ങൾ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് ഗ്രാമസഭയിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ദ്വിതീയ വിവരശേഖരണത്തേയും പഴമക്കാരിൽനിന്നുള്ള കേട്ടറിവിനെയും പഠന പര്യടനയാത്രയിലൂടെയും ഉള്ള സ്ഥിതി വിവരങ്ങളുടെയും അടിസ്ഥാനമാക്കിയതാണ്.

എന്നാൽ ഇതുപോലൊരു റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ആവശ്യംവേണ്ട വിവരങ്ങളായ വിഭവ ഭൂപട സർവ്വേയും സാമൂഹ്യസാമ്പത്തിക സർവ്വേയും നടത്താൻ കഴിഞ്ഞിട്ടില്ല. പരിചയക്കുറവ് ഇതൊക്കെ ഞങ്ങളുടെ പരിമിതികളാണ്. അതുകൊണ്ട് തന്നെ ഈ വികസനരേഖ സമഗ്രമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല.

കുറഞ്ഞ സമയംകൊണ്ട് കിട്ടാവുന്നത്ര ആളുകള പങ്കാളികളാക്കിക്കൊണ്ട് രൂപപ്പെടുത്തിയെടുത്ത ഈ വികസന രേഖ നിങ്ങളുടെ വിലയിരുത്തലിനും പദ്ധതി രൂപീകരണത്തിനും വിനയത്തോടുകൂടി പൊതുജനസമക്ഷം സമർപ്പിക്കുന്നു.

*ശുഭം*

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

കെ.പി. യൂസഫ് ഹാജി (ചെയർമാൻ)

എ.മൊയ്തു (ജനറൽ കൺവീനർ)

**കൃഷി, ജലസേചനം**

ടി.ടി. അഹമ്മദുകുട്ടി

പി.എം. സാറാമ്മ

കെ. കുഞ്ഞിമൊയ്തീൻ

കെ. കോമു

കെ.യു. ഇഖ്ബാൽ

പി. വേലായുധൻ

എം. അബ്ദുൾ റസാഖ്

**മൃഗസംരക്ഷണം**

സി.വി. എൽദോ

ഒ.കെ. കാസിം

കെ. മുഹമ്മദുകുട്ടി

കൊളക്കാടൻ അബു

ഒ. മൊയ്തീൻ കുട്ടി ഹാജി

എ.പി. സത്യനാഥൻ

ടി.പി. സുബ്രഹ്മണ്യൻ

**ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

കെ.ഇബ്രാഹിംകുട്ടി

വി. മുഹമ്മദ് കോയതങ്ങൾ

കെ.സി. കുഞ്ഞുഹാജി

കെ. കേശവൻ നമ്പ്യാർ

ലവ കുഞ്ഞിമുഹമ്മദ്

എം. കതിയുമ്മ

ടി. സെയ്തു മുഹമ്മദ്

**ആരോഗ്യം, കുടിവെള്ളം**

ഐ.പി. അലവിക്കുട്ടി

എം. മണികണ്ഠൻ

എൻ. ജമീല

ടി.കെ. പുഷ്പവേണി

കെ. കോയാമു

എം.വി. ഹസ്സൻ

**വിദ്യാഭ്യാസം**

പി. വിനോദൻ

പി. സതീശൻ

കെ.പി. കുഞ്ഞിവദീജടീച്ചർ

സി.കെ. മേരിക്കുട്ടി

പി.ടി. അബ്ദുൾ ജലീൽ

എം. സുദേവൻ

എം. കമലം

**ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം**

ഇന്ദിര കെ.

നദീറ എം.കെ.

നഫീസ പി.

കെ. റുഖിയ

പി. ജമീല

എം. പി. റഷീദ്

**സംസ്കാരം കായികരംഗം**

പി.വി.മോഹനൻ

ജയൻ ടി.കെ.

കെ.ഹംസ

അബ്ദുൾ മജീദ്

എം. അബൂബക്കർ

സജി ജേക്കബ്

**വനിതാക്ഷേമം**

എ.പി. കാളീശ്വരി

പി.പി. പാത്തുമ്മ

സി.വി.ഗീത

സന്തോഷ് വള്ളിക്കാട്

പി. സാവിത്രി

എം. പുഷ്പ

**പട്ടികജാതി പട്ടികവർഗ്ഗം**

ഇ. കുഞ്ഞോത

ശശിധരൻ എം.പി.

എം.കെ. നാരായണൻ നായർ

കെ.പി. രാജൻ

എൻ. വിജയലക്ഷ്മി

**വ്യവസായം**

കെ.പി. യൂസഫ്ഹാജി

കെ.കെ. അനിൽ

കെ.പി. അജയൻ

പി. ദാമോദരൻ മാസ്റ്റർ

കെ.ടി. മുഹമ്മദ്

എൻ. അഹമ്മദ് കുട്ടി

**സഹകരണമേഖല**

എ.മൊയ്തു

വി.അലി

വി.എം. മീനാക്ഷിക്കുട്ടി

വി. കുഞ്ഞിമുഹമ്മദ്

കെ. ഹംസ

പി. പത്മനാഭൻ

**വിവരശേഖരണം**

എം. ഷാജഹാൻ

കെ.ടി. അബ്ദുൾഹക്കീം

കെ. മുഹമ്മദുകുട്ടി മാസ്റ്റർ

വി.കെ. മുഹമ്മദലി

പി. ദേവദാസ്

പി. മുഹമ്മദ് മൗലവിമാസ്റ്റർ

**കവർ ഡിസൈൻ**

സുബ്രഹ്മണ്യൻ

**ലേ-ഔട്ട്**

കോംടെക് അരീക്കാട്.

ഒരു അനന്തമായ പാരമ്പര്യം ഒരു ഇതിഹാസം

# കോട്ടക്കൽ ആര്യവൈദ്യശാല

*(Ayurveda, The Authentic Way)*

ദിവംഗതനായ വൈദ്യരത്നം പി.എസ്. വാരിയരുടെ ദീർഘദർശനവും മാർഗ്ഗ
ദർശിതവുമായ ഈ സ്ഥാപനത്തെ ഇന്നത്തെ
നിലയിലേക്ക് ഉയർത്തിയത്.

☆ ഇവിടെ മാറാരോഗികൾക്ക് ആശ്വാസം നൽകുന്ന ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു.

☆ നവീന സൗകര്യങ്ങളോടുകൂടിയ ഇവിടത്തെ നഴ്സിംഗ് ഹോമിൽ വസ്തി, നസ്യം, മുതലായ പഞ്ചകർമ്മങ്ങളും, ധാര പിഴിച്ചിൽ നവരക്കിഴി മുതലായ മറ്റു സ്നേഹ കർമ്മങ്ങളും നിർവഹിച്ചുകൊടുക്കുന്നു.

☆ അവശർക്ക് ആശ്വാസകേന്ദ്രമായ നടത്തിപ്പിനു ധനസഹായം നൽകി ആയുർവ്വേദ വിദ്യാഭ്യാസത്തിന് പ്രചോദനം നൽകുന്നു.

☆ ആയുർവേദത്തിന്റെ വളർച്ചക്കായി ആയുർവേദ സെമിനാറുകളും, പ്രബന്ധമത്സരങ്ങളും നടത്തുകയും ആയുർവ്വേദ പുസ്തകങ്ങളും "ആര്യവൈദ്യൻ" (ഇംഗ്ലീഷ് ത്രൈമാസികയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

☆ കഥകളിയുടെ പരിപോഷണത്തിനായി പി.എസ്.വി. നാട്യസംഘം നടക്കുന്നു.

വൈദ്യരത്നം പി.എസ്. വാരിയരുടെ

## ആര്യവൈദ്യശാല

കോട്ടക്കൽ– 676 503

സ്ഥാപിതം 1902

Phone: Ho. 2216-2219, 2519, 2561-2564, 2571, 2572 (EPABX, TDBX 200 Lines), Fax: 04934-2210

**ശാഖകൾ:**

കോഴിക്കോട്, പാലക്കാട്, തിരൂർ, എറണാകുളം, ആലുവ, തിരുവനന്തപുരം, മദിരാശി, കണ്ണൂർ, കോയമ്പത്തൂർ, ന്യൂഡൽഹി – 49, കൽക്കത്ത – 33 കൂടാതെ 700 ൽപരം ഏജൻസികളും.


Printed at Geethanjali Offset Prints Feroke - Phone: 403006